# ഡൺസ്റ്റൻ അച്ചനെകുറിച്ച്

**Dharmaram Publications**
**No. 505**

# ഡൺസ്റ്റൻ അച്ചനെകുറിച്ച്

**Fr. Dr. ജോർജ്ജ് നെരേപറമ്പിൽ CMI**

**Preshitha Communications**
Little Flower Mission Centre
Bharathiar University P.O.
Coimbatore 641046
&
**Dharmaram Publications**
Bengaluru 560029 India

*Dunston Achanekurichu* (Malayalam)
**ഡൺസ്റ്റൻ അച്ചനെകുറിച്ച്**

**George Nereparambil CMI**
Email: georgachan@gmail.com

© Preshitha Communications, Coimbatore
First Published 2021

ISBN: 978-81-954112-5-2

Cover: David, Smriti, Thrissur
Layout and Printing: Viani Printings, Kochi

Price: Rs. 70

Publisher:
**Preshitha Communications**
Little Flower Mission Centre
PO Bharathiar University
Coimbatore 6401046 Tamilnadu, India

&

**Dharmaram Publications**
Dharmaram College
Bengaluru 560029 India

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | 7 |
| | നന്ദിയോടെ... | 10 |
| | ജോർജ്ജ് നെരേപറമ്പിൽ CMI | 12 |
| 1. | പുട്ട് പറഞ്ഞ പരമാർത്ഥം | 15 |
| 2. | ദൈവദൂതൻ വന്നു | 19 |
| 3. | ജീവിതം ഒരു സന്ദേശം | 22 |
| 4. | പട്ടിപുലി പിടിച്ചില്ല | 28 |
| 5. | വിനയമെന്ന വിശുദ്ധി | 33 |
| 6. | ആരും പേടിക്കാത്ത ഗുരു | 41 |
| 7. | ചാവറ ഭക്തൻ | 45 |
| 8. | കുക്കിന്റെ കുസൃതികൾ | 46 |
| 9. | പാചകത്തിലെ പരിശുദ്ധി | 57 |
| 10. | കരുതലുള്ള കലാകാരൻ | 64 |
| 11. | സൂര്യ സാന്നിധ്യങ്ങൾ | 72 |
| 12. | സിസ്റ്റർ സിനിമ | 75 |
| 13. | മായാവിയായ മരപ്പട്ടി | 84 |
| 14. | മറവിയിലെ ഓർമ്മകൾ | 86 |
| 15. | വ്യത്യസ്തനായ ഒരു ഗുരു | 93 |
| 16. | കൊള്ളി കൃഷി വേണോ? | 101 |
| 17. | അദ്ധ്യാപക നിപുണത | 103 |
| 18. | ലാങ്കി മരങ്ങൾ ഉണ്ടായത് | 116 |
| 19. | ഒട്ടം കെട്ടൽ | 124 |
| 20. | സുകൃത ശല്യം | 130 |

# അവതാരിക

നഥാനിയേൽ തന്റെ അടുത്തേക്ക് വരുന്നത് കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: "ഇതാ നിഷ്കപടനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ" (യോഹ 1:47). എളിമയും നൈർമ്മല്യവും നിറഞ്ഞ ജീവിതത്തിനുടമയായ ഒരു സന്ന്യാസവര്യനായി മാത്രമെ ഡൺസ്റ്റനച്ചനെ സമീപിക്കുന്ന ഏതൊരു വ്യക്തിക്കും അദ്ദേഹത്തെ മനസ്സിലാക്കാൻ സാധിക്കുമായിരുന്നുള്ളൂ. ഏശയ്യാ പ്രവാചകൻ വരാനിരിക്കുന്ന മിശിഹായെ ഇപ്രകാരമാണ് അവതരിപ്പിക്കുന്നത്: "ശ്രദ്ധാർഹമായ രൂപഭംഗിയോ, ഗാംഭീര്യമോ, ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല" (ഏശ 53:2). ബാഹ്യസൗന്ദര്യത്താലോ ലൗകീക ആകർഷണീയതയാലോ അനുഗ്രഹീതനായിരുന്നില്ലെങ്കിലും, ആദ്ധ്യാത്മികവെളിച്ചത്തിന്റെ കാന്തികശക്തി ഡൺസ്റ്റനച്ചനെ സമീപിക്കുന്ന ഏവർക്കും അദ്ദേഹത്തിന്റെ നിഷ്കളങ്കമായ പുഞ്ചിരിയിൽനിന്നും, സ്വീകരണമനോഭാവത്തിൽനിന്നും, സേവനസന്നദ്ധതയിൽനിന്നും തിരിച്ചറിയാമായിരുന്നു. അദ്ദേഹത്തോട് കൂടുതൽ അടുത്തിടപഴകുവാൻ ഭാഗ്യം ലഭിച്ച ഒരു ശിഷ്യൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികമായ സാന്നിദ്ധ്യം എനിക്കും പ്രോത്സാഹനജനകവും അനുഗ്രഹപ്രദവുമായിരുന്നു.

ഡൺസ്റ്റനച്ചന്റെ പേരിന് അലങ്കാരമായി പഠനസംബന്ധമായ ബിരുദങ്ങളോ, ബിരുദാനന്തരബിരുദങ്ങളോ ഇല്ലാതിരുന്നിട്ടും സമീപിക്കുന്നവർക്കെല്ലാവർക്കും നൽകുവാൻ ഉതകുന്ന അനുഭവപ്രദമായ അറിവിനാലും, ജ്ഞാനത്താലും ഡൺസ്റ്റനച്ചൻ നിറഞ്ഞിരുന്നു. ജ്ഞാനസമ്പാദനത്തിന്റെ മകുടോദാഹരണമായ അദ്ദേഹം തനതായ സരളമായ ശൈലിയിൽ ആ അറിവ് പകർന്നുനൽകാനും ഒരുക്കമായിരുന്നു. കേവലം വാക്കുകളിൽ മാത്രം ഒതുക്കിനിർത്താതെ തന്റെ പ്രവർത്തനങ്ങളിലൂടെയും പ്രതിഫലിപ്പിക്കുവാൻ ശ്രമിച്ചിരുന്ന അദ്ദേഹത്തിന്റെ അറിവ് ഏതൊരു കാലഘട്ടത്തെയും അതിശയിപ്പിക്കുന്നതും, പ്രാധാന്യമേറിയതും, കാലികപ്രസക്തവുമായി നിലനിൽക്കും.

മതങ്ങളുടെ മതിലുകൾക്കപ്പുറം മനുഷ്യനിലെ മാനുഷികത യെയും, മനുഷ്യമഹത്വത്തിന്റെ അടിസ്ഥാനമായ ദൈവികതയെയും തിരിച്ചറിയുവാൻ ഡൺസ്റ്റനച്ചന് കഴിഞ്ഞിരുന്നു. ഈ കഴിവ് എല്ലാ വരെയും ഒരുപോലെ കാണുവാനും, മറ്റുള്ളവരോട് സംവദിക്കു വാനും, അവരുടെ മഹിമയെ പ്രോത്സാഹിപ്പിക്കുവാനും അദ്ദേഹത്തെ ശക്തിപ്പെടുത്തി. തന്നിൽത്തന്നെ ദൈവസാന്നിദ്ധ്യം തിരിച്ചറിയാൻ കഴിഞ്ഞ അദ്ദേഹത്തിന് അതേ ദൈവസാന്നിദ്ധ്യം തന്നെ സമീപി ക്കുന്നവരിലും കണ്ടെത്തുവാൻ കഴിഞ്ഞു എന്നത് മഹത്വരമാണ്. ഭാരതീയ തത്വചിന്തയിലെ മഹാവാക്യങ്ങളായ 'അഹം ബ്രഹ്മാസ്മി', 'തത്വമസി' എന്നീ ജ്ഞാനശകലങ്ങൾക്ക് തനതായ വിശകലനങ്ങൾ നൽകുവാനും ഡൺസ്റ്റനച്ചന് കഴിഞ്ഞു. താൻ സമീപിക്കുന്ന വ്യക്തി കളുടെ കൂടെത്തന്നെ പക്ഷിമൃഗാദികളെയും, സസ്യലതാദികളെയും, പ്രപഞ്ചത്തെ മുഴുവനെയും ഉൾക്കൊള്ളാൻ അദ്ദേഹം ശ്രമിച്ചു. വി.ഫ്രാൻസീസ് അസ്സീസിയെയും, ടാഗോറിനെയും പോലെ ഏതൊരു വ്യക്തിയിലും, വസ്തുവിലും, ദൈവസാന്നിദ്ധ്യം തിരിച്ച റിയുവാൻ ഡൺസ്റ്റനച്ചന് കഴിഞ്ഞു.

ആധുനികമനഃശാസ്ത്രത്തിന്റെ നൂതനമായ ആശയങ്ങൾ ലോക ത്തിൽ പ്രചരിക്കുന്നതിന് മുമ്പേ, പ്രോത്സാഹനജനകമായ മനോഭാ വങ്ങളോടെ, മറ്റുള്ളവരിൽ ഒളിമങ്ങികിടക്കുന്ന കഴിവുകളിലേക്ക് വിരൽചൂണ്ടി സഹായിക്കുവാനുള്ള ഒരു പ്രത്യേക കഴിവും ഡൺസ്റ്റനച്ചന് ഉണ്ടായിരുന്നു. കഴിവുകൾക്ക് പൂർണ്ണവളർച്ചയും ഉന്ന മനവും സാധ്യമാക്കുവാൻ ഏതൊരു വ്യക്തിക്കും ആവശ്യമായ വിശ്ര മത്തെകുറിച്ചും അദ്ദേഹം മറ്റുള്ളവരെ ബോധവാന്മാരാക്കുമായിരുന്നു.

തന്റെ ആദ്യത്തെ ലേഖനത്തിന്റെ ആരംഭത്തിൽ വി.യോഹന്നാൻ ഇപ്രകാരം എഴുതി: "ആദിമുതൽ ഉണ്ടായിരുന്നതും, ഞങ്ങൾ കേട്ട തും, സ്വന്തം കണ്ണുകൊണ്ട് കണ്ടതും, സൂക്ഷിച്ചു വീക്ഷിച്ചതും, കൈകൊണ്ട് സ്പർശിച്ചതുമായ ജീവിന്റെ വചനത്തെകുറിച്ച് ഞങ്ങൾ അറിയിക്കുന്നു" (1 യോഹ 1:1). ഡൺസ്റ്റനച്ചനെ കുറിച്ചുള്ള വിശുദ്ധമായ ഓർമ്മകളിൽ ഉയിർകൊണ്ട ഈ ഗ്രന്ഥത്തിലൂടെ ഗ്രന്ഥ കർത്താവിന്റെ ഭാവനയേക്കാൾ അധികമായി ജോർജ്ജ് നെരേപറ മ്പിൽ അച്ചൻ സ്വയം കേട്ടതും, കണ്ടതും, സ്പർശിച്ചതുമായ അനു

ഭവങ്ങളാണ് വായനക്കാരുമായി ഈ ഓർമ്മകുറിപ്പുകളിലൂടെ അദ്ദേഹം പങ്കുവയ്ക്കുന്നത് എന്ന് ഞാൻ സ്പഷ്ടമായി മനസ്സിലാക്കിയിട്ടുണ്ട്. അതുതന്നെയാണ് ഈ ചെറുപുസ്തകത്തെ ആകർഷകവും, സുതാര്യവും, കലർപ്പില്ലാത്തതും ആക്കിത്തീർത്തിരിക്കുന്നത്. എന്റെ സഹപാഠിയും, ഡൺസ്റ്റനച്ചന്റെ ശിഷ്യനുമായ ജോർജ്ജച്ചന്റെ ഈ ഉദ്യമം തീർച്ചയായും ശ്ലാഘനീയമായിരിക്കുന്നു. ജോർജ്ജച്ചൻ തന്റെ അനുഭവങ്ങൾക്ക് നൂതനമായ ഉൾകാഴ്ചകൾ നൽകിക്കൊണ്ട് ഡൺസ്റ്റനച്ചൻ എന്ന വിശുദ്ധാത്മാവിന്റെ ഓർമ്മകളെ തൂലികയിലൂടെ അവതരിപ്പിക്കുവാൻ എടുത്ത എല്ലാ പരിശ്രമങ്ങളെയും അഭിനന്ദിക്കുന്നതിനോടൊപ്പം, അദ്ദേഹത്തിന്റെ തൂലികയിലൂടെ വ്യത്യസ്തവും, സ്തുത്യർഹവും, ഉൾകാഴ്ചകൾ നിറഞ്ഞതുമായ ഡൺസ്റ്റനച്ചനെ കുറിച്ചുള്ള പാവന സ്മരണകൾ വരും തലമുറകൾക്ക് പ്രചോദനമാകുന്ന വിധത്തിൽ ധാരാളം ഗ്രന്ഥങ്ങൾക്ക് ഇനിയും രൂപം നൽകുവാനും അദ്ദേഹത്തിന് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

Bengaluru
30-04-2021

Fr. Dr. Wilson Edattukaran CMI
Dean, Faculty Philosophy
Dharmaram Vidya Kshetram

# നന്ദിയോടെ...

'ഡൺസ്റ്റൻ അച്ചനെകുറിച്ച്' എന്നു പേരുള്ള ഇത് ഒരു ചരിത്ര പുസ്തകമല്ല. പക്ഷെ, ഇതിൽ ഉള്ളതെല്ലാം ചരിത്രത്തിന്റെ ചേരുവകളാണ്. ഞാൻ അറിഞ്ഞതും, അനുഭവിച്ചതും ഇതിൽ എന്റേതായ വിധത്തിൽ വിവരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു. പോളി പയ്യപ്പിള്ളി സി.എം.ഐ. അച്ചൻ എഴുതിയ ഡൺസ്റ്റൻ ഒലക്കേങ്കിലച്ചന്റെ ജീവചരിത്രമായ 'സുതാര്യം സുന്ദരം' എന്ന പുസ്തകത്തെ കുറിച്ച് വളരെ നല്ല അഭിപ്രായങ്ങൾ കേട്ട് ഞാൻ സന്തോഷിച്ചിട്ടുണ്ട്. അതുപോലെ തന്നെ, ഡബ്ല്യൂ. ജെ. തറയിൽ എഴുതിയ 'ദീർഘദർശി: ഡൺസ്റ്റനച്ചൻ' എന്ന പുസ്തകവും വളരെ വിലപ്പെട്ടതാണ് എന്ന് കേട്ടും ഞാൻ സന്തോഷിച്ചിട്ടുണ്ട്. എന്റെ വളരെ അടുത്ത വൈദിക സഹോദരങ്ങളാണ് ഇവർ രണ്ടുപേരും. പക്ഷെ, ഇവരുടെ ഈ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടില്ല. ഈ പുസ്തകങ്ങൾ ഞാൻ വായിക്കാതിരുന്നത് മനപൂർവ്വമാണ്. എന്റെ വൈദിക പരിശീലനത്തിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ചിട്ടുള്ള ഗുരുക്കന്മാരിൽ ഒരാളായ ഡൺസ്റ്റനച്ചനെ കുറിച്ച് ഒരു പുസ്തകം എഴുതണമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. എന്റെ എളിയ സംരംഭത്തിൽ ഈ പുസ്തകങ്ങളുടെ സ്വാധീനം ഉണ്ടാകരുത് എന്ന് ആഗ്രഹിച്ചതു കൊണ്ട് മാത്രമാണ് ഞാൻ ഇവയെ വായിക്കാതിരുന്നത്.

പോളി പയ്യപ്പിള്ളി അച്ചൻ 'സുതാര്യം സുന്ദരം' എഴുതുന്ന സമയത്ത് എന്നോട് ഡൺസ്റ്റനച്ചനെ കുറിച്ചുള്ള അറിവുകൾ പങ്കുവെയ്ക്കുവാൻ പറയുകയുണ്ടായി. ഞാൻ ചെറിയ രീതിയിൽ അദ്ദേഹവുമായി പങ്കുവെയ്ക്കുകയും ഉണ്ടായി. അതുകൊണ്ട്, ചിലപ്പോൾ ആ പുസ്തകത്തിലേയും ഞാൻ എഴുതിയ ഈ പുസ്തകത്തിലേയും ചില കാര്യങ്ങളിൽ സാമ്യങ്ങൾ കണ്ടെന്നിരിക്കാം. എന്നിരുന്നാലും, ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള കാര്യങ്ങളിൽ ചിലത് ഒരേ സംഭവത്തെ കുറിച്ചാണെങ്കിലും, അത് എന്റേതായ രീതിയിൽ ആണെന്നുള്ള വ്യത്യസ്തത തീർച്ചയായും ഉണ്ടായിരിക്കും. ആ വ്യത്യസ്തതയുടെ അടിസ്ഥാനവും, സാധുതയും ആ സംഭവങ്ങൾ എന്നി

ലൂടെയാണ് ആദ്യം മറ്റുള്ളവർ അറിഞ്ഞത് എന്നുള്ളതിലാണ് . അവ നടക്കുമ്പോൾ ഡൺസ്റ്റനച്ചന്റെ കൂടെ ഞാനും ഉണ്ടായിരുന്നു എന്നുള്ളതാണ് ഏറ്റവും സുപ്രധാനം.

ഈ പുസ്തക രചനയ്ക്ക് പരിപൂർണ്ണ പിന്തുണയും, പ്രോത്സാഹനവും നൽകിയ കോയമ്പത്തൂർ പ്രേഷിത പ്രൊവിൻ ഷ്യൾ ബഹു. സാജു ചക്കാലയ്ക്കൽ അച്ചനോടുള്ള എന്റെ നന്ദി അറിയിക്കുന്നു. ഇതിന്റെ അണിയറയിൽ എന്നോട് സഹകരിച്ച എല്ലാവരോടും, ഏറ്റവും പ്രത്യേകമായി പുല്ലൂർ ഓൾ സെയിന്റ്സ് പ്രസ്സുമായി ബന്ധപ്പെട്ട എല്ലാവരോടും ആത്മാർത്ഥമായി നന്ദി പറയുന്നു.

മരിച്ചു പോയാലും, നമ്മുടെ മനസ്സുകളിൽ ജീവിക്കുന്നവരാണ് മഹാന്മാർ. നമ്മുടെ ജീവിതങ്ങളെ ഒന്നു കൂടി ദൈവികമാക്കി തീർക്കുവാൻ അവർ നമുക്ക് പ്രേരക സ്രോതസ്സുകളായി മാറുന്നു. അനശ്വരമാണ് ഡൺസ്റ്റനച്ചനെ കുറിച്ചുള്ള അറിവുകളും ഓർമ്മകളും. കാരണം, ഡൺസ്റ്റനച്ചൻ സന്യാസ പൗരോഹിത്യത്തിന്റെ ദിവ്യത്വം നിറഞ്ഞു നിന്നിരുന്ന ഒരു മഹത് വ്യക്തിയായിരുന്നു. ഡൺസ്റ്റനച്ചന്റെ ഈ അത്യപൂർവ്വ ദിവ്യത്വം നമ്മുടെ ജീവിതങ്ങൾക്ക് വഴിവിളക്ക് ആകട്ടെ. ഈ പുസ്തകത്തിലെ അപൂർണ്ണതകളും, അപാകതകളും പൊറുക്കുമാറാകണം.

15 ആഗസ്റ്റ് 2021

ഫാ. ജോർജ്ജ് നെരേപറമ്പിൽ സി.എം.ഐ.
ക്രൈസ്റ്റ് ആശ്രമം, ഇരിങ്ങാലക്കുട

## **ജോർജ്ജ് നെരേപറമ്പിൽ** CMI

1960 ജൂൺ 6–ന് ജനിച്ച ഫാ. ജോർജ്ജ് ഇരിങ്ങാലക്കുടയ്ക്കടുത്ത് ആനന്ദപുരം സ്വദേശിയാണ്. 1990–ൽ പൗരോഹിത്യം സ്വീകരിച്ചു. വൈദിക പഠന ബിരുദങ്ങൾ ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്ര ത്തിൽ നിന്ന്. ഹിന്ദി സാഹിത്യത്തിൽ ബിരുദ പഠനങ്ങൾ മദ്ധ്യപ്രദേ ശിലെ ഹരിസിംഗ്ഗൗർ വിശ്വവിദ്യാലത്തിൽ നിന്ന്. ആഗ്ര സെൻട്രൽ ഹിന്ദി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബി.എഡ്., ചെന്നൈ ദക്ഷിണ ഭാരത ഹിന്ദി പ്രചാർ സഭയിൽ നിന്ന് ഹിന്ദി സാഹിത്യത്തിൽ എം.ഫിൽ., പി.എച്ച്.ഡി. തലോർ ദീപ്തി ഹയർസെക്കണ്ടറി സ്കൂളിൽ നിന്ന് ഹിന്ദി അദ്ധ്യാപകനായി റിട്ടയർ ചെയ്തു. ഇപ്പോൾ ഇരിങ്ങാലക്കുട ക്രൈസ്റ്റ് ആശ്രമാംഗമായിക്കൊണ്ട്, അവിടെയുള്ള ക്രൈസ്റ്റ് കോളേ ജിലെ സെൽഫ് ഫൈനാൻസ് സെക്ഷനിൽ ഗസ്റ്റ് ലക്ചറർ തസ്തി കയിൽ ഹിന്ദി പഠിപ്പിക്കുന്നു.

ഭക്തിഗാന രചനകളിലൂടെ പ്രസിദ്ധനാണ്. 'ചാവറചരിതം' കഥ കളിക്ക് പദങ്ങൾ എഴുതിക്കൊണ്ട് കഥകളിപദങ്ങൾ രചിച്ച ആദ്യത്തെ വൈദികനായി. ബൈബിൾ വിഷയങ്ങളെ ആധാരമാക്കിക്കൊ ണ്ടുള്ള ശാസ്ത്രീയ നൃത്തങ്ങൾക്ക് 'നൃത്തഗീതിക' എന്ന പേരി ൽ ഇറങ്ങിയിട്ടുള്ള മ്യൂസിക് ആൽബത്തിൽ മുഖ്യമായിട്ടുള്ളത് ജോർജ്ജച്ചന്റെ രചനകളാണ്. ലേഖന കർത്താവാണ്. അറിയപ്പെ ടുന്ന ധ്യാനഗുരുവും, പ്രാസംഗികനുമാണ്.

കനീഷ്യസച്ചനെ കുറിച്ച്, ചാവറയച്ചന്റെ ഭക്തിസാധനയെ കുറിച്ച്, ചാവറയച്ചന്റെ ലഘുചരിത്രം, മരാസുരന്മാരെ കുറിച്ച് എന്നീ പുസ്ത കങ്ങൾ മലയാളത്തിലും, സ്കൂൾ ഹിന്ദി ഗ്രാമർ, ശിവമൂർത്തികൃത് കഹാനി സംഗ്രഹ് കേശർ കസ്തൂരി മേം സാമാജിക് ചേതന എന്നിവ ഹിന്ദിയിലും രചിച്ചിട്ടുണ്ട്. വളരെ വർഷങ്ങൾ കേരള സർക്കാരിന്റെ ഹിന്ദി അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടിക ളിൽ റിസോഴ്സ് പേഴ്സണൽ ആയിരുന്നു. തൃശൂർ ദേവമാതാ കോർപ്പറേറ്റ് സ്കൂൾ ഏജൻസിയുടെ നല്ല അദ്ധ്യാപകനുള്ള

അവാർഡ് രണ്ട് പ്രാവശ്യം കരസ്ഥമാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ അദ്ധ്യാപകർക്കായുള്ള ഗുരുശ്രേഷ്ഠ പുരസ്കാരം ലഭിച്ചിട്ടുണ്ട്. അനേകം അപൂർവ്വങ്ങളായ വൃക്ഷങ്ങളും സസ്യങ്ങളും നട്ടുവളർത്തി പരിപാലിക്കുന്ന പ്രകൃതിസംരക്ഷക തൽപരനുമാണ് ജോർജ്ജച്ചൻ.


വിലാസം ഫാ. ജോർജ്ജ് നെരേപറമ്പിൽ CMI
ക്രൈസ്റ്റ് ആശ്രമം
ഇരിങ്ങാലക്കുട നോർത്ത് പി.ഒ.
തൃശ്ശൂർ 680125
Mob: 8156866080
email: georgachan@gmail.com

# 1

# പുട്ട് പറഞ്ഞ പരമാർത്ഥം

ഡൺസ്റ്റനച്ചനെ ഞാൻ ആദ്യമായി കാണുന്നത് ആനന്ദപുരത്തുള്ള എന്റെ വീട്ടിൽ വെച്ചാണ്. അന്ന് ഞാൻ ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുന്നു. 1971-ലോ 1972-ലോ ആയിരുന്നു അത്. ആ കാലഘട്ടത്തിൽ ഡൺസ്റ്റനച്ചൻ വരന്തരപ്പിള്ളി ആശ്രമത്തിൽ ആയിരുന്നു. അവിടത്തെ പ്രിയോരച്ചൻ ആയിരുന്നു അന്ന് അദ്ദേഹം എന്ന് ഞാൻ പിന്നീട് മനസ്സിലാക്കി. ഞങ്ങളുടെ ആനന്ദപുരം ലിറ്റിൽഫ്ളവർ ഇടവകയിൽ സുപ്രസിദ്ധ സംഗീതജ്ഞൻ ആയിരുന്ന അഗസ്റ്റിൻ അച്ചനായിരുന്നു അപ്പോൾ വികാരി. ഇരിങ്ങാലക്കുട രൂപത തൃശ്ശൂർ രൂപതയിൽ നിന്ന് വേർതിരിഞ്ഞിട്ടില്ലായിരുന്നു. ആനന്ദപുരം ഇടവകയിൽ വാർഷിക ധ്യാനം നടന്നു കൊണ്ടിരിക്കുകയായിരുന്നു. എന്റെ അപ്പൻ അപ്പോൾ പള്ളിക്കൈക്കാരന്മാരിൽ ഒരാളായിരുന്നു. രാവിലെ ഞാനും അനിയൻമാരും സ്കൂളിൽ പോകുവാൻ നേരത്ത് അമ്മയോട് അപ്പൻ പറയുന്നത് കേട്ടു. "വരന്തരപ്പിള്ളി കൊവേന്തയിൽ പോയി കുമ്പസാരിപ്പിക്കുവാൻ അച്ചൻമാരെ ഏർപ്പാട് ചെയ്യണം." അന്ന് വൈകുന്നേരം അപ്പൻ ഞങ്ങളോട് പറഞ്ഞു. "നാളെ വരന്തരപ്പിള്ളീന്ന് ഒരു കൊവേന്തകാരൻ അച്ചൻ കുമ്പസാരിപ്പിക്കാൻ വരാന്ന് പറഞ്ഞിട്ടുണ്ട്. തലയിൽ ഒട്ടും തന്നെ മുടി ഇല്ലാത്ത ഒരു അച്ചൻ. പക്ഷേ കണ്ടാലറിയാം ആളൊരു ദിവ്യനാണെന്ന്." എന്തിനും ഏതിനും ഒരു തമാശ കൊള്ളിച്ചു പറയുന്ന സ്വഭാവക്കാരിയായ എന്റെ അമ്മ പറഞ്ഞു. "പെട്ടക്കാര് പോയാൽ പെട്ടക്കാരെയല്ലേ കിട്ടൂ." എന്റെ അപ്പന്റെ കഷണ്ടി തലയെ കുറിച്ച് അമ്മ ഒരു തമാശ പരാമർശം നടത്തിയതാണ്. അപ്പൻ ഉത്തരമായി പറഞ്ഞു: "എന്റെ പോലെ പെട്ട തലയല്ല. ജന്മനാ മുടി ഇല്ലാത്ത തലയാണെന്നാണ് എനിക്ക് തോന്നിയത്. ഞാൻ വിക്കി വിക്കി കുമ്പസാരിപ്പിക്കുവാൻ വരേണ്ട കാര്യത്തെ

ക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു സാവധാനം പറഞ്ഞാൽ മതിയെന്ന്.  ഐസിട്ട നാരങ്ങ വെള്ളം തന്നാണ് എന്നെ തിരിച്ച് യാത്രയാക്കിയത്. നല്ലൊരു അച്ചൻ."

ഡൺസ്റ്റൻ അച്ചന് തലയിൽ മുടി ഉണ്ടായിരുന്നില്ല എന്നത് അദ്ദേഹത്തെ കണ്ടവർക്കൊക്കെ അറിയാം. പക്ഷേ, തന്റെ തലയിലെ മുടിയില്ലായ്മയെ അദ്ദേഹം ഒരിക്കലും അപകർഷബോധത്തിന് അടിമയാക്കുന്ന ഒരു വൈരുദ്ധ്യമായി വിലയിരുത്തിയില്ല. തലമുടി നഷ്ടപ്പെട്ടതിനെക്കുറിച്ച് അദ്ദേഹം പിൽക്കാലത്ത് എന്നോട് പറഞ്ഞതിൽ നിന്ന് ഞാൻ മനസ്സിലാക്കിയിട്ടുള്ളത് സമൃദ്ധമായ തലമുടിയുണ്ടായിരുന്ന അദ്ദേഹത്തിന്റെ തലയിൽ വട്ടത്തിൽ വട്ടത്തിൽ മുടി കൊഴിഞ്ഞു പോകുന്ന അസുഖം വന്നിട്ടാണ് മുടിയില്ലാ തല ആയതെന്നാണ്. അമ്പഴക്കാട് ആശ്രമത്തിലെ പഴയ ഫോട്ടോകളിൽ  തല നിറയെ സമൃദ്ധമായി മുടിയുള്ള ഡൺസ്റ്റനച്ചനെ കണ്ട് ഞാൻ അതിശയിച്ചുപോയിട്ടുണ്ട്. തലയിൽ മുടി കൊഴിഞ്ഞു പോകുന്ന അസുഖം വന്നപ്പോൾ അതിനെക്കുറിച്ച് അക്കാലത്ത് അദ്ദേഹം വേണ്ടത്ര ശ്രദ്ധിച്ചില്ല എന്നത് ചെറിയ ഒരു കുണ്ഠിതത്തോടെ അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. എന്നിട്ട് അദ്ദേഹം പറഞ്ഞു: "എനിക്ക് ഇത് ഒരു പ്രശ്നമേ ആയിട്ട് ഒരിക്കലും തോന്നിയിട്ടില്ല. മുകളിൽ ചെല്ലുമ്പോൾ മുടിയുണ്ടോ എന്ന് ആരും നോക്കില്ലല്ലോ."ഡൺസ്റ്റൻ അച്ചൻ എന്റെ മുടി കൊഴിഞ്ഞു തുടങ്ങിയപ്പോൾ അത് ശ്രദ്ധിക്കണം എന്ന് എന്നോട് പറഞ്ഞ് അതിനുള്ള പ്രതിവിധികൾ ഉപദേശിച്ച് തന്നു എന്നുള്ളതാണ് ഡൺസ്റ്റൻ അച്ചന്റെ സുകൃതപൂരിതമായ സ്നേഹം പ്രകടമാക്കുന്ന ഒരു പ്രധാന ഘടകം. ബീഹാറിലെ റാഞ്ചിയിൽ വെച്ച് എന്റെ ഗുരുവായിരുന്ന ഡൺസ്റ്റൻ അച്ചൻ പറഞ്ഞുതന്നു: "ഇവിടുത്തെ വെള്ളം നമ്മുടെ നാട്ടിലെ പോലെ ഉള്ളതല്ല. ഹാർഡ് വാട്ടർ ആണ് ഇവിടുത്തേത്. ബാത്ത്റൂമുകളിലെ ബക്കറ്റുകളുടെ ഉള്ളിൽ കുമ്മായം പറ്റിപിടിച്ച പോലെ. ഈ വെള്ളം കൊണ്ട് തല കുളിച്ചാൽ മുടി കൊഴിയും. വേഗത്തിൽ നര വരുകയും ചെയ്യും. അതുകൊണ്ട് വെള്ളം ചൂടാക്കി തണുപ്പിച്ച് തല കുളിക്കണം. വെള്ളം ചൂടായാൽ ഹാർഡ് വാട്ടർ പ്രശ്നം ഉണ്ടാകില്ല." ഡൺസ്റ്റനച്ചന്റെ ഈ ഉപദേശവചസ്സുകളിൽ പ്രസരിക്കുന്നത് സുകൃതകിരണങ്ങൾ ആണന്നുള്ളതിൽ സംശയമില്ല.

ഡൺസ്റ്റനച്ചൻ ആനന്ദപുരത്ത് വാർഷിക ധ്യാനത്തിൽ കുമ്പസാരിപ്പിക്കുവാൻ വന്ന ദിവസം സ്കൂൾ വിട്ട് വൈകീട്ട് അഞ്ചുമണിയോടെ വീടിന്റെ മുറ്റത്ത് ഞാൻ എത്തിയപ്പോൾ, ആരോ വിരുന്നുകാർ വീടിന്റെ അകത്തുണ്ടെന്ന് എനിക്ക് തോന്നി. ചെറിയ ഒരു സങ്കോചത്തോടെ അകത്ത് കയറിയപ്പോൾ വിരുന്നുകാരനായി വീട്ടിനകത്തിരിക്കുന്നത് അപ്പൻ പറഞ്ഞ മുടിയില്ലാത്ത വരന്തരപ്പിള്ളിയിലെ ദിവ്യനായ അച്ചൻ ആണെന്ന് ഞാൻ കണ്ടു. ഞാൻ അച്ചനോട് സ്തുതി പറഞ്ഞു. അച്ചന്റെ രൂപവും ഭാവവും പെരുമാറ്റവും എന്നിൽ വലിയ കൗതുകം തീർത്തു. തനി നാടൻ ശൈലിയിൽ ഡൺസ്റ്റനച്ചൻ വീടിനകത്തെ കട്ടിലിൽ ഇരുന്ന് പുട്ട് കഴിക്കുന്നു. അന്ന് വീട്ടിൽ തീൻമേശ ഉണ്ടായിരുന്നില്ല. ഫാൻ ഇല്ല. മുട്ടിപ്പലകയിൽ ഇരുന്നാണ് ഞങ്ങളൊക്കെ ഭക്ഷണം കഴിക്കാറുള്ളത്. ചുരുങ്ങിയ സൗകര്യങ്ങളിൽ ഡൺസ്റ്റനച്ചൻ കട്ടിലിൽ ഇരുന്ന് വലിയ സന്തോഷത്തോടെ ഭക്ഷിച്ചത് ഇന്നും എന്റെ ഓർമ്മയിൽ ഉണ്ട്.

അമ്മ നൽകിയ ഒരു കണ പുട്ട് ഡൺസ്റ്റനച്ചൻ കുറച്ച് പഞ്ചസാര കൂട്ടി കഴിച്ച് കഴിഞ്ഞപ്പോൾ അമ്മ ഒരു കണ പുട്ടു കൂടി വെച്ചുകൊടുത്തു. അതും അദ്ദേഹം കഴിച്ചു. രണ്ടു കണ പുട്ടും ചായയും കഴിച്ചു കഴിഞ്ഞപ്പോൾ ഡൺസ്റ്റനച്ചനോട് അപ്പൻ പറഞ്ഞു. "അച്ചൻ എന്ത് പണിയാ ചെയ്തത്? ഉച്ച ഊണ് പള്ളിയിൽ വച്ചിരുന്നു. അച്ചൻ അത് കഴിക്കാതെ തുടർച്ചയായി കുമ്പസാരിപ്പിക്കുവാൻ ഇരുന്നതെന്തേ? വെശന്ന് വെശന്ന് അച്ചൻ വയ്യാതിയിട്ടുണ്ടാകും." അതിന് ഉത്തരം പറയാതെ ഡൺസ്റ്റനച്ചൻ അമ്മയുടെ നേരെ മുഖം ഉയർത്തിക്കൊണ്ട് ചോദിച്ചു: "ഈ പുട്ട് എങ്ങനാ ഉണ്ടാക്കീത്? ഒരു പ്രത്യേക സ്വാദ് ഉണ്ടല്ലോ." അമ്മ പറഞ്ഞു: "പുട്ടിന്റെ ഇടയിൽ പച്ച തേങ്ങ ഇടുന്നതിനോടൊപ്പം കുറച്ച് ചോന്നുള്ളിയും ജീരകവും കൂടി ചതച്ചത് ഇട്ടിട്ടുണ്ട്. പുട്ടിന് ഒന്നാം ആവി വന്നു കഴിയുമ്പോൾ സ്വല്പം വെണ്ണ മുകളിൽ വെച്ചു. എന്റെ വീട്ടില് അച്ചന്മാർ വിരുന്നു വരുമ്പോൾ എന്റെ അമ്മ ഇങ്ങനെ പുട്ട് ഉണ്ടാക്കുന്നത് കണ്ടിട്ടുള്ളതാണ് ഞാനും ചെയ്തത്." "എനിക്ക് നല്ല വിശപ്പ് ഉണ്ടാർന്നു. വളരെ സന്തോഷം" എന്ന് പറഞ്ഞ് ഡൺസ്റ്റനച്ചൻ സ്വതസിദ്ധമായ സംയമനത്തിൽ ചിരിച്ചു. കൈ കഴുകാൻ എഴുന്നേൽക്കുന്നതിന് മുമ്പ് ഡൺസ്റ്റനച്ചൻ പറഞ്ഞു: "രാവിലെ സമയത്തിന് ബസ്സ്റ്റോപ്പിൽ വരാനുള്ള തത്ര

പ്പാടിൽ രാവിലെ ഒന്നും കഴിച്ചിട്ടില്ലായിരുന്നു.” അപ്പോഴാണ് രണ്ട് കണ പുട്ട് ഡൺസ്റ്റനച്ചൻ ഒരുമിച്ച് കഴിച്ചതിന്റെ കാരണം പുറത്ത് വന്നത്. എന്നും ഡൺസ്റ്റനച്ചൻ ഇങ്ങനെ ആയിരുന്നു. അജപാലന ശുശ്രൂഷയിൽ എന്നും ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം. ഒരു ഔപ ചാരികതയും ഇല്ലാത്ത പുണ്യപെരുമാറ്റം ഡൺസ്റ്റനച്ചന്റെ മുഖ മുദ്രയായിരുന്നു. സുഖസൗകര്യങ്ങളൊന്നും ഡൺസ്റ്റനച്ചന് നിർബ ന്ധമായിരുന്നില്ല. തനി നാടൻ ജീവിതശൈലി ആയിരുന്നു ഡൺസ്റ്റ നച്ചന്റേത്. ഗലീലി തടാകത്തിലെ മീൻ മണം നിറഞ്ഞ വഞ്ചിപരി സരം വചന പ്രഘോഷണത്തിന് വേദിയാക്കിയ യേശുവിനെ എന്നും ഏറ്റവും അടുത്ത് അനുകരിച്ച അനുയായിയായ ഡൺസ്റ്റനച്ചൻ, ആർഭാടങ്ങൾ തൊട്ടുതീണ്ടാത്ത ലാളിത്യ ആത്മീമതയുടെപാതയി ലൂടെ എന്നും ചരിച്ചവനായിരുന്നു. “മൗനമായിരിക്കുക, നിനക്ക് ജ്ഞാനം പകർന്നു നല്കാം” (ജോബ് 33:33). ലാളിത്യവും ഒരു ആത്മീയ മൗനമാണ്. ദൈവോന്മുഖരായി ജീവിക്കാനുള്ള ജ്ഞാന ത്തിൽ ലാളിത്യം നമ്മെ ഉറപ്പിക്കും.

വീട്ടിൽനിന്ന് പോകുന്നതിന് മുമ്പ് ഡൺസ്റ്റനച്ചൻ പ്രാർത്ഥന ചൊല്ലി ഞങ്ങളെ ആശിർവദിച്ചു. ആ പ്രാർത്ഥനയിൽ ‘സ്വർഗ്ഗസ്ഥ നായ പിതാവെ!’ എന്നുള്ള ജപവും, ‘നന്മ നിറഞ്ഞ മറിയമെ’ എന്നുള്ള പ്രാർത്ഥനയും ഉണ്ടായിരുന്നത് ഇന്നും ഞാൻ ഓർക്കു ന്നു. കുറെ കൊല്ലങ്ങൾക്ക് ശേഷം ഒരിക്കൽ ഡൺസ്റ്റനച്ചനുമായി സംസാരിച്ചപ്പോൾ കരിസ്മാറ്റിക് രീതിയിൽ ഞാൻ ധ്യാനിപ്പിക്കാ റുണ്ട് എന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം എന്നോട് വലിയ വാത്സ ല്യത്തോടെ പറഞ്ഞു: “നല്ല കാര്യം. പക്ഷേ, സഭയുടെ അടിസ്ഥാന പ്രാർത്ഥനകൾ ഉപേക്ഷിക്കരുത്. സ്വർഗ്ഗസ്ഥനായ പിതാവും, നന്മ നിറഞ്ഞ മറിയവും വിട്ടുകളഞ്ഞിട്ടുള്ള ആരാധനയും പ്രാർത്ഥനയും ഉണ്ടാകരുത്.” ഡൺസ്റ്റനച്ചൻ കരിസ്മാറ്റിക് വിരോധി ആയിരുന്നു എന്ന് ഒരിക്കലും ഞാൻ കരുതുന്നില്ല. പക്ഷേ യേശു പഠിപ്പിച്ച പ്രാർത്ഥനയും മാതാവിന്റെ ഭക്തിയും ഡൺസ്റ്റനച്ചന്റെ ആദ്ധ്യാത്മി കതയുടെ അടിസ്ഥാനങ്ങൾ ആയിരുന്നു എന്ന് സ്പഷ്ടം. ഇത് ഡൺസ്റ്റനച്ചൻ സ്വയമായി ജപിച്ച് പകർന്ന് നല്കിയ ഒരു പാവന പൈതൃകം ആണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

# 2

# ദൈവദൂതൻ വന്നു!

ആനന്ദപുരം ലിറ്റിൽഫ്ളവർ ഇടവകയിൽ നിന്ന് എന്റെ വീട്ടിലേക്ക് ഏകദേശം രണ്ട് കിലോമീറ്റർ ദൂരം ഉണ്ട്. പ്രഭാതഭക്ഷണം കഴിക്കാതെ കുമ്പസാരിപ്പിക്കുവാൻ ഓടിപ്പിടഞ്ഞ് ബസ് കയറി സമയത്ത് എത്തിച്ചേർന്ന്, ഉച്ചഭക്ഷണം കഴിക്കാതെ ദീർഘസമയം അന്ന് കുമ്പസാരിപ്പിച്ച ഡൺസ്റ്റനച്ചൻ ഞങ്ങളുടെ വീട്ടിലേക്ക് നടന്നാണ് വന്നത് എന്നുള്ളത് അദ്ദേഹത്തിന്റെ വീരോചിതമായ ലാളിത്യ ജീവിതത്തിന്റെ മറ്റൊരു നിദർശനമാണ്. അദ്ദേഹത്തിന് വേണമെങ്കിൽ ബസ് കയറി വരന്തരപ്പിള്ളിയിലേയ്ക്ക് തിരിച്ചു പോകാമായിരുന്നു. എന്തുകൊണ്ട് അദ്ദേഹം ഞങ്ങളുടെ വീട്ടിലേക്ക് വന്നു എന്നുള്ളത് നിഗൂഢമായ ഒരു ദൈവാനുഗ്രഹ അവസരമായി ഞാൻ ഇന്ന് പരിഗണിക്കുന്നു. ഉൽപ്പത്തിയുടെ പുസ്തകത്തിൽ അബ്രാഹത്തെ സന്ദർശിക്കുവാൻ എത്തിയ മൂന്ന ദൈവദൂതന്മാരെ കുറിച്ചുള്ള പരാമർശം ഉണ്ടല്ലോ. അതുപോലെ ഞങ്ങളുടെ ഭവനത്തിന് ദിവ്യനായ ഒരു വന്ദ്യവൈദികനെ സ്വീകരിക്കുവാനും ഭക്ഷണം നൽകുവാനും ദൈവം അറിഞ്ഞു നൽകിയ  ഒരു അസുലഭ അവസരമായി തീർന്നു.

ഞങ്ങളുടെ വീട്ടിൽനിന്ന് ഡൺസ്റ്റനച്ചനെ ബസ്സ്റ്റോപ്പിൽ എത്തിക്കുവാൻ ഞാനാണ് കൂടെ പോയത്. ഏകദേശം ഒരു കിലോമീറ്റർ നടക്കണമായിരുന്നു ബസ്സ്റ്റോപ്പിലേയ്ക്ക്. കൃശഗാത്രനായ ഡൺസ്റ്റനച്ചൻ നടപ്പും, തോട്ടപണിയും തന്റെ ആരോഗ്യസംരക്ഷണത്തിന്റെ വ്യായാമ ഉപാധികളായി പ്രാവർത്തികമാക്കിയിരുന്നു. ചെറുപ്പക്കാലത്ത് അദ്ദേഹം ഫുട്ബോൾ കളിക്കുന്നതിൽ തൽപ്പരനായിരുന്നു എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്. വ്യായാമത്തിന് സാഹചര്യം ഇല്ലെങ്കിൽ അടുത്ത മുറിക്കാർക്ക് ശല്യം ഇല്ലാത്ത രീതിയിൽ സ്വന്തം മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നും, ചെറുതായി ഓടിയും അദ്ദേഹം വ്യായാമം ചെയ്യാറുണ്ടായിരുന്നു. സ്വസ്ഥമായ ശരീരത്തിൽ

സ്വസ്ഥമായ മനസ്സ് അദ്ദേഹത്തിന് എന്നും ഉണ്ടായിരുന്നു. ശാന്തവും സ്വസ്ഥവും ആയിരുന്ന ആത്മാവസ്ഥ എന്നും അദ്ദേഹത്തിന് കൈമുതലായിരുന്നു.

ബസ്സ്റ്റോപ്പിലേക്കുള്ള യാത്രയിൽ അദ്ദേഹം അമ്മ ഉണ്ടാക്കിക്കൊടുത്ത ഭക്ഷണത്തെക്കുറിച്ച് എന്നോട് പ്രശംസിച്ച് പറഞ്ഞു. ഞാൻ ഒരു വൈദികന്റെ കൂടെ നടക്കുന്നതും, ഇത്ര അടുത്ത് ഇടപഴകുന്നതും ആദ്യമായിട്ടായിരുന്നു. എനിക്ക് ഉള്ളിൽ തീർച്ചയായും ഒരു സങ്കോചം ഉണ്ടായിരുന്നു. സ്വതവേ ഉൾവലിയുന്ന സ്വഭാവക്കാരനായിരുന്ന ഞാൻ അദ്ദേഹം പറയുന്നതിന് മാത്രം ഉത്തരം പറഞ്ഞ് കൂടെ നടന്നു. പക്ഷേ, കുറേ കഴിഞ്ഞപ്പോൾ എന്നിൽനിന്ന് സങ്കോചമെല്ലാം മാറിപ്പോയി. ഒരു വലിയ അഭിമാനവും സന്തോഷവും എന്നിൽ നിറഞ്ഞു.

ഇത് എഴുതന്ന സമയത്ത് ഞാൻ പഠിച്ച കബീർദാസിന്റെ ഒരു ഹിന്ദി ശ്ലോകം ഓർമ്മവരുന്നു. അതിന്റെ മലയാള തർജ്ജമ ഏകദേശം ഇങ്ങനെയാണ്: “ദൈവത്തിന്റെ മഹത്വം കാണാൻ ഞാൻ പോയി... ഞാൻ നോക്കിയിടത്തെല്ലാം ദൈവമഹത്വം ഞാൻ ദർശിച്ചു... ഞാൻ ഇപ്പോൾ ആ മഹത്വത്താൽ മുഴുകിപ്പോയിരിക്കുന്നു!” ഡൺസ്റ്റണച്ചന്റെ കൂടെ ഞാൻ നടന്നപ്പോൾ അദ്ദേഹത്തിലുള്ള അനിതരസാധാരണമായ ദൈവിക സാന്നിദ്ധ്യം ഞാൻ അടുത്തറിഞ്ഞു. എന്റെ മനസ്സിലെ എല്ലാ സങ്കോചങ്ങളും നീങ്ങുകയും അദ്ദേഹത്തെപ്പോലെ ഒരു വൈദികൻ ആകുവാനുള്ള ഒരു ഉൾവിളി എന്നിൽ രൂപപ്പെടുന്നതായി ഞാൻ അനുഭവിച്ചറിയുകയും ചെയ്തു.

ഡൺസ്റ്റനച്ചൻ ഒരു വട്ടം കൂടി ഞങ്ങളുടെ വീട്ടിൽ വന്നിട്ടുണ്ട്. റാഞ്ചിയിൽ എന്റെ ഇന്റർ മീഡിയറ്റ് പഠനം കഴിഞ്ഞ് അവധിക്കായി ഞാൻ വീട്ടിൽ വന്ന സമയത്താണ് ഡൺസ്റ്റനച്ചനെ വീണ്ടും സ്വീകരിക്കുവാനുള്ള സൗഭാഗ്യം ഞങ്ങളുടെ വീടിന് ഉണ്ടായത്. റാഞ്ചിയിൽ എന്റെ റെക്ടറച്ചനായിരുന്ന ഡൺസ്റ്റനച്ചൻ, ഞാൻ നോവിഷ്യേറ്റിലേക്ക് പോകുന്നതിനു മുമ്പ് എന്റെ വീട്ടിൽ വന്നതിനെ ഒരു ഔദ്യോഗിക സന്ദർശനമായി മനസ്സിലാക്കാം. എന്നിൽ ദൈവവിളിയുടെ വിത്തു പാകിയ ഡൺസ്റ്റനച്ചനെ എനിക്ക് ഗുരുവായി ലഭിച്ചു എന്നത് മഹാ ദൈവപരിപാലന! നിർഭാഗ്യവശാൽ ഡൺസ്റ്റനച്ചൻ അന്ന് വന്നപ്പോൾ ഞാൻ വീട്ടിൽ ഉണ്ടായിരുന്നില്ല. ഞാൻ അമ്മ

യുടെ വീട്ടിൽ പോയിരിക്കുകയായിരുന്നു. ഇന്നത്തെപോലെ അന്ന് ഫോൺ സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഡൺസ്റ്റനച്ചൻ ഞങ്ങളുടെ വീട്ടിൽ വരുന്ന ദിവസവും, സമയവും എനിക്ക് അറിയാൻ സാധിച്ചില്ല. സാധിക്കുന്ന വിധത്തിൽ സൽക്കരിച്ച് ഡൺസ്റ്റനച്ചനെ വീട്ടിൽ നിന്ന് യാത്രയാക്കി. അന്നും ഡൺസ്റ്റനച്ചൻ വീട്ടിൽ നിന്ന് പോകുന്നതിനു മുമ്പ് പ്രാർത്ഥന ചൊല്ലിയിരുന്നു. അദ്ദേഹത്തിന് എന്തോ കാര്യത്തിന് ഞങ്ങളുടെ നാടായ ആനന്ദപുരത്തിന്റെ അടുത്തുള്ള പറപ്പൂക്കരയ്ക്ക് ആ ദിവസം പോകേണ്ടതുണ്ടായിരുന്നു. ഞങ്ങളുടെ വീട്ടിൽ നിന്ന് ഏകദേശം അഞ്ച് കിലോമീറ്റർ ദൂരത്തുള്ള പറപ്പൂക്കരയിലേക്ക് എന്റെ രണ്ടാമത്തെ അനുജൻ പോളിയുടെ കൂടെ നടന്നാണ് ഡൺസ്റ്റനച്ചൻ അന്ന് പോയത്. പോളി അപ്പോൾ ഹൈസ്കൂൾ വിദ്യാർത്ഥി ആയിരുന്നു. കൊയ്ത്തു കഴിഞ്ഞ പുഞ്ച പാടത്ത് കൂടി പറപ്പൂക്കരയിലേക്കുള്ള കാൽനടയാത്രയിൽ ഡൺസ്റ്റനച്ചൻ അധികമൊന്നും സംസാരിക്കാതെ കൊന്ത ചൊല്ലുകയായിരുന്നു എന്ന് പോളി പറയുകയുണ്ടായി.

ഡൺസ്റ്റനച്ചൻ ഒട്ടും തന്നെ സംസാരപ്രിയൻ ആയിരുന്നില്ല. അദ്ദേഹം പറയാറുണ്ട്: “ചിലർക്ക് എത്ര സംസാരിച്ചാലും മതിയാകില്ല. എനിക്ക് സംസാരിക്കാൻ അധികം വിഷയങ്ങൾ ഉണ്ടാകാറില്ല. കഴിയുന്നതും മൗനത്തിൽ ആയിരിക്കുവാനാണ് എനിക്ക് ഇഷ്ടം. എന്നിരുന്നാലും, ഉല്ലാസ സമയങ്ങളിൽ കഴിവതും ഞാൻ ഉഷാറാകാറുണ്ട്. ചിലപ്പോൾ ഉല്ലാസ സമയങ്ങൾ ആകുവാൻ വലിയ തിടുക്കത്തോടെ ഞാൻ കാത്തിരിക്കാറുണ്ട്. മറ്റുള്ളവർ ഉല്ലസിക്കുന്നതും ചിരിക്കുന്നതുമൊക്കെ കാണുവാൻ എനിക്ക് വലിയ ഇഷ്ടമാണ്. അത് എന്റെ മനസ്സിന് വലിയ സന്തോഷം നൽകാറുണ്ട്.” നമ്മൾ എപ്പോഴും മറ്റുള്ളവരുടെ കൂടെ ആയിരിക്കേണ്ടവരാണ്. മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ സമഭാവന സംരക്ഷിക്കുക എന്നുള്ളത് നമ്മുടെ പരിശുദ്ധമായ സംസ്കാരത്തിന്റെ ഭാഗമാണ്. ഡൺസ്റ്റനച്ചൻ ഇത്തരത്തിലുള്ള സംസ്കാരം സ്വാംശീകരിച്ചിരുന്ന വ്യക്തിയായിരുന്നു.

# 3

# ജീവിതം ഒരു സന്ദേശം

ഇരിങ്ങാലക്കുട നിന്ന് ആമ്പല്ലൂർ കൂടി കല്ലൂർ വരെ പോകുന്ന 'വിജയലക്ഷ്മി ട്രാൻസ്പോർട്ട്'ബസ്സ് ഞങ്ങൾ നിന്നിരുന്ന ആനന്ദപുരം ബസ് സ്റ്റോപ്പിൽ വന്നു നിന്നു. ഡൺസ്റ്റനച്ചൻ ഉടുപ്പ് ചെറുതായി ഒന്ന് പൊക്കിപ്പിടിച്ച് ബസ്സിന്റെ ചവിട്ടുപടികൾ കയറി. ആരോ ഒരാൾ ഇരിക്കുന്ന സീറ്റിൽ നിന്ന് എഴുന്നേറ്റ് അച്ചന് സീറ്റ് കൊടുത്തു. പക്ഷേ, ഡൺസ്റ്റനച്ചൻ ചിരിച്ചുകൊണ്ട് ആ ആളുടെ തോളിൽ പിടിച്ച് ആ സീറ്റിൽ തന്നെ ഇരുത്തുന്നത് കണ്ടു. അപ്പോഴേയ്ക്കും ബസ്സ് എന്റെ കൺമറയത്തുനിന്ന് പോയി കഴിഞ്ഞിരുന്നു. തിരിച്ച് വീട്ടിലേയ്ക്ക് നടക്കുമ്പോൾ എന്റെ കുഞ്ഞുമനസ്സിൽ എന്തെന്നില്ലാത്ത ഒരു ആദരവ് ഡൺസ്റ്റനച്ചനോട് തോന്നി.

ഇതു കഴിഞ്ഞുള്ള അടുത്ത ശനിയാഴ്ച ഇടവക പള്ളിയിൽ കുർബ്ബാനയ്ക്ക് കൂടുവാനായി സങ്കീർത്തിയിൽ നിൽക്കുമ്പോൾ വികാരി അഗസ്റ്റിൻ അക്കര അച്ചൻ എന്റെ തോളിൽ തട്ടിയിട്ട് ചോദിച്ചു: "കൊവേന്ത പട്ടകാരൻ ആകാൻ തീരുമാനിച്ചു അല്ലേ? വല്യച്ചൻ പേര് എഴുതി കൊണ്ടുപോയോ?" ഞാനാകെ പരിഭ്രമിച്ചു. സ്വതവേ അന്നൊക്കെ ഞാൻ വളരെ ലജ്ജാശീലനായിരുന്നു. സങ്കീർത്തിയിൽ ഉണ്ടായിരുന്ന കുർബാനക്ക് കൂടുന്ന എന്റെ കൂട്ടുകാർ വികാരി അച്ചൻ പറഞ്ഞത് കേട്ടു എന്ന് മനസ്സിലാക്കി ഞാൻ ജാള്യതപ്പെട്ടു.

വാസ്തവത്തിൽ, ഡൺസ്റ്റനച്ചന്റെ കൂടെ ഞാൻ ഉണ്ടായിരുന്ന സമയത്തൊന്നും അദ്ദേഹം എന്നോട് ദൈവവിളിയെക്കുറിച്ച് ഒന്നും പറഞ്ഞില്ല. എന്നിരുന്നാലും, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എന്റെ

ഉള്ളിൽ ഉണ്ടായിരുന്ന വൈദികനാകണം എന്നുള്ള ആഗ്രഹത്തെ ഒന്നുകൂടി ദൃഢപ്പെടുത്തി എന്നുള്ളത് പരമാർത്ഥമാണ്.

ഫ്രാൻസിസ് അസ്സിസ്സി സഹസന്യാസികളുമൊത്ത് പ്രസംഗിക്കുവാൻ പോയ ഒരു സംഭവം ഓർത്തു പോകുന്നു. അസ്സിസ്സി പട്ടണത്തിന്റെ തെരുവുകളിലൂടെ മുഴുവൻ നടന്നിട്ടും ഒരു സ്ഥലത്തും ഫ്രാൻസിസ് പ്രസംഗിച്ചില്ല. തിരിച്ച് ആശ്രമത്തിൽ എത്തിയപ്പോൾ "എന്താണ് പ്രസംഗിക്കാതിരുന്നത്" എന്നുള്ള അനുയാത്രക്കാരുടെ ചോദ്യത്തിന് അദ്ദേഹം പ്രത്യുത്തരിച്ചത്: "അസ്സിസ്സിയിലൂടെയുള്ള നമ്മുടെ സഞ്ചാരം തന്നെ ഒരു പ്രസംഗം ആയിരുന്നു" എന്നാണ്. സർവ്വപരിത്യാഗികളായവരുടെ ശൈലിയിൽ അസ്സിസ്സി നഗരത്തിലൂടെയുള്ള അവരുടെ യാത്ര ആഡംബരങ്ങളുടേയും ആർഭാടങ്ങളുടേയും പുറകേ പോകുന്നവർക്ക് ഒരു തിരുത്തലിനെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുവാൻ ഉതകുന്നതായിരുന്നു. മഹാത്മാഗാന്ധി പറഞ്ഞു: "എന്റെ ജീവതമാണ് എന്റെ സന്ദേശം." ബാഹ്യരൂപത്തിൽ ആകർഷകമായി ഒന്നും തന്നെ എനിക്ക് ഡൺസ്റ്റണച്ചനിൽ കാണുവാൻ സാധിച്ചില്ലെങ്കിലും, അദ്ദേഹത്തിലുള്ള ആത്മീയ ചൈതന്യം ഒരു ദിവ്യസന്ദേശമായി എന്നെ അന്ന് വളരെ സ്വാധീനിക്കുകയുണ്ടായി.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ കുറിച്ചും, അദ്ദേഹത്തിന്റെ ജന്മനാടായ പാവറട്ടിയിൽ സംഘടിപ്പിക്കപ്പെട്ട സ്വാതന്ത്ര്യസമരം കർമ്മപരിപാടികളെക്കുറിച്ചുമൊക്കെ എന്നോട് ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ വെച്ച് സംസാരിക്കുകയുണ്ടായിട്ടുണ്ട്. അദ്ദേഹം തികഞ്ഞൊരു ഗാന്ധിയൻ ആയിരുന്നു. ഗാന്ധിജിയുടെ ജീവിതത്തിൽ നിന്ന് മനസ്സിലാക്കിയ ലാളിത്യവും, പ്രകൃതിചികിത്സാ രീതികളും അദ്ദേഹം ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു. ചില അസുഖങ്ങൾക്ക് ശുദ്ധജലത്തിൽ നനച്ച തുണി കൊണ്ട് വെച്ചു കെട്ടലും, മണ്ണ് കുതിർത്തി വെച്ചു കെട്ടലുമൊക്കെ അദ്ദേഹം ചെയ്തിരുന്നു.

അദ്ദേഹം എനിക്ക് പറഞ്ഞു തന്നിട്ടുള്ള ചികിത്സാമുറയാണ് വാപുണ്ണ് മാറുവാൻ പിച്ചകത്തിന്റെ ഇല കടിച്ച് ചവച്ച് വായിൽ അതിന്റെ നീര് പിടിക്കുക എന്നുള്ളത്. അത് വളരെ പ്രയോജനകരമാണ് എന്ന് അനുഭവത്തിൽ നിന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. സാധാരണ ജീവിതവുമായി ബന്ധപ്പെട്ട ഇത്തരം പൊടിക്കൈകൾ ഡൺസ്റ്റനച്ചൻ

സ്വായത്തമാക്കിയത് മറ്റുള്ളവർക്കും പകർന്നു നൽകിയിരുന്നു എന്നുള്ളതും അദ്ദേഹത്തിന്റെ ലാളിത്യ ജീവിതശൈലിയിലേക്കുള്ള ചൂണ്ടുപലകകളാണ്.

ഡൺസ്റ്റനച്ചന്റെ കാലുകളിൽ ത്വക്ക് രോഗം (എക്സിമ) വളരെ ചെറുപ്പകാലം മുതൽ ഉണ്ടായിരുന്നു. അദ്ദേഹം അട്ടപ്പാടിയിൽ ആയിരിക്കുമ്പോൾ അത് വളരെ കൂടുതൽ ആകാറുണ്ട്. അവിടത്തെ ആദിവാസികൾ പറഞ്ഞു കൊടുത്തതനുസരിച്ച്, അദ്ദേഹം കാലിൽ അട്ടയെ പിടിപ്പിക്കാറുണ്ടത്രെ! രോഗമുള്ള കാലിൽ അട്ട കുറെ നേരം കടിച്ചു പിടിച്ചിരുന്ന് രക്തം കുടിക്കും. അതു കഴിഞ്ഞാൽ കാലിലെ രോഗത്തിന് വളരെ ശമനം ലഭിക്കാറുണ്ടത്രെ. അട്ടപ്പാടി ആശ്രമ വളപ്പിൽ പണിക്ക് വന്നിരുന്ന ആദിവാസി സഹോദരങ്ങൾ തന്നെ അട്ടയെ പിടിച്ച് മൺകലത്തിലിട്ട് കൊണ്ടു വന്ന് ഡൺസ്റ്റനച്ചന്റെ കാലിൽ അവയെ പിടിപ്പിക്കുമായിരുന്നു എന്നാണ് ഡൺസ്റ്റനച്ചൻ പറയാറുള്ളത്. കുറെ നേരം കഴിയുമ്പോൾ അട്ടയെ കാലിൽ നിന്ന് വിടുവിക്കുവാനായി പുകയില കൂട്ടി മുറുക്കിയത് വെച്ച് തേക്കണം. ഡൺസ്റ്റനച്ചന് ഇതിലൊന്നും അറപ്പോ, വെറുപ്പോ ഉണ്ടായിരുന്നില്ല. എല്ലാം സുഹൃത്തുക്കളായ ആദിവാസി ജോലികാർ ചെയ്തു കൊടുത്തിരുന്നു. ചോര കുടിച്ച് വയറ് വീർത്ത് അട്ടകളെ കാലിൽ നിന്ന് അടർത്തിയെടുക്കുമ്പോൾ, നല്ല തെറികൾ പറഞ്ഞുകൊണ്ടാണത്രേ ആദിവാസികൾ അട്ടകളെ വിടുവിക്കാറുള്ളത്. നമ്മൾ വലിയ തെറികളായി കരുതുന്ന വാക്കുകളൊക്കെ അട്ടപ്പാടിയിലെ ആദിവാസികളുടെ സംസാരത്തിലെ സാധാരണ ഉപയോഗ പദങ്ങളാണ് എന്ന് പറഞ്ഞ് ഡൺസ്റ്റനച്ചൻ അവരുടെ നിഷ്കളങ്കത വർണ്ണിച്ച് ചിരിക്കുമായിരുന്നു. മഹാത്മാഗാന്ധിജിയുടെ പ്രകൃത ചികിത്സാ രീതിയാണ് ഡൺസ്റ്റനച്ചൻ ഇവിടെ പിൻതുടർന്നിരുന്നത്.

വലിയ വായനാശീലവും, പഠന പാണ്ഡിത്യ മികവുകളൊന്നും ഡൺസ്റ്റനച്ചന് ഉണ്ടായിരുന്നില്ലെങ്കിലും, മഹാത്മാഗാന്ധിജിയുടെ ആത്മകഥ അദ്ദേഹം വായിച്ചിട്ടുണ്ടെന്നും, അത് അദ്ദേഹത്തെ വളരെ സ്വാധീനിച്ചിട്ടുണ്ടെന്നും എന്നോട് പറഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധിജിയുടെ ജീവിതവീക്ഷണത്തിന്റെ അടിസ്ഥാന തത്വമായ അഹിംസാ സിദ്ധാന്തത്തിന്റെ ഉറവിടങ്ങളിൽ യേശുവിന്റെ പ്രബോധനങ്ങളുടെ

വലിയ സ്വാധീനം ഉണ്ടെന്ന് ഡൺസ്റ്റനച്ചൻ വിശ്വസിച്ചിരുന്നു. തന്നിലുള്ള വിശ്വാസ ബോധ്യങ്ങളെ എപ്പോഴും പ്രാവർത്തികമാക്കികൊണ്ടുള്ള ജീവിതക്രമത്തിൽ ഡൺസ്റ്റനച്ചൻ എപ്പോഴും ശ്രദ്ധാലുവായിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ ആദ്ധ്യാത്മികതയുടെ അനന്യത.

വൈദികപരിശീലനത്തിന്റെ ഭാഗമായി റാഞ്ചിയിൽ ഇന്റർമീഡിയറ്റ് പഠിച്ചുകൊണ്ടിരുന്ന സമയത്ത്, ഞാൻ അടക്കമുള്ളവരുടെ ട്രെയിൻ യാത്രയിൽ ഉണ്ടായ ഒരു സംഭവവുമായി ബന്ധപ്പെട്ട ഡൺസ്റ്റനച്ചന്റെ പ്രതികരണം അദ്ദേഹം പ്രായോഗിക ജീവിതത്തിൽ പാലിച്ചു വന്നിരുന്ന അഹിംസാ ജീവിതശൈലിയെകുറിച്ച് നമ്മിൽ അവബോധം ഉണർത്തുന്നതാണ്. ഒന്നാം വർഷത്തെ റാഞ്ചിയിലെ പഠന ശേഷം അവധിക്കായി നാട്ടിൽ പോയി ഞങ്ങൾ തിരിച്ചു വരുമ്പോൾ ട്രെയിൻ യാത്രയിൽ ടിക്കറ്റ് എടുക്കാത്ത പലരും വിവിധ സ്റ്റേഷനുകളിൽനിന്ന് ഞങ്ങളുടെ കമ്പാർട്ടുമെന്റിൽ കയറിക്കൂടി. ടിക്കറ്റ് പരിശോധനയ്ക്കായി എത്തിയ ഉദ്യോഗസ്ഥൻ ഇത്തരം യാത്രക്കാരെ ചെകിട്ടത്ത് അടിക്കുന്നത് ഞങ്ങൾ കാണുകയുണ്ടായി. അവധി കഴിഞ്ഞ് റാഞ്ചിയിൽ തിരിച്ചെത്തിയ ശേഷം പ്രോവിൻസിന്റെ മാസം തോറുമുള്ള വാർത്താ ബുള്ളറ്റിനിലേയ്ക്ക് ഞങ്ങൾ നൽകിയ റിപ്പോർട്ടിൽ ഏകദേശം താഴെ കാണുംവിധം ഒരു വാചകം ഉണ്ടായിരുന്നു: "ട്രെയിനിൽ ചിലരുടെ മുഖത്തുള്ള ടി.ടി.ആറിന്റെ തബലയടികൾ ഞങ്ങൾ കണ്ടു." ഞങ്ങളുടെ ബാച്ചിൽ അതിവിദഗ്ദ്ധമായി തബല വായിക്കുന്ന ഒരു അംഗം ഉണ്ടായിരുന്നു. ഒരുപക്ഷെ, അത് കൊണ്ട് കൂടിയായിരിക്കാം ടിക്കറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നവരുടെ ചെകിട്ടത്തുള്ള ടി.ടി.ആറിന്റെ പ്രഹരത്തെ തബലയടിയായി ഞങ്ങൾ വ്യംഗ്യഭാഷയിൽ താരതമ്യപ്പെടുത്തി റിപ്പോർട്ടിൽ കുറിച്ചത്. ബുള്ളറ്റിനിലേക്ക് എഴുതിയ വാർത്ത അയയ്ക്കുന്നതിന് മുമ്പ് അത് റാഞ്ചിയിൽ ഞങ്ങളുടെ ഗുരുനാഥനായിരുന്ന ഡൺസ്റ്റനച്ചന് വായിച്ചുനോക്കി തിരുത്താനായി കൊടുത്തു.

ഭാഷാനിപുണൻ ആയിരുന്നില്ലെങ്കിലും, ആദ്ധ്യാത്മിക വ്യക്തിത്വത്തിന്റെ നിറകുടമായിരുന്ന ഡൺസ്റ്റനച്ചൻ ഞങ്ങൾ വൈദിക വിദ്യാർത്ഥികൾ എല്ലാവരേയും വിളിച്ച് വാർത്തയിലെ വലിയ ഒരു

തിരുത്തൽ നല്കിക്കൊണ്ട് സൗമനായി പറഞ്ഞു: "ടി.ടി.ആർ ടിക്കറ്റ് ഇല്ലാത്ത യാത്രക്കാരുടെ ചെകിട്ടത്ത് അടിച്ചതിനെക്കുറിച്ച് ആരും ഇങ്ങനെ 'തബലയടി' എന്നൊക്കെ എഴുതാൻ പാടില്ല. വൈദിക വിദ്യാർത്ഥികളായ നിങ്ങൾ ഒരിക്കലും ഇങ്ങനെ എഴുതാൻ പാടില്ല." വാർത്ത തിരുത്തപ്പെട്ടു. 'തബലയടി' ഭാഗം മാറ്റപ്പെട്ടു. ഡൺസ്റ്റനച്ചനിൽ ഊറിക്കിടന്നിരുന്ന അഹിംസാ ആദ്ധ്യാത്മികത ഞങ്ങൾക്ക് വലിയ ഗുണപാഠമായി.

റാഞ്ചിയിലെ ഞങ്ങളുടെ പഠനകാലത്ത് ഞങ്ങളെ ഹിന്ദി പഠിപ്പിക്കുവാൻ ഒരു അദ്ധ്യാപകൻ വന്നിരുന്നു. ആദിവാസി കത്തോലിക്കനായ അദ്ദേഹം വളരെ സരള സ്വഭാവക്കാരൻ ആയിരുന്നു. വൈകുന്നേരമാണ് സാധാരണയായി ഹിന്ദി ട്യൂഷൻ നല്കുവാൻ അദ്ദേഹം വന്നിരുന്നത്. എന്നാൽ, ഒരു വെള്ളിയാഴ്ച അദ്ദേഹത്തിന്റെ എന്തോ അസൗകര്യം കാരണം വൈകീട്ടത്തെ ക്ലാസ്സ് രാവിലെയാക്കി. ക്ലാസ്സ് കഴിഞ്ഞപ്പോൾ ഉച്ചഭക്ഷണസമയമായി. അദ്ദേഹത്തിന് ഊണ് നൽകുവാൻ ഡൺസ്റ്റനച്ചൻ പറഞ്ഞു. ഞങ്ങളുടെ പൊതു ഉച്ചഭക്ഷണത്തിന് കുറച്ച് മുമ്പായിരുന്നു സമയം. ഊണിന് ഉള്ളിയിട്ട് കാച്ചിയ നറുനെയ്യ് ഒരു കപ്പിൽ ട്യൂഷൻ മാസ്റ്ററുടെ ഭക്ഷണത്തിനൊപ്പം വെച്ചിരുന്നു. അദ്ദേഹത്തിന്റെ ഊണിന് വേണ്ടി മാത്രം നെയ്യ് വേറെ പാത്രത്തിൽ ആക്കേണ്ടതില്ല എന്ന് കരുതിയാണ് ഞങ്ങൾക്ക് കൂടി ചോറിൽ കൂട്ടിക്കഴിക്കുവാനുള്ള നെയ്യിന്റെ കപ്പ് അദ്ദേഹത്തിനായി ഭക്ഷണവിഭവങ്ങളുടെ കൂടെ വച്ചത്. പാവം ഹിന്ദി മാസ്റ്റർ! അദ്ദേഹം ഊണ് കഴിക്കുന്നതിനിടയിൽ സൂപ്പ് ആണെന്ന് കരുതി കപ്പിലെ നറു നെയ്യ് കുറേശ്ശെ കുറേശ്ശെ കുടിച്ച് തീർത്തു. ഡൺസ്റ്റനച്ചനാണ് മാഷിന് കൂട്ടിരുന്നത്. അബദ്ധവശാൽ ട്യൂഷൺ മാസ്റ്റർ നെയ്യ് കുടിച്ചത് ഡൺസ്റ്റനച്ചൻ ശ്രദ്ധിച്ചത് ഊണിന് ശേഷമാണ്. ഊണ് കഴിഞ്ഞ് ട്യൂഷൻ മാസ്റ്റർ പോയി. വിവരങ്ങൾ അറിഞ്ഞപ്പോൾ, ഞങ്ങൾക്കത് വലിയ തമാശയായി. ഞങ്ങൾ കൂട്ടം കൂടിയിരുന്ന് മാഷിന്റെ അബദ്ധത്തെ കുറിച്ച് പറഞ്ഞ് ഒച്ചവെച്ച് ചിരിച്ചു. ഞങ്ങളിൽ ഒരാൾ പറഞ്ഞു: "വേഗം പോയി മാഷിനെ തിരികെ വിളിച്ചുകൊണ്ടുവന്ന് നല്ല ചൂടുള്ള വെള്ളം കുടിക്കുവാൻ കൊടുക്കണം. ചിലപ്പോൾ കട്ടയായി നെയ്യ് തൊണ്ടയിൽ കുടുങ്ങിയിരിക്കും. ചൂടുവെള്ളം കൊടു

ത്താൽ മാഷ് രക്ഷപ്പെടും." ഇത് വീണ്ടും ഞങ്ങൾക്ക് ആർത്ത് ചിരിക്കുവാൻ വകയുണ്ടാക്കി. ഞങ്ങളുടെ ചിരിയും ബഹളവും കണ്ട് ഡൺസ്റ്റനച്ചൻ ഞങ്ങളുടെ പക്കൽ വന്ന് വളരെ സംയമനത്തോടെ പറഞ്ഞു: "നിങ്ങൾ ഒരു മിഷൻ സ്ഥലത്താണ്. മിഷനറിമാരാകുവാൻ ഒരുങ്ങുന്നവർ. എല്ലാം തികഞ്ഞ സ്ഥലത്ത് മിഷൻ പ്രവർത്തനം വേണ്ടല്ലോ. മാഷിനെ കളിയാക്കി ആരും ഇനി ചിരിക്കണ്ട. ചോറിൽ നെയ്യ് ഒഴിച്ച് കഴിക്കേണ്ടതാണ് എന്ന് പറഞ്ഞുകൊടുത്ത് കാര്യങ്ങൾ ഞാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. തെറ്റ് എന്റേതാണ്. അദ്ധ്യാപകനെ കളിയാക്കുന്നത് വിദ്യാർത്ഥികൾക്ക് ചേർന്നതല്ല. നിങ്ങൾ ഹോസ്റ്റൽ സ്റ്റുഡൻസ് അല്ല. യോഗാർത്ഥികളാണ്. നിങ്ങൾ ഒരിക്കലും ട്യൂഷൻ മാസ്റ്ററെ പരിഹസിച്ച് ചിരിക്കുവാൻ പാടില്ല."

മറ്റുള്ളവർ, അവർ ഏത് അവസ്ഥയിൽ ഉള്ളവരായാലും അവരെ ബഹുമാനിക്കുക എന്നുള്ളത് ഡൺസ്റ്റനച്ചന്റെ ജീവിതചര്യ ആയിരുന്നു. ഇപ്രകാരത്തിൽ ഡൺസ്റ്റനച്ചന്റെ സാന്നിദ്ധ്യം ആത്മീയ ഉത്കർഷത്തിന്റെയും, പരസ്നേഹ വൈശിഷ്ട്യത്തിന്റേയും അവസരം തീർക്കുമായിരുന്നു. ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരുന്ന എന്നോട് ഡൺസ്റ്റനച്ചൻ പറയാതെ പറഞ്ഞ ദൈവവിളി ഉത്ബോധനം ഡൺസ്റ്റനച്ചന്റെ ഇത്തരത്തിലുള്ള സാക്ഷ്യമൂല്യ ജീവിതത്തിന്റെ അനുഭവ ആസ്വാദനം പകരുന്നതായിരുന്നു.

# 4

# പട്ടിപുലി പിടിച്ചില്ല

S.S.L.C. കഴിഞ്ഞ് 1975 ജൂണിൽ ഞാൻ വരന്തരപ്പിള്ളി CMI സെമിനാരിയിൽ ചേർന്നു. അവിടെ ഗുരുവച്ചനായിരുന്നത് ജോസ് മെൽക്കിയോർ നെറ്റികാടൻ അച്ചനായിരുന്നു. ഞാൻ ഉൾപ്പെട്ടിരുന്ന ആ വർഷത്തെ വൈദിക പഠനത്തിനുള്ള യോഗാർത്ഥി ബാച്ചിൽ നാൽപ്പതു പേർ ഉണ്ടായിരുന്നു. വൈദിക പരിശീലനത്തിന്റെ ഒന്നാം വർഷം ചിലവഴിക്കേണ്ട വരന്തരപ്പിള്ളി സെമിനാരിയുടെ ചരിത്രത്തിൽ ആ വർഷം മാത്രമാണ് ഇത്രയും യോഗാർത്ഥികൾ ഉണ്ടായിട്ടുള്ളത്. സ്പിരിചൽ കോൺഫറൻസിനായി ബഹുമാനപ്പെട്ട ഗുരുവച്ചനെ ഊഴം അനുസരിച്ചാണ് ഞങ്ങൾക്ക് കാണേണ്ടിയിരുന്നത്. ഗുരുവച്ചനായ ബ.മെൽക്കിയോറച്ചനുമായുള്ള എന്റെ രണ്ടാമത്തെ സ്പിരിചൽ കോൺഫറൻസ് ഉണ്ടായിരുന്നത് ആ സെമിനാരി പരിശീലന വർഷത്തിന്റെ മദ്ധ്യനാളുകളിൽ ആയിരുന്നു. എനിക്ക് ഗുരുവച്ചനെ കാണുവാൻ നിശ്ചയിക്കപ്പെട്ട ദിവസത്തിന്റെ അടുത്ത ദിവസം ഞങ്ങൾക്ക് പിക്നിക് ദിനമായിരുന്നു. വരന്തരപ്പിള്ളിയിൽ നിന്ന് അധികം ദൂരത്ത് അല്ലാത്ത എച്ചിപ്പാറ റബ്ബർ എസ്റ്റേറ്റിലേക്കായിരുന്നു വിനോദയാത്ര. വരന്തരപ്പിള്ളിയിൽ നിന്ന് ഞങ്ങൾ എല്ലാവരും ഗുരുവച്ചന്റെ കൂടെ ലൈൻബസ്സിൽ കയറി എച്ചിപ്പാറയ്ക്ക് അടുത്ത് ഇറങ്ങിയ ശേഷം എസ്റ്റേറ്റിലേയ്ക്ക് കുറച്ചുദൂരം നടന്നു പോകണമായിരുന്നു. കോൺഫറൻസിനിടയിൽ വിനോദയാത്ര വിഷയം ചെറുതായി കടന്നു വന്നു. തമാശയായിട്ട് ആണെങ്കിലും, സ്വൽപ്പം ഗൗരവത്തിലും, ടെൻഷനിലും റെക്ടറച്ചൻ പറഞ്ഞു: "നാളെ പിക്നിക് ആണല്ലോ. നിങ്ങളിൽ കുറച്ച് കുസൃതിക്കാർ ഉണ്ട്. അതുകൊണ്ട് എനിക്ക് ചെറിയ ടെൻഷനുണ്ട്. ഡൺസ്റ്റനച്ചന്റെ കാലത്തെ പോലെ ഒന്നും ഉണ്ടാകാതിരിക്കണം."

വർഷങ്ങൾക്ക് മുൻപ് എനിക്ക് കാണുവാൻ അവസരം ലഭിച്ച ഡൺസ്റ്റനച്ചൻ വീണ്ടും എന്റെ ഓർമ്മയിലേയ്ക്ക് വന്നു. ഞാൻ ഗുരുവച്ചനോട് എന്താണ് ഡൺസ്റ്റനച്ചന്റെ കാലത്ത് വിനോദയാത്രയിൽ ഉണ്ടായത് എന്ന് ആരാഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: "നമ്മുടെ പ്രോവിൻസിലെ ജോസ് ഇഗ്നേഷ്യസ് കുരുതുകുളങ്ങര അച്ചനും മറ്റും ഇതുപോലെ എച്ചിപ്പാറയിൽ പിക്നിക് പോയ സമയത്ത് കാട്ടിൽ വഴി തെറ്റി പോയിട്ട് വലിയ പ്രശ്നം ഉണ്ടായി." വിശദമായി ഈ സംഭവത്തെക്കുറിച്ച് അപ്പോൾ അറിയുവാൻ എനിക്ക് സാധിച്ചില്ല. കാരണം, സ്പിരിചൽ കോൺഫറൻസ് സമയത്തിന്റെ പ്രാധാന്യം ഉണ്ടായിരുന്നതുകൊണ്ട് ഈ വിഷയത്തിലേയ്ക്ക് അധികം കടക്കുവാൻ അപ്പോൾ സാധ്യമല്ലായിരുന്നു.

ഡൺസ്റ്റനച്ചൻ ഏകദേശം ഇരുപത്തിയഞ്ച് വർഷങ്ങളേക്കാൾ അധികം വരന്തരപ്പിള്ളിയിൽ യോഗാർത്ഥികളുടെ പരിശീലന ഗുരുവായിരുന്നു. ഇത്ര നീണ്ട കാലയളവിൽ ഡൺസ്റ്റനച്ചൻ വൈദിക വിദ്യാർത്ഥികളുടെ പരിശീലകൻ ആയിരുന്നു എന്നതുതന്നെ അദ്ദേഹത്തിൽ ഉണ്ടായിരുന്ന മാതൃകാ സന്യാസ പൗരോഹിത്യ ജീവിതത്തിന്റെ തെളിവാണ്. തൃശ്ശൂർ സി.എം.ഐ. ദേവമാതാ പ്രവിശ്യയുടെ ആരംഭ കാലഘട്ടത്തിൽ മൂന്നു പ്രാവശ്യം പ്രൊവിൻഷ്യാൾ ആയിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ക്ലെമൻസ് തോട്ടുങ്കൽ പിതാവ് ഒരിക്കൽ ഡൺസ്റ്റനച്ചനെക്കുറിച്ച് പറഞ്ഞത് ഇവിടെ കുറിക്കുന്നു: "ഫോർമേഷൻ പരിശീലനത്തിനൊന്നും ഡൺസ്റ്റനച്ചൻ പോയിട്ടില്ലെങ്കിലും, അദ്ദേഹത്തിന്റെ കൈയിൽ യോഗാർത്ഥി പരിശീലനം ഭദ്രമാണെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം തുടർച്ചയായി യോഗാർത്ഥി ഗുരുവായി നിയമിക്കപ്പെട്ടു." ക്ലെമൻസ് പിതാവ് മൂന്നാമത്തെ തവണ പ്രൊവിൻഷ്യാൾ ആയിരിക്കുമ്പോഴാണ് മദ്ധ്യപ്രദേശിലെ സാഗാർ രൂപതയുടെ അധിപനായി നിയമിതനാകുന്നത്. പുണ്യശ്ലോകനായ അദ്ദേഹം സാഗാർ മെത്രാൻ ആയിരിക്കുമ്പോൾ, ഞാൻ വൈദിക പരിശീലനത്തിന്റെ ഭാഗമായി സാഗാറിൽ കോളേജ് പഠനത്തിൽ ആയിരുന്നു. ആ അവസരത്തിൽ ഒരിക്കലാണ് ഡൺസ്റ്റനച്ചനെക്കുറിച്ചുള്ള മേൽപ്പറഞ്ഞ അഭിപ്രായം ക്ലെമൻസ് പിതാവിൽ നിന്ന് ഞാൻ കേട്ടത്.

ഞാൻ റാഞ്ചിയിൽ ഇന്റർമീഡിയേറ്റ് പഠിക്കുമ്പോൾ, ജോസ് ഇഗ്നേഷ്യസ് കുരുതുകുളങ്ങര അച്ചൻ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ഉന്നത പഠനത്തിനായി റാഞ്ചിയിൽ ഞങ്ങളുടെ കൂടെ താമസിച്ചിരുന്നു. ജോസ് മെൽക്കിയോറച്ചനിൽ നിന്ന് ഞാൻ അറിഞ്ഞിട്ടുള്ള 'എച്ചിപ്പാറ കാണാതാകൽ' സംഭവത്തെ കുറിച്ച് റാഞ്ചിയിലെ പഠനകാലത്ത് ഞാൻ കുരുതുകുളങ്ങര അച്ചനിൽ നിന്ന് വിശദമായി അറിഞ്ഞിട്ടുണ്ട്. ഞങ്ങൾ വരന്തരപ്പിള്ളിയിൽ നിന്ന് എച്ചിപ്പാറയിലേയ്ക്ക് വിനോദയാത്ര പോയതു പോലെ ഡൺസ്റ്റനച്ചൻ വരന്തരപ്പിള്ളിയിൽ ഗുരുവായിരുന്ന ഒരു കൊല്ലത്തിൽ കുരുതുകുളങ്ങര അച്ചന്റെ ബാച്ചുകാരേയും എച്ചിപ്പാറ എസ്റ്റേറ്റിലേയ്ക്ക് പിക്നിക്കിനായി കൊണ്ടുപോയി. തിരിച്ചുപോരുന്ന സമയത്ത് കുരുതുകുളങ്ങര അച്ചനടക്കം നാല് യോഗാർത്ഥികളെ കാണാതായി. കാടിനോട് ചേർന്നുള്ള എച്ചിപ്പാറ എസ്റ്റേറ്റിൽ നടക്കുന്നതിനിടയിൽ അവർക്ക് വഴി തെറ്റിപ്പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മേഘങ്ങൾ പെട്ടെന്ന് നിറഞ്ഞ കാരണം ഇരുട്ട് പരക്കുകയും അവർ കാട്ടിൽ ഒറ്റപ്പെട്ടു പോകുകയും ചെയ്തു. വളരെ കഷ്ടപ്പെട്ട് അവർ അവസാനം രാത്രിയിൽ വളരെ ദൂരം നടന്ന് ഏറെ വൈകി ആശ്രമത്തിൽ തിരിച്ചെത്തി എന്നുള്ളത് ദൈവപരിപാലനയുടെ മഹാത്ഭുതം! കുരുതുകുളങ്ങര അച്ചൻ പറഞ്ഞു: "പേടിച്ച് പേടിച്ചാണ് ഞങ്ങൾ തിരിച്ചെത്തിയത്. ഗുരുവച്ചൻ എങ്ങനെ പ്രതികരിക്കും എന്നതിനെ കുറിച്ച് വലിയ ഭയമുണ്ടായിരുന്നു. അടുത്ത ദിവസം തന്നെ വീട്ടുകാരെ വിളിച്ചുവരുത്തി പെട്ടിയും പ്രമാണവുമായി വൈദിക പരിശീലനത്തിൽ നിന്ന് ഞങ്ങളെ പിരിച്ചുവിട്ട് വീട്ടിലേയ്ക്ക് പോകുവാൻ പറയും എന്നത് ഉറപ്പായിരുന്നു. ഞങ്ങൾ തിരിച്ചെത്തിയപ്പോൾ ഞങ്ങൾക്ക് അപകടമൊന്നും സംഭവിക്കാതിരിക്കുവാൻ എല്ലാവരുംകൂടി പള്ളിയിൽ ആരാധനയിലായിരുന്നു. ജോഷ്വാ ചിറമ്മേൽ അച്ചനായിരുന്നു പ്രിയോരച്ചൻ. ഞങ്ങളെ കണ്ട മാത്രയിൽ വളരെ സംയമനത്തോടെ ചെറുതായി ഒന്നു ശകാരിച്ചു കൊണ്ട് വേഗം കുളിച്ച് റെഡിയായി അത്താഴം കഴിക്കുവാൻ ഡൺസ്റ്റനച്ചൻ പറഞ്ഞു. ഞങ്ങളോട് ആവശ്യത്തിന് വെള്ളം കുടിച്ചിട്ടു മതി കുളി എന്നും പറഞ്ഞു." എല്ലാവരേയും, പ്രത്യേകിച്ച് ഗുരുവായിരുന്ന ഡൺസ്റ്റനച്ചനേയും വെള്ളം കുടിപ്പിച്ച

കുരുതുകുളങ്ങര അച്ചനടക്കം നാലു പേർ വെള്ളം കുടിച്ച്, കുളിച്ച്, അത്താഴം കഴിച്ച് കിടന്നുറങ്ങി. അടുത്ത ദിവസം മുതൽ പതിവു പോലെ ക്ലാസ്സിലും മറ്റ് പരിശീലന ക്രമങ്ങളിലും തുടർന്നു. വീട്ടിലേയ്ക്ക് പറഞ്ഞുവിടൽ ഒന്നുമുണ്ടായില്ല.

ഈ സംഭവത്തെക്കുറിച്ച് റാഞ്ചിയിൽ വെച്ച് ഞങ്ങളുടെ ഇന്റർമീഡിയേറ്റ് കാലത്ത് ഒരു വർഷത്തേയ്ക്ക് ഗുരുവായി എത്തിയ ഡൺസ്റ്റനച്ചന്റെ സാന്നിദ്ധ്യത്തിൽ കുരുതുകുളങ്ങര അച്ചൻ ഓർമ്മകൾ പങ്കിട്ടപ്പോൾ ഡൺസ്റ്റനച്ചൻ സരസമായി പറഞ്ഞു: "കാട്ടിൽ ഇരുട്ടിതുടങ്ങിയ സമയത്ത് നടന്ന് നടന്ന് വഴി കണ്ടുപിടിച്ച് തിരിച്ചെത്തിയതിനെ കുറിച്ച് വലിയ വീരസം ഒന്നും പറയണ്ട. കർമ്മല മാതാവ് കാത്ത് രക്ഷിച്ച് തിരിച്ചെത്തിപ്പിച്ചു എന്ന് പറഞ്ഞാൽ മതി. പട്ടിപുലികൾ ധാരാളം ഉണ്ടായിരുന്ന കാടാണ് അത്. വട്ടന്മാരെ പട്ടിപുലി പിടിച്ചെങ്കിൽ എന്തായിരിക്കും അവസ്ഥ?"

കർമ്മല മാതാവിന്റെ വലിയ ഭക്തനായിരുന്നു ഡൺസ്റ്റനച്ചൻ. ഒപ്പം, കർമ്മല സഭയുടെ ആദ്ധ്യാത്മിക പാരമ്പര്യത്തിൽ അദ്ദേഹം അഭിമാനിച്ചിരുന്നു. കർമ്മല ആദ്ധ്യാത്മികതയുടെ വക്താക്കളായിരുന്ന വി. യോഹന്നാൻ ക്രൂസ്, ആവിലായിലെ വി. അമ്മത്രേസ്യ എന്നിവരുടെ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ സ്പിരിചാൽ ക്ലാസിക്സ് ആണെന്നും, അവയെ സന്യാസ പരിശീലന കാലഘട്ടത്തിൽ നിർബന്ധമായും വായിക്കേണ്ടതുണ്ട് എന്നും ഡൺസ്റ്റനച്ചൻ നിഷ്കർഷിച്ചിരുന്നു. അമ്മത്രേസ്യായുടെ 'ആഭ്യന്തരഹർമ്മ്യം' എന്ന പേരിലുള്ള ഗ്രന്ഥത്തോട് ഡൺസ്റ്റനച്ചന് പ്രത്യേക പ്രതിപത്തിയുണ്ടായിരുന്നു. അമ്പഴക്കാട് നോവിഷ്യേറ്റിലെ പരിശീലക സഹായി ആയിരുന്ന കാലഘട്ടത്തിൽ, അദ്ദേഹവുമായി ആത്മീയ സംഭാഷണം നടത്തുന്ന അവസരങ്ങളിൽ ആഭ്യന്തരഹർമ്മ്യത്തിലെ ഏതു നിലയിൽ എത്തിച്ചേർന്നിട്ടുണ്ട് എന്ന് അദ്ദേഹം ആരായാറുണ്ട്.

ഡൺസ്റ്റനച്ചൻ ഓർമ്മ വെച്ച നാൾ മുതൽ ആഭ്യന്തരഹർമ്മ്യത്തിലെ അവസാനത്തെ അവസ്ഥയായ ഏഴാം സ്ഥലത്തായിരുന്നു എന്നുള്ള എന്റെ അഭിപ്രായത്തിൽ പർവ്വതീകരണം ഇല്ല എന്നുള്ളത് എന്നെപ്പോലെ അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ള എല്ലാവരും സമ്മ

തിക്കും. ഏഴാംനിലയിൽ ആത്മാവ് യേശു സന്നിധിയിൽ പരിപൂർണ്ണ മായി ലയിച്ച പരിപാവനായ സ്വർഗ്ഗീയ അവസ്ഥയിൽ ആയിരിക്കും എന്ന് അമ്മത്രേസ്യ പുണ്യവതി പ്രതിപാദിച്ചിരിക്കുന്നു. കർമ്മലീത്ത ആദ്ധ്യാത്മികതയെ ആദ്ധ്യാത്മിക ശൈശവത്വം എന്നുള്ള സുകൃത കുറുക്കുവഴിയിലൂടെ ആധുനിക ലോകത്തിന് പ്രാപ്യമായ രീതിയിൽ സ്വജീവിതത്തിലൂടെ അനുഭവഭേദ്യമാക്കിയ വി. കൊച്ചുത്രേസ്യായെ പോലെ ഡൺസ്റ്റനച്ചനും അനുദിന ജീവിതവുമായി ബന്ധപ്പെടുത്തി യിട്ടുള്ള ലാളിത്യ സുകൃത സരണിയിലൂടെ ആഭ്യന്തര ഹർമ്മ്യത്തിലെ ഏഴാം അവസ്ഥയിൽ എപ്പോഴും ജീവിച്ച പുണ്യാത്മാവാണ്. “ദൈവ ഹിതം നടക്കും... അത് നടത്തും” എന്നുള്ള ആത്മീയ അവബോധ ത്തിൽ ജീവിച്ചുകൊണ്ട് കർമ്മലീത്ത ആദ്ധ്യാത്മികതയെ കേരളത്തിന് പരിചയപ്പെടുത്തിയ വി. ചാവറയച്ചനെ പോലെ ദൈവപരിപാലന യിൽ സമ്പൂർണ്ണമായ ആത്മാർപ്പണം നടത്തി ജീവിക്കുവാൻ നിതാന്ത ജാഗ്രതയുള്ള ഉത്തമ കർമ്മലീത്ത സന്യാസ പുരോഹിതൻ ആയി രുന്നു സാത്വിക ഭാവങ്ങളുടെ മാത്രം ഉടമയായിരുന്ന ഡൺസ്റ്റന ച്ചൻ. “ദൈവേഷ്ടം... അതു മാത്രം... അത് മുഴുവൻ” എന്നുള്ള ജീവി തസിദ്ധാന്തവുമായി ജീവിച്ച് കർമ്മലീത്ത ആദ്ധ്യാത്മികതയെ തന്റെ പക്കലെത്തുന്ന എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പകർന്നു നൽകിയ ദൈവദാസൻ കനീഷ്യസ് അച്ചനെ പോലെ, ഡൺസ്റ്റന ച്ചനും ദൈവേഷ്ടത്തെ മാത്രം അനുഗമനം ചെയ്ത ഒരു കർമ്മലീത്ത ഋഷിവര്യൻ ആയിരുന്നു. ഡൺസ്റ്റനച്ചനിൽ കർമ്മലീത്ത ആത്മീയ വക്താക്കളുടെ എല്ലാ ആത്മീയ സിദ്ധാന്തങ്ങളുടേയും ചൈതന്യം പ്രശോഭിപ്പിച്ചിരുന്നു എന്നുള്ളതും പരമാർത്ഥമാണ്.

# 5

# വിനയമെന്ന വിശുദ്ധി

ഇന്നത്തെ ജാർഖണ്ഡിലെ റാഞ്ചിയിൽ ഞാൻ ഉൾപ്പെടുന്ന വൈദിക വിദ്യാർത്ഥികളുടെ ഇന്റർമീഡിയേറ്റ് പഠനകാലം. രണ്ടുവർഷത്തേയ്ക്കാണ് അവിടെ ഞങ്ങളുടെ പഠനകാല താമസം. ഒന്നാം വർഷത്തിൽ പോൾ ബെൻ നെറ്റികാടനച്ചനായിരുന്നു ഞങ്ങളുടെ ഗുരുവച്ചൻ. രണ്ടാം വർഷത്തിൽ ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ ഗുരുവായി നിയമിക്കപ്പെട്ടു. റാഞ്ചിയിലേയ്ക്ക് ഡൺസ്റ്റനച്ചൻ വരുന്നു എന്നുള്ളത് എന്നിൽ വലിയ സന്തോഷം ഉണ്ടാക്കി. പരമ്പരാഗതമായ കാപ്പികളർ സി.എം.ഐ. സന്യാസ വസ്ത്രത്തിൽ ഞങ്ങളുടെ ബാച്ചിലെ വിൽസൻ എടാട്ടുകാരന്റെ കൂടെ ഡൺസ്റ്റനച്ചൻ കോയമ്പത്തൂർ നിന്ന് ട്രെയിൻ യാത്ര ചെയ്ത് റാഞ്ചിയിലെ ഞങ്ങളുടെ ജ്യോതി നിവാസ് പഠന ഗൃഹത്തിൽ എത്തിച്ചേർന്നു. ഇപ്പോൾ സുപ്രസിദ്ധ തത്വശാസ്ത്ര അദ്ധ്യാപകനായി സേവനം ചെയ്യുന്ന വിൽസൻ എടാട്ടുകാരനച്ചൻ ആ യാത്രയെ കുറിച്ച് പറയുന്നു: "കോയമ്പത്തൂർ വച്ച് ട്രെയിൻ കയറുവാൻ ഡൺസ്റ്റനച്ചൻ വന്നപ്പോൾ ട്രങ്ക് പെട്ടിയടക്കം അദ്ദേഹത്തിന്റെ വലിയ ലഗേജ് ഞാൻ പ്രതീക്ഷിച്ചിരുന്നു. റിസർവേഷൻ ഇല്ലാതിരുന്നതു കൊണ്ട്, അദ്ദേഹത്തിന് അധികം ലഗേജ് ഉണ്ടായാൽ അത് യാത്രയിൽ പ്രശ്നം ആകും എന്ന് ഞാൻ ആശങ്ക പെട്ടു. എന്നാൽ, അദ്ദേഹത്തിന് ഉണ്ടായിരുന്നത് ചെറിയ ഒരു പെട്ടി മാത്രം. അത് ട്രെയിനിൽ കയറ്റി വെച്ച് സഹായിക്കുവാൻ ഞാൻ തുനിഞ്ഞപ്പോൾ അതിന് അദ്ദേഹം സമ്മതിച്ചില്ല. ഞാൻ തന്നെ എടുത്തോളാം, ബ്രദറിന്റെ ലഗേജ് ബ്രദർ ശ്രദ്ധിച്ചാൽ മതി എന്ന് പറഞ്ഞു. പ്രായമായ ഡൺസ്റ്റനച്ചൻ അദ്ദേഹത്തിന്റെ ലഗേജുമായി നടക്കുന്നത് കണ്ട് എനിക്ക് വിഷമം ഉണ്ടായി. മാത്രവുമല്ല, റാഞ്ചിയിലേയ്ക്ക് മദ്രാസിൽ നിന്ന് റിസർവേഷൻ ഇല്ലാത്തതിനെക്കുറിച്ച് ഒരു പരിഭവവും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ലളിത ജീവിത മനോ

ഭാവം എന്നെ വളരെ ആകർഷിച്ചു. കോയമ്പത്തൂർ നിന്ന് മദ്രാസ് വരെയുള്ള ട്രെയിൻ യാത്രയിൽ അദ്ദേഹത്തിന് റിസർവേഷൻ ഉണ്ടായിരുന്നു. എനിക്ക് അത് ഉണ്ടായിരുന്നില്ല. മദ്രാസിൽ ട്രെയിൻ നിന്ന് കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ എന്റെ ലഗേജ് താഴെ ഇറക്കി വച്ച് ഡൺസ്റ്റനച്ചന്റെ കമ്പാർട്ടുമെന്റിലേയ്ക്ക് വേഗത്തിൽ പോകുവാൻ ഒരുങ്ങി നിൽക്കുമ്പോൾ, ഡൺസ്റ്റനച്ചൻ തലയിൽ അദ്ദേഹത്തിന്റെ പെട്ടിയുമായി എന്റെ അടുത്തേക്ക് നടന്നു വരുന്നത് കണ്ട് ഞാൻ അത്ഭുതപ്പെട്ടു. എന്റെ അടുത്ത് അദ്ദേഹം എത്തിയപ്പോൾ, അദ്ദേഹത്തിന്റെ തലയിൽ നിന്ന് ചെറുതായി ചോര വരുന്നുണ്ടായിരുന്നു. ഞാനാകെ വിഷമിച്ച് ചോര വരുന്നതിന്റെ കാരണം ചോദിച്ചപ്പോൾ, അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: 'അത് കാര്യമാക്കേണ്ട, പെട്ടി തലയിൽ എടുത്തു വയ്ക്കുന്ന സമയത്ത് മുകളിൽ എന്റെ തല തട്ടി ചെറുതായിട്ടൊന്ന് പൊട്ടിയതാണ്.' അന്ന് ഞായറാഴ്ചയായിരുന്നു. ഡൺസ്റ്റനച്ചൻ പിന്നീട് എന്നോട് പറഞ്ഞത് നമുക്ക് വേഗം പോയി കല്ലിസ്റ്റസ് അച്ചൻ ഏർപ്പാടാക്കി തന്നിട്ടുള്ള വീട്ടിൽ പോയി കുർബ്ബാന ചൊല്ലുവാനുള്ള കാര്യങ്ങൾ നോക്കാം എന്നാണ്. മദ്രാസിൽ നിന്നുള്ള ട്രെയിൻ വൈകീട്ട് ആയതിനാൽ കുർബ്ബാന ചൊല്ലി വരുവാനുള്ള ഇട സമയം ഉണ്ടായിരുന്നു. കല്ലിസ്റ്റസ് അച്ചന്റെ മദ്രാസിലുള്ള ഒരു പരിചയക്കാരൻ ബാങ്ക് ഉദ്യോഗസ്ഥന്റെ വീട്ടിൽ ഞങ്ങൾക്ക് ഭക്ഷണവും മറ്റും തയ്യാറായിട്ടുണ്ടായിരുന്നു. ആ വീട്ടിൽ എത്തിയപ്പോൾ, വീട്ടുകാർ ഡൺസ്റ്റനച്ചന്റെ തല തുടച്ച് ചെറുതായി മരുന്നു പുരട്ടി. തൊട്ടടുത്തുള്ള പള്ളിയിൽ പോയി കുർബ്ബാന ചൊല്ലി. ഭക്ഷണം കഴിച്ച് സ്വല്പം വിശ്രമിച്ച് വീണ്ടും റെയിൽവേ സ്റ്റേഷനിലേയ്ക്ക് തിരിച്ചുവന്നു. ഭാഗ്യത്തിന് ജനറൽ കമ്പാർട്ടുമെന്റിൽ ഇരിക്കുവാനുള്ള സൗകര്യം തരപ്പെട്ട് കിട്ടി. മദ്രാസിൽ നിന്നുള്ള ദീർഘമായ ട്രെയിൻ യാത്രയിൽ ഡൺസ്റ്റനച്ചൻ മുഴുവൻ നേരവും ജപമാല ചൊല്ലികൊണ്ടിരുന്നു. അദ്ദേഹത്തിന്റെ യാത്രാ സൗകര്യങ്ങളേക്കാൾ അദ്ദേഹം ശ്രദ്ധിച്ചിരുന്നത് എന്റെ ഭക്ഷണകാര്യങ്ങളിലും മറ്റുമായിരുന്നു. പതിനേഴ് വയസ്സ് മാത്രം അന്ന് പ്രായമുണ്ടായിരുന്ന യോഗാർത്ഥിയായ എന്റെ കൂടെ ധൈര്യപൂർവ്വം ഒരു ആശങ്കയും, പരാതിയും ഇല്ലാതെ ഡൺസ്റ്റനച്ചൻ റാഞ്ചി യാത്രയ്ക്ക് തയ്യാറായത് അദ്ദേഹത്തിലുള്ള ദൈവപരിപാലന വിശ്വാസം കൊണ്ടു മാത്രമാണ്. ഒപ്പം, തന്നേക്കാൾ വളരെ പ്രായം കുറഞ്ഞവർ ആണെങ്കിലും,

അവരിൽ നന്മ കണ്ട്, അവരിൽ ഒരാളായി മാറുവാനുള്ള അദ്ദേഹത്തിന്റെ വിശുദ്ധസിദ്ധി കൊണ്ടും കൂടിയാണ്. എനിക്ക് ഇതൊക്കെ വലിയ മാതൃകകളായി."

ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ മുമ്പൊരിക്കൽ വന്നിട്ടുണ്ടായിരുന്നു. സി.എം.ഐ. സഭയിൽ നിന്ന് ഹിന്ദി സംസ്ഥാനങ്ങളിൽ മിഷൻ സേവനത്തിന് പോകുവാനുള്ള സാധ്യതകൾ നേരിൽ കാണുവൻ സന്നദ്ധരായ മൂന്നംഗ വൈദിക സംഘത്തിലെ ഒരാളായിരുന്നു ഡൺസ്റ്റനച്ചൻ. ദിയാഗോ കോടങ്കണ്ടത്ത്, ജോൺ വിയാനി കാടൻകാവിൽ എന്നീ വന്ദ്യവൈദികരായിരുന്നു മറ്റുള്ളവർ. ഈ സാഹചര്യത്തിൽ അംബികാപൂർ രൂപതയിലേയ്ക്ക് ചെറിയ ഒരു കാലത്തെ മിഷൻ സന്ദർശനത്തിന് എത്തിയ അവസരത്തിലാണ് ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ വന്നിട്ടുള്ളത്. അന്നത്തെ റാഞ്ചി സന്ദർശനവേളയിൽ, റാഞ്ചിയിലെ ഉർസുലൈൻ കോൺവെന്റിന്റെ പാവപ്പെട്ട സ്ത്രീകൾക്കായുള്ള തുന്നൽ തൊഴിൽശാല ഡൺസ്റ്റനച്ചനെ പ്രത്യേകം ആകർഷിച്ചു എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇതും ഡൺസ്റ്റനച്ചനിലുള്ള ഗാന്ധിയൻ ജീവിതശൈലിയിൽ നിന്ന് ഉണ്ടായ സ്വാധീനത്തിന്റെ തെളിവായി നമുക്ക് മനസിലാക്കാം.

ഡൺസ്റ്റനച്ചനിൽ എന്നും ഒരു മിഷൻപ്രേഷിത സേവനജ്വാല എരിഞ്ഞിരുന്നു. അതുകൊണ്ട് തന്നെയാണ് തന്റെ പ്രായത്തേയും പരിമിതികളേയും അവഗണിച്ചുകൊണ്ട് അദ്ദേഹം റാഞ്ചിയിൽ ഞങ്ങളുടെ ഗുരുവായി വരുവാൻ ഒരുങ്ങിയത്. "വേറെ വലിയ കാര്യങ്ങൾ ഒന്നും ചെയ്യാനായില്ലെങ്കിലും, മിഷൻ സ്ഥലത്ത് താമസിക്കുന്ന സ്ഥാപനത്തിലെ ചാപ്പലിൽ ഇരുന്ന് മിഷന് വേണ്ടി പ്രാർത്ഥിക്കാലോ എന്ന് കരുതിയാണ് ഞാൻ റാഞ്ചിയിലേക്ക് വരുവാൻ തയ്യാറായത്" എന്നാണ് റാഞ്ചി വരവിനെ കുറിച്ച് ഡൺസ്റ്റനച്ചൻ പങ്കുവെച്ചത്.

ഡൺസ്റ്റനച്ചൻ എന്നും പ്രാർത്ഥനയുടെ സന്യാസ പുരോഹിതൻ ആയിരുന്നു. ജോൺ വിയാനി പുണ്യവാനോട് ഒരിക്കൽ ഒരാൾ ചോദിച്ചു: "അങ്ങ് എപ്പോഴും സക്രാരിയിലേയ്ക്ക് നോക്കിയിരുന്ന് പ്രാർത്ഥിയ്ക്കുന്നു. എന്തിനുവേണ്ടിയാണ് ഇത്ര ദീർഘനേരം പ്രാർത്ഥിയ്ക്കുന്നത്?" വിശുദ്ധ വിയാനി നൽകിയ ഉത്തരം ഇങ്ങനെയായിരുന്നു: "ഞാൻ ഈശോയെ നോക്കിയിരിയ്ക്കുന്നു. എന്നെ ഈശോയും നോക്കുന്നു. ഇതാണ് എന്റെ പ്രാർത്ഥന." രണ്ടു കൈകളും മടക്കി, കൈപ്പത്തികളെ താടിയുടെ താഴെ ചുരുട്ടിവെച്ച്

തല കുമ്പിട്ട് ഡൺസ്റ്റനച്ചൻ ദീർഘനേരം സക്രാരിയുടെ തിരുമുമ്പിൽ ചിലവഴിക്കുമായിരുന്നു. വിയാനി പുണ്യവാനെപ്പോലെ ഈശോയെ നോക്കിയിരിക്കുന്ന ഡൺസ്റ്റനച്ചനെ തിരുവോസ്തി രൂപനും എപ്പോഴും നോക്കിയിട്ടുണ്ട് എന്നുള്ളത് തീർച്ച. സന്യാസ പൗരോഹിത്യ വ്രതബദ്ധ ജീവിതത്തെ അഭംഗുരം പാലിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന ഡൺസ്റ്റനച്ചന്റെ 'വിശ്വസ്തനായ കാര്യസ്ഥന്റെ' ജീവിതത്തെ നിത്യപുരോഹിതനായ യേശുനാഥൻ നോക്കി നോക്കി സന്തോഷിച്ചിട്ടുണ്ടായിരിക്കും.

റാഞ്ചിയിൽ ഞങ്ങളുടെ അടുത്ത് എത്തിയ ഉടനെ ഡൺസ്റ്റനച്ചൻ പറഞ്ഞത്: "ഒരു കുഴപ്പവും എനിക്ക് ഉണ്ടാകാത്ത രീതിയിൽ ബ്രദർ വിൽസൻ എന്നെ ഇവിടെ എത്തിച്ചു. നിങ്ങൾക്ക് പരിശീലനം നൽകുക എന്നതിനേക്കാൾ ഉപരി നിങ്ങളിൽ നിന്ന് എന്തെങ്കിലും പഠിക്കുവാനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്." വളരെയധികം വർഷങ്ങൾ വൈദിക വിദ്യാർത്ഥികളുടെ ഗുരു ആയിരുന്ന ഡൺസ്റ്റനച്ചൻ വീണ്ടും സമാനമായ ഉത്തരവാദിത്വത്തിൽ നിയമിതനായപ്പോൾ വിനയാന്വിതനായി പറഞ്ഞത് പുതിയ അവസരം തന്റെ കീഴിലുള്ള വൈദിക വിദ്യാർത്ഥികളിൽ നിന്ന് നന്മ സ്വീകരിക്കുവാനുള്ള അവസരം ആയിട്ടാണ് മനസ്സിലാക്കുന്നത് എന്നാണ്.

മഹാത്മാക്കളുടെ മുഖമുദ്രയാണ് വിനയം. 'അവിച്ഛിന്ന തൈലധാരാവതി' എന്നൊരു സംസ്കൃത ശ്ലോക ശകലമുണ്ട്. ശിരസ്സിൽ തൈലം ഒഴിച്ചാൽ അത് നിർവിഘ്നം താഴോട്ട് ഒഴുകുന്നു എന്നതാണ് ഈ ശ്ലോകത്തിന്റെ ഏകദേശ പരാവർത്തനം. ഡൺസ്റ്റനച്ചന്റെ വിശുദ്ധ വ്യക്തിത്വത്തിന്റെ കാതൽ ആയിരുന്നു വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ വിനയ സുകൃതം.

ബുദ്ധമത വിഹാരങ്ങളോട് ചേർന്നുള്ള പഠന കേന്ദ്രങ്ങൾക്ക് 'വിനയ' എന്നൊരു നാമധേയം ഉണ്ടായിരുന്നു. ബുദ്ധമതക്കാർക്ക് പ്രത്യേക ബന്ധമുള്ള പാലി ഭാഷയിലെ ഈ പദത്തിന്റെ ഉൽപത്തി സംസ്കൃത ഭാഷയിൽ നിന്നാണ്. 'വിനയ' എന്ന പാലി ഭാഷാ പദത്തിന് 'വിശുദ്ധമായ ജീവിത ശൈലിയിലേയ്ക്ക് നയിക്കുന്ന ക്രമബദ്ധമായ പരിശീലനം' എന്നാണ് അർത്ഥം. വിശുദ്ധ ജീവിതത്തിന്റെ ആധാരം വിനയമാണ്. ആർഭാടവും, ആഡംബരവും ഒട്ടും തന്നെ ഇല്ലാതിരുന്ന സർവ്വസംഗ പരിത്യാഗം ഉൾക്കൊണ്ടിരുന്ന ഡൺസ്റ്റന

ച്ചന്റെ സി.എം.ഐ. സന്യാസ പൗരോഹിത്യ ജീവിതം വിശുദ്ധമായ ജീവിത ശൈലിയിൽ അടിസ്ഥാനമിട്ടതായിരുന്നു എന്ന് മാത്രമല്ല; അത് മറ്റുള്ളവരെ കൂടി അത്തരം ഒരു ക്രമബദ്ധതയിലേയ്ക്ക് ആന യിയ്ക്കുന്നത് കൂടിയായിരുന്നു.

പുക അഗ്നിയേയും, അഴുക്ക് കണ്ണാടിയേയും മൂടുന്ന പോലെ വിനയമില്ലാത്ത ജീവിതം ആദ്ധ്യാത്മിക ജ്ഞാനത്തെ മറയ്ക്കുന്നു. എല്ലാ തിന്മകളുടേയും അടിസ്ഥാനം വിനയമില്ലായ്മയാണ്. ഡൺസ്റ്റ നച്ചന്റെ ജീവിതം വിനയം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ടിരുന്നതു കൊണ്ട് എല്ലാ ആത്മീയ സുകൃതങ്ങളും അദ്ദേഹത്തിൽ നിന്ന് പ്രസ രിച്ചിരുന്നു. പിറന്ന്, വളർന്ന് ഉണ്ടും, ഉറങ്ങിയും, കളിച്ചും, രമിച്ചും ഒടുവിൽ മരിച്ച് മണ്ണടിഞ്ഞ് പോകുന്ന കോടാനുകോടി മനുഷ്യരുടെ ഇടയിൽ ഡൺസ്റ്റനച്ചനെ പോലെയുള്ളവർ വ്യത്യസ്തരായി നമ്മുടെ മനസ്സുകളിൽ ഇന്നും ജീവിക്കുന്നുണ്ടെങ്കിൽ വിനയത്തിന്റെ അഗ്നി സ്നാനത്തിലൂടെ അവർ തങ്ങളുടെ അസ്തിത്വങ്ങളെ സ്ഫുടം ചെയ്തതു കൊണ്ട് മാത്രമാണ്.

വിശുദ്ധ വിൻസെന്റ് ഡി പോൾ പറയുന്നു: "വിനയം എല്ലാ പുണ്യ ങ്ങളുടേയും, സുകൃതങ്ങളുടേയും സാരാംശമാണ്. വിനയമില്ലാത്ത വ്യക്തിത്വത്തിൽ വീരോചിതമായ ആത്മീയ ഗുണങ്ങൾ നിലനിൽക്കു കയില്ല." സമാനമായ ആത്മീയ ആദർശം പങ്കുവെച്ചുകൊണ്ട് ജോൺ വിയാനി പുണ്യവാൻ പറയുന്നു: "എല്ലാ സുകൃതങ്ങളേയും കൂട്ടി യിണയ്ക്കുന്ന ചരടാണ് വിനയം. ആ ചരട് ദൃഢമല്ലെങ്കിൽ മറ്റ് സുകൃ തമണികൾ അതിൽ കോർക്കപ്പെടുകയില്ല." പരിശീലക ഗുരുക്കന്മാ രുടെ മുമ്പിൽ വിനയത്തിൽ നിന്ന് രൂപാന്തരപ്പെടുന്ന ആത്മീയ തുറവി ഇല്ലാത്ത വൈദിക വിദ്യാർത്ഥികൾക്ക് ദൈവവിളി ഇല്ലെന്ന് ഡൺസ്റ്റ നച്ചൻ പറഞ്ഞിരുന്നു. സുദീർഘമായ കാലയളവിൽ വൈദിക വിദ്യാർത്ഥികളുടെ പരിശീലക ഗുരുവായിരുന്ന ഡൺസ്റ്റനച്ചൻ, പരി ശീലനത്തിലുള്ള വൈദിക വിദ്യാർത്ഥികളിൽ നിന്ന് പ്രധാനമായും പ്രതീക്ഷിച്ചിരുന്നത് വിനയമുള്ള വ്യക്തിത്വവും അതിൽനിന്ന് ഉടലെ ടുക്കുന്ന തുറവിയുള്ള ആത്മീയ മനോഭാവവും ആയിരുന്നു. വിന യമുള്ളവർക്ക് മാത്രമാണ് തുറവിയുള്ള ശിഷ്യ ബന്ധം ഗുരുക്കന്മാ രോട് ഉണ്ടാക്കുവാൻ സാധിക്കുക എന്ന് ഡൺസ്റ്റനച്ചന് ബോധ്യമു ണ്ടായിരുന്നു. "ഈശോയുടെ കൃപ ലഭിക്കുവാൻ വിനയത്തെ പോലെ

ഉപകരിക്കുന്ന മറ്റൊരു സുകൃതമില്ല" എന്ന് അമ്മത്രേസ്യ പുണ്യവതി പറഞ്ഞിട്ടുണ്ട്. പൗരോഹിത്യ ജീവിതവും, സന്യസ്തജീവിതവും യേശുവിന്റെ കൃപയിൽ മാത്രം അടിസ്ഥാനമിട്ടതാണ്. വിനയമില്ലെങ്കിൽ യേശുവിന്റെ കൃപയും പരിപാലനയും അഭാവങ്ങളായി മാറും. ഇക്കാര്യങ്ങളിൽ ഡൺസ്റ്റനച്ചൻ സ്വയം ഒരു മഹനീയ മാതൃക ആയിരുന്നു. ഡൺസ്റ്റനച്ചന്റെ നവസന്യാസ കാലത്ത് അദ്ദേഹത്തിന്റെ കുടുംബത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിരുന്നുവത്രെ. അതുകൊണ്ട്, പരിശീലനത്തിന് നൽകുവാൻ നിശ്ചയിക്കപ്പെട്ട പണം ഗുരുവച്ചന് നൽകുവാൻ അദ്ദേഹത്തിന് സാധിച്ചില്ലത്രെ. ഇതിൽ അദ്ദേഹത്തിന്റെ ഗുരുവച്ചൻ ചെറിയ തോതിൽ അതൃപ്തനായിരുന്നു. ഒപ്പം, ഡൺസ്റ്റനച്ചന്റെ വളരെ ഒതുങ്ങി കൂടി കഴിയുന്ന പ്രകൃതവും ഗുരുവച്ചന് ഇഷ്ടക്കേടുകൾ ഉണ്ടാക്കിയിരുന്നു. മാത്രവുമല്ല, ഡൺസ്റ്റനച്ചന്റെ പഠിക്കുവാനുള്ള പിന്നോക്കാവസ്ഥയും ഗുരുവച്ചനിൽ ആശങ്കകൾ തീർത്തിരുന്നു. ഡൺസ്റ്റനച്ചൻ പറയുമായിരുന്നു: "ഞാൻ എല്ലാം നേരെ ചൊവ്വേ ഗുരുവച്ചനെ ബോധിപ്പിക്കുമായിരുന്നു. അത് മാത്രമാണ് എന്നിൽ ഉണ്ടായിരുന്ന ഏക നല്ല ഗുണം. ഇതുകൊണ്ട് മാത്രമാണ് എന്നെ നവസന്യാസത്തിൽ വെച്ച് വ്രതം ചെയ്ത് വൈദിക പരിശീലനത്തിന് മുന്നോട്ടു പോകുവാൻ ഗുരുവച്ചൻ സമ്മതം നൽകിയത്."

സത്യസന്ധമായ തുറന്ന മനോഭാവം വ്യക്തിത്വത്തിലുള്ള വിനയഭാവത്തിന്റെ തെളിവാണ്. വിനയവും, തുറവിയുള്ള ജീവിത കർമ്മപരിപാടികളും, ആഴമുള്ള ആദ്ധ്യാത്മികത സ്വായത്തമാക്കിയിട്ടുള്ള വ്യക്തിയുടെ പെരുമാറ്റത്തിൽ സമന്വയിച്ച് പോകുന്ന സൽഗുണങ്ങളാണ്. ഡൺസ്റ്റനച്ചന്റെ ജീവിതത്തിൽ ഉടനീളം നമുക്ക് ദർശിക്കുവാൻ സാധിക്കുന്ന മഹാ സുകൃതങ്ങളായിരുന്നു ഇതൊക്കെ. തന്നിലുള്ള പോരായ്മകൾക്കും, പരിമിതികൾക്കും അപ്പുറത്ത്, ഡൺസ്റ്റനച്ചൻ എല്ലാവർക്കും സുസമ്മതനായ ഒരു സ്നേഹ ശുശ്രൂഷകൻ ആയി രൂപാന്തരപ്പെട്ടത് ദൈവാശ്രയ ബോധത്തിന്റെ പിൻബലത്തിലാണ്. ഈ ദൈവാശ്രയബോധം അദ്ദേഹത്തിൽ ഉണ്ടായിരുന്ന വിനയത്തിൽ നിന്ന് ഉളവായതാണ്.

അമ്പഴക്കാട് നവസന്യാസ ഭവനത്തിൽ ഡൺസ്റ്റനച്ചൻ പരിശീലക ഗുരുക്കന്മാരുടെ ടീമിൽ അംഗമായിരുന്ന കാലത്ത്, വിനയം നിറഞ്ഞ ആത്മീയ അനുഭവത്തിൽ നിന്ന് ഉരുൾ തിരിയുന്ന തുറവി

സ്വഭാവം ശ്രേഷ്ഠന്മാരോട് ഉണ്ടാകുവാൻ നവസന്യാസികളെ അദ്ദേഹം പ്രത്യേകമായി ഒതുക്കിയിരുന്നു. ഞാൻ നവസന്യാസത്തിൽ ആയിരുന്ന കാലഘട്ടത്തിൽ പോൾ ബ്ലെയ്സ് കടിച്ചീനി അച്ചനായി രുന്നു നവസന്യാസ ഗുരു. ഒന്നാം വർഷത്തിൽ ബ്ലെയ്സ് അച്ചന്റെ സഹായികളായി പോൾ സാവിയോ പുതുശ്ശേരി, പോൾ മുരിങ്ങാ ത്തേരി എന്നീ വൈദികർ ഉണ്ടായിരുന്നു. ഈ പോൾ ത്രയ ടീമിൽ നിന്ന്  ഒന്നാംവർഷ നോവിഷ്യേറ്റ് കഴിഞ്ഞപ്പോൾ പുതുശ്ശേരി അച്ചൻ കോയമ്പത്തൂർക്ക് സ്ഥലം മാറി പോയി. ആ ഒഴിവിലേയ്ക്കാണ് ഡൺസ്റ്റനച്ചൻ നിയമിതനായി അമ്പഴക്കാട് വരുന്നത്. അമ്പഴക്കാട് നിയമിതനായി അധികം നാൾ കഴിയുന്നതിന് മുമ്പേ, അദ്ദേഹത്തെ പരിചയം ഉണ്ടായിരുന്നവർക്ക് മാത്രമല്ല,  മറ്റെല്ലാവർക്കും തന്നെ അദ്ദേഹത്തിന്റെ വിനയശീലം വലിയ അത്ഭുതത്തിന് കാരണമായി. നവസന്യാസ ഗുരുവായ ബ്ലെയ്സ് അച്ചനെക്കാൾ പ്രായം കൊണ്ടും, പരിശീലക അനുഭവ സമ്പത്ത് കൊണ്ടും ഡൺസ്റ്റനച്ചൻ വളരെ മുന്നിൽ ആയിരുന്നു എങ്കിലും, ബ്ലെയ്സ് അച്ചനോട് പൂർണ്ണമായും ഒത്തൊരുമിച്ച് പോകുന്ന ഒരു സന്യാസവര്യൻ ആയിരുന്നു ഡൺസ്റ്റ നച്ചൻ. ഡൺസ്റ്റനച്ചന്റേത് മാത്രമായ ഒരു കർമ്മപരിപാടിയും അദ്ദേഹം മുന്നോട്ട് വച്ചിരുന്നില്ല. ഗുരു അധികാരിയായിരുന്ന ബ്ലെയ്സ് അച്ചൻ അറിയേണ്ടതും, ഇടപെടേണ്ടതുമായ ഞങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹത്തിന്റെ പക്കൽ തന്നെ പോയി തുറന്നു പറയുവാൻ ഡൺസ്റ്റനച്ചൻ ഞങ്ങളെ സ്നഹ പൂർവ്വം നിർബന്ധിക്കുമായിരുന്നു.

ബ്ലെയ്സ് അച്ചനോട് ചെറിയ രീതിയിൽ അകൽച്ച ഉണ്ടായിരുന്ന ഞങ്ങളിൽ ഒരാൾ വൈദിക പരിശീലനം അവസാനിപ്പിച്ച് വീട്ടി ലേയ്ക്ക് പോകുവാൻ തീരുമാനിച്ചു. ഈ കാര്യം ഡൺസ്റ്റനച്ചന്റെ പക്കലാണ് ആദ്യം ചെന്ന് അവതരിപ്പിച്ചത്. ഡൺസ്റ്റനച്ചൻ ഉപദേ ശിച്ചു: “ഇവിടെ ആയാലും, ജീവിതത്തിൽ എവിടെ ആയാലും മേല ധികാരി അറിയേണ്ട കാര്യങ്ങൾ ആദ്യം അദ്ദേഹം തന്നെ അറിയ ണം. അതുകൊണ്ട് ഗുരുവച്ചനെ ചെന്ന് കണ്ട് കാര്യങ്ങൾ തുറന്ന് പറയണം.” പിതൃതുല്യനായ ഡൺസ്റ്റനച്ചന്റെ സ്നേഹോപദേശം നിര സിക്കപ്പെട്ടില്ല. ബ്ലെയ്സ് അച്ചന്റെ പക്കൽ സന്മനസ്സോടെ പോയി പറഞ്ഞ് കാര്യങ്ങളിൽ തീരുമാനം ഉണ്ടായി. ഇവിടെ ഡൺസ്റ്റനച്ചന്റെ വിനയ മനോഭാവവും, അധികാരികളോട് പുലർത്തേണ്ട തുറന്ന സമീ

പനവും പ്രായോഗികതലത്തിലേയ്ക്ക് രൂപാന്തരപ്പെട്ട ഒരു ഉദാഹരണത്തെ നാം പരിചയപ്പെടുന്നു. വൈദിക പരിശീലനം അവസാനിപ്പിച്ച് വീട്ടിലേയ്ക്ക് തിരിച്ചുപോയി ഉയർന്ന സർക്കാർ ഉദ്യോഗസ്ഥനായി തീർന്ന്, കുടുംബജീവിതം നയിക്കുന്ന ആ വ്യക്തി ഒരിക്കൽ എന്നോട് പറഞ്ഞിട്ടുണ്ട്: "ഡൺസ്റ്റനച്ചനിൽ നിന്ന് കിട്ടിയ മാതൃക വളരെ ഉപകാരപ്രദമായി. ഔദ്യോഗിക ജീവിതത്തിലും കുടുംബജീവിതത്തിലും ഡൺസ്റ്റനച്ചനിൽ നിന്ന് മനസ്സിലാക്കിയ തുറന്ന മനോഭാവം എനിക്ക് വലിയ സഹായമായിട്ടുണ്ട്. എന്റെ ഈഗോയിസസ്വഭാവം തുടർന്നെങ്കിൽ എനിക്ക് ഞാൻ തന്നെ ഒരു കീറാമുട്ടി ആയേനെ. ചിലപ്പോൾ ഞാൻ താഴുന്നതും, അഡ്ജസ്റ്റ് ചെയ്ത് പോകുന്നതും കണ്ട് എന്റെ ഭാര്യയും മക്കളും  എന്നെ പ്രശംസിക്കാറുണ്ട്. എന്റെ ഈഗോയിസത്തിൽ ഞാൻ തുടർന്നെങ്കിൽ സർക്കാർ ജോലിയിൽ നിന്ന് പണ്ടേ ഞാൻ പുറത്തായേനെ. എന്റെ കുടുംബജീവിതവും തകർന്നേനെ." ഡൺസ്റ്റനച്ചന്റെ വിനയ മാതൃകയും അധികാരികളോടുള്ള തുറന്ന സമീപന സ്വഭാവപരിശീലനവും പ്രായോഗിക ജീവിതത്തിൽ എന്നും സത്ഫല ഉൽപ്പന്ന ഉപാധികളായി മാറിയതിന്റെ സാക്ഷ്യമാണ് നാം കണ്ടത്.

# 6

# ആരും പേടിക്കാത്ത ഗുരു

റാഞ്ചിയിലെത്തിയ ഡൺസ്റ്റനച്ചനെ ജോസ് കുരുതുകുളങ്ങര അച്ചൻ കണ്ട മാത്രയിൽ ഞങ്ങളോട് പറഞ്ഞു: "കുറച്ച് എണ്ണ ഡൺസ്റ്റന ച്ചന്റെ തലയിൽ തേച്ച് കൊടുക്ക്. നല്ലോണം ഒന്ന് കുളിച്ച് ഭക്ഷണം കഴിച്ച് അദ്ദേഹം സുഖമായി ഒന്ന് ഉറങ്ങി വിശ്രമിച്ച് യാത്രാക്ഷീണം മാറ്റട്ടെ." ഗുരുവച്ചന്റെ തലയിൽ ഞങ്ങൾ ശിഷ്യർ എണ്ണ തേച്ച് കൊടു ക്കുകയോ? ആശങ്കയുമായി നിന്ന ഞങ്ങളോട് ജോസച്ചൻ പറഞ്ഞു: "വരന്തരപ്പിള്ളിയിൽ ഞങ്ങളുടെ കാലത്ത് നാലുമണിക്കുള്ള ചായ കഴിഞ്ഞ് കളിച്ച് തിരിച്ച് വന്ന് ഞങ്ങൾ എണ്ണ തേച്ച് കുളിക്കുവാൻ ഒരുങ്ങുമ്പോൾ, കുറച്ച് എണ്ണ ഞാൻ എന്റെ കൈയിലെടുത്ത് ഡൺസ്റ്റനച്ചന്റെ പിന്നിൽ ചെന്ന് അദ്ദേഹം അറിയാതെ പെട്ടെന്ന് അദ്ദേഹത്തിന്റെ തലയിൽ തേച്ച് ഓടിപ്പോയി." ഇത് കേട്ട് ഡൺസ്റ്റന ച്ചൻ ചിരിച്ചു. എന്നിട്ട് പറഞ്ഞു: "ഇപ്പോൾ എന്റെ തലയിൽ എണ്ണ തേയ്ക്കാൻ ആരും വരണ്ട. ഞാൻ തന്നെ എണ്ണ തേച്ച് കുളിച്ചോ ളാം."

ഡൺസ്റ്റനച്ചൻ എല്ലാവർക്കും പിതൃതുല്യനായിരുന്നു. എല്ലാ വർക്കും സംലഭ്യനും, സമീപസ്ഥനുമായിരുന്ന സരളഹൃദയനുമാ യിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ ആർക്കും നിർഭയത്വത്തോടെ പെരുമാറാമായിരുന്നു. കത്തോലിക്കാ സന്യാസിനി പരിശീലകരുടെ ഒരു അഖിലേന്ത്യാ സമ്മേളനത്തിൽ മദർ തെരേസ ആയിരുന്നു മുഖ്യ അതിഥി. സന്യാസ ജീവിതത്തിലേയ്ക്ക് ദൈവവിളികൾ കുറഞ്ഞു പോയി കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മദർ തെരേസയുടെ സന്യാസിനി സഭയിലേയ്ക്ക് എന്നും ദൈവവിളികൾ കൂടിക്കൊണ്ടി

രിക്കുന്നതിന്റെ കാരണം എന്താണ് എന്ന് ആരാഞ്ഞ ചോദ്യകർത്താവിനോട് മദർ തെരേസ പറഞ്ഞത്: "ഞാൻ സ്നേഹം കൊണ്ടും, പുഞ്ചിരി കൊണ്ടുമാണ് പരിശീലനം നല്കുന്നത്. നമ്മിലൂടെ വിശക്കുകയും കരയുകയും ചെയ്യുന്ന ക്രിസ്തുവിനെ കണ്ടാൽ നമ്മുടെ കൂടെ ആയിരിക്കുവാൻ സന്നദ്ധരായവർ എപ്പോഴും ഉണ്ടാകും." നോവിസ് മിസ്ട്രസ്സിന്റെ സഹായിയായിരുന്ന കൊച്ചുത്രേസ്യ പുണ്യവതി പറഞ്ഞത്: "ശിക്ഷയും ശാസനവും കൊണ്ടെന്നതിനേക്കാൾ ഉപരി പ്രാർത്ഥന കൊണ്ടും പ്രായശ്ചിത്തം കൊണ്ടും മാതൃക കൊണ്ടുമാണ് ഞാൻ പരിശീലനത്തിൽ സഹായിച്ചിരുന്നത്." ഡൺസ്റ്റനച്ചന്റെ ഗുരു ചൈതന്യത്തിൽ വിനീതഹൃദയനും, ശാന്തശീലനുമായിരുന്ന സദ്ഗുരു യേശുവിന്റെ ആത്മീയചൈതന്യം നിറഞ്ഞു തുളുമ്പിയിരുന്നു. "ശിശുക്കൾ എന്റെ അടുത്ത് വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്" (ലൂക്ക 18:16) എന്ന് അരുൾചെയ്ത യേശുനാഥനെ പോലെ തന്റെ കീഴിലുള്ള പരിശീലനാർത്ഥികൾക്ക് അനായാസം ആശയവിനിമയം ചെയ്യപ്പെട്ടതായിരുന്നു ഡൺസ്റ്റനച്ചനിലെ പരിശീലക അധികാരിക വ്യക്തിത്വം. കാർക്കശ്യത്തേക്കാളും, ശിക്ഷാമുറകളേക്കാളും, ഉപരിയായി ജീവിതമാതൃക കൊണ്ടാണ് ഡൺസ്റ്റനച്ചൻ പരിശീലനം നൽകിയിരുന്നത്.

യേശു പറഞ്ഞു: "ചെറിയ അജഗണമേ, നിങ്ങൾ ഭയപ്പെടേണ്ട" (ലൂക്ക 12:32). കൗമാര പ്രായത്തിൽ വീടിനേയും, നാടിനേയും, മാതാപിതാക്കളേയും ഉപേക്ഷിച്ച് വൈദിക പരിശീലനത്തിലൂടെയും, സന്യാസ പരിശീലനത്തിലൂടെയും കടന്നുപോകുമ്പോൾ ഉത്കണ്ഠകളും ഉൾഭയങ്ങളും അർത്ഥികളിൽ കടന്നു കൂടുക എന്നത് അവർ ഒരു 'ട്രോമ' അനുഭവത്തിലൂടെ നീങ്ങും എന്നത് സ്വാഭാവികമാണ്. ഈ കാലഘട്ടത്തിൽ നിർഭയത്വത്തോടെ പരിശീലകരെ സമീപിക്കുവാൻ അർത്ഥികൾക്ക് സാധിക്കണം. പരിശീലകനിലെ ആത്മീയ അനുഭവങ്ങൾ പരിശുദ്ധാത്മാവിന്റെ സത്ഫലങ്ങളിൽ അടിസ്ഥാനമിട്ടതാണെങ്കിൽ മാത്രമാണ് ഈ നിർഭയത്വ അവസ്ഥ അനുഭവവേദ്യമായി തീരുകയുള്ളൂ.

ഭാരതീയ സന്യാസ സിദ്ധാന്തങ്ങൾ പ്രകാരം ക്ഷമ, അനസൂയ, ദയ, അനായാസം, മംഗളം, ശൗചം, അകാർപണ്യം, അസ്പൃഹ എന്നീ അഷ്ടഗുണങ്ങളുടെ വിളനിലമാകണം സന്യാസി. ഒപ്പം, സന്യാസി

കാമം, ക്രോധം, ലോഭം, മോഹം, മദം, മാൽസര്യം, അഹങ്കാരം, ആർഭാടം എന്നീ അഷ്ടദുർഗുണങ്ങളെ ത്യജിച്ചവനും ആകണം. ഈശ്വരനാന്വേഷികൾ മാത്രമാണ് നിത്യദുഃഖ കാരണങ്ങളിൽ ഒന്നായ ഭയത്തിൽ നിന്ന് പൂർണ്ണ വിമുക്തരായി മറ്റുള്ളവർക്ക് നിർഭയത്വത്തോടുകൂടിയ ദിവ്യ സാമീപ്യ സാന്നിദ്ധ്യം പ്രദാനം ചെയ്യുന്നത്. ഇവരാണ് സന്യാസത്തിന്റെ അടിസ്ഥാന ഷഢ്കർമ്മങ്ങളായ അദ്ധ്യാപനം, അദ്ധ്യയനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം എന്നിവയിൽ വിജയിക്കുന്നത്.

ഡൺസ്റ്റനച്ചനിൽ സാക്ഷാത്തായ സന്യാസ പൗരോഹിത്യത്തിന്റെ സർവ്വ സുകൃതങ്ങളും പൂത്തുലഞ്ഞിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് ആരേയും ഭയമുണ്ടായിരുന്നില്ല; ആരേയും അദ്ദേഹം ഭയപ്പെടുത്തിയതും ഇല്ല. അദ്ദേഹത്തിന്റെ നിർഭയത്വ വ്യക്തിത്വത്തിൽ വിശുദ്ധ തോമസ് മൂറിന്റെ സ്വാധീനം വളരെയധികം ഉണ്ടായിട്ടുണ്ട് എന്ന് പറയാറുണ്ട്. ഡൺസ്റ്റനച്ചന്റെ പ്രത്യേക വിശുദ്ധനായിരുന്നു തോമസ് മൂർ. തോമസ് മൂറിന്റെ കത്തുകൾ മലയാളത്തിലേയ്ക്ക് മൊഴി മാറ്റം നടത്തുവാൻ ഡൺസ്റ്റനച്ചൻ വളരെ ആഗ്രഹിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം പറഞ്ഞു: "എന്റെ പെട്ടിയുടെ അടിയിൽ കുറേ കൊല്ലങ്ങളായി കിടക്കുന്നുണ്ട് തോമസ് മൂറിന്റെ കുറച്ച് കത്തുകൾ ഞാൻ മലയാളത്തിലേയ്ക്ക് ആക്കിയത്. അദ്ദേഹത്തിന്റെ ബാക്കിയുള്ള കത്തുകൾ കൂടി ശേഖരിച്ച് മലയാളത്തിലാക്കണം." ഇതൊന്നും ഡൺസ്റ്റനച്ചനിലൂടെ സാക്ഷാത്കരിക്കപ്പെട്ടതായി അറിവില്ല. തോമസ് മൂറിന്റെ വീരോചിതമായ വിശുദ്ധ നിർഭയത്വം ആലേഖനം ചെയ്യപ്പെട്ട വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഡൺസ്റ്റനച്ചൻ. അതുകൊണ്ട് ഡൺസ്റ്റനച്ചനിലൂടെ ആ കത്തുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ട് ഇല്ലെങ്കിലും, ആ കത്തുകളിലെ ആദർശങ്ങൾ മറ്റുള്ളവരിലേയ്ക്ക് സ്വജീവിതത്തിലൂടെ ഡൺസ്റ്റനച്ചൻ എത്തിച്ചുകൊടുത്തിട്ടുണ്ട്. തന്നിലുള്ള ലാളിത്യത്തിനും, സന്യാസ മൂല്യങ്ങൾക്കും ഒട്ടും ഉലച്ചിൽ ഏൽക്കാത്ത വിധത്തിൽ നിർഭയത്വത്തോടെ പറയേണ്ടതായ കാര്യങ്ങൾ അദ്ദേഹം പറയുകയും, മറ്റുള്ളവരെ അത്തരം കാര്യങ്ങളിലെ നല്ല വശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തി ആവശ്യമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുമായിരുന്നു.

വളരെ നിർബന്ധ ബുദ്ധിക്കാരനും, കർശനക്കാരനും, സ്വചിന്തകനുമായിരുന്ന ഒരു സന്യാസ ഭരണാധികാരി വീണ്ടും അതേ അധികാരത്തിൽ തുടരത്തക്ക അവസ്ഥാവിശേഷം ഒരിക്കൽ തെരഞ്ഞെടുപ്പിൽ ഉണ്ടായി. അദ്ദേഹത്തെ അനുകൂലിക്കുന്നവരായി കുറേ പേരും ഉണ്ടായിരുന്നു. അദ്ദേഹം വീണ്ടും ഭരണാധികാരി ആകുവാനുള്ള സാധ്യത മുന്നിൽ കണ്ടതു കൊണ്ട് കുറേ പേർ ഗത്യന്തരമില്ലാതെ മൗനം പാലിച്ച് തിരഞ്ഞെടുപ്പിൽ നിഷ്ക്രിയരായി ചമഞ്ഞു. എന്നാൽ, ഡൺസ്റ്റനച്ചൻ മാത്രമാണ് സധൈര്യം ഈ ഭരണാധികാരി മറ്റുള്ളവരിൽ അനാവശ്യമായ ഭയം ഉണ്ടാക്കുന്നു എന്ന് പറഞ്ഞ് തിരഞ്ഞെടുപ്പിന്റെ ഗതി മാറ്റിയത്. ഡൺസ്റ്റനച്ചൻ നിർഭയത്വത്തോടെ പങ്കുവെച്ച കാര്യങ്ങൾ എല്ലാവർക്കും സ്വീകാര്യമായി. ആ ഭരണാധികാരി പ്രഗത്ഭനായിരുന്നു എങ്കിലും, വീണ്ടും അധികാരസ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടില്ല.

ഡൺസ്റ്റനച്ചനിൽ നിർഭയത്വം നിറഞ്ഞുനിന്നിരുന്നു എന്ന് മാത്രമല്ല, മറ്റുള്ളവർക്ക് നിർഭയത്വത്തോടെ അദ്ദേഹവുമായി ഇടപഴുകുവാനുള്ള സ്വാതന്ത്ര്യവും അദ്ദേഹത്തിന്റെ വ്യക്തിത്വം സംജാതമാക്കിയിരുന്നു. ഇതാണ് ഡൺസ്റ്റനച്ചനിലെ നിർഭയത്വത്തിന് ആദ്ധ്യാത്മികതയുടെ മാറ്റ് ഉള്ളതായിരുന്നു എന്നതിലെ സാക്ഷ്യഘടകം. ഇക്കാരണങ്ങൾ കൊണ്ട് ഡൺസ്റ്റനച്ചൻ എല്ലാവർക്കും ആത്മീയ ഉണർവിന് സ്വാദ്ധ്യയനം നടത്തുവാൻ ഉതകത്തക്ക വിധത്തിൽ തുറന്നുവെച്ച ഒരു അദ്ധ്യാപന ഗ്രന്ഥം ആയിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ അന്തർലീനമായിരുന്ന ആത്മീയ അംശങ്ങളിൽ സനാതന സ്വർഗീയ ദിവ്യതയുടെ ദ്യുതികിരണങ്ങൾ നിറഞ്ഞിരുന്നു.

ഒരിക്കൽ ഡൺസ്റ്റനച്ചന്റെ കീഴിൽ പഠിപ്പിൽ പ്രഗത്ഭനായ ഒരു വൈദിക വിദ്യാർത്ഥി ഉണ്ടായിരുന്നു. നല്ല സാമ്പത്തിക ശേഷിയുള്ള വീട്ടിൽ നിന്നായിരുന്നു അവൻ. കുറച്ചുനാൾ കഴിഞ്ഞപ്പോൾ, വീട്ടിൽ നിന്നുകൊണ്ടുള്ള കോളേജ് പഠനത്തിന് സൗകര്യക്കുറവ് ഉള്ളതു കൊണ്ടാണ് അവൻ സെമിനാരിയിൽ ചേർന്നത് എന്നുള്ളത് അവന്റെ കുറച്ച് കൂട്ടുകാർക്ക് പിടികിട്ടി. സെമിനാരിയിൽ ചേർന്ന് അത്യാവശ്യം കോളേജ് പഠനം ഇഷ്ടവിഷയത്തിൽ പൂർത്തിയാക്കി തിരിച്ച് പോകു

വാൻ പദ്ധതിയിട്ടിരുന്ന ആ കുട്ടി തന്ത്രപൂർവ്വം കാര്യങ്ങൾ മറച്ചു വെച്ച് വളരെ മാതൃകാപരമായി സെമിനാരി ജീവിതം നയിച്ചു പോന്നു. ഡൺസ്റ്റനച്ചൻ ഇതിനിടയിൽ ആ വിരുതൻ വിദ്യാർത്ഥിയുടെ ബാച്ചിന്റെ ഗുരുവായി നിയമിതനായി. കോളേജ് പഠനത്തിന്റെ അവ സാന കാലഘട്ടത്തിൽ ആയിരുന്ന ആ വിദ്യാർത്ഥിക്ക് ഡൺസ്റ്റന ച്ചനെ കണ്ടപ്പോൾ ഇതുവരെ ഇല്ലാതിരുന്ന കുറ്റബോധം ഉണ്ടായി. എല്ലാവരിൽ നിന്നും മറച്ചുവെച്ചിരുന്ന തന്റെ സൂത്രതന്ത്രം വളരെ സ്വാതന്ത്ര്യത്തോടെ ഡൺസ്റ്റനച്ചന്റെ പക്കൽ പോയി പറയുവാൻ അവൻ തീരുമാനിച്ചു. കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കിയ ഡൺസ്റ്റനച്ചനോട് ആ വിദ്യാർത്ഥിയുടെ പിതാവ് എഴുത്തിലൂടെ ക്ഷമാപണം നടത്തി. ഇത്രയും നാൾ തന്റെ മകൻ സെമിനാരിയിൽ ജീവിച്ചതിന് നല്ല ഒരു തുക നൽകുവാൻ അദ്ദേഹം തയ്യാറായി. വള രെയധികം കാലം ഒത്തിരി പേരുടെ ആത്മപിതാവായിരുന്ന ഡൺസ്റ്റ നച്ചനിലൂടെ മറ്റുള്ളവർ അനുഭവിയ്ക്കുന്ന പരിശുദ്ധ സ്വാതന്ത്ര്യ ത്തിന്റെ സോപാനങ്ങൾ എത്ര മഹനീയമാണെന്ന് ഇവിടെ തെളിയു ന്നു.

തന്റെ മകനെ സെമിനാരിയിൽ വൈദിക പരിശീലനത്തിന്റെ പേരിൽ കോളേജ് പഠനത്തിനായി പ്രവേശിപ്പിച്ചതിലെ കുറ്റബോധം തീർക്കുവാൻ പണം നൽകുവാൻ തീരുമാനിച്ച ആ പിതാവിനോ ടും, മകനോടുമായി ഡൺസ്റ്റനച്ചൻ പറഞ്ഞത് ഇങ്ങനെയാണ്: “സെമി നാരി ജീവിതത്തിലൂടെ കുറേ നല്ല കാര്യങ്ങൾ മനസ്സിലാക്കിയല്ലോ. അപ്രകാരം നല്ല കത്തോലിക്കനായി തുടർന്ന് ജീവിക്കണം. നല്ല ഉദ്യോഗസ്ഥനൊക്കെ ആയി കഴിയുമ്പോൾ എന്തെങ്കിലും അവസരം ഒത്തുവന്നാൽ മിഷൻ പ്രദേശങ്ങളിൽ കുടുംബമായി ജീവിക്കണം. അങ്ങനെ അവിടെയുള്ളവർക്ക് നല്ല കത്തോലിക്കാ വിശ്വാസ ത്തിന്റെ മാതൃക നൽകണം. പണം ഒന്നും വേണ്ട.” ഡൺസ്റ്റനച്ചനി ലുള്ള ആത്മീയ ഭീക്ഷണങ്ങളുടെ അന്തഃസത്ത അത്യപൂർവ്വം തന്നെ!

# 7

# ചാവറ ഭക്തൻ

റാഞ്ചിയിൽ ഞങ്ങൾ താമസിച്ചിരുന്നത് കൽക്കട്ടക്കാരനായ മുസ്തഫ മുതലാളിയുടെ റാഞ്ചിയിലെ ഒരു വീട്ടിൽ വാടകയ്ക്ക് ആയിരുന്നു. ഞങ്ങൾ അത്യാവശ്യം സൗകര്യങ്ങൾ ഉണ്ടായിരുന്ന ഗ്രൗണ്ട് ഫ്ളോറിൽ ആയിരുന്നു. മുകളിലത്തെ നിലയിൽ ഒരു ഗുപ്തയും, ഭാര്യയും, ജിംലി എന്നു പേരുള്ള രണ്ട് വയസ്സുകാരി കുഞ്ഞും അട ങ്ങുന്ന ഒരു ബംഗാളി കുടുംബം താമസിച്ചിരുന്നു. അവർക്ക് ബംഗാളി തന്നെയായ ഒരു വേലക്കാരൻ ഉണ്ടായിരുന്നു. അയാൾ മുകളിൽ നിന്ന് അടിച്ചുവാരിയ പൊടിയും മറ്റും താഴെയ്ക്കിട്ട് ഞങ്ങൾക്ക് ചെറുതായി ശല്യം ചെയ്തിരുന്നു. ഇതിനെ കുറിച്ച് ഡൺസ്റ്റച്ചനോട് ഞങ്ങൾ പറഞ്ഞപ്പോൾ, അദ്ദേഹം പറഞ്ഞത്: "അവൻ നിങ്ങളെ പോലെ വൈദികപരിശീലനത്തിൽ അല്ലല്ലൊ. നമ്മുടെ ബുദ്ധിമുട്ടിനെ കുറിച്ച് അവന് അറിവില്ലായിരിക്കും. ഒരു പൊടിക്കാറ്റ് വന്നാൽ അക ത്തൊക്കെ പൊടി നിറയില്ലേ? നിങ്ങൾ അതൊക്കെ അടിച്ച് വൃത്തി യാക്കുക ഇല്ലേ? പൊടികാറ്റിന്റെ പൊടി ഒന്നും ഇല്ലല്ലോ അവൻ ഇടുന്നതിൽ. സാവധാനം ഞാൻ ഇത് ഗുപ്തയോട് പറഞ്ഞേക്കാം."

ഡൺസ്റ്റനച്ചൻ ഒരു സാവധാന സാധാരണക്കാരൻ ആയിരുന്നു. തിടുക്കവും, എടുത്തുചാട്ടവും അദ്ദേഹത്തിൽ ഒരിക്കലും ഉണ്ടായി രുന്നില്ല. അദ്ദേഹം തിടുക്കപ്പെട്ടിരുന്നത് തിരുത്തുന്നതിനേക്കാൾ സ്വരു മയിൽ സ്നേഹബന്ധങ്ങൾ സംരക്ഷിക്കുവാനാണ്. റാഞ്ചിയിലെ നല്ല തണുപ്പ് കാലത്ത് മേൽപറഞ്ഞ വേലക്കാരൻ തൂക്കുബക്കറ്റ് പോലെ യുള്ള ഒരു പാത്രത്തിൽ കൽക്കരി കത്തിക്കുവാൻ താഴെ നിലത്തിൽ കൊണ്ടുവന്ന് വെയ്ക്കുമായിരുന്നു. കൽക്കരി, കനലായി കഴി ഞ്ഞാൽ മുകളിൽ യജമാനന്റെ മുറിയിൽ തീകായുവാനായി കൊണ്ടു

ചെന്ന് വെയ്ക്കും. ഒരു ദിവസം തീ കത്തിപിടിച്ചുകൊണ്ടിരുന്ന പുക നിറഞ്ഞ ഈ ബക്കറ്റ് ഞങ്ങളിൽ ഒരാളുടെ സൈക്കിൾ തട്ടി മറിഞ്ഞുവീണു. ചെറുതായി ഇംഗ്ലീഷ് അറിയുന്ന ആ വേലക്കാരൻ പറഞ്ഞു: "God good, but this not good." ഞങ്ങൾ ദൈവിക കാര്യങ്ങൾക്കായുള്ള പരിശീലനത്തിലാണ് എന്ന് അയാൾക്ക് അറിയാമായിരുന്നു. അത്തരത്തിലുള്ള ഞങ്ങളിൽ നിന്ന് ബക്കറ്റ് മറിഞ്ഞുപോകത്തക്കവിധത്തിലുള്ള ഒരു സംഭവം ഉണ്ടായത് ശരിയായില്ല എന്നാണ് ഒരു വീട്ടുവേലക്കാരൻ ആണെങ്കിലും, കാര്യഗൗരവമായി തമാശരൂപേണ പറഞ്ഞത്. ഇതറിഞ്ഞ ഡൺസ്റ്റനച്ചൻ സരസമായി പറഞ്ഞു: "ഇപ്പോൾ ഞാൻ താഴോട്ട് പൊടി ഇടുന്നു എന്ന് പറഞ്ഞ് നിങ്ങൾ പരാതി പറഞ്ഞ വേലക്കാരനെ തിരുത്തണോ, അതോ അയാളുടെ തീബക്കറ്റ് മറിച്ചു കളഞ്ഞ നിങ്ങളെ തിരുത്തണോ? വീട്ടുകാരൻ വരുമ്പോൾ ആ പാവം ജോലിക്കാരന് നിങ്ങൾ കാരണം ശകാരം കേൾക്കേണ്ടി വരും."

ഗുപ്ത വരുന്നതും നോക്കി ഡൺസ്റ്റനച്ചൻ മുൻവശത്ത് ഇരുന്നു. ഗുപ്തസാർ മുകളിലെ തന്റെ വസതിയിലേക്ക് കയറിപോയി കുറച്ച് കഴിഞ്ഞപ്പോൾ ഡൺസ്റ്റനച്ചൻ ചെന്ന് ക്ഷമായാചനം നടത്തി. ഏത് ഭാഷയിലാണ് ഡൺസ്റ്റനച്ചൻ ഗുപ്തയോട് സംസാരിച്ചതെന്ന് ഓർത്ത് ഞങ്ങൾ അത്ഭുതപ്പെട്ടു. റാഞ്ചിയിൽ വന്ന് കുറെനാൾ കഴിഞ്ഞെങ്കിലും, ഡൺസ്റ്റനച്ചന് ആകെപ്പാടെ അറിയുന്ന ഹിന്ദി നഹിം... നഹിം... എന്ന് പറയുവാൻ മാത്രമായിരുന്നു. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്തിട്ട് കുറെ നാളുകൾ ആയെന്നും, അതുകൊണ്ട് "നിങ്ങൾ ഇംഗ്ലീഷിൽ സംസാരിച്ചോ, ഞാൻ മലയാളത്തിൽ ഉത്തരം പറഞ്ഞേക്കാം" എന്ന് ഡൺസ്റ്റനച്ചൻ പറയത്തക്ക ഇംഗ്ലീഷ് പരിജ്ഞാനം മാത്രമാണ് അദ്ദേഹത്തിന് അന്ന് ഉണ്ടായിരുന്നത്. ഞങ്ങൾ യോഗാർത്ഥികൾക്ക് അന്ന് ഭാഷാപ്രാവീണ്യം ഉണ്ടാകുവാൻ വേണ്ടി സംസാരം ഇംഗ്ലീഷിലോ, ഹിന്ദിയിലോ ആകണമെന്ന് നിയമം ഉണ്ടായിരുന്നു.

ഹിന്ദി ഭക്തകവി കബീർദാസിന്റെ ഒരു ശ്ലോകം ഓർത്തുപോകുന്നു. അതിന്റെ മലയാളപരിഭാഷ ഇങ്ങനെയാണ്: "ആത്മീയ അനുഭവം എങ്ങനെ ആണെന്ന് ആരെങ്കിലും ചോദിച്ചാൽ, ശർക്കര ഭക്ഷിച്ച ഊമൻ തന്റെ മുഖഭാവം കൊണ്ട് മധുരം ദർശനയോഗ്യമാക്കുന്നത് പോലെയാണ് ആത്മീയ മനുഷ്യൻ തന്നിലുള്ള ദൈവീകത പ്രകടമാക്കുക." ഭാഷയ്ക്കപ്പുറത്താണ് ഭാവവും, രൂപവും, പറയാതെ പറ

യുന്ന ആത്മീയപ്രക്ഷേപണവും, പ്രസരണവും. ഇതൊക്കെ ഡൺസ്റ്റനച്ചന് കൈമുതലായിരുന്നു. ഞങ്ങൾ പിന്നീട് കണ്ടത് ഡൺസ്റ്റനച്ചനേയും കൊണ്ട് ഗുപ്ത ഞങ്ങളുടെ പക്കലേക്ക് വരുന്നതാണ്. താഴെ താമസിക്കുന്ന ഞങ്ങളും, മുകളിൽ താമസിക്കുന്ന ഗുപ്തയും തമ്മിലുണ്ടായിരുന്ന നീരസം അവസാനിച്ചു. ഞങ്ങളെ ഗുപ്ത അദ്ദേഹത്തിന്റെ മകളുടെ ജന്മദിനാഘോഷങ്ങൾക്ക് അപ്പോൾ ക്ഷണിച്ചു. ഡൺസ്റ്റനച്ചൻ എന്നു പറയുന്ന സാവധാനക്കാരൻ സ്നേഹബന്ധങ്ങൾ സംരക്ഷിക്കുവാൻ വിവേകത്തോടെ നീങ്ങിയതിന്റെ അനന്തരഫലങ്ങൾ എത്ര സുകൃതസമ്പന്നമാണ്! ഞങ്ങളെ എല്ലാവരേയും ഗുപ്തയുടെ പുത്രിയുടെ ജന്മദിന ആഘോഷങ്ങൾക്ക് ഡൺസ്റ്റനച്ചൻ മുകളിലെ ഗുപ്തയുടെ ഫ്ളാറ്റിലേക്ക് കൊണ്ടുപോയി. പാർട്ടി തീർന്നപ്പോൾ മകളെ ഡൺസ്റ്റനച്ചന്റെ അടുത്ത് ഗുപ്ത കൊണ്ടുവന്ന് ആശീർവ്വദിപ്പിച്ചു. മിഷൻ സേവനത്തിനായിട്ടുള്ളവരുടെ പരിശീലകനായി എത്തിയ ഡൺസ്റ്റനച്ചന്റെ മിഷൻ പ്രവർത്തന വിജയത്തിന്റെ ഏഴഴകാണ് ഗുപ്തയുടെ വീട്ടിൽ അപ്പോൾ ഉദിച്ചുയർന്നത്.

ചാവറയച്ചന്റെ വലിയ ഭക്തനായിരുന്നു ഡൺസ്റ്റനച്ചൻ. ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ ഗുരുവായിരുന്ന കാലത്ത് ചാവറയച്ചൻ ദൈവദാസൻ ആയിരുന്നു. ചാവറയച്ചന്റെ വിശുദ്ധ പദവി നീണ്ടുപോകുന്നതിനെ കുറിച്ച് അദ്ദേഹം പറയാറുള്ളത്: “വിശുദ്ധന്മാർ എന്നും വിശുദ്ധരാണ്. ചാവറ പിതാവ് വിശുദ്ധനാണെന്നതിൽ സംശയം ഇല്ല. ചാവറപിതാവിനേക്കാൾ എത്രയോ മുൻപ് മരിച്ച് ദൈവദാസരും, വാഴ്ത്തപ്പെട്ടവരും ഒക്കെ ആയ അവസ്ഥയിൽ തന്നെ ആയിരിക്കുന്നവർ എത്രയോ പേരുണ്ട്? തിടുക്കം കൂട്ടിയിട്ട് കാര്യമില്ല; കൂടുതൽ പ്രാർത്ഥിക്കുകയാണ് വേണ്ടത്.”

ചാവറപിതാവിനോടുള്ള ഡൺസ്റ്റനച്ചന്റെ ഭക്ത്യാദരവുകൾ പ്രകടമാക്കുന്ന ഒരു സംഭവം റാഞ്ചി വാസകാലത്ത് ഉണ്ടായി. ഡൺസ്റ്റനച്ചൻ ഞങ്ങളെ കൊണ്ട് ചാവറയച്ചനെ കുറിച്ചുള്ള ഒരു സെമിനാർ സംഘടിപ്പിച്ചു. മുൻപ് സൂചിപ്പിച്ച ഗുപ്തയെ അദ്ധ്യക്ഷൻ ആക്കുവാൻ ഡൺസ്റ്റനച്ചൻ തീരുമാനിച്ചു. ഗുപ്തയുമായിട്ടുള്ള ഞങ്ങളുടെ സ്നേഹബന്ധം ഒന്നുകൂടി ഊഷ്മളമാക്കുവാനും, ഒപ്പം ചാവറയച്ചനെ കുറിച്ച് ഒന്നും കേട്ടിട്ടില്ലാത്ത ഗുപ്തയ്ക്ക് കുറച്ച് ചാവറ അറി

വുകൾ ലഭിക്കുവാനുള്ള അവസരം ഒരുക്കുവാനുമാണ് ചാവറ സെമിനാർ ഞങ്ങളെ കൊണ്ട് ഡൺസ്റ്റനച്ചൻ സംഘടിപ്പിച്ചത്. സെമിനാർ വിജയപ്രദമായി. ഗുപ്ത അദ്ധ്യക്ഷനായിരുന്നു. ഡൺസ്റ്റനച്ചന്റെ ചാവറ ഭക്തി ഞങ്ങൾക്കും വലിയ മാതൃകയായി.

ഞങ്ങളുടെ അടുത്തുള്ള സെന്റ് ആൽബർട്ട്സ് സെമിനാരിയിൽ തിയോളജി പഠിക്കുന്ന ഒരു സെമിനാരിയൻ ഗൗരവമായ വിധത്തിൽ രോഗബാധിതനായി. സെന്റ് ആൽബർട്ട്സിൽ പ്രൈവറ്റായി ഇന്റർമീഡിയറ്റ് പഠിക്കുന്ന ഞങ്ങളിലെ കുറച്ചു പേരിൽ നിന്ന് ഡൺസ്റ്റനച്ചൻ ഈ അസുഖ വിവരം അറിഞ്ഞു. അധികം വൈകാതെ ഡൺസ്റ്റനച്ചൻ ഇവരുടെ കൂടെ സെമിനാരിയിൽ ചെന്ന് ആ വൈദികവിദ്യാർത്ഥിയെ കണ്ട് ആശ്വസിപ്പിച്ചു. അപ്പോൾ അദ്ദേഹം ചാവറയച്ചനെ കുറിച്ച് രോഗിയായിരുന്ന ആ സഹോദരനോട് പറയുകയും, അദ്ദേഹത്തിനു വേണ്ടി ചാവറയച്ചനോട് പ്രാർത്ഥിക്കാം എന്ന് വാഗ്ദാനം നൽകുകയും ചെയ്തു. ആ വൈദിക വിദ്യാർത്ഥി ഹിന്ദി പ്രദേശത്തു നിന്നായിരുന്നു. ഒരു പക്ഷെ, അദ്ദേഹം ചാവറയച്ചനെ കുറിച്ച് ആദ്യമായി കേട്ടത് ഡൺസ്റ്റനച്ചനിൽ നിന്നായിരിക്കാം.

പരസ്പര സ്നേഹബന്ധം ജീവിതത്തിലെ ദീപമാണെന്നും, ആ ദീപത്തെ കെടാതെ സൂക്ഷിക്കുന്നതും, സദാ ജ്വലിപ്പിക്കുന്നതുമായ എണ്ണയാണ് ക്ഷമാശീലവും, വിട്ടുവീഴ്ചാ മനോഭാവവും എന്ന് ചാവറയച്ചൻ പറഞ്ഞിരിക്കുന്നു. മറ്റുള്ളവരോട് സമാധാനത്തിൽ കഴിയുക എന്നതിൽ കവിഞ്ഞ ഒരു മഹാഭാഗ്യം ഒരു ഭവനത്തിന് ലഭിക്കുന്നില്ല എന്നും ചാവറയച്ചൻ പറഞ്ഞിട്ടുണ്ട്. 'ജ്യോതിനിവാസ്' എന്ന് പേരുള്ള റാഞ്ചിയിലെ ഞങ്ങളുടെ പഠനഭവനത്തിൽ ഡൺസ്റ്റനച്ചന്റെ വരവോടെ പരസ്പര സ്നേഹബന്ധങ്ങളുടെ ഒരു പുതിയ പ്രകാശവും, അതിനോട് അനുബന്ധിച്ചുള്ള സമാധാന അന്തരീക്ഷവും സൃഷ്ടിച്ചെടുക്കുവാൻ ഡൺസ്റ്റനച്ചന് സാധിച്ചു എന്നുള്ളത് അദ്ദേഹത്തിന്റെ ആത്മീയ സ്വാധീനത്തിന്റെ നിദർശനമാണ്. ഞങ്ങൾ ഇന്റർമീഡിയറ്റ് പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ പരസ്പരബന്ധങ്ങളിൽ മാത്രമല്ല, അന്ന് അവിടെ നിയമവിദ്യാർത്ഥി ആയിരുന്ന കുരിയാക്കോസ് ചീരൻ ശമ്മാശ്ശൻ, സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദത്തിനായി പഠിച്ചിരുന്ന ജോസ് കുരുതുകളങ്ങര അച്ചൻ എന്നിവരുമായും, ഗുപ്തയെ പോലുള്ള അയൽവാസികളുമായിട്ടൊക്കെ പരസ്പരസ്നേഹബന്ധങ്ങളുടെ യേശുദർശനം ജീവിതത്തിൽ

പ്രാവർത്തികമാക്കികൊണ്ട് ജീവിച്ച ആ കാലഘട്ടം തീർച്ചയായും ഞങ്ങൾക്ക് എല്ലാവർക്കും സമാധാനപൂർണ്ണമായിരുന്നു. ഈ അന്ത രീക്ഷം ഞങ്ങളുടെ പഠനവിജയത്തെയും കാര്യമായി തന്നെ സ്വാധീ നിച്ചിട്ടുണ്ട്.

ഞങ്ങൾ പന്ത്രണ്ടു പേരാണ് റാഞ്ചിയിൽ പഠിക്കുവാൻ പോയ തെങ്കിലും, ഒന്നാം വർഷം കഴിഞ്ഞപ്പോൾ ഒരാൾ വൈദികപഠനം നിർത്തിയിരുന്നു. അങ്ങനെ ഞങ്ങൾ പതിനൊന്ന് പേരായി. ഇതിൽ ഞാനുൾപ്പെടെ നാല് പേർ S.S.L.C.യ്ക്ക് മാർക്ക് കുറവായതിന്റെ പേരിൽ, അവിടത്തെ സെന്റ് സേവിയേഴ്സ് കോളേജിൽ പ്രവേശനം ലഭിക്കാതെ, സെന്റ് ആൽബർട്ട്സ് സെമിനാരിയിൽ സജ്ജീകരിച്ചി രുന്ന ഇൻറർ മീഡിയറ്റ് പ്രൈവറ്റ് ക്ലാസ്സുകളിലാണ് പഠിച്ചിരുന്നത്. ഇൻറർ മീഡിയറ്റ് ഫൈനൽ പരീക്ഷയിൽ ഞങ്ങൾ എല്ലാവരും തന്നെ പാസ്സാ യി എന്നുള്ളത് വലിയ സംസാരവിഷയമായി. കാരണം, പഠിക്കു വാൻ വളരെ പിന്നോക്ക അവസ്ഥയിൽ ഉണ്ടായിരുന്നവർ ഞങ്ങ ളുടെ ബാച്ചിൽ ഉണ്ടായിരുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. പ്രൈവറ്റ് വിദ്യാർത്ഥിയായി പരീക്ഷ എഴുതിയ ഞാൻ ഉയർന്ന ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. ഈ വിജയങ്ങളുടെ പിന്നിൽ ഗുരുവച്ചനായിരുന്ന ഡൺസ്റ്റനച്ചന്റെ പ്രാർത്ഥനയും, പ്രോത്സാഹനവും, പഠന അന്തരീ ക്ഷത്തിന് ഉതകുന്ന പരിശീലന ശ്രദ്ധാമികവും ഉണ്ടായിരുന്നു എന്നു ള്ളത് വാസ്തവമാണ്.

ആത്മീയ കാഴ്ചപാടുകളിൽ അടിസ്ഥാനമിട്ട ഡൺസ്റ്റനച്ചന്റെ പര സ്പരബന്ധങ്ങൾ റാഞ്ചിയിൽ വെച്ച് നേർകാഴ്ചകളായി തീർന്ന സംഭ വങ്ങളും അനുഭവങ്ങളും കുറിക്കുവാൻ ഇനിയുമുണ്ട്. ഞങ്ങളുടെ ജ്യോതിനിവാസ് സ്ഥിതിചെയ്തിരുന്ന കാമ്പസ്സിന്റെ പിൻവശത്ത് കോളേജ് വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ ഉണ്ടായിരുന്നു. പൊതു വഴിയുടെ അടുത്തായിരുന്നു കാമ്പസിലുള്ള ജ്യോതിനിവാസ്. ജ്യോതിനിവാസിന്റെ മുൻവശത്ത് വൃത്താകൃതിയിലുള്ള വഴി ഉണ്ടാ യിരുന്നു. കോളേജ് ബസ്സിൽ കയറുവാൻ ലേഡീസ് ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾ ജ്യോതിനിവാസിന്റെ മുന്നിലുള്ള വൃത്തവഴിയിൽ വന്നു നിൽക്കാറുണ്ട്. എന്നാൽ, കുറുമ്പികളായ കുറെ കുട്ടികൾ, വൈദികവിദ്യാർത്ഥികളുടെ പഠനഗൃഹം ആണെന്ന് അറിഞ്ഞിട്ടും,

ജ്യോതിനിവാസിന്റെ മുൻവശത്തുള്ള ഇറയത്തിരുന്ന് വർത്തമാനം പറഞ്ഞ് ഞങ്ങളെ ശല്യം ചെയ്യാറുണ്ട്. കാമ്പസ് വാച്ച്മേൻ ചില ദിവസങ്ങളിൽ വർത്തമാനം പറഞ്ഞ് ഞങ്ങളെ ശല്യം ചെയ്തിരുന്ന പെൺകുട്ടികൾ ഇരുന്നിരുന്ന ഞങ്ങളുടെ ഇറയത്ത് വെള്ളം കൊണ്ടുവന്ന് ഒഴിക്കും. അങ്ങനെ അവർക്ക് ഇരിക്കുവാൻ അസൗകര്യം ഉണ്ടാക്കും. ഇതിൽ ദേഷ്യപ്പെട്ട് വികൃതികളായ പെൺകുട്ടികൾ വാച്ച്മേനെ തട്ടികയറാറുണ്ട്. ഈ സംഭവപരമ്പരകൾ അറിഞ്ഞ ഡൺസ്റ്റനച്ചൻ ഒരു ദിവസം പെൺകുട്ടികളോട് സൗമ്യമായ രീതിയിൽ ഇറയത്ത് ഇരിക്കരുതെന്ന് ഉപദേശിച്ചു. പ്രശ്നത്തിന് സ്ഥിരപരിഹാരം ഉണ്ടായി. കൊവേന്തക്കാരനച്ചന്റെ പരമ്പരാഗത കാഷായ വസ്ത്രധാരണത്തിൽ, തലയിൽ മുടിയില്ലാത്ത ഡൺസ്റ്റനച്ചൻ, തന്റെ പരിമിതമായ ഇംഗ്ലീഷ്-ഹിന്ദി ഭാഷാ പരിജ്ഞാനത്തിൽ, വളരെ ശാന്തനായി പറഞ്ഞ കാര്യങ്ങൾ ഹോസ്റ്റൽ വിദ്യാർത്ഥിനികളുടെ വാശിയും, വീറും, കുറുമ്പുമെല്ലാം അവസാനിക്കുന്നതിലും, സ്നേഹബന്ധങ്ങളെ പരിപാലിക്കുന്ന അനുസരണ അവസ്ഥയിലേക്ക് ആനയിക്കപ്പെടുന്നതിലും പരിണമിച്ചു. ഡൺസ്റ്റനച്ചന് വേണമെങ്കിൽ ഹോസ്റ്റൽ വാർഡനെ കണ്ട് പരാതി ബോധിപ്പിക്കാമായിരുന്നു. വിദ്യാർത്ഥിനികളെ വിരട്ടി ഓടിപ്പിക്കാമായിരുന്നു. അങ്ങനെയൊക്കെ ചെയ്യണമെന്ന ചർച്ച ജ്യോതിനിവാസിൽ തീർച്ചയായും ഉണ്ടാകാറുണ്ട്. എന്നാൽ ജ്യോതിനിവാസിന്റെ ജ്യോതി സ്നേഹത്തിലും, സംയമനത്തിലും, സാഹോദര്യത്തിലും, സമാധാനത്തിലും കിരണങ്ങളായി മിന്നി തിളങ്ങണമെന്നുള്ളതായിരുന്നു തലവനായിരുന്ന ഡൺസ്റ്റനച്ചന്റെ അഭിമതം. ആ അഭിമതത്തിൽ മിഷൻ ചൈതന്യത്തിന്റെ സാക്ഷ്യമൂല്യം ഉണ്ടായിരുന്നു. മിഷനറി പ്രവർത്തനത്തിന് ഒരുങ്ങുന്നവർക്ക് ഇത് ആദ്ധ്യാത്മിക സാധനാ സഞ്ചാരത്തിൽ വഴിവിളക്കായി.

# 8

# കുക്കിന്റെ കുസൃതികൾ

ക്ഷമാശീലത്തിനും, വിട്ടുവീഴ്ച മനോഭാവത്തിനും ഞങ്ങൾ എപ്പോഴും ജാഗരൂകർ ആയിരിക്കണം എന്നുള്ള ഡൺസ്റ്റനച്ചന്റെ ആദർശം പ്രായോഗിക തലത്തിൽ ഫലം ചൂടിയ സംഭവങ്ങൾ കൂടി കുറിക്കുന്നു. ഞങ്ങൾക്ക് വളരെ വിഷമം ഉണ്ടാക്കിയ ഒരു വ്യക്തി ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഞങ്ങളിൽ നിന്നും തിക്താനുഭവങ്ങൾ ധാരാളം ഉണ്ടായി എന്ന് അദ്ദേഹവും പറഞ്ഞിട്ടുണ്ട്. ഈ അവസ്ഥ കളെ കുറിച്ച് ഡൺസ്റ്റനച്ചൻ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. ഡൺസ്റ്റനച്ചന് അദ്ദേഹത്തെ വ്യക്തിപരമായി വളരെ നന്നായി അറി യാമായിരുന്നു. ഈ വ്യക്തിക്ക് ഞങ്ങളുടെ ജ്യോതിനിവാസിലേക്ക് രണ്ട് മൂന്ന് ദിവസത്തേക്ക് വരേണ്ടതായ അത്യാവശ്യം ഉണ്ടായി. ഈ കാര്യം അറിഞ്ഞ ഡൺസ്റ്റനച്ചൻ ഞങ്ങളെ പൊതുവായും, ചിലരെ തനിച്ചും കണ്ട് ക്ഷമിച്ച മനസ്സോടെ അദ്ദേഹത്തെ ജ്യോതി നിവാസിലേക്ക് സ്വാഗതം ചെയ്യുവാൻ ഉപദേശിച്ചു. അദ്ദേഹം എത്തി കഴിഞ്ഞാൽ മുൻ അനുഭവങ്ങൾ വെച്ച് ഞങ്ങളോട് തട്ടികയറുമെന്നും, ഗുരുവായ ഡൺസ്റ്റനച്ചനോട് ഞങ്ങളിൽ ചിലരെ കുറിച്ച് മോശമാ യ അഭിപ്രായങ്ങൾ പറഞ്ഞുകൊടുക്കുമെന്നും ഞങ്ങൾ ഉത്കണ്ഠ പെട്ടിരുന്നു. ഉപദേശം പറയുവാനായി ഞങ്ങളെ എല്ലാവരേയും വിളി ച്ചിരുത്തി ഡൺസ്റ്റനച്ചൻ പറഞ്ഞു: "അദ്ദേഹത്തെ ചെറുപ്പകാലം മുതൽ എനിക്കറിയം. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഇത്തരം പ്രത്യേ കതകൾ ഉണ്ടെന്ന് അറിഞ്ഞിട്ടുതന്നെയാണ് ദൈവം അദ്ദേഹത്തിന് ഈ പദവി നൽകിയത്. അദ്ദേഹത്തോട് നിങ്ങൾ ഉള്ളുകൊണ്ട് ക്ഷമി ക്കുവാൻ തയ്യാറായില്ലെങ്കിൽ ഇവിടേക്ക് വരേണ്ട എന്ന് ഞാൻ പറ

യും. അദ്ദേഹത്തിന് മുറിയും, ഭക്ഷണവുമെല്ലാം ഒരുക്കാൻ ആർക്കും പറ്റും. പക്ഷേ, നിങ്ങളിൽ നിന്ന് ഞാൻ ആശിക്കുന്നത് ഉള്ളിൽ നിന്നുള്ള നിങ്ങളുടെ ക്ഷമിക്കലാണ്." ഞങ്ങൾക്ക് ഗുരുവച്ചന്റെ ഉപദേശം വലിയൊരു ഉൾതുറവിയായി. അതിഥി ആഗതനായി. അദ്ദേഹം ഒരു ഉൾഞെരുക്കവും കൂടാതെ സന്തോഷവാനായിട്ടാണ് തിരിച്ചു പോയതെന്ന് അദ്ദേഹം തന്നെ ഡൺസ്റ്റനച്ചനോട് പറഞ്ഞുവത്രെ!.

ഒന്നുരണ്ട് സംഭവങ്ങൾ കൂടി. ഞങ്ങളുടെ ക്യാമ്പസ്സിൽ മാറിമാറി രാത്രി കാവൽക്കാർ നിയമിതരാകുമായിരുന്നു. ഞങ്ങളുടെ കാമ്പസ് നിറയെ ലീച്ചി പഴം, മാതളം, സീതപഴം, പേരയ്ക്ക, ഓറഞ്ച് എന്നിവയുടെ മരങ്ങളും പ്ലാവ്, മാവ് എന്നിവയും ഉണ്ടായിരുന്നു. സമൃദ്ധമായി പൂക്കൾ നിറഞ്ഞ മൂന്ന് പൂന്തോട്ടങ്ങളും ഉണ്ടായിരുന്നു. അടുക്കളയിൽ കൽക്കരിയാണ് ഉപയോഗിച്ചിരുന്നത്. ഒരു ലോറി കൽക്കരി ഞങ്ങളുടെ അടുക്കളയുടെ അടുത്ത് എന്നും ഉണ്ടാകുമായിരുന്നു. ഞങ്ങളുടെ വസതിക്കടുത്ത് തന്നെ ഓക്സിജൻ ഗ്യാസ് സിലിണ്ടറുകളുടെ വിതരണസ്റ്റോർ ഉണ്ടായിരുന്നു. മാത്രവുമല്ല, എപ്പോഴും ആക്രി പെറുക്കലുകാർ വന്ന് ശല്യം ചെയ്യുമായിരുന്നു. ഈ കാരണങ്ങൾ കൊണ്ട് കാമ്പസ്സ് മുതലാളി മുസ്തഫ, കാര്യസ്ഥൻ ബാനർജിയെ കൊണ്ട് എപ്പോഴും കാവൽക്കാരെ നിയമിക്കുമായിരുന്നു. സാധാരണയായി ഗൂർഖകളായിരുന്നു കാവൽക്കാർ. എന്നാൽ, കുറച്ചുനാളത്തേക്ക് വൃദ്ധനായ ഒരു പാവം ഹിന്ദിക്കാരൻ നിയമിതനായി. കണ്ടാൽ തന്നെ ദയനീയത തോന്നുന്ന വസ്ത്രധാരണവും, ശരീരപ്രകൃതിയുമായിരുന്നു ആ സാധുവിന്റേത്. ഈ അവസരത്തിൽ ഞങ്ങളിൽ ചിലർ ഉണക്കാൻ ഇട്ടിരുന്ന വസ്ത്രങ്ങൾ രാത്രിയിൽ കളവുപോയി. ഒട്ടും തന്നെ മെച്ചപ്പെട്ടതായിരുന്നില്ല ആ വസ്ത്രങ്ങൾ എങ്കിലും, പഠനകാലം കഴിഞ്ഞ് കേരളത്തിലേക്ക് തിരിച്ചുവരുവാനുള്ള സമയം അടുത്ത് വരുന്നതുകൊണ്ട്, ആ വസ്ത്രങ്ങൾക്ക് പ്രാധാന്യം ഉണ്ടായിരുന്നു. കാരണം, പുതിയ വസ്ത്രങ്ങൾ ശരിപ്പെടുത്തി എടുക്കുവാൻ അപ്പോൾ പ്രയാസമായിരുന്നു. രാത്രിയിൽ വസ്ത്രങ്ങൾ മോഷ്ടിച്ചത് കാവൽക്കാരൻ തന്നെയാണെന്ന് കൃത്യമായി തെളിഞ്ഞു. കാര്യസ്ഥൻ ബാനർജി വന്ന് കാവൽക്കാരനെ

തട്ടികയറികൊണ്ട് തല്ലുവാനുള്ള ഒരുക്കത്തിൽ അയാളുടെ കൈമുട്ടിന് മുകളിൽ ശക്തിയോടെ പിടിച്ചു. ഉടനെ ഡൺസ്റ്റനച്ചൻ ചെന്ന് ബാനർജിയുടെ കൈ വിടുവിക്കുകയും, വസ്ത്രങ്ങൾ മോഷ്ടിച്ചതിൽ കാവൽക്കാരനെ ഉപദ്രവിക്കരുതെന്ന് ആവശ്യപെടുകയും ചെയ്തു. ഈ സംഭവത്തെ കുറിച്ച് ഡൺസ്റ്റനച്ചൻ പറഞ്ഞത്: "ചിലർ നിവൃത്തികേട് കൊണ്ട് കട്ടെടുക്കുന്നു. നിങ്ങൾക്ക് തന്നെ ഉപയോഗിക്കുവാൻ താല്പര്യം ഇല്ലാത്ത നിങ്ങളുടെ പഴയ വസ്ത്രങ്ങൾ ആ പാവം കാവൽക്കാരന് വളരെ വിശേഷപ്പെട്ടതായിരുന്നു. പാവം! ഇതൊക്കെ നാം കണ്ണടച്ചുകളയേണ്ടതാണ്." ആ കാവൽക്കാരനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ട് പുതിയൊരാളെ നിയമിച്ചത് ഡൺസ്റ്റനച്ചന് ദുഃഖത്തിന് കാരണമാവുകയും ചെയ്തു.

ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ ഞങ്ങളുടെ ഗുരുവായി വന്ന് കുറച്ച് നാൾ കഴിഞ്ഞപ്പോൾ ജോർജ്ജ് എന്നുപേരുള്ള ഒരു ആദിവാസി കത്തോലിക്കാ യുവാവ് ഞങ്ങളുടെ പാചകക്കാരനായി വന്നു. പാചകത്തിൽ അവന് വലിയ വൈദഗ്ദ്യം ഉണ്ടായിരുന്നില്ല. എങ്കിലും, ഭക്ഷണം തയ്യാറാക്കുവാൻ ആരുമില്ലാത്തതിനേക്കാൾ ഭേദം അവൻ ഉണ്ടാകുന്നതാണ് എന്ന് ഞങ്ങൾ കരുതി. ഞങ്ങൾ കോളേജിൽ പോയി കഴിഞ്ഞാൽ ഡൺസ്റ്റനച്ചൻ അടുക്കളയിൽ ചെന്ന് പാചക കാര്യങ്ങളിൽ അവനെ സഹായിക്കുമായിരുന്നു. ജോർജിന് മലയാളം ഒട്ടും തന്നെ അറിയില്ല; ഇംഗ്ലീഷ് പഠിച്ചിട്ടുമില്ല. റാഞ്ചി പരിസരത്തുള്ള ആദിവാസികൾ സംസാരിക്കുന്ന ഹിന്ദിയുടെ പ്രാദേശിക ഭാഷയായ 'സാദിരി' ആയിരുന്നു ജോർജിന് ഭംഗിയായി കൈകാര്യം ചെയ്യുവാൻ അറിയുന്ന ഭാഷ. എന്നിരുന്നാലും, ഹിന്ദി അവന് വശമുണ്ടായിരുന്നു. ഡൺസ്റ്റനച്ചനാണെങ്കിൽ ഹിന്ദി പ്രയോഗിക്കുവാൻ തീരെ അറിവില്ലായിരുന്നു. ഡൺസ്റ്റനച്ചനും, ജോർജ്ജും ഒരു പ്രത്യേക ആംഗ്യഭാഷ കൈകാര്യം ചെയ്ത് തുടങ്ങി. ചില അവസരങ്ങളിൽ ഡൺസ്റ്റനച്ചൻ വീണ്ടും വീണ്ടും ആംഗ്യഭാഷയിൽ പറയുന്നത് മനസ്സിലാകാതെ വരുമ്പോൾ, ഡൺസ്റ്റനച്ചനോട് ജോർജ്ജിന് പാവം തോന്നിയിട്ട് ജോർജ്ജ് അടുക്കളയിൽ നിന്ന് മാറികളയും. ഡൺസ്റ്റ

നച്ചനും, ജോർജ്ജും തമ്മിലുള്ള ആശയവിനിമയങ്ങളിൽ എന്തൊക്കെ അപാകതകൾ ഉണ്ടായാലും, ഡൺസ്റ്റനച്ചന്റെ ഇടപെടലിലൂടെ മെച്ചപ്പെട്ട ഭക്ഷണം ഞങ്ങൾ ക്ലാസ്സുകഴിഞ്ഞ് വരുമ്പോൾ ലഭിച്ചിരുന്നു എന്നുള്ളത് വാസ്തവമാണ്. ഈ ജോർജ്ജ് രാത്രിയിൽ ഞങ്ങളുടെ ചാപ്പലിൽ പോയി എന്നും പ്രാർത്ഥിച്ചിട്ടാണ് ഉറങ്ങാൻ പോകാറുള്ളത്. ഡൺസ്റ്റനച്ചനും ആ സമയങ്ങളിൽ ചാപ്പലിൽ ഉണ്ടാകാറുണ്ട്. അങ്ങനെയിരിക്കെ ഒരു കാര്യം പ്രശ്നമായിതീർന്നു. ചാപ്പലിനകത്ത് അടച്ചുറപ്പില്ലാത്ത ഷെൽഫിൽ സൂക്ഷിക്കുന്ന കുർബ്ബാന വീഞ്ഞ് വേഗം തീർന്നുപോകുന്നു! ഒട്ടും വൈകാതെ സംഗതികളുടെ നിജാവസ്ഥ കണ്ടുപിടിക്കപ്പെട്ടു. രാത്രിയിൽ പ്രാർത്ഥിക്കുവാനെന്ന പേരിൽ ചാപ്പലിൽ ചെല്ലുന്ന ജോർജ്ജ് കുർബ്ബാന വീഞ്ഞ് പതിവായി മോഷ്ടിച്ച് കുടിക്കുന്നു! ഈ കണ്ടുപിടുത്തം ജോർജ്ജിന്റെ വേറെ ചില കളവുകൾ കൂടി കണ്ടുപിടിക്കുവാൻ സഹായകമായി. വൈകുന്നേരം ഞങ്ങളുടെ പ്രാർത്ഥനാസമയത്ത് സ്റ്റോറിൽ നിന്ന് ജോർജ്ജ് അരി, പഞ്ചസാര തുടങ്ങിയവ അടിച്ചുമാറ്റി തൊട്ടടുത്തുള്ള ഹോട്ടൽകാരന് വില്പന നടത്തുന്നു!! ജോർജ്ജിനെ പറഞ്ഞുവിടുവാൻ തീരുമാനം ഉണ്ടായി. പക്ഷെ, ഡൺസ്റ്റനച്ചൻ പറഞ്ഞു: “അവനെ ആരും വഴക്കു പറയണ്ട. അവൻ ഒന്നും അറിയാത്തവനെ പോലെ സന്തോഷത്തിൽ പൊക്കോട്ടെ. അവൻ ചെയ്തത് ഒട്ടുംതന്നെ ശരിയായില്ലെങ്കിലും, നമ്മളായിട്ട് അവന്റെ മനസ്സിന് ഒരു വിഷമവും നാണക്കോടും ഉണ്ടാക്കണ്ട.”

മഹാന്മാർ മറ്റുള്ളവരുടെ സ്വഭാവത്തിൽ തിരുത്തലുകൾ നടത്തുന്നത് അർത്ഥപൂർണ്ണമായ മൗനത്തിലൂടെയും, സംയമനത്തിലൂടെയും ആകുന്നു. ഒച്ചപ്പാടും, ശിക്ഷകളുമൊക്കെ വിദ്വേഷ്യത്തിലും വാശിയിലും കലാശിക്കും. ഉള്ളിൽ നിന്നുള്ള സ്വഭാവപരിവർത്തനം അത്തരം സന്ദർഭങ്ങളിൽ നടന്നുവെന്ന് വരില്ല.

സാഹിത്യകാരി മാധവിക്കുട്ടി എഴുതിയിരിക്കുന്നു: “ഓരോ വാക്കും ഒരനുരഞ്ജനം ആക്കുന്നു ഞാൻ.” സാർത്ര് പറഞ്ഞു: “അപ

രൻ എനിക്ക് നരകം തീർക്കുന്നവനാണ്." വ്യത്യസ്ത സ്വഭാവങ്ങളോട് കൂടിയവരെയാണ് നാം നിത്യേന കണ്ടുമുട്ടുന്നത്. മറ്റുള്ളവരെ വസ്തുനിഷ്ഠമായി മനസ്സിലാക്കുവാനുള്ള ഹൃദയ വിശാലത ഉണ്ടെങ്കിൽ നമ്മിൽ എപ്പോഴും ഉണരുക അനുരഞ്ജനത്തിന്റെയും, ആത്മബന്ധത്തിന്റെയും ഭാവങ്ങൾ ആയിരിക്കും. നമുക്ക് അപരൻ അപ്പോൾ സഹോദരൻ ആയിരിക്കും. ഒരിക്കലും നരകം തീർക്കുന്നവൻ ആയിരിക്കുകയില്ല. അപരാധിയുടെ ആത്മാഭിമാനത്തിന് വില കല്പിച്ചുകൊണ്ട്, കളവടക്കമുള്ള കുറ്റങ്ങളും കുറവുകളും ആത്മീയ വീക്ഷണത്തിലൂടെ തിരുത്തുവാൻ സാധിക്കുക, അവരെ ആത്മാർത്ഥമായി സ്നേഹിക്കുവാൻ സാധിക്കുക എന്നതൊക്കെ യേശുക്രിസ്തുവിന്റെ അനുരഞ്ജനത്തിന്റെയും, ഹൃദയവിശാലതയുടെയും ആത്മീയഭാവങ്ങൾ ജീവിതത്തിൽ പകർത്തിയെടുത്തിട്ടുള്ള ഡൺസ്റ്റനച്ചനെ പോലെയുള്ള ഒരു മഹത്വ്യക്തിക്കു മാത്രമാണ്.

# 9

# പാചകത്തിലെ പരിശുദ്ധി

കാനായിലെ കല്ല്യാണവിരുന്നിലെ മാതാവിന്റെ കരുതലുള്ള കണ്ണുകളുടെ പ്രകാശം കർമ്മലമാതാവിന്റെ വലിയ ഭക്തനായിരുന്ന ഡൺസ്റ്റനച്ചന്റെ നയനങ്ങളും സമൃദ്ധമായി സ്വന്തമാക്കി സ്വീകരിച്ചിരുന്നു.

റാഞ്ചിയിൽ ഡൺസ്റ്റനച്ചൻ ഞങ്ങളുടെ റെക്ടർ ആയി എത്തിയ സമയത്ത് ഞങ്ങൾ തന്നെയാണ് പാചകം ചെയ്തിരുന്നത്; ജോലിക്കാർ ഉണ്ടായിരുന്നില്ല. ഇത് ഞങ്ങളുടെ പഠിപ്പിനെ ബാധിക്കുമെന്ന് ഡൺസ്റ്റനച്ചന്റെ പിതൃവാത്സല്യം നിറഞ്ഞ കരുതലുള്ള കണ്ണുകൾ വേഗത്തിൽ കണ്ടറിഞ്ഞു. ഒരു പാചകക്കാരനെ വേഗത്തിൽ നിയമിക്കുവാനുള്ള ഏർപ്പാടുകൾ അദ്ദേഹം ചെയ്തു. അങ്ങനെയാണ് മുൻപ് സൂചിപ്പിച്ച ജോർജ്ജ് ഞങ്ങളുടെ പാചകക്കാരൻ ആകുന്നത്.

ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ വരുന്നതിനു മുമ്പ് അട്ടപ്പാടി ആശ്രമത്തിൽ ആയിരുന്നു. വളരെ വർഷങ്ങളായി ഡൺസ്റ്റനച്ചൻ അവിടെ തനിച്ചായിരുന്നു താമസവും സേവനവും. ഡൺസ്റ്റനച്ചന് വിശ്രമം വേണമെന്ന് മനസ്സിലാക്കിയിട്ടു കൂടിയാണ് അധികാരികൾ അദ്ദേഹത്തെ റാഞ്ചിയിലേക്ക് നിയമിച്ചത്. എന്നാൽ, റാഞ്ചിയിലെത്തിയ ഡൺസ്റ്റനച്ചൻ വളരെ സന്തോഷത്തോടുകൂടെ വിശ്രമമെല്ലാം മാറ്റിവെച്ച് ഞങ്ങൾക്ക് വേണ്ടി സേവനനിരതൻ ആകുകയാണ് ഉണ്ടായത്.

ഡൺസ്റ്റനച്ചന് അത്യാവശ്യം പാചകം, പ്രത്യേകിച്ച് പലഹാരപാ

ചകം നല്ലവണ്ണം അറിയാമായിരുന്നു. ഗാന്ധിയൻ ജീവിതശൈലിക ളോട് പ്രതിപത്തി ഉണ്ടായിരുന്ന ഡൺസ്റ്റനച്ചൻ ഗാന്ധിയൻ മാർഗ്ഗ ത്തിലൂടെ ഒരു യീസ്റ്റ് ഉണ്ടാക്കി. അതിലെ പ്രധാനപ്പെട്ട ചേരുവകൾ വേവിച്ച ഉരുളകിഴങ്ങും, പഞ്ചസാരയും, ചോറുമായിരുന്നു എന്ന് ഇപ്പോൾ ഞാൻ ഓർക്കുന്നു. ആ യീസ്റ്റ് ഉപയോഗിച്ച് അദ്ദേഹം എല്ലാ ദിവസവും പ്രഭാത ഭക്ഷണത്തിനായി ഞങ്ങൾക്കു വേണ്ടി ചപ്പാത്തി കല്ലിൽ ചുട്ടെടുത്ത വളരെ സ്വാദിഷ്ടമായ ഒരുതരം അപ്പം തയ്യാ റാക്കി വെക്കുമായിരുന്നു. നല്ല തണുപ്പുള്ള റാഞ്ചിയിലെ കാലാവ സ്ഥയിൽ ഡൺസ്റ്റനച്ചൻ നേരത്തെ എഴുന്നേറ്റ് കൽക്കരി അടുപ്പ് കത്തിച്ച്, ഈ ഭക്ഷണം തയ്യാറാക്കിയ ശേഷം ടൈംടേബിൾ പ്രകാ രമുള്ള പ്രഭാത പ്രാർത്ഥനക്കും, തുടർന്നുള്ള പരിശുദ്ധ കുർബ്ബാനക്കും കൃത്യമായി എത്തിയിരുന്നു എന്നുള്ളത് ഞങ്ങളെ അത്ഭുതപ്പെടുത്തി യിരുന്നു. രാവിലെ ഞങ്ങൾക്ക് കോളേജിൽ പോകാൻ ഉള്ളതുകൊ ണ്ട്, എട്ടുമണിക്ക് മുമ്പായി പ്രഭാതഭക്ഷണം കഴിച്ച് തയ്യാറാകണമാ യിരുന്നു. കൽക്കരി അടുപ്പ് കത്തിക്കുന്നത് അത്ര എളുപ്പമായിരുന്നി ല്ല. ഡൺസ്റ്റനച്ചൻ ഈ കാര്യങ്ങൾക്കായി എപ്പോൾ എഴു ന്നേൽക്കുന്നു എന്നുള്ളത് ഞങ്ങൾക്ക് അജ്ഞാതമായിരുന്നു. ഗുരു വച്ചന്റെ രാത്രിയിലെ ഉറക്കം പോകുന്നതിനെ കുറിച്ച് ഞങ്ങൾ പരി ഭവം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത്: "നിങ്ങൾ കോളേജിൽ പോയി കഴിഞ്ഞാൽ, പിന്നെ എനിയ്ക്ക് വേറെ പണി ഒന്നും ഇല്ല ല്ലൊ. ഉറക്കം അപ്പോളും ആകാമല്ലോ" എന്നാണ്. എന്നാൽ, ഞങ്ങൾ കോളേജിൽ നിന്ന് തിരിച്ചു വരുമ്പോൾ എന്തെങ്കിലും പുതിയ ഭക്ഷ ണവിഭവങ്ങളുമായി ഡൺസ്റ്റനച്ചൻ ഞങ്ങൾക്കായി കാത്തിരിക്കു ന്നതാണ് ഞങ്ങൾ കാണാറുള്ളത്. പകൽ ഉറങ്ങി വിശ്രമിക്കാറില്ലെന്ന് സ്പഷ്ടം.

ഈ വിഭവങ്ങളിൽ ഒന്ന് പേരയ്ക്ക കൊണ്ടുള്ള ഒരു പുഡ്ഡിംഗ് ആയിരുന്നു എന്ന് ഞാൻ ഓർക്കുന്നു. ഞങ്ങളുടെ കാമ്പസ്സിൽ സമൃ ദ്ധമായി പേരമരങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒന്നുരണ്ടെണ്ണം ഞങ്ങൾക്കായി ഡൺസ്റ്റനച്ചൻ വാങ്ങി നിറുത്തിയിരുന്നു. അവയിലെ പേരയ്ക്കകൾ ഞങ്ങൾക്കുള്ളതായിരുന്നു. ഉൾവശം നല്ല ചുവപ്പ് നിറത്തോടുകൂടിയ പേരയ്ക്കകളായിരുന്നു അധികവും. അവയെ

കൊണ്ട് ഡൺസ്റ്റനച്ചൻ ഉണ്ടാക്കി വെക്കാറുള്ള പുഡ്ഡിംഗ് വളരെ സ്വാദിഷ്ടമായിരുന്നു. ധാരാളം പേരയ്ക്ക ഉണ്ടായിരുന്നത് കൊണ്ട് അവ നശിച്ചുപോകാതെ ഇത്തരത്തിൽ ഡൺസ്റ്റനച്ചൻ ഉപയോഗ പ്രദമാക്കിയിരുന്നു.

ഞങ്ങൾക്ക് അക്കാലത്ത് അത്താഴത്തിന് അധികവും ചപ്പാത്തി യും, കറിയും, സൂപ്പുമായിരുന്നു. സൂപ്പ് ഉണ്ടാക്കുന്നത് ചെറുപയർ നല്ലവണ്ണം വേവിച്ച്, അതിന്റെ സത്തിൽ സ്വല്പം നെയ്യ് ചേർത്ത് ഉള്ളി കാച്ചിയിട്ടായിരുന്നു. സൂപ്പിനായുള്ള വേവിച്ച ചെറുപയർ പിഴിഞ്ഞ് സത്ത് എടുത്തുകഴിഞ്ഞാൽ, ആ ചെറുപയറിനെ കളയാ റാണുള്ളത്. ഈ ചെറുപയർ കൊണ്ട് ഇടയ്ക്കിടക്ക് വളരെ സ്വാദുള്ള സുഖിയൻ ഡൺസ്റ്റനച്ചൻ ഞങ്ങൾക്കായി തയ്യാറാക്കി തരുമായിരു ന്നു. ബാക്കി വരുന്ന ചോറുകൊണ്ടും ഒരു തരം പുഡ്ഡിംഗും, പരിപ്പ് വട സമാനമായ ഒരു എണ്ണ പലഹാരവും ഡൺസ്റ്റനച്ചൻ ശരിപ്പെ ടുത്തി തരുമായിരുന്നു. പലപ്പോഴും, ഭക്ഷിച്ചതിന്, ശേഷമാണ് ഭക്ഷ ണപദാർത്ഥത്തിലെ ചേരുവകൾ എന്തൊക്കെയാണെന്ന് ഞങ്ങൾ അറിയാറുള്ളത്.

പാചകത്തിലൂടെ ഡൺസ്റ്റനച്ചൻ ഞങ്ങൾക്ക് നല്കാറുള്ള കരു തൽ നിറഞ്ഞ പിതൃവാത്സല്യം രുചികരമായ ഭക്ഷണവിഭവങ്ങളാ യി മാറിയതിന്റെ ഗൃഹാതുരത്വ സ്മരണകൾ ഇനിയും ഉണ്ട്. അത്യാ വശ്യം വെൽഡിംഗ് ജോലിയും ഡൺസ്റ്റനച്ചന് വശമുണ്ടായിരുന്നു. ഡൺസ്റ്റനച്ചൻ പാചക എണ്ണയുടെ മെറ്റൽ ടിന്നുകൾ മുറിച്ചെടുത്ത് ബ്രെഡ് ഉണ്ടാക്കുന്ന ഉപകരണപാത്രങ്ങൾ തയ്യാറാക്കി. രുചികരമായ മാവ് കുഴച്ച് തയ്യാറാക്കിയ ബ്രെഡുകൾ ബ്രേക്ക്ഫാസ്റ്റിനായി പല പ്പോഴും വന്നുതുടങ്ങി. പഴയ ചോറുകൊണ്ടും, സൂപ്പിൻ ചണ്ടിയായി തീരുന്ന ചെറുപയർ കൊണ്ടും ഞങ്ങൾക്ക് ഭക്ഷണവിഭവങ്ങൾ ഉണ്ടാക്കി തന്നിരുന്ന ഡൺസ്റ്റനച്ചൻ പിശുക്കനായിരുന്നു എന്ന് ആരും ധരിച്ചുവശാകരുത്. ബ്രെഡിന്റെ മാവിൽ സമൃദ്ധമായി മുട്ട യും, നറുനെയ്യും ചേർക്കുന്നതിൽ ഡൺസ്റ്റനച്ചൻ ധാരാളിത്ത മനഃ സ്ഥിതിക്കാരൻ ആയിരുന്നു. വലിയ വട്ടകലത്തിൽ ഞങ്ങളുടെ ബാച്ചിലെ തടിയന്മാരെ കൊണ്ട് മുഷ്ടിചുരുട്ടി ഇടിച്ചും കുഴച്ചും ബ്രെഡ് മാവ് ശരിപ്പെടുത്തുവാൻ കൂടെ നിന്ന് നിർദ്ദേശങ്ങൾ

നൽകുന്ന ഡൺസ്റ്റനച്ചന്റെ സ്നേഹ സാന്നിധ്യം ഒരിക്കലും മനസ്സിൽ നിന്ന് മായില്ല. ഇത്തരത്തിൽ ഒരു തരം വെട്ടുകേക്കും ഡൺസ്റ്റനച്ചൻ തയ്യാറാക്കി തരുമായിരുന്നു.

ഞങ്ങളുടെ ഭക്ഷണത്തിന്റെ ഗുണ നിലവാരം മികവുറ്റതാകണമെന്ന് നിർബന്ധം ഉണ്ടായിരുന്ന ഡൺസ്റ്റനച്ചൻ, ഒരു പ്രാവശ്യം അദ്ദേഹത്തിന്റെ ഇടപെടൽ ഇല്ലാതെ തയ്യാറാക്കപ്പെട്ട ഒരു ഭക്ഷണ വിഭവത്തെ കുറിച്ച് പറഞ്ഞ വാചകങ്ങളുടെ ഓർമ്മകൾ ഇവിടെ ചേർത്തുവെക്കുന്നു. ഞങ്ങൾ യോഗാർത്ഥികൾ ഓരോരുത്തർ ഓരോ മാസത്തേക്ക് ഭക്ഷണ ചുമതലക്കാർ ആകുമായിരുന്നു. ഞങ്ങളിൽ ഒരാളുടെ ഭക്ഷണ ചുമതലക്കാരൻ ആയിരുന്ന മാസത്തിൽ ഞങ്ങൾ വാങ്ങിയ പ്ലാവിൽ നിന്ന് ഒരു മൂത്ത ചക്ക കിട്ടി. ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന നിയമവിദ്യാർത്ഥി ആയിരുന്ന ഞങ്ങളുടെ ജ്യേഷ്ഠ സഹോദരൻ കുര്യാക്കോസ് ചീരൻ ശെമ്മാശ്ശൻ ഭക്ഷണ ചുമതലക്കാരനോട് തമാശയായി പറഞ്ഞു: “ചക്കയും പയറും കൂടി കറിവെക്ക്. നല്ല കോമ്പിനേഷൻ ആകും.” ഇപ്രകാരം പറയുവാൻ കാരണം തലേ മാസത്തിൽ വാങ്ങിയ ഉണക്കപയർ കുറച്ച് ബാലൻസ് ഉണ്ടായിരുന്നു. അത് ഒച്ച് കുത്തി തുടങ്ങിയ കാരണം മോശമാകാതിരിക്കാൻ വെയിലത്ത് വെച്ചിരുന്നു. ഈ സാഹചര്യത്തിലാണ് ചീരൻ ശെമ്മാശ്ശന്റെ ചക്കയുടെ കൂടെ പയറ് വേവിച്ച കറിയെ കുറിച്ചുള്ള നിർദ്ദേശം ഉണ്ടായത്. ഇത് തമാശയാണ് പറഞ്ഞതെന്ന് മനസ്സിലാക്കാതെ ഭക്ഷണ ചുമതലകാരൻ നിർദ്ദേശം അതുപോലെ തന്നെ പ്രാവർത്തികമാക്കി. രാത്രി ഭക്ഷണത്തിന് ആയിരുന്നു ഈ അത്യ അപൂർവ്വ വിഭവം തയ്യാറായത്. ഭക്ഷണ സമയത്ത് ഈ വിഭവം കണ്ട് കൂട്ടചിരി ഉണ്ടായി. കുര്യാക്കോസ് ശെമ്മാശ്ശന് ആകെ വിഷമമായി. ഭക്ഷണ ചുമതലക്കാരൻ തനിക്ക് പറ്റിയ അമളിയെ ഓർത്ത് ജാള്യത പെട്ടു നിന്നു. ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന കഴിഞ്ഞപ്പോൾ ഡൺസ്റ്റനച്ചൻ പറഞ്ഞു: “ഇന്ന് ഒരു പ്രത്യേക കറിയുണ്ട്. ചക്കയും ഉണക്കപയറും! ആവശ്യക്കാർ മാത്രം കഴിച്ചാൽ മതി. വേറെയും കറി ഉണ്ടല്ലോ കഴിക്കാൻ. ചക്കയും പയറും ഒരുമിച്ച് വെച്ചത് ചിലപ്പോൾ വയറുവേദനയുണ്ടാക്കും. തമാശ പറയുന്നവരും, തമാശ കേൾക്കുന്നവരും ശ്രദ്ധിക്കണം.” കാര്യങ്ങൾ പിടികിട്ടേണ്ടത്

ഞങ്ങൾക്കൊക്കെ പിടികിട്ടി. ഏറ്റവും പ്രധാനമായി പിടികിട്ടിയത് ഞങ്ങളുടെ ഭക്ഷണ കാര്യങ്ങളിലുള്ള റെക്ടറച്ചനുള്ള കരുതലിനെ കുറിച്ചുള്ള അറിവായിരുന്നു. വിവേകത്തോടെ പറയേണ്ടതിന്റെയും, കേൾക്കേണ്ടതിന്റേയും, പ്രാവർത്തികമാക്കേണ്ടതിന്റെയും ആവശ്യ കതയെ കുറിച്ച് ഡൺസ്റ്റനച്ചൻ പറയാതെ പറഞ്ഞ ഉപദേശ സാരവും ഞങ്ങൾക്ക് പിടികിട്ടി.

ഇങ്ങനെയൊക്കെ ഞങ്ങൾക്ക് നല്ല ഭക്ഷണം നൽകുവാൻ വിശ്ര മമില്ലാതെ പരിശ്രമിച്ചിരുന്ന ഡൺസ്റ്റനച്ചൻ ഒരിക്കലും ഒരു ഭക്ഷണ പ്രിയൻ ആയിരുന്നില്ല. അത്യാവശ്യത്തിനു മാത്രം ഭക്ഷിക്കുന്ന ഒരു മിതഭോജി ആയിരുന്നു അദ്ദേഹം. ഭാരതത്തിന്റെ സുപ്രധാന ആദ്ധ്യാ ത്മിക ചിന്തകൾ ഉൾകൊള്ളുന്ന ഗ്രന്ഥങ്ങളിൽ ഒന്നായ 'നീതിസാരം' പറയുന്നു: "ഏക ഭുക്തം മഹായോഗി" (ദിവസത്തിൽ മഹായോഗി ഒരു പ്രാവശ്യം മാത്രം ഭക്ഷിക്കുന്നു). എല്ലാറ്റിലും മിതത്വം പാലിച്ചി രുന്ന ഡൺസ്റ്റനച്ചൻ ഭക്ഷണകാര്യങ്ങളിലും വളരെ മിതത്വം പാലി ച്ചിരുന്നു. അത് അദ്ദേഹത്തിന്റെ സന്യാസ ജീവിതത്തിന്റെ സാക്ഷ്യഘടകം ആയിരുന്നു.

അമ്പഴക്കാട് പുതിയതായി എത്തിയ നവസന്യാസികളുടെ പര സ്പര പരിചയപ്പെടലിന്റെ ഭാഗമായി നടന്ന ഒരു ഗ്രൂപ്പ്ഗെയിമിൽ ഓരോരുത്തരും അവരവർക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഏതാണ് എന്ന് പറയണമായിരുന്നു. എല്ലാവരും വളരെ വിശേഷപ്പെട്ട ഭക്ഷ ണങ്ങളുടെ പേരുകൾ പറഞ്ഞു. നവസന്യാസ പരിശീലകർ ടീമിലെ അംഗമായിരുന്ന ഡൺസ്റ്റനച്ചനും ഒരു ഗ്രൂപ്പിലെ അംഗമായിരുന്നു. ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണത്തിന്റെ പേരു പറയേണ്ട ഡൺസ്റ്റന ച്ചന്റെ ഊഴം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: "എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം പഞ്ചസാര വെള്ളത്തിൽ റെസ്ക് മുക്കി കഴി ക്കുന്നതാണ്." കേട്ടുകേൾവി പോലുമില്ലാത്ത ഭക്ഷണങ്ങളുടെ പേരു കൾ ഇഷ്ടപ്പെട്ട വിഭവങ്ങളായി പറഞ്ഞവരൊക്കെ ഡൺസ്റ്റനച്ചന്റെ ലാളിത്യം കേട്ട് അത്ഭുതപ്പെട്ടു.

ഭക്ഷണവുമായി ബന്ധപ്പെട്ട് അസീസ്സി പുണ്യവാളന്റെ ഒരു കഥ കേട്ടിട്ടുണ്ട്. ഒരു ദിവസം അസീസ്സിയും, കൂട്ടുകാരൻ ലിയോ സഹോ ദരനും കൂടി ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ഒരു പള്ളിയുടെ പുന

രുദ്ധാരണ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. അദ്ധ്വാനത്തിന്റെ ആവേശത്തിൽ അവർ ഭക്ഷണത്തിന്റെ കാര്യം ശ്രദ്ധിച്ചില്ല. വൈകുന്നേരം ആയപ്പോൾ രണ്ടുപേർക്കും വലിയ വിശപ്പ് അനുഭവപ്പെട്ടു. തൊട്ടടുത്ത് ഉണ്ടായിരുന്ന ഒരു കുടിലിൽ ചെന്ന് അവർ ഭക്ഷണം യാചിച്ചു. അതിൽ താമസിച്ചിരുന്ന വൃദ്ധനായ ഒരു മനുഷ്യൻ അവർക്ക് കുറച്ച് ഉപ്പില്ലാത്ത കഞ്ഞിയും, ഒരു ഉള്ളികഷ്ണവും നൽകി. ആ കുടിലിൽ ഭക്ഷണത്തിനായി മറ്റൊന്നും ഉണ്ടായിരുന്നില്ല. കിട്ടിയ കഞ്ഞി ഉള്ളി കൂട്ടി കുടിച്ചു കഴിഞ്ഞപ്പോൾ അസീസ്സി പറഞ്ഞു: "ഇത്രയും രുചിയുള്ള ഭക്ഷണം ഞാൻ ഇതുവരെ ഒരിക്കലും കഴിച്ചിട്ടില്ല."

വിശപ്പാണ് ഭക്ഷണത്തിന്റെ രുചി നിർണ്ണയിക്കുന്ന മാനദണ്ഡം. ഡൺസ്റ്റനച്ചൻ പലപ്പോഴും പറയാറുണ്ട്: "പലരും ഭക്ഷണം കഴിക്കുന്നത് വിശന്നിട്ടല്ല. സമയം ആയതുകൊണ്ടും, വായയ്ക്ക് രുചിയുള്ള ഭക്ഷണങ്ങൾ ലഭിക്കുന്നതും കൊണ്ടാണ്. വിശപ്പിനുള്ള ഭക്ഷണം മാത്രം കഴിക്കുന്നതാണ് ആരോഗ്യത്തിന് ഏറ്റവും ഗുണകരം." നല്ല ഭക്ഷണം കഴിക്കുന്നതിനോട് ഡൺസ്റ്റനച്ചന് ഒരിക്കലും വിയോജിപ്പ് ഉണ്ടായിരുന്നില്ല. പക്ഷെ, വിശപ്പോടുകൂടെ ആവശ്യത്തിനുള്ള ഭക്ഷണം കഴിക്കണം എന്നായിരുന്നു ഡൺസ്റ്റനച്ചന്റെ അഭിപ്രായം.

കർമ്മലസഭയുടെ നവീകരണത്തിന് നേതൃത്വം നൽകിയവരിൽ ഒരാളായ ആവിലയിലെ വി. അമ്മത്രേസ്യ പുണ്യവതി ഉപദേശിക്കാറുള്ളത് ആരോഗ്യപരിരക്ഷയ്ക്ക് ആവശ്യമായ നല്ല ഭക്ഷണത്തോടൊപ്പം, മനഃസന്തോഷത്തിന് ഉതകുന്ന ഉല്ലാസ കർമ്മപരിപാടികളും സമർപ്പിത ജീവിതത്തെ ഭദ്രമാക്കി തീർക്കും എന്നാണ്. ഈ കാര്യങ്ങളുടെ സാക്ഷാത്ക്കാരത്തിനായി പുണ്യവതി തന്നെ മുൻകൈ എടുക്കുമായിരുന്നു. ആത്മാവിൽ ആനന്ദിച്ചിരുന്നവനും, ആ ആനന്ദ നിർവൃതി മറ്റുള്ളവരിൽ അനുഭവിപ്പിച്ചെടുക്കുവാൻ യത്നിച്ചിരുന്നവനുമായിരുന്നു യേശു. ദൈവ ഐക്യത്തിൽ നങ്കൂരമിട്ട പരസ്നേഹത്തിൽ നിന്ന് ഉടലെടുക്കുന്ന സുകൃത സന്തോഷവും, ആനന്ദനിർവൃതിയുമാണ് കർമ്മലീത്ത സമർപ്പിത ജീവിതത്തിന്റെ ആത്മീയ കാതൽ. നിർവൃതിപ്രദവും, നിർവൃതിദായകവും ആയി

രുന്ന ഡൺസ്റ്റനച്ചന്റെ ജീവിതം ഉത്തമ കർമ്മലീത്ത ചൈതന്യ ത്തിന്റെ നേർകാഴ്ചയായിരുന്നു. അനാവശ്യമായ ആശാപാശങ്ങളെ നിഗ്രഹിച്ചുകൊണ്ട്, കർമ്മലീത്ത സന്യാസ പൗരോഹിത്യത്തിന്റെ സത്തയെ സമ്പൂർണ്ണമായി സംഗ്രഹിച്ചെടുത്ത ഒരു പ്രേഷിതവര്യന്റെ ജീവസുറ്റ വിശുദ്ധ സാന്നിദ്ധ്യമായിരുന്നു ഡൺസ്റ്റനച്ചൻ. കണ്ടുമു ട്ടുന്ന എല്ലാവർക്കും ഒന്നുകൂടി മെച്ചപ്പെട്ട ആത്മീയ ജീവിതപന്ഥാ വിലേക്ക് മുന്നേറാൻ പാഥേയം പകർന്നു നൽകുന്ന പുണ്യ പരിമളം തൂകുന്ന പരിശുദ്ധ സാന്നിദ്ധ്യം! ഇതായിരുന്നു ഡൺസ്റ്റനച്ചന്റെ ആദ്ധ്യാത്മികതയുടെ അനന്യത. ഡൺസ്റ്റനച്ചനിൽ ഉണ്ടായിരുന്ന കർമ്മലീത്ത സിദ്ധാന്തങ്ങളിൽ അടിസ്ഥാനമിട്ട ഈ ആത്മീയ അന ന്യതയാണ് ഞങ്ങളുടെ ഭക്ഷണ കാര്യങ്ങളിൽ അതീവ ശ്രദ്ധയോടെ സേവനം നൽകുവാൻ ഡൺസ്റ്റനച്ചന് ഉൾപ്രേരണയായി മാറിയത് എന്നുള്ളത് വാസ്തവമാണ്.

# 10

# കരുതലുള്ള കലാകാരൻ

റാഞ്ചിയിലെ തണുപ്പിൽ ഡൺസ്റ്റനച്ചൻ ചെരുപ്പുകൾ ഇല്ലാതെയാണ് പ്രധാനമായും നടന്നിരുന്നത്. ചാപ്പലിൽ പ്രാർത്ഥിക്കുവാൻ പോയാൽ ഡൺസ്റ്റനച്ചൻ ചെരുപ്പുകൾ വാതിൽക്കൽ മറന്നുവെക്കും. പ്രാർത്ഥന കഴിഞ്ഞ് ചാപ്പലിൽ നിന്ന് പുറത്ത് വരുന്ന ഡൺസ്റ്റന ച്ചൻ നടക്കുക നിഷ്പാദുകൻ ആയിട്ടിയിരിക്കും. ചാപ്പലിന്റെ വാതിൽക്കൽ ചെരുപ്പ് മറന്നുവെച്ചിരിക്കുന്നു എന്നുള്ളത് ഡൺസ്റ്റ നച്ചനെ കണ്ട് ഞങ്ങളിൽ ആരെങ്കിലും പറയുന്നത് ചിലപ്പോൾ ഞങ്ങൾ കോളേജിൽ നിന്ന് വന്നതിന് ശേഷമായിരിക്കും. മറവി കൊണ്ട് എന്നതിനേക്കാൾ ഉപരി സുഖസൗകര്യങ്ങളോടുള്ള ഡൺസ്റ്റ നച്ചന്റെ വിമുഖതാ മനോഭാവം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു നിതാന്തശീലമായി കഴിഞ്ഞിരുന്നു എന്നതിന്റെ തെളിവാണ് ഇതൊ ക്കെ. ദീർഘനാൾ അട്ടപ്പാടിയിൽ ജീവിച്ചിരുന്ന സമയത്തും ഡൺസ്റ്റ നച്ചൻ ചെരുപ്പ് ഉപയോഗിച്ചിരുന്നില്ല എന്ന് അദ്ദേഹം പറയാറുണ്ട്. ചെരുപ്പ് ഉപയോഗിക്കാതിരുന്നതുകൊണ്ട് എക്സിമാ രോഗം ഉണ്ടാ യിരുന്ന ഡൺസ്റ്റനച്ചന്റെ കാലുകളിൽ വലിയ കുഴപ്പമൊന്നും ഉണ്ടാ യിരുന്നുമില്ല.

കൃഷിക്കാരുടെ പ്രത്യേക മദ്ധ്യസ്ഥനായ ഇസിദോർ പുണ്യവാന്റെ ഒരു കാലിൽ കൃഷിയിടത്തുവെച്ച് വലിയ ഒരു ചതവ് ഉണ്ടായി നീരു വന്ന് കാല് ചുവന്ന് വീർത്തു. അദ്ദേഹത്തിന്റെ ഒരു പരിചയക്കാരൻ ഇത് കണ്ട് സങ്കടത്തോടെ “അങ്ങയുടെ കാല് ചുവന്നുപോയല്ലോ” എന്ന് പറഞ്ഞു. പുണ്യവാളൻ ചിരിച്ച് ലേഖന വചനം പരാമർശിച്ച് കൊണ്ട് പറഞ്ഞു: “സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രയോ സുന്ദരം!” (റോമ 10:15). ഡൺസ്റ്റനച്ചന്റെ പാദങ്ങൾക്കും ഈ സുകൃത സൗന്ദര്യം ഉണ്ടായിരുന്നു.

സ്വയമായി ചെരുപ്പ് ഉപയോഗിച്ചിരുന്നില്ലെങ്കിലും, ഞങ്ങളുടെ കാലുകളിൽ തണുപ്പ് കൊണ്ട് അസുഖമൊന്നും ഉണ്ടാകാതിരിക്കുവാൻ ഡൺസ്റ്റനച്ചന് വലിയ കരുതൽ ഉണ്ടായിരുന്നു. റാഞ്ചിയിൽ നല്ല തണുപ്പുണ്ടാകുന്ന കാലാവസ്ഥയിൽ ഞങ്ങളിൽ ഒരാളുടെ കാല് വരവിണ്ട് പൊട്ടി വലിയ ബുദ്ധിമുട്ട് ഉണ്ടായി. അക്കാലഘട്ടത്തിൽ ഷൂസോ, കാൻവാസ് ചെരുപ്പുകളോ ഒന്നുംതന്നെ ഞങ്ങളിൽ ആർക്കും ഉണ്ടായിരുന്നില്ല. എങ്കിലും, ഞങ്ങളുടെ പക്കലുള്ള ചെരുപ്പുകളുടെ കൂടെ സോക്സ് ഉപയോഗിച്ചിരുന്നു. കാല് വരവിണ്ട് ബുദ്ധിമുട്ടുന്ന ബ്രദറിന്റെ പ്രയാസം ഡൺസ്റ്റനച്ചൻ പെട്ടെന്ന് മനസ്സിലാക്കി. ആ ബ്രദറിന് സ്പെഷ്യൽ ആയി ഷൂസ് വാങ്ങി ഉപയോഗിക്കുവാനുള്ള കാര്യങ്ങൾ ഡൺസ്റ്റനച്ചൻ ചെയ്തു കൊടുത്തു.

ഞങ്ങളെ സംബന്ധിച്ച് ഡൺസ്റ്റനച്ചന്റെ കരുതലിന്റെ ഏറ്റവും വലിയ മുഖം ഞങ്ങൾ ദർശിച്ചത് ഞങ്ങൾക്കെല്ലാവർക്കും തണുപ്പ് കാലത്ത് ഉപയോഗിക്കുവാനുള്ള കമ്പിളി വസ്ത്രങ്ങളും, കരിമ്പടങ്ങളും ഡൺസ്റ്റനച്ചൻ സജ്ജീകരിച്ചു തന്നു എന്നുള്ളതിലാണ്. കൊടുംതണുപ്പിൽ ആവശ്യത്തിനുള്ള കമ്പിളി വസ്ത്രങ്ങൾ ലഭിക്കാതെ ഞങ്ങൾ വല്ലാതെ ബുദ്ധിമുട്ടിയിരുന്നു. ഈ പ്രയാസം ഡൺസ്റ്റനച്ചൻ കണ്ടറിഞ്ഞ് കരുതലോടെ ഞങ്ങളെ സംരക്ഷിച്ചു.

ഞങ്ങളോട് മാത്രമല്ല, ഞങ്ങളുമായി റാഞ്ചിയിൽ പരിചയമുള്ള ചിലർക്കും ഡൺസ്റ്റനച്ചന്റെ കരുതൽ സ്നേഹം സ്വീകരിച്ച് സന്തോഷത്തിലും, ആശ്വാസത്തിലും ആയിരിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. ചാലക്കുടിക്കടുത്ത് ജന്മനാടുള്ള ഒരു മലയാളി കത്തോലിക്കൻ റാഞ്ചിയിൽ വർക്ക്ഷോപ്പ് നടത്തവെ, അവിടെയുള്ള ഒരു ആദിവാസി കത്തോലിക്കാ യുവതിയുമായി പ്രണയത്തിലാവുകയും, അവളെ വിവാഹം കഴിച്ച് റാഞ്ചിയിൽ തന്നെ സ്ഥിരതാമസം ആക്കുകയും ചെയ്തു. ഞങ്ങളുമായി വളരെ അടുത്ത് പരിചയമുള്ള ഈ വ്യക്തി വളരെ നല്ല കത്തോലിക്കാ ജീവിതം നയിച്ചിരുന്ന ഒരു കുടുംബനാഥൻ ആയിരുന്നു. അദ്ദേഹത്തിന്റെ കോളേജ് വിദ്യാർത്ഥിയായിരുന്ന ഒരു മകന് ഒരു പ്രത്യേക സാഹചര്യത്തിൽ മാനസ്സിക രോഗം ഉണ്ടായി. ചികിത്സകൾ നടത്തി രോഗം ഭേദമായ അവസ്ഥയിൽ ആയപ്പോൾ, അവനെ ഇടക്കിടക്ക് പിതാവ് ഞങ്ങളുടെ അടുത്ത് കൊണ്ടുവരുമായിരുന്നു. അവന് ഒരു മാനസിക സന്തോഷം ഉണ്ടാകുവാൻ

ഉതകുന്നതായിരിക്കും ഈ കാര്യം എന്ന് അദ്ദേഹം കരുതി. ആ നല്ല പിതാവിന്റെ ലക്ഷ്യം പിഴച്ചില്ല. മകൻ വളരെ സന്തോഷവാനായി തീർന്നു. ഡൺസ്റ്റനച്ചൻ വളരെ കരുതലുള്ള മനസ്സോടെ അവനെ ഇടയ്ക്കിടക്ക് ഞങ്ങളുടെ അടുത്തേക്ക് കൊണ്ടുവരുവാൻ പിതാവിനെ പ്രോത്സാഹിപ്പിച്ചു. അവനെ ഡൺസ്റ്റനച്ചൻ ഇംഗ്ലീഷ് പഠിപ്പിച്ച് കൂടുതൽ ഉന്മേഷമുള്ളവനാക്കുവാൻ ശ്രമിച്ചു. ഞങ്ങളെ പിക്നിക്ക് കൊണ്ടുപോയപ്പോൾ അവനെയും ഡൺസ്റ്റനച്ചൻ ഞങ്ങളുടെ കൂടെ കൂട്ടി. ഞങ്ങൾ പരീക്ഷ കഴിഞ്ഞ് കേരളത്തിലേക്ക് പോരുവാൻ സമയമായപ്പോഴേക്കും, അവൻ  പഴയ സാധാരണ അവസ്ഥയിലേക്ക് വളരെയധികം മടങ്ങി എത്തികഴിഞ്ഞിരുന്നു.

വിവിധ ജോലികളുമായി റാഞ്ചിയിൽ ജീവിച്ചിരുന്ന ധാരാളം മലയാളികൾ ഉണ്ടായിരുന്നു. അവരിൽ വളരെ താഴ്ന്ന നിലയിൽ ഉള്ളവരും, വളരെ ഉയർന്ന നിലയിൽ ഉള്ളവരും ഉണ്ടായിരുന്നു. റാഞ്ചി മലയാളികളിൽ യോഗ വിദഗ്ദനായിരുന്ന ഒരാൾ ഉണ്ടായിരുന്നു. എന്നാൽ, അറുപത് വയസ്സിനോട് അടുത്തപ്പോൾ അദ്ദേഹം പൂർണ്ണമായി അന്ധനായിതീർന്നു. ശീർഷാസനം പഠിപ്പിക്കുന്നതിന്റെ തിരക്കിനിടയിൽ വേണ്ടത്ര വിശ്രമം ശിരസ്സിന് നൽകാതിരുന്നതിന്റെ കാരണം കൊണ്ടാണത്രെ അദ്ദേഹം അന്ധനായത്! വലിയ സമ്പാദ്യമൊന്നും സ്വരൂപിക്കുവാൻ സാധിക്കാതെ പോയ അദ്ദേഹത്തിന്റെ കുടുംബജീവിതം ആകെ തകർന്ന അവസ്ഥയിൽ ആയിരുന്നു. ഒരു ദിവസം അദ്ദേഹം ഭാര്യയുമായി ഉണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് വളരെ ദുഃഖിതനായി ഞങ്ങളുടെ സ്ഥലത്ത് വന്നു. ഞങ്ങൾക്ക് എല്ലാവർക്കും അദ്ദേഹത്തെ കണ്ട് വളരെ ദയനീയത തോന്നി. ജോസ് കുരുതുകുളങ്ങര അച്ചന് അദ്ദേഹത്തെ കൂടുതൽ പരിചയം ഉണ്ടായിരുന്നു. ഞങ്ങളുടെ സ്ഥലത്ത് കണ്ണു കാണാത്ത അദ്ദേഹം വളരെ പ്രയാസപ്പെട്ട് എത്തിയ സമയം മുതൽ ഡൺസ്റ്റനച്ചൻ അദ്ദേഹത്തോട് വളരെ സ്നേഹത്തോടും, സൗമ്യതയിലും പെരുമാറി. അവർ തമ്മിൽ കുറെ നേരം സംസാരിക്കുന്നത് കണ്ടു. ചാപ്പലിൽ പോയി അവർ ഒരുമിച്ച് പ്രാർത്ഥിക്കുന്നതും കണ്ടു. ഞങ്ങളുടെ കൂടെ ഡൺസ്റ്റനച്ചൻ അദ്ദേഹത്തെ ഭക്ഷണം കഴിപ്പിച്ചു. എന്തായാലും, വൈകുന്നേരം ആയപ്പോഴേക്കും അദ്ദേഹം വളരെ സന്തോഷവാനായി സ്വഭവനത്തിലേക്ക് തിരിച്ചുപോയി.

അന്ന് രാത്രിഭക്ഷണത്തിന് ശേഷമുള്ള ഞങ്ങളുടെ സത്സംഘത്തിൽ ഡൺസ്റ്റനച്ചൻ പറഞ്ഞു: "ദൈവാനുഗ്രഹമായി ആ യോഗ അധ്യാപകൻ വീട്ടിലേക്ക് തിരിച്ചുപോയത്. ഭാര്യയുമായി വഴക്കിട്ട് ആത്മഹത്യ ചെയ്യുവാൻ വേണ്ടി വീടുവിട്ട് ഇറങ്ങിയതാണ് അദ്ദേഹം. എന്തായാലും, അദ്ദേഹം സന്തോഷത്തോടെയാണ് തിരിച്ചു വീട്ടിലേക്ക് പോയത്. വെറും ഒരു പ്രാവശ്യം മാത്രം, അതും സ്വല്പസമയത്തേക്കു മാത്രം പരസ്പരം കണ്ടതിന് ശേഷമാണ് നമ്മുടെ ആൾക്കാർ കല്യാണം കഴിക്കുന്നത്. പിന്നീട് എത്ര വർഷം അവർ ഒരുമിച്ചു താമസിക്കുന്നു! ഭാര്യാഭർത്താക്കന്മാരുടെ ജീവിതത്തെക്കുറിച്ച് ഓർക്കുമ്പോൾ നമുക്ക് അത്ഭുതം തോന്നും. അവർ എന്തുമാത്രം പരസ്പരം അഡ്ജസ്റ്റ് ചെയ്ത് ജീവിക്കുന്നു. അതിനിടയിൽ പ്രസവവും, കുഞ്ഞുങ്ങളെ വളർത്തലുമൊക്കെ. ദൈവത്തിലുള്ള വിശ്വാസമാണ് അവരുടെ ഒരുമിച്ചുള്ള ജീവിതത്തെ പിടിച്ചുനിറുത്തുന്നത്. അതില്ലെങ്കിൽ എന്നും തല്ലും, വഴക്കും, വേർപിരിയലും ഉണ്ടാകും." അക്കാലത്തേക്കാൾ ഇക്കാലത്തെ വിവാഹവുമായി ബന്ധപ്പെട്ട മുൻകാര്യങ്ങളിൽ വളരെ വ്യത്യാസം വന്നിട്ടുണ്ടെങ്കിലും, ഒരു കാര്യം സത്യമാണ്. വിശ്വാസചൈതന്യം ഇല്ലെങ്കിൽ ദാമ്പത്യജീവിതം മുന്നോട്ടു പോകുകയില്ല. രോഗിയായ മകനുമായി ഞങ്ങളുടെ അടുത്തേക്ക് വന്ന റാഞ്ചിക്കാരൻ മലയാളി കുടുംബനാഥന്റെയും, മാനസ്സിക പിരിമുറുക്കത്തിൽ ജ്യോതിനിവാസിൽ വന്നുചേർന്ന യോഗ അധ്യാപകന്റെയുമൊക്കെ ദാമ്പത്യജീവിതത്തിൽ അവർ കാത്തുപോന്ന വിശ്വാസചൈതന്യത്തെ ഡൺസ്റ്റനച്ചൻ ആത്മനാ അഭിനന്ദിക്കുകയായിരുന്നു. ഒപ്പം, ദാമ്പത്യജീവിതത്തിൽ ഊടുംപാവുമായി എന്നും നിലനിൽക്കേണ്ട വിശ്വാസചൈതന്യത്തിന്റെ ആവശ്യകതയെ കുറിച്ചുള്ള ഡൺസ്റ്റനച്ചന്റെ ആഴമേറിയ അവബോധത്തെ അദ്ദേഹം പരിചയപ്പെടുത്തുകയും ആയിരുന്നു.

ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ വന്ന് കുറച്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം ഒരു ബലൂൺ കച്ചവടക്കാരൻ ഞങ്ങളുടെ താമസസ്ഥലത്തേക്ക് കടന്നു വന്ന് ഭക്ഷണം ആവശ്യപ്പെട്ടു. ബലൂണുകളുടെ കൂടെ ചില പാവകളും, പീപ്പികളുമൊക്കെ വില്പനയ്ക്കായി അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നു. അയാൾക്ക് ഡൺസ്റ്റനച്ചൻ ആവശ്യത്തിന് ഭക്ഷണം നൽകുന്നത് ഞങ്ങൾ കണ്ടു. കുറച്ചു

കഴിഞ്ഞപ്പോൾ ഞങ്ങൾ കണ്ടത് ഡൺസ്റ്റനച്ചനും ബലൂൺ കച്ചവടക്കാരനുമായി നല്ല വർത്തമാനം! ഞങ്ങൾ അത്ഭുതപ്പെട്ടു. ഏത് ഭാഷയിലാണാവോ ഡൺസ്റ്റനച്ചന്റെ സംസാരം? അവരുടെ അടുത്ത് ചെന്നപ്പോൾ ഞങ്ങളെ എല്ലാവരെയും അതിശയിപ്പിച്ച ഒരു കാര്യം ഞങ്ങളറിഞ്ഞു. ആ ബലൂൺ കച്ചവടക്കാരൻ പച്ച മലയാളിയാണ്! ഡൺസ്റ്റനച്ചൻ അയാളുടെ പക്കലുള്ള പീപ്പിയും മറ്റും പരിശോധിക്കുന്നുണ്ടായിരുന്നു. ചൈന പേപ്പർ കൊണ്ട ഒരു പുതിയ തരം പീപ്പി ഉണ്ടാക്കുവാൻ പഠിപ്പിക്കാമെന്ന് ഡൺസ്റ്റനച്ചൻ അയാളോട് പറഞ്ഞു. എന്നാൽ, ആ സമയത്ത് ചൈന പേപ്പർ ഞങ്ങളുടെ പക്കൽ ഉണ്ടായിരുന്നില്ല. അധികം വൈകാതെ ഡൺസ്റ്റനച്ചന്റെ പക്കൽ വരണമെന്ന് അയാളോട് പറഞ്ഞ് ചെറിയ ഒരു തുക നൽകിക്കൊണ്ട് അയാളെ ഡൺസ്റ്റനച്ചൻ യാത്രയാക്കി. പോകുന്ന സമയത്ത് അയാളുടെ മുഖത്തെ സന്തോഷം ഒന്നു കാണേണ്ടത് തന്നെ ആയിരുന്നു.

അധികം നാൾ കഴിയുന്നതിന് മുമ്പ് ആ ബലൂൺകാരൻ ജ്യോതി നിവാസിൽ വീണ്ടും വന്നു. അയാളെ ഒരു പുതിയ തരം വിസിൽ ഉണ്ടാക്കുന്നത് പഠിപ്പിക്കുവാൻ ആവശ്യമായ ചൈന പേപ്പർ ഡൺസ്റ്റനച്ചൻ വാങ്ങി കരുതിവെച്ചിരുന്നു. ഡൺസ്റ്റനച്ചൻ പഠിപ്പിച്ചുകൊടുത്ത വിദ്യ പ്രകാരം അയാൾ പുതിയ തരം പീപ്പി ഉണ്ടാക്കുന്നതിൽ പെട്ടെന്ന് സമർത്ഥനായി. അന്ന് അയാളെ ഭക്ഷണം കഴിപ്പിച്ച ശേഷം കുറെ ചൈന പേപ്പർ നല്കി കൊണ്ടാണ് ആ റാഞ്ചി ബലൂൺകാരൻ മലയാളിയെ ഡൺസ്റ്റനച്ചൻ യാത്രയാക്കിയത്. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ഡൺസ്റ്റനച്ചനെ കാണുവാൻ വന്നു. അന്ന് അദ്ദേഹത്തിന്റെ കച്ചവട സഞ്ചിയിൽ ഡൺസ്റ്റനച്ചൻ പഠിപ്പിച്ചത് പ്രകാരം ഉണ്ടാക്കിയ കുറെ പീപ്പികൾ ഉണ്ടായിരുന്നു. അയാൾ പറഞ്ഞു: “വലിയ ഈട് ഇല്ലെങ്കിലും, ഒരുവിധം നല്ല വിൽപന ഉണ്ട് ഈ പീപ്പിക്ക്. ചൈനപേപ്പർ ചുരുട്ടി ചുരുട്ടി ഉണ്ടാക്കുന്ന പീപ്പി ആയത് കൊണ്ട് വായിൽ വെച്ച് ഊതി സ്വരം ഉണ്ടാക്കുമ്പോൾ, കുറച്ച് കഴിഞ്ഞാൽ നനഞ്ഞ് പീപ്പി കേടാകും. എന്നാലും, മോശമല്ലാത്ത വിൽപന ഉണ്ട്.” ഡൺസ്റ്റനച്ചന്റെ കരുതൽ സ്നേഹത്തിലൂടെ സാധുവായ ആ മറുനാടൻ മലയാളി വിരസമായ തന്റെ ജീവിതയാത്രയിൽ വലിയ സന്തോഷ സമയങ്ങൾ കണ്ടെത്തി.

ഡൺസ്റ്റനച്ചൻ ഒരു നല്ല കലാകാരൻ ആയിരുന്നു. ഭംഗിയായി ചിത്രങ്ങൾ വരക്കുമായിരുന്നു. ചൈനപേപ്പർ കൊണ്ട് ഡൺസ്റ്റനച്ചൻ പീപ്പി ഉണ്ടാക്കുവാൻ പഠിപ്പിച്ചതും ഡൺസ്റ്റനച്ചനിൽ ഉണ്ടായിരുന്ന കലാവിരുതിന്റെ ഒരു ഉദാഹരണമാണ്. ഡൺസ്റ്റനച്ചന്റെ ഗുരുകാലത്തെ ക്രിസ്തമസ്സിന് ഞങ്ങൾ ഭംഗിയായി പുൽക്കൂട് അണിയിച്ചൊരുക്കി. ഞങ്ങളുടെ ബാച്ചിൽ വടക്കാംചേരിക്കാരനായ അലക്സാണ്ടർ എന്നു പേരായ ഒരു അംഗം ഉണ്ടായിരുന്നു. വിദഗ്ദ തബലിസ്റ്റായ അലക്സാണ്ടർ നല്ല ചിത്രകാരൻ കൂടിയായിരുന്നു. ഞങ്ങൾ സജ്ജീകരിച്ച പുൽക്കൂടിന്റെ മുഖ്യശിൽപി അലക്സാണ്ടർ ആയിരുന്നു. മനോഹരമായ ഒരു പൂന്തോട്ടത്തിന്റെ ചിത്രത്തോടു കൂടിയ ഒരു കർട്ടൻ അലക്സാണ്ടർ വരച്ച് പുൽക്കൂടിന്റെ പിൻവശത്ത് ഞാത്തിയിട്ടിരുന്നു. ഈ പൂന്തോട്ട ചിത്രകർട്ടനിൽ ഡൺസ്റ്റനച്ചന്റെ ശ്രദ്ധയും, നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. ചിത്രം സ്ഥാപിച്ച് കഴിഞ്ഞപ്പോൾ ഡൺസ്റ്റനച്ചൻ പറഞ്ഞു: “ബ്രദർ അലക്സാണ്ടർ, ചിത്രം വളരെ നന്നായിരിക്കുന്നു. കുറച്ച് പറക്കുന്ന കിളികളെ കൂടി ഉൾപ്പെടുത്തണം. കുട്ടികൾ അതൊക്കെയാണ് ശ്രദ്ധിക്കുക.” സമയം വളരെ വൈകിയിരുന്നു. അലക്സാണ്ടർ ആകെ അവശനായ അവസ്ഥയിൽ ആയികഴിഞ്ഞിരുന്നു. ഡൺസ്റ്റനച്ചൻ വേഗത്തിൽ ബ്രഷും, പെയിന്റും എടുത്ത് പുൽക്കൂടിന്റെ ഉള്ളിലേക്ക് കയറി. അദ്ദേഹം ഭാവന പ്രകാരം പറക്കുന്ന കിളികളെ വരച്ചു. പുൽക്കൂടിന്റെ പിൻവശത്തെ പൂന്തോട്ട കർട്ടൻ കൂടുതൽ ആകർഷകമായി തീരുകയും ചെയ്തു.

റാഞ്ചിയിൽ മലയാളികൾക്കു വേണ്ടി ഞങ്ങൾ ഒരു കലാസന്ധ്യ ഒരുക്കി. അതിൽ ഒരു നാടകമായിരുന്നു പ്രധാനപ്പെട്ട ഇനം. നാടകത്തിന്റെ ആരംഭത്തിൽ ഒരു അപകടം സംഭവിക്കുന്ന രംഗമുണ്ടായിരുന്നു. അപകടത്തിൽ പെടുന്ന കഥാപാത്രം ചോര വാർന്ന് റോഡിൽ കിടക്കുന്ന രംഗമായിരുന്നു ആദ്യം ഉണ്ടാകേണ്ടത്. പഠിപ്പി ന്റെ ഇടയിൽ ഞങ്ങൾ നാടകവും, ഒരു ഗാനമേളയും ഭംഗിയായി ഒരുങ്ങി. നാടകത്തിലെ ചോര വാർന്ന് കിടക്കുന്ന കഥാപാത്രത്തിന് ആവശ്യമായ സംഗതികൾ സജ്ജീകരിച്ചു തന്നത് ഡൺസ്റ്റനച്ചനാണ്. കോഴിമുട്ടയുടെ തൊണ്ടിൽ ചുവന്ന മഷി നിറച്ച് തരുകയും, അത് ചോര ഒലിക്കുന്ന രൂപത്തിൽ ആകുവാൻ കഥാപാത്രത്തിന്റെ വസ്ത്രത്തിനുള്ളിൽ ഒളിപ്പിച്ചു വെക്കുവാനുള്ള കാര്യങ്ങൾ ഡൺസ്റ്റനച്ചനാണ് ചെയ്തുതന്നത്.

അമ്പഴക്കാട് നവസന്യാസത്തിൽ എല്ലാ വർഷവും നവസന്യാസികൾക്കായി കലാമത്സരങ്ങൾ ഉണ്ടാകാറുണ്ട്. അതിൽ പ്രച്ഛന്ന വേഷ മത്സരത്തിൽ ഒരാൾ മദർ തെരേസ നിൽക്കുന്നത് അഭിനയിക്കുവാൻ തീരുമാനിച്ചു. പക്ഷെ, എവിടെ നിന്നു കിട്ടും മദർ തെരേസയുടെ സന്യാസ വസ്ത്രം? ഈ കാര്യം എങ്ങനെയോ ഡൺസ്റ്റനച്ചൻ അറിഞ്ഞു. ഡൺസ്റ്റനച്ചൻ പറഞ്ഞുകൊടുത്ത നിർദ്ദേശ പ്രകാരം ഡബിൾ മുണ്ടിന്റെ കരയിൽ നീല ക്രെയ്പ്പ് പേപ്പർ മുട്ടുസൂചി വെച്ച് തുന്നി പിടിപ്പിച്ച് മദർ തെരേസയുടെ സാരി ഉണ്ടാക്കി. ഇതുകൊണ്ട് തീർന്നില്ല മദർ തെരേസയുടെ വേഷവിധാന കാര്യങ്ങൾ. ഡൺസ്റ്റനച്ചൻ പറഞ്ഞു കൊടുത്തു: "എന്റെ ളോഹയുടെ അടിയിൽ ഇടുന്ന കുർത്ത പോലെയുള്ള വസ്ത്രമുണ്ടല്ലോ. അതു തരാം. അത് മേൽ വസ്ത്രമായി ഉപയോഗിച്ച്, സാരി ഉപയോഗിച്ചാൽ മതി. മദർ തെരേസയുടെ സന്യാസ വസ്ത്രം ആയി തീരും. ഡൺസ്റ്റനച്ചൻ പറഞ്ഞതു പ്രകാരമുള്ള കുർത്തയ്ക്കായി ചെന്നപ്പോൾ ഡൺസ്റ്റനച്ചൻ പറഞ്ഞു: "നാളെ വൈകിട്ടാണല്ലോ മത്സരം. അപ്പോഴേക്കും ഞാൻ അത് അലക്കി തേച്ച് വൃത്തിയാക്കി തരാം." സ്വയമായി അലക്കാമെന്ന് മത്സരാർത്ഥി പലവട്ടം പറഞ്ഞെങ്കിലും ഡൺസ്റ്റനച്ചൻ അത് ഗൗനിച്ചില്ല. ഡൺസ്റ്റനച്ചൻ തന്നെ വൃത്തിയാക്കി നൽകുകയും, പറഞ്ഞു കൊടുക്കുകയും ചെയ്ത മദർ തെരേസ വസ്ത്രത്തിൽ മത്സരിച്ച നോവിസിന് ഒന്നാം സ്ഥാനം ലഭിച്ചു എന്നുള്ളത് വലിയ സന്തോഷകരമായ സംഗതി. ഡൺസ്റ്റനച്ചന്റെ പക്കൽ അധികം വസ്ത്രങ്ങളൊന്നും ഉണ്ടായിരുന്നില്ല. അത്യാവശ്യത്തിനുള്ളത് മാത്രമാണ് ഉണ്ടായിരുന്നത്. അതുകൊണ്ടാണ് വസ്ത്രം ചോദിച്ചപ്പോൾ പെട്ടെന്ന് അലക്കി നൽകേണ്ട അവസ്ഥ ഉണ്ടായത് എന്നു കൂടി മനസ്സിലാക്കണം.

സ്വന്തം വസ്ത്രങ്ങൾ സ്വയമായി തന്നെ അലക്കുന്ന പ്രകൃതകാരൻ ആയിരുന്നു ഡൺസ്റ്റനച്ചൻ. റാഞ്ചിയിലെ തണുപ്പിലും, ചൂടിലും ഡൺസ്റ്റനച്ചന്റെ വസ്ത്രങ്ങൾ അലക്കി കൊടുക്കുവാൻ ഞങ്ങൾ വളരെ ശ്രമിച്ചിട്ടുണ്ട്. അലക്കുകാരൻ മുഷിഞ്ഞ വസ്ത്രങ്ങൾ കൊണ്ടുപോയാൽ ഒരാഴ്ച കഴിഞ്ഞിട്ടാണ് അലക്കി വൃത്തിയാക്കി തേച്ചു കൊണ്ടുവരാറുള്ളത്. ഡൺസ്റ്റനച്ചന് അധികം വസ്ത്രങ്ങൾ

ഇല്ലാതിരുന്നതുകൊണ്ട് അലക്കുകാരന്റെ പക്കൽ കൊടുക്കുവാൻ സാധിക്കില്ലായിരുന്നു. വസ്ത്രങ്ങൾ സ്വയമായി അലക്കുന്നത് ശീലമായിരുന്ന ഡൺസ്റ്റനച്ചൻ ഞങ്ങളെ കൊണ്ട് അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ ഒരിക്കലും അലക്കിപ്പിക്കാറുമില്ല.

കരുതലും കലയും തമ്മിൽ ബന്ധമുണ്ട്. മൈക്കിൾ ആഞ്ചലോ സിസ്റ്റൈയിൻ ചാപ്പലിന്റെ ചുമരിൽ സ്വർഗ്ഗ-നരക ചിത്രങ്ങൾ വരച്ചുകൊണ്ടിരിക്കുകയായിരുന്നു. ചിത്രരചന കാണുവാൻ വന്ന പ്രമാണിമാരിൽ ഒരാൾ മൈക്കിൾ ആഞ്ചലോയുടെ പൊക്ക കുറവിനെ കുറിച്ചും, കൂനിനെ കുറിച്ചും കളിയാക്കി. കുനിഞ്ഞ് ചിത്രങ്ങൾ വരച്ചിട്ടാണത്രെ മൈക്കിൾ ആഞ്ചലോയ്ക്ക് കൂനുണ്ടായത്. തന്നെ കളിയാക്കിയത് മൈക്കിൾ ആഞ്ചലോയ്ക്ക് തീരെ ഇഷ്ടമായില്ല. ഒരു പ്രശംസാ വാക്കോ, പ്രോത്സാഹന അഭിപ്രായമോ ഇല്ലാതെ തന്റെ കൂനിനെ കുറിച്ച് കരുതൽ ഇല്ലാതെ പരിഹസിച്ച ആ പ്രമാണിയെ മൈക്കിൾ ആഞ്ചലോ നരകത്തിന്റെ ചിത്രത്തിൽ ഒരു മനുഷ്യന്റെ രൂപത്തിൽ വരച്ച് ചേർത്തു.

മറ്റുള്ളവരോടുള്ള കരുതലും ഒരു കലയാണ്. കലാരൂപങ്ങൾ നമുക്ക് സന്തോഷം നൽകുന്നു. കരുതലോടുകൂടിയ സ്നേഹത്തിൽ സന്തോഷത്തിന്റെ മാനങ്ങൾ ഉണ്ട്. ഡൺസ്റ്റനച്ചന് കരുതലും കലയും കൈമുതലായി ഉണ്ടായിരുന്നു. അദ്ദേഹം സാധിക്കുന്ന വിധത്തിൽ തന്റെ ജീവിതംകൊണ്ട് മറ്റുള്ളവരെ സുകൃതസന്തോഷങ്ങളിലേക്ക് കൈപിടിച്ചു കൊണ്ടുപോകുമായിരുന്നു. ആദ്ധ്യാത്മികതയുടെ അന്തസത്ത മറ്റുള്ളവരെക്കുറിച്ചുള്ള കരുതലാണ് എന്ന് തന്റേതായ ഭാഷയിൽ ഡൺസ്റ്റനച്ചൻ പറയാറുണ്ട്.

# 11

# സൂര്യ സാന്നിധ്യങ്ങൾ

കനീഷ്യസച്ചനും, ഡൺസ്റ്റനച്ചനും വലിയ സുഹൃത്തുക്കളായിരുന്നു. 'ഇനം ഇനത്തോട് ചേരും' എന്നൊരു പഴമൊഴിയുണ്ടല്ലോ. ഇവർ രണ്ട് പേരും സുഹൃത്തുക്കളായത് സ്വാഭാവികം. രണ്ട് പേരും വിശുദ്ധരാകണം എന്നുള്ള ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ട് അതിശ്രേഷ്ഠമായ സന്യാസ പൗരോഹിത്യ ജീവിതം നയിക്കുവാൻ എപ്പോഴും ജാഗരൂകതയുള്ളവർ ആയിരുന്നു.

മഹാ സാഹിത്യകാരൻ കാളിദാസനടക്കമുള്ള അതിപ്രഗത്ഭരായ സിദ്ധികൾ ഉള്ളവരുടെ വിക്രമാദിത്യ ചക്രവർത്തിയുടെ വിദ്വൽ നവരത്ന സദസ്സിലേക്ക് രാജ്യത്തിലെ തപോവനത്തിൽ നിന്ന് രണ്ട് താപസന്മാർ ആഗതരായി. അവർക്ക് രാജകീയമായ സ്വീകരണം നൽകികൊണ്ട് ചക്രവർത്തി പറഞ്ഞു: "മുനിശ്രേഷ്ഠരേ, നിങ്ങൾ സൂര്യസമാനരാണ്. നിങ്ങളുടെ ആദിത്യ പ്രഭയിൽ വിരിയുന്ന താമരകളാണ് ഞങ്ങൾ. എന്നെയും, എന്റെ രാജ്യത്തെയും, ഈ നവരത്ന സദസ്സിനെയും നിങ്ങളുടെ പ്രകാശം കൊണ്ട് അഭിഷേകം ചെയ്താലും." താമര വിരിയുക സൂര്യ പ്രകാശത്തിലാണ്. താപസന്മാരുടെ തപശക്തി കൊണ്ടുള്ള അനുഗ്രഹ ഐശ്വര്യങ്ങൾക്ക് വിക്രമാദിത്യ നൃപൻ വലിയ മഹത്വവും പ്രാധാന്യവും നൽകിയിരുന്നു. കനീഷ്യസ് അച്ചൻ ഇപ്പോൾ തിരുസഭയിലെ ദൈവദാസ പദവിയിലാണ്. അധികം വൈകാതെ ഡൺസ്റ്റനച്ചനും ഈ പദവിയിലൂടെ കടന്നുപോയി വിശുദ്ധ സ്ഥാനത്ത് എത്തുമെന്നാണ് എല്ലാവരുടെയും പ്രതീക്ഷ. കനീഷ്യസച്ചനും, ഡൺസ്റ്റനച്ചനും സി.എം.ഐ. സഭയിൽ തങ്ങളുടെ ജീവിതങ്ങളിലൂടെ എല്ലായിടത്തും വിൺപ്രഭ പൊഴിച്ച സൂര്യ സാന്നിധ്യങ്ങളാണ്. അവരുടെ പ്രകാശ ധോരണിയിലൂടെ എല്ലാവരും കൂടുതൽ പ്രകാശപൂരിതരായി തീരുന്നു.

കനീഷ്യസച്ചന്റെ വിശുദ്ധ ജീവിതത്തെ കുറിച്ച് വലിയ മതിപ്പോടെ ഡൺസ്റ്റനച്ചൻ സംസാരിക്കാറുണ്ട്. സി.എം.ഐ. സഭയുടെ നിയമാവലി നവീകരണത്തിൽ സഭാംഗങ്ങൾ എല്ലാവരെയും ഉൾകൊള്ളിച്ച് കൊണ്ടുള്ള കനീഷ്യസച്ചന്റെ കർമ്മപരിപാടികളെ കുറിച്ച് ഡൺസ്റ്റനച്ചൻ പ്രശംസിക്കാറുണ്ടായിരുന്നു. ഡൺസ്റ്റനച്ചന്റെ അട്ടപ്പാടി ജീവിത കാലത്ത്, വളരെ കഷ്ടപ്പെട്ട് കനീഷ്യസച്ചൻ അവിടെ ചെന്നിരുന്നതിനെ കുറിച്ച് ഡൺസ്റ്റനച്ചന് വലിയ ആദരവ് ഉണ്ടായിരുന്നു. രണ്ട് പേരും പരസ്പരം ആത്മീയ കാര്യങ്ങൾ പങ്ക്വെക്കുകയും, കുമ്പസാരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അട്ടപ്പാടി ആശ്രമത്തിൽ അംഗമായി കൊണ്ട് മെച്ചപ്പെട്ട ആദ്ധ്യാത്മിക ജീവിതം നയിക്കുവാൻ കനീഷ്യസച്ചൻ ആഗ്രഹിക്കുന്നതായി ഡൺസ്റ്റനച്ചനോട് കനീഷ്യസച്ചൻ പറയാറുണ്ടായിരുന്നത്രെ.

മറ്റുള്ളവരോടുള്ള കരുതൽ സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ, ഡൺസ്റ്റനച്ചനോട് കനീഷ്യസച്ചൻ പങ്കുവെച്ച ഒരു കാഴ്ചാനുഭവം ഡൺസ്റ്റനച്ചൻ പറഞ്ഞത് ഓർക്കുന്നു. കനീഷ്യസച്ചൻ വടക്കേ ഇന്ത്യയിലേക്ക് ട്രെയിൻ യാത്ര ചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ ബെർത്തിനടുത്ത് പ്രായമായ മാതാപിതാക്കളുമായി യാത്രയിലായിരുന്ന ഒരു യുവാവ് ഉണ്ടായിരുന്നു. അവർ ഭക്ഷണം കഴിക്കുന്ന സമയത്ത്, ഭക്ഷണം ചെറുതായി ശിരസ്സിൽ കയറി യുവാവിന്റെ അമ്മ ചുമച്ചു. ഉടനെ ആ യുവാവ് ഭക്ഷണം വെക്കുവാൻ തന്റെ വായയുടെ അടുത്തെത്തിയ കൈ താഴോട്ടു നീക്കി ഭക്ഷണം പാത്രത്തിൽ തിരിച്ചുവെച്ച് അമ്മക്ക് വെള്ളം എടുത്തു കൊടുക്കുന്നത് കനീഷ്യസച്ചൻ ശ്രദ്ധിച്ചു. നല്ലവരുടെ നയനങ്ങൾ നന്മകൾ കാണുന്നതിൽ മുന്നിലായിരിക്കും. ആ യുവാവിന്റേതു പോലെയുള്ള കരുതൽ മനോഭാവം നമുക്കും വേണമെന്ന് ഡൺസ്റ്റനച്ചനോട് കനീഷ്യസച്ചൻ പറഞ്ഞു. കനീഷ്യസച്ചൻ പങ്ക് വെച്ച ഈ അനുഭവത്തെ മാതൃകയാക്കണം എന്ന് ഒരിക്കൽ ഡൺസ്റ്റനച്ചൻ ഞങ്ങൾക്ക് വേണ്ടിയുള്ള ഉപദേശത്തിൽ ഉൾകൊള്ളിക്കുകയുണ്ടായി. ഫലവൃക്ഷങ്ങൾ അവയുടെ ഫലങ്ങൾ ഭക്ഷിക്കാതെ മറ്റുള്ളവർക്കായി ദാനം ചെയ്യുന്നു. കനീഷ്യസച്ചനും, ഡൺസ്റ്റനച്ചനും പരിശുദ്ധാത്മാവിന്റെ പാവന ഫലങ്ങൾ നിറഞ്ഞു നിന്നിരുന്ന ദിവ്യ തരുക്കൾ ആയിരുന്നു. അവരുടെ

കരുതൽ മറ്റുള്ളവർക്ക് താമര പോലെ വിരിയുവാൻ വഴിയൊരുക്കിയിരുന്നു.

കനീഷ്യസച്ചന് റാഞ്ചിയിലെ മിഷൻ പഠനഗൃഹമായിരുന്ന ജ്യോതിനിവാസിനോട് പ്രത്യേക ആത്മബന്ധം ഉണ്ടായിരുന്നു. അതിന്റെ ഒരു പ്രധാന കാരണം കനീഷ്യസച്ചൻ തൃശൂർ ദേവമാതാ പ്രൊവിൻഷ്യൽ ആയിരുന്ന സമയത്താണ് ജ്യോതിനിവാസ് ആരംഭിച്ചത്. ഈ കാര്യങ്ങൾ അറിയാമായിരുന്ന ഡൺസ്റ്റനച്ചൻ ഞങ്ങളുടെ ഫൈനൽ പരീക്ഷകൾ അടുത്തപ്പോൾ കനീഷ്യസച്ചനോട് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടുകൊണ്ട് ഞങ്ങളോട് കത്ത് അയക്കുവാൻ പറഞ്ഞു. ഞങ്ങളുടെ കത്തിന് കനീഷ്യസച്ചൻ എഴുതിയ മറുപടിയിൽ വലിയ ആത്മീയ അഭിഷേകം നിറച്ചുകൊണ്ട് ഞങ്ങൾക്ക് നല്ലവണ്ണം പടിക്കുവാൻ വളരെ പ്രോത്സാഹനം നൽകി. കനീഷ്യസച്ചൻ സി.എം.ഐ. ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യൽ ആയിരുന്ന സമയത്ത് റാഞ്ചിയിലെ ജ്യോതിനിവാസിൽ വന്നിട്ടുണ്ടായിരുന്നു. ഈ പഠനഗൃഹം വാടകയ്ക്ക് നൽകിയ കൽക്കട്ടക്കാരനായ മുസ്തഫ മുതലാളി റാഞ്ചിയിൽ ഉണ്ടായിരുന്ന സമയത്താണ് കനീഷ്യസച്ചൻ ജ്യോതിനിവാസിൽ എത്തിയത്. കനീഷ്യസച്ചന്റെ ആത്മീയ പ്രഭാവത്തിൽ മുസ്തഫ ആകൃഷ്ടനാകുകയും, കനീഷ്യസച്ചന്റെ ആശീർവ്വാദം സ്വീകരിക്കുകയും ഉണ്ടായിട്ടുണ്ട്. ഡൺസ്റ്റനച്ചൻ റാഞ്ചിയിൽ ഉണ്ടായിരുന്ന സമയത്തും, മുസ്തഫ റാഞ്ചിയിൽ വരുമ്പോഴൊക്കെ ഭാര്യയുമായി വന്ന് ഡൺസ്റ്റനച്ചന്റെ ആശീർവ്വാദം സ്വീകരിക്കാറുണ്ട്. വലിയ സമ്പന്നൻ ആയിരുന്നു എങ്കിലും, സന്താനങ്ങൾ ഇല്ലാതിരുന്ന മുസ്തഫയ്ക്ക് ഈ പുണ്യപുരുഷന്മാരുടെ സാന്നിധ്യ സാമിപ്യവും, അനുഗ്രഹാശിസ്സുകളും വളരെ ആശ്വാസപ്രദമായിരുന്നു. ഭാരതീയ ആത്മീയ ചിന്തകനായിരുന്ന ശാർങ്ധരൻ പറയുന്നു: "ശ്രേഷ്ഠരായ സൽപുത്രരെ കൊണ്ട് സൂര്യനാൽ പകൽ എന്ന പോലെയും, ചന്ദ്രനാൽ രാത്രിയെന്ന പോലെയും വംശം മുഴുവൻ പ്രകാശമാനമാകുന്നു." കനീഷ്യസച്ചനിലൂടെയും, ഡൺസ്റ്റനച്ചനിലൂടെയും തിരുസഭയ്ക്കും, സി.എം.ഐ. സഭയ്ക്കും ലഭിച്ച യേശുപ്രകാശത്തിന്റെ പ്രസരണ വശങ്ങളാണ് ഇവിടെ തെളിയുന്നത്.

# 12

# സിസ്റ്റർ സിനിമ

വി. ഫ്രാൻസിസ്സ് അസ്സീസിയുടേയും, ക്ലാര പുണ്യവതിയുടേയും ചരിത്രത്തെ ആസ്പദമാക്കി 'Brother Sun and Sister Moon' സിനിമ സംവിധാനം ചെയ്ത വിശ്വപ്രസിദ്ധ ബൈബിൾ ചലചിത്രകാരൻ ഫ്രാങ്കോ സെഫിറേല്ലിയോട് ഒരിയ്ക്കൽ ഒരു അഭിമുഖത്തിൽ ചോദിച്ചു: "മറ്റുള്ള ലോകോത്തര സിനിമ സംവിധായകരിൽ നിന്ന് വ്യത്യസ്തനായി താങ്കൾ എന്തുകൊണ്ടാണ് വിശുദ്ധ വിഷയങ്ങളെ മാത്രം ആധാരമാക്കിയിട്ടുള്ള സിനിമകൾ സംവിധാനം ചെയ്യുവാൻ ഇഷ്ടപ്പെടുന്നത്?" സെഫിറേല്ലി കൊടുത്ത മറുപടി ഇതായിരുന്നു: "എന്റെ മാതാപിതാക്കൾ വളരെ കലാതാല്പര്യം ഉള്ളവർ ആയിരുന്നു. കല ആസ്വദിക്കാൻ ഞങ്ങൾ മക്കളെ അവർ കൂട്ടികൊണ്ടുപോകുമായിരുന്നു. പക്ഷെ, ഞാൻ അടക്കം ഉള്ള അവരുടെ മക്കളെ വിശുദ്ധ കലകൾ മാത്രമാണ് അവർ കാണിച്ചിരുന്നത്. മാനസ്സിക സന്തോഷത്തിനോടൊപ്പം, ആത്മീയ ഉണർവ്വും നൽകുന്ന കലകൾ കണ്ടത് കൊണ്ടാണ് ഞാൻ സംവിധായകരിൽ വ്യത്യസ്തനായി തീർന്നത്. മാതാപിതാക്കൾ കൂട്ടികൊണ്ടുപോയി മനസ്സിന് നൽകിയ സന്തോഷവും, ഉണർവ്വും എന്നെ ജീവിതത്തിൽ എപ്പോഴും മൂല്യങ്ങൾ അടങ്ങുന്ന ക്രിയാത്മകതയിലേക്ക് നയിച്ചു."

റാഞ്ചിയിലെ ഞങ്ങളുടെ രണ്ടാം വർഷ പഠനകാലം വളരെ വളരെ സന്തോഷപ്രദമായിരുന്നു. പഠിപ്പിന്റെ വിരസതയിൽ നിന്ന് ഞങ്ങൾക്ക് മോചനം ലഭിക്കാൻ ഡൺസ്റ്റനച്ചൻ ഞങ്ങൾക്കായി ധാരാളം ഉന്മേഷ പരിപാടികൾ സജ്ജീകരിച്ചു തന്നു. റാഞ്ചിയിൽ നിന്ന് കുറച്ച് ദൂരത്തുള്ള 'ദസ്സൻ ഫാൾ' (പത്ത് വെള്ളച്ചാട്ടങ്ങൾ ഒരുമിച്ചുള്ള ഒരു

പിക്നിക് സ്ഥലം), റാഞ്ചിയിൽ നിന്ന് ദൂരത്തുള്ള പലാമു ഡിസ്ട്രിക്ടിലുള്ള നാഷണൽ വന്യമൃഗ സങ്കേതം എന്നിവ കണ്ടത് വലിയ സന്തോഷത്തോടെ ഓർക്കുന്നു. ഒപ്പം, റാഞ്ചിയിൽ നിന്ന് അധികം ദൂരത്തല്ലാത്ത ഗബ്രിയേൽ ബ്രദേഴ്സിന്റെ ആശ്രമത്തിലേക്കും, അവരുടെ സുപ്രസിദ്ധമായ സ്ക്കൂൾ സമുച്ചയത്തിലേക്കും ഞങ്ങളെ കൊണ്ടുപോയതും ഓർക്കുന്നു. ഗബ്രിയേൽ ബ്രദേഴ്സിന്റെ ആശ്രമത്തിൽ ഉച്ചഭക്ഷണം ഞങ്ങൾക്കായി സജ്ജീകരിച്ചിരുന്ന വിധത്തിലായിരുന്നു ഞങ്ങളുടെ യാത്രാകാര്യങ്ങൾ. ഉച്ചഭക്ഷണത്തിനായി ഊട്ടുമുറിയിൽ പ്രാർത്ഥനയ്ക്കുശേഷം ഇരുന്ന ഞങ്ങളുടെ മുമ്പിൽ ഓരോ പാക്കറ്റ് വെയ്ക്കപ്പെട്ടു. "ഇത് നിങ്ങളുടെ ലഞ്ച്. തുറന്നോളൂ" എന്നുള്ള അവിടത്തെ ആശ്രമാധിപന്റെ സ്നേഹസ്വരം കേട്ട് പാക്കറ്റ് തുറന്നപ്പോൾ ഞങ്ങൾ കണ്ട കാഴ്ച അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഓരോ പാക്കറ്റിലും ഭക്ഷിക്കുവാനായി സ്വാദിഷ്ടമായ നൂഡിൽസ്! ഒരു ദിവസം ജ്യോതിനിവാസിൽ ഭക്ഷണസമയത്ത് കുര്യാക്കോസ് ചീരൻ ശെമ്മാശ്ശൻ നൂഡിൽസ് കഴിച്ചതിന്റെ രുചിയെക്കുറിച്ച് പറയുകയുണ്ടായി. അക്കാലത്ത് നൂഡിൽസ് ഒരു അപൂർവ്വവിഭവം ആയിരുന്നു. നൂഡിൽസുമായി ബന്ധപ്പെട്ട ചീരൻ ബ്രദറിന്റെ വർണ്ണനകൾ കേട്ടപ്പോൾ ഡൺസ്റ്റനച്ചൻ പറഞ്ഞു: "ഈ പിള്ളേരെ വെറുതെ കൊതിപ്പിക്കാതെ. അവർക്കുകൂടി ഇതൊക്കെ കഴിക്കാനുള്ള അവസരം കൊടുക്ക്." എല്ലാ കാര്യങ്ങളിലും ഞങ്ങൾക്ക് പുതിയ ഒരു ഉന്മേഷം പകരുന്ന സ്നേഹമയൻ ആയിരുന്നു ചീരൻ ശെമ്മാശ്ശൻ. ശെമ്മാശ്ശൻ പറഞ്ഞു: "അതിനെന്താ? അതൊക്കെ ശരിപ്പെടുത്താം. ഇവരുടെ പഠിപ്പ് ഒന്നുകൂടി ഉഷാർ ആകട്ടെ. അപ്പോൾ ഞാൻ സമ്മാനമായി നൂഡിൽസ് ഏർപ്പാടാക്കാം." അന്ന് ഭക്ഷണസമയം കഴിഞ്ഞ് ഞങ്ങൾ പോകുന്ന സമയത്ത് ഡൺസ്റ്റനച്ചനും, കുരുതുകുളങ്ങരയച്ചനും, ചീരൻ ബ്രദറും കാര്യമായി എന്തോ രഹസ്യം പറഞ്ഞ് ഊറിചിരിക്കുന്നത് ഞങ്ങളിൽ ചിലർ ശ്രദ്ധിച്ചിരുന്നു. ഈ സംഗതികൾക്ക് ശേഷം അധികം വൈകാതെ ആയിരുന്നു ഗബ്രിയേൽ ബ്രദേഴ്സിന്റെ ആശ്രമത്തിലേക്കുള്ള ഞങ്ങളുടെ സന്ദർശനം. ജോസ് കുരുതുകുളങ്ങര അച്ചന് ഗബ്രിയേൽ ബ്രദേഴ്സിന്റെ ആശ്രമവുമായി നല്ല അടുപ്പമുണ്ടായിരുന്നു. അവിടെ ഉച്ചഭക്ഷണത്തിന് ഹോട്ടലിൽ നിന്ന് ഞങ്ങൾക്കായി നൂഡിൽസ് പ്രത്യേ

കമായി സജ്ജീകരിക്കപ്പെട്ടിരുന്നു. ചീരൻ ബ്രദറിന്റെ നൂഡിൽസ് ഫുഡിന്റെ രുചിയെ കുറിച്ചുള്ള വർണ്ണന കേട്ട് നൂഡിൽസ് കഴിക്കുവാനുള്ള മോഹം ഞങ്ങൾ പ്രകടിപ്പിച്ചത് ഒട്ടും വൈകാതെത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു! കുരുതുകുളങ്ങര അച്ചന്റെ നേതൃത്വത്തിലായിരുന്നു അന്നത്തെ ഞങ്ങളുടെ യാത്ര. ഡൺസ്റ്റനച്ചന്റെയും, കുരുതുകുളങ്ങര അച്ചന്റെയും, ചീരൻ ശെമ്മാശ്ശന്റെയും കൂടപ്പിറപ്പുസ്നേഹം ഞങ്ങൾക്ക് സന്യാസകൂട്ടായ്മയുടെ സന്തോഷവശങ്ങളെ ഒന്നുകൂടി ആഴത്തിൽ മനസ്സിലാക്കുവാൻ അവസരം നൽകി. ഡൺസ്റ്റനച്ചനാണ് നൂഡിൽസ് ഭക്ഷിക്കുവാനുള്ള ഞങ്ങളുടെ ആഗ്രഹത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് കാര്യങ്ങൾ ഏർപ്പാടാക്കുവാനുള്ള സംഗതികൾക്ക് നേതൃത്വം നൽകിയതെന്ന് പിന്നീട് ഞങ്ങൾ മനസ്സിലാക്കി. ഗബ്രിയേൽ ബ്രദേഴ്സിന്റെ നൂഡിൽസ് സൽക്കാരത്തോടൊപ്പം വിശേഷപ്പെട്ട മുസാഫർപുർ ലീച്ചിപഴവും ഉണ്ടായിരുന്നു. ഇത്തരം ഉന്മേഷ പരിപാടികൾ ഗുരുവച്ചനായിരുന്ന ഡൺസ്റ്റനച്ചൻ ഞങ്ങൾക്കായി ഒരുക്കി തന്നതുകൊണ്ടുമാത്രമാണ് ഞങ്ങൾ എല്ലാവരും നല്ല നിലയിൽ റാഞ്ചിയിലെ ഇന്റർമീഡിയറ്റ് പാസായത്.

ഞങ്ങളുടെ പരീക്ഷകൾ മൂന്ന് മാസത്തോളം നീണ്ടുപോയി. അടിയന്തരാവസ്ഥ കഴിഞ്ഞ് ബീഹാറിൽ നിലവിൽ വന്ന സർക്കാർ സംബന്ധമായ പ്രശ്നങ്ങൾ കൊണ്ടാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ നീണ്ടുപോയത്. നല്ല ചൂട് കാലം തുടങ്ങിയിരുന്നു. ആ കാലഘട്ടത്തിൽ എല്ലാ ബുധനാഴ്ചകളിലും ഏകദിന ഔട്ടിംഗിന് ഗ്രൂപ്പുകളായി പണവും നൽകി ഞങ്ങളെ ഉന്മേഷമുള്ളവരാക്കുവാൻ ഡൺസ്റ്റനച്ചൻ പറഞ്ഞു വിടുമായിരുന്നു.

ഇങ്ങനെ ഏകദിന ഔട്ടിംഗിന് പോയി വരുമ്പോൾ പണം ചിലവാക്കിയതിന്റെ കൃത്യമായ കണക്ക് ഞങ്ങൾ ഗുരുവച്ചന് നൽകണമായിരുന്നു. ഒപ്പം, ഒരു യാത്രാവിവരണവും. ഇതിലൂടെ കൂടുതൽ ഉത്തരവാദിത്വമുള്ള ജീവിതശൈലി അഭ്യസിക്കുവാൻ ഡൺസ്റ്റനച്ചൻ ഞങ്ങൾക്ക് പരിശീലനം നൽകി. ഒരു പ്രാവശ്യത്തെ ഏകദിന ഔട്ടിംഗ് കഴിഞ്ഞ വന്ന് ഞങ്ങളിൽ ഒരു ഗ്രൂപ്പ് ലീഡർ നൽകിയ കണക്കിലെ ഇനങ്ങളുമായി ബന്ധപ്പെട്ട് ഒരു തമാശ ഉണ്ടായി. രാത്രി ഭക്ഷണത്തിന് ശേഷം എല്ലാവരും ഒരുമിച്ച് കൂടി ഇരുന്ന് ഔട്ടിംഗ് വിശേഷ

ങ്ങൾ പറഞ്ഞ് വിലയിരുത്തൽ നടത്തണമായിരുന്നു. ഡൺസ്റ്റനച്ചന് നൽകിയ കണക്കു കുറിപ്പുകളുമായിട്ടാണ് അദ്ദേഹം മീറ്റിംഗിലേക്ക് വരാറുള്ളത്. ആ കുറിപ്പുകളിൽ ഒരെണ്ണം എടുത്ത് ഡൺസ്റ്റനച്ചൻ ചോദിച്ചു: "ഏത് പാമ്പുകളെയാണ് വാങ്ങി തിന്നത്? റാഞ്ചിയിൽ പാമ്പുകളെ തിന്നുവാൻ കിട്ടുന്ന ഹോട്ടൽ എവിടെയാണ്?" ഞങ്ങൾ എല്ലാവരും ഉൽകണ്ഠപ്പെട്ടു. വാസ്തവം ഇതായിരുന്നു: ഒരാൾ കണക്ക് കൊടുത്തതിൽ 'Snacks' എന്നതിന് പകരം 'Snakes' എന്നാണ് എഴുതിയിരുന്നത്. ഞങ്ങളുടെ സ്വഭാവത്തിലും, പഠിപ്പിലും ഉള്ള അക്ഷര പിശകുകൾ ഡൺസ്റ്റനച്ചൻ തിരുത്തിയിരുന്നത് ഒരിക്കലും പിതൃകാർക്കശ്യത്തോടെയല്ല; മറിച്ച് പിതൃവാത്സല്യത്തോടെ ആയി രുന്നു.

പിതൃവാത്സല്യത്തിൽ വ്യംഗ്യ ഭാഷയിൽ ഡൺസ്റ്റനച്ചൻ ഒരാളെ തിരുത്തിയ ഒരു സംഭവം കൂടി ഓർത്തു പോകുന്നു. വൈദീക വിദ്യാർത്ഥികളായ ഞങ്ങൾക്ക് എന്തെങ്കിലും ഹോബി ഉണ്ടാകുന്നത് നല്ലതാണെന്ന് ഡൺസ്റ്റനച്ചൻ ഉപദേശിക്കാറുണ്ടായിരുന്നു. സ്റ്റാമ്പ് ശേഖരണത്തെ പ്രത്യേക രീതിയിൽ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരു ന്നു. സ്റ്റാമ്പുകൾ ശേഖരിച്ച് 'Holy Childhood' സംഘടനക്ക് അയച്ചു കൊടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചിരുന്നു. സ്റ്റാമ്പുകൾ ശേഖ രിച്ച് വിൽപന നടത്തി, അതിൽ നിന്ന് ലഭിക്കുന്ന പണം മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിന് സഹായമായി നൽകുന്ന ഒരു പദ്ധതി 'Holy Childhood' സംഘടനക്ക് ഉണ്ടായിരുന്നു. ഞങ്ങളെയും, മിഷൻ പ്രവർത്തനങ്ങളിൽ സ്റ്റാമ്പ് ശേഖരണത്തിലൂടെ ഭാഗഭാക്കാ ക്കുക എന്നതായിരുന്നു ഡൺസ്റ്റനച്ചന്റെ ലക്ഷ്യം. ഞങ്ങളിൽ ചിലർക്ക് സ്റ്റാമ്പ് ശേഖരണ ഹോബി ഉണ്ടായിരുന്നത് ഡൺസ്റ്റന ച്ചൻ മനസ്സിലാക്കിയിരുന്നു. സ്റ്റാമ്പ് ശേഖരണത്തിൽ ഡൺസ്റ്റനച്ചന്റെ പ്രത്യേക പ്രോത്സാഹനം ഇവരിൽ മത്സരബുദ്ധി വളരുവാൻ കാര ണമായി. ഇതിനെ കുറിച്ചൊന്നും ശുദ്ധനായ ഡൺസ്റ്റനച്ചൻ അറി ഞ്ഞിരുന്നില്ല.

ജ്യോതി നിവാസിലേക്ക് വന്നിരുന്ന പോസ്റ്റുമാൻ ആകൃതിയിലും, വർത്തമാനത്തിലും ഒരു തമാശക്കാരൻ ആയിരുന്നു. കണ്ടാൽ ഒരു പ്രായകാരന്റെ ശരീരപ്രകൃതിയുള്ള അദ്ദേഹം നടന്ന് വന്നുകൊ

ണ്ടാണ് പോസ്റ്റ് നൽകിയിരുന്നത്. അദ്ദേഹത്തിന്റെ രണ്ട് തോളുകളിലും പോസ്റ്റ് വസ്തുക്കൾ ഉള്ള സഞ്ചികൾ ഉണ്ടായിരുന്നു. കൈനിറയെ വിതരണത്തിനായിട്ടുള്ള കത്തുകളും. തലയിൽ ഒരു തൊപ്പി സ്ഥിരമായി ഉപയോഗിച്ചിരുന്നു. വലിയ ഉയരം ഇല്ലാതിരുന്ന കൃശഗാത്രനായ അദ്ദേഹത്തിന്റെ നടപ്പും, വസ്ത്രധാരണ രീതിയുമെല്ലാം കണ്ടാൽ, റോബർട്ട് ബ്രൗണിംഗിന്റെ 'പൈഡ് പൈപ്പർ' ഓർമ്മ വരും. സ്റ്റാമ്പ് ശേഖരണ താല്പര്യം ഞങ്ങളിൽ കുറച്ച് പേർക്ക് മത്സരബുദ്ധിക്ക് വഴിയൊരുക്കിയെന്ന് സൂചിപ്പിച്ചുവല്ലോ. ഞങ്ങളിൽ ഒരാൾ ഈ പൈഡ് പൈപ്പർ പോസ്റ്റ്മേൻ ആയിട്ട് വലിയ സൗഹൃദത്തിൽ ആകുകയും, അദ്ദേഹത്തിൽ നിന്ന് സ്റ്റാമ്പുകൾ തരപ്പെടുത്തി എടുക്കുകയും തുടങ്ങി. വിതരണം ചെയ്യുവാനുള്ള പോസ്റ്റൽ കവറുകളിൽ നിന്നാണ് പോസ്റ്റ്മാൻ സ്റ്റാമ്പുകൾ അടർത്തി എടുത്ത് സൂത്രത്തിൽ നൽകയിരുന്നത് എന്നുള്ളത് സ്റ്റാമ്പ് ശേഖരക്കാരൻ ഗൗരവമായി എടുത്തിരുന്നില്ല. പോസ്റ്റുമാൻ വന്ന് കാളിംഗ്ബെൽ അടിക്കുമ്പോൾ നിശ്ചയിക്കപ്പെട്ട ആൾക്കാണ് പോസ്റ്റ് സ്വീകരിക്കുവാൻ പോകുവാനായി അനുവാദം ഉണ്ടായിരുന്നത്. എന്നാൽ, പോസ്റ്റുമാന്റെ കയ്യിൽ നിന്ന് സ്റ്റാമ്പ് സ്വീകരിക്കുന്നയാൾ കൂടി പോസ്റ്റുമാൻ എത്തുന്ന സമയത്ത് പോകുന്നത് പതിവായി തീർന്നു. ഇത് ഡൺസ്റ്റനച്ചൻ ശ്രദ്ധിക്കുകയും കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്തു.

വൈകുന്നേരങ്ങളിലെ ഞങ്ങളുടെ ഒരു മീറ്റിംഗിൽ അദ്ദേഹം പറഞ്ഞു: "ഹോബി കൂടി കൂടി ആർക്കും കിറുക്ക് വേണ്ട. ഇവിടെ നിന്ന് നാട്ടിൽ ചെന്നാൽ നിങ്ങളെ നോവിഷ്യേറ്റിലേക്കാണ് ഞാൻ എത്തിക്കേണ്ടത്. സ്രാമ്പിയിലേക്കല്ല. പോസ്റ്റ്മാൻ വരുന്നത് സ്റ്റാമ്പ് നൽകാൻ അല്ല, പോസ്റ്റ് തരാനാണ്. ഇനി ആരും പോസ്റ്റ്മാന്റെ കൈയിൽ നിന്ന് സ്റ്റാമ്പ് കൈക്കലാക്കാൻ പോകരുത്." കാര്യം ഞങ്ങൾക്ക് മനസ്സിലായി. അമ്പഴക്കാട് ആശ്രമത്തിൽ സ്രാമ്പി എന്ന് പേരുള്ള ഒരു താമസസ്ഥലം ഉണ്ടായിരുന്നു. രോഗികളെ മാറ്റി താമസിപ്പിക്കുവാനുള്ള താല്ക്കാലിക വസതി ആയിരുന്നു സ്രാമ്പി. ഇതിന് ശേഷം ആരും സ്റ്റാമ്പ് ശേഖരണത്തിനായി പോസ്റ്റ്മാന്റെ പക്കൽ പോകാറില്ല.

ഞങ്ങൾ പതിനൊന്ന് യോഗാർത്ഥികളും, രണ്ട് അച്ചന്മാരും, ചീരൻ

ശെമ്മാശ്ശനും കൂടി പതിനാലു പേരായിരുന്നു ജ്യോതിനിവാസിൽ താമസിച്ചിരുന്നത്. ഞങ്ങൾക്കായി രണ്ടേ രണ്ട് ടോയ്‌ലറ്റ് മുറികൾ മാത്രമാണ് ഉണ്ടായിരുന്നത്. പരിമിതമായ ടോയ്‌ലറ്റ് മുറികളുള്ള അവസ്ഥ ഞങ്ങൾക്ക് രാവിലെയും വൈകീട്ടും അസൗകര്യങ്ങൾ ഉണ്ടാക്കാറുണ്ട്. ടൈംടേബിൾ പ്രകാരം നിശ്ചിത സമയത്ത് എത്തിചേരുവാൻ പ്രയാസമുണ്ടായിരുന്നു. ഞങ്ങളിൽ ഒരാൾ വൈകുന്നേരം കുളിക്കുവാൻ വളരെ കൂടുതൽ സമയം എടുക്കുന്ന പതിവ് ഈ ബുദ്ധിമുട്ടുകൾ കൂട്ടുകയുണ്ടായി. റെക്ടറച്ചൻ ഈ കാര്യം ശ്രദ്ധിച്ചു. ഒരു ദിവസം അദ്ദേഹം പറഞ്ഞു: "ചിലരുടെ നീണ്ട കുളി അവരെ കുളിമുറിയിൽ നിന്ന് ആഘോഷമായി ഡ്രസ്റൂമിൽ കൊണ്ടുചെന്ന് ആക്കേണ്ട ആവശ്യം ആയിതുടങ്ങി. നീണ്ട നേരം കുളിച്ച് കൂടുതൽ സൗന്ദര്യവുമായി വരുന്നവർക്ക് അത് നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുന്നവർ കൂടെ വേണമല്ലോ." ഡൺസ്റ്റനച്ചൻ പറഞ്ഞ ഈ തമാശ ചിലർക്ക് കൂടുതൽ തമാശ ഉണ്ടാക്കുവാൻ പ്രേരകമായി. അധികം സമയമെടുത്ത് കുളിക്കുന്ന ആളുടെ കുളിമുറിയുടെ വാതിൽക്കൽ കുടയും, കൊടികളുമായി ചിലർ വാതിൽ തുറക്കുന്നത് നോക്കി നിന്നു. അവിടെ നിന്നും, ഇവിടെ നിന്നും ചില വടികൾ സംഘടിപ്പിച്ച് അതിൽ കുളിമുണ്ടുകൾ ഇട്ടുകൊണ്ടാണ് കൊടികൾ തയ്യാറാക്കിയത്. ദീർഘ കുളിക്കാരൻ കുളിമുറിയിൽ നിന്ന് ഇറങ്ങിയ ഉടനെ, എല്ലാവരും കൂടി ജയ് വിളിച്ച്, കുട ചൂടി കൊടികളുടെ അകമ്പടിയോടെ ആളെ ഡ്രസ്റൂമിൽ കൊണ്ടാക്കി. ദീർഘകുളിക്കാരന് കാര്യങ്ങൾ മനസ്സിലായി. പിന്നീട് ഒരിക്കലും അധികം സമയമെടുത്തുള്ള കുളിക്ക് അദ്ദേഹം തുനിയാറില്ല.

വരച്ച വരയിൽ നിറുത്തി ശാസനയും, ശിക്ഷയും നൽകി പരിശീലനം നൽകുവാൻ എളുപ്പമാണ്. പക്ഷേ, കളിയും ചിരിയും മേമ്പൊടിയായി ചേർത്ത് കാര്യങ്ങൾ ഗ്രഹിക്കത്തക്ക പരിശീലനം നൽകുവാൻ ഡൺസ്റ്റനച്ചനെ പോലെയുള്ള വിശുദ്ധ പരിശീലകർക്കുമാത്രമാണ് സാധിക്കുന്നത്.

തിരുത്തേണ്ടത് തിരുത്തുന്നവൻ ആയിരുന്നു ഡൺസ്റ്റനച്ചൻ. പക്ഷെ, ഡൺസ്റ്റനച്ചന്റെ തിരുത്തുന്ന ശൈലി സ്നേഹത്തിന്റെയും വാത്സല്യത്തിന്റേയും ശൈലി ആയിരുന്നു എന്ന് സ്പഷ്ടം.

ഇലയ്ക്കും മുള്ളിനും കേട് കൂടാതെയുള്ള ഡൺസ്റ്റനച്ചന്റെ തിരുത്തൽ ശൈലിയിൽ ആദരവും ആത്മാർത്ഥതയും ഉണ്ടായിരുന്നു എന്നുള്ളത് അദ്ദേഹത്തിൽ ഉണ്ടായിരുന്ന ആഴമേറിയ ആദ്ധ്യാത്മികതയുടെ മാറ്റ് തെളിയിക്കുന്നതായിരുന്നു.

റാഞ്ചിയിൽ ഞങ്ങളുടെ താമസസ്ഥലത്തിന്റെ മതിലിന്റെ അപ്പുറത്ത് ഒരു സിനിമ തിയ്യേറ്റർ ഉണ്ടായിരുന്നു. 'സന്ധ്യ' തിയ്യേറ്റർ. ഒരിയ്ക്കൽ ആ തിയ്യേറ്ററിൽ 'സിസ്റ്റർ' എന്ന പേരുള്ള ഒരു ബംഗാളി സിനിമ വന്നു. വളരെ സുപ്രസിദ്ധമായ ഒരു സിനിമ ആയിരുന്നു അത്. ഒരു സിസ്റ്ററിന്റെ ജീവചരിത്രമാണ് ആ സിനിമ എന്നും, അത് കാണുന്നത് നല്ലതാണ് എന്നും ഡൺസ്റ്റനച്ചൻ മനസ്സിലാക്കി. ഞങ്ങളെ രണ്ട് ബാച്ചുകളായി ഡൺസ്റ്റനച്ചൻ ആ സിനിമയ്ക്ക് പറഞ്ഞുവിട്ടു. ആദ്യം ആ സിനിമയ്ക്ക് പോയ ബാച്ചുകാർ വന്നപ്പോൾ, ആ സിനിമയെ കുറിച്ച് വളരെ നല്ല അഭിപ്രായം പറഞ്ഞു. രണ്ടാമത്തെ ബാച്ചുകാരും ആ സിനിമയ്ക്ക് പോയി. സിനിമ കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ, ആ സിനിമയിൽ പറഞ്ഞു കേട്ട സിസ്റ്ററിനെ കണ്ടില്ല എന്ന് വളരെ പരിഭവത്തോടെ അവർ പറഞ്ഞു. ഒപ്പം, ബംഗാളി സിനിമ ആണെങ്കിലും, ഡയലോഗുകളൊക്കെ കുറെ മനസ്സിലായി എന്നും പറഞ്ഞു. പിന്നീടാണ് കാര്യങ്ങളുടെ യാഥാർത്ഥ്യം മനസ്സിലായത്. രണ്ടാമത്തെ ബാച്ചുകാർ പോയ സിനിമ സമയത്ത് 'സിസ്റ്റർ' സിനിമയല്ല; ഹിന്ദി സിനിമയായിരുന്നു പ്രദർശിപ്പിച്ചിരുന്നത്. 'സിസ്റ്റർ' സിനിമയ്ക്ക് ഒരു പ്രദർശനം മാത്രമാണ് ഉണ്ടായിരുന്നത്. രണ്ടാം ബാച്ചുകാർക്ക് പരിഭവമായി. നല്ലവനായ ഡൺസ്റ്റനച്ചൻ അടുത്ത ദിവസം, വീണ്ടും അവരെ 'സിസ്റ്റർ സിനിമ' കാണാൻ പറഞ്ഞുവിട്ടു.

അനാഥാലയം നടത്തിയിരുന്ന ഒരു സിസ്റ്ററിന്റെ അനാഥാലയത്തിലെ അന്തേവാസികളായ കുട്ടികളെ കൊള്ളക്കാർ ആക്രമിച്ച് കൊല്ലുന്നതും, ആ സിസ്റ്റർ ആ കുഞ്ഞുങ്ങളെ ഓർത്ത് ദുഃഖിക്കുന്നതുമൊക്കെ ആയിരുന്നു 'സിസ്റ്റർ' സിനിമയുടെ ഇതിവൃത്തം. സിസ്റ്ററിന്റെ ത്യാഗോജ്ജ്വലമായ ജീവിതം ആ സിനിമ കണ്ടാൽ വളരെ പ്രചോദനകരം ആകുമായിരുന്നു. മലയാളത്തിലെ 'ചെമ്മീൻ' സിനിമയിൽ സംഗീത സംവിധാനം ചെയ്തിട്ടുള്ള ബംഗാളി സംഗീതജ്ഞൻ

സലിൽ ചൗധരി ആയിരുന്നു ഈ സിനിമയുടേയും സംഗീത സംവിധായകൻ. 'ചെമ്മീൻ' സിനിമയിലെ ചില ഗാനങ്ങളുടെ രീതിയിലുള്ള ബംഗാളി ഗാനങ്ങൾ ഈ സിനിമയിൽ ഉണ്ടായിരുന്നു. 'സിസ്റ്റർ' സിനിമ കണ്ടതിന് ശേഷം, ഡൺസ്റ്റനച്ചൻ എല്ലാവരെ കൊണ്ടും ആസ്വാദന കുറിപ്പ് എഴുതി വാങ്ങിച്ച് വിലയിരുത്തലുകൾ നടത്തി. സ്ഥലകാല സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള ഡൺസ്റ്റനച്ചന്റെ പരിശീലന പ്രക്രിയ മികവുള്ളതായിരുന്നു എന്നതിന്റെ ഒരു തികഞ്ഞ തെളിവ് കൂടിയായിരുന്നു ഇതൊക്കെ. ഒപ്പം, ഡൺസ്റ്റനച്ചൻ ഒരു പഴഞ്ചൻ കർശന പരിശീലകൻ ആയിരുന്നില്ല; മറിച്ച്, തന്റെ പരിശീലന കർമ്മ പരിപാടികളിൽ എന്നും അത്യാവശ്യമായ മാറ്റങ്ങൾ ഉൾകൊള്ളുവാൻ അദ്ദേഹം ജാഗ്രത ഉള്ളവനുമായിരുന്നു എന്നു കൂടി ഇവിടെ സ്പഷ്ടമാകുന്നു. ഈ ജാഗ്രത ആത്മീയതയിൽ അടിസ്ഥാനമിട്ടതായിരുന്നു. അതിലൂടെ തന്റെ കൂടെയുള്ള പരിശീലനാർത്ഥികളോടുള്ള ഡൺസ്റ്റനച്ചന്റെ കരുതൽ പ്രസരിച്ചിരുന്നു.

ഈ കരുതലിൽ ഡൺസ്റ്റനച്ചൻ വിവേകവും, വിവേചന ബുദ്ധിയും കൂട്ടികലർത്തിയിരുന്നു. അതുകൊണ്ട്, തന്റെ പരിശീലനാർത്ഥികളുടെ വിനോദ ഘടകങ്ങൾക്ക് പരിധി നിശ്ചയിക്കുവാനും ഡൺസ്റ്റനച്ചന് കഴിഞ്ഞിരുന്നു. 'സിസ്റ്റർ' സിനിമ കണ്ടതിനുശേഷം അധികം വൈകാതെ സന്ധ്യ തിയേറ്ററിൽ 'മുഗൾ-എ-ആജം' എന്ന സിനിമ വന്നു. ഈ സിനിമ വളരെ സുപ്രസിദ്ധമായിരുന്നു. അക്ബർ ചക്രവർത്തിയുടെ മകൻ സലീം രാജകുമാരന്റെ പ്രണയവുമായി ബന്ധപ്പെട്ടതായിരുന്നു ഈ സിനിമ. ഞങ്ങൾക്ക് ഇന്റർമീഡിയറ്റിന് ഹിസ്റ്ററി ഒരു പ്രധാന വിഷയമായിരുന്നു. അതിൽ മുകൾ ഭരണകാലം മുഖ്യഭാഗം ആയിരുന്നു. ഈ കാര്യങ്ങളുടെ മറപിടിച്ചുകൊണ്ട് ഞങ്ങളിൽ ചിലർ 'മുഗൾ-എ-ആജം' കാണുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഹിസ്റ്ററി പഠനത്തിന് ഇത് ഉപയോഗമാകും എന്നായിരുന്നു ഇവരുടെ വാദഗതി. കാര്യങ്ങൾ ശ്രവിച്ച ഡൺസ്റ്റനച്ചൻ അവരോട് പറഞ്ഞു: "നിങ്ങൾക്ക് റഫറൻസിനായി ഇഷ്ടം പോലെ ഹിസ്റ്ററി പുസ്തകങ്ങൾ ഉണ്ടല്ലോ. മാത്രവുമല്ല, ഹിസ്റ്ററിയിൽ റാങ്ക് ലഭിച്ച ചീരൻ ശെമ്മാശ്ശനും ഇവിടെയുണ്ട്. സിനിമയിൽ ഹിസ്റ്ററി പഠിപ്പിക്കുന്നത് ഉണ്ടാകില്ല. ആ സിനിമ കണ്ട് സമയം കളയുന്ന നേരം ഹിസ്റ്ററി പുസ്തക

ങ്ങൾ റഫർ ചെയ്ത് പഠിക്ക്. അടുത്തടുത്ത് സിനിമയ്ക്ക് പോയാൽ, നിങ്ങളുടെ പഠിപ്പിലുള്ള താല്പര്യം തന്നെ ഇല്ലാതാകും." അങ്ങനെ സൂത്രത്തിൽ ഒരു സിനിമ കൂടി കാണുവാനുള്ള ചിലരുടെ വ്യാമോഹ പദ്ധതി ഡൺസ്റ്റനച്ചൻ പൊളിച്ചടക്കി കൊടുത്തു. ചാവറയച്ചൻ പറ ഞ്ഞിരിക്കുന്നു: "ദൈവത്തിന് ഇഷ്ടമില്ലാത്തത് കാത്തുസൂക്ഷിച്ച് വെയ്ക്കുന്നത് വൈക്കോലിനകത്ത് തീ വെയ്ക്കുന്നത് പോലെയാ ണ്." ചാവറ ഭക്തനായിരുന്ന ഡൺസ്റ്റനച്ചൻ തന്റെ പരിശീലനത്തി ലുള്ളവരുടെ മനസ്സിലും ഭാവനയിലും എന്തൊക്കെ കാത്തുസൂക്ഷി ക്കുന്നതാണ് സുരക്ഷിതം എന്നതിനെക്കുറിച്ച് നല്ല അറിവുള്ള പരി ശീലകനായിരുന്നു. ഒപ്പം, പരിശീലനാർത്ഥികളുടെ സൂത്രങ്ങളും, അട വുകളും വിവേചിച്ചറിയുവാനുള്ള വിശുദ്ധമായ വിവേകവും ഡൺസ്റ്റ നച്ചന് ഉണ്ടായിരുന്നു.

# 13

# മായാവിയായ മരപ്പട്ടി

ഡൺസ്റ്റനച്ചൻ അമ്പഴക്കാട് നോവിഷ്യേറ്റ് പരിശീലന ടീമിലെ അംഗമായിരുന്ന സമയത്താണ് മലാക്കിയസ് കണ്ണനായിക്കൽ അച്ചൻ കാൻസർ രോഗബാധിതനായി മരിക്കുന്നത്. മലാക്കിയസ് അച്ചൻ മരിക്കുന്ന സമയത്ത് തൃശൂർ ദേവമാതാ പ്രവിശ്യയിൽ നിന്ന് വിഭജിക്കപ്പെട്ട് കോയമ്പത്തൂർ പ്രേഷിത വൈസ് പ്രോവിൻസ് നിലവിൽ വന്നു കഴിഞ്ഞിരുന്നു. മലാക്കിയസ് അച്ചൻ പ്രേഷിത പ്രവിശ്യാംഗം ആയിരുന്നു എങ്കിലും, അദ്ദേഹത്തെ സംസ്കരിച്ചത് അമ്പഴക്കാട് ആശ്രമ ദേവാലയത്തിനോട് അനുബന്ധിച്ചുള്ള കല്ലറയിൽ ആയിരുന്നു. പ്രേഷിത പ്രോവിൻസിൽ അക്കാലത്ത് മൃതസംസ്ക്കാരത്തിനുള്ള സംവിധാനങ്ങൾ ഉണ്ടായി കഴിഞ്ഞിട്ടില്ലായിരുന്നു. തൃശൂർ അമല ആശുപത്രിയിൽ നിന്ന് മലാക്കിയച്ചന്റെ മൃതശരീരം അമ്പഴക്കാട് എത്തിയതിന്റെ അടുത്ത ദിവസം ആയിരുന്നു മൃതസംസ്കാരം. ഫ്രീസർ സൗകര്യമൊന്നും ആ കാലഘട്ടത്തിൽ ഇല്ലായിരുന്നു. ശവസംസ്കാരത്തിന്റെ തലേദിവസം ദേവാലയത്തിൽ മഞ്ചയിൽ സൂക്ഷിച്ചിരുന്ന മലാക്കിയസ് അച്ചന്റെ മൃതദേഹത്തിന്റെ അടുത്ത് ഞങ്ങൾ നോവിസുകൾ നിശ്ചയിക്കപ്പെട്ട ചെറു ചെറു ഗ്രൂപ്പുകളായി മാറിമാറി പ്രാർത്ഥന ചൊല്ലികൊണ്ട് കൂടെ ഇരുന്നിരുന്നു. ഡൺസ്റ്റനച്ചൻ മുഴുവൻ സമയവും ഉറക്കം മാറ്റി വെച്ചുകൊണ്ട് ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. അത് രാത്രിയിൽ മൃതദേഹത്തിന്റെ അടുത്ത് ഇരുന്നിരുന്ന ഞങ്ങൾക്ക് വളരെ ആശ്വാസകരമായിരുന്നു. കോയമ്പത്തൂർ പ്രവിശ്യയിലേക്ക് അംഗത്വം സ്വീകരിച്ചിരുന്ന ഭാഗ്യസ്മരണാർഹനായ ബ്രദർ ജോസ് നെരെപറമ്പിലും, ഞാനും ഉൾപ്പെട്ടിട്ടുള്ള ഗ്രൂപ്പുകാർ മലാക്കിയസ് അച്ചന്റെ മൃതദേഹത്തിനടുത്ത് ഇരുന്ന്

പ്രാർത്ഥന ചൊല്ലി കൊണ്ടിരിക്കുകയായിരുന്നു. സമയം പാതിര കഴിഞ്ഞിരുന്നു. പെട്ടെന്ന് വലിയ ഒരു മരപ്പട്ടി ദേവാലയത്തിന്റെ ബാൽക്കണിയിൽ നിന്ന് താഴോട്ട് ചാടി. ഞങ്ങൾ ആകെ പേടിച്ചു. സ്വല്പ നേരം കൊണ്ട് മരപ്പട്ടി ഓടിമറയുകയും ചെയ്തു. ഞങ്ങളുടെ പരിഭ്രാന്തി മനസ്സിലാക്കി ഡൺസ്റ്റനച്ചൻ, ഞങ്ങളോട് പോയി മുഖം കഴുകി ഊട്ടുമുറിയിൽ വെച്ചിരുന്ന കട്ടൻ കാപ്പി കുടിച്ച് വരുവാൻ പറഞ്ഞു. പക്ഷെ, പേടി കൊണ്ട് ഞങ്ങളാരും പോകുവാൻ തയ്യാറായില്ല. ഇത് മനസ്സിലാക്കിയ ഡൺസ്റ്റനച്ചൻ ഞങ്ങളെ ഓരോരുത്തരെ ഊട്ടുമുറിയിൽ കൊണ്ടുപോയി കാപ്പി കുടിപ്പിച്ച് തിരികെ കൊണ്ടുവന്നു. വളരെ വിനോദ പ്രിയൻ ആയിരുന്ന ബ്ര. ജോസ് നെരേപറമ്പിൽ മരപ്പട്ടിയുടെ ചാടലും, ഓടലും, ഞങ്ങളുടെ പരിഭ്രമവുമൊക്കെ പിന്നീട് മിമിക്രി കാണിച്ച് ചിരിപ്പിക്കാറുണ്ടായിരുന്നു.

പരിഭ്രാന്തരായി എമ്മാവൂസിലേക്ക് പോയിരുന്ന ശിഷ്യന്മാരുടെ കൂടെ നടന്നുകൊണ്ട് ധൈര്യം പകർന്ന് നൽകുകയും, തിരുവചനങ്ങൾ വ്യാഖ്യാനിച്ച് കൊടുത്തുകൊണ്ട് ആത്മീയ നേത്രങ്ങൾ തുറന്ന് കൊടുക്കുകയും ചെയ്ത ഉത്ഥിതനായ യേശു കാണിച്ചു കൊടുത്ത മഹാ പരിശീലന മാതൃകയുടെ ഉപാസകൻ ആയിരുന്നു ഡൺസ്റ്റനച്ചൻ. അദ്ദേഹത്തിന്റെ കൂടെ ആയിരിക്കുക എന്നത് എല്ലാവർക്കും ആത്മീയതയുടെ ഉള്ളറകളിലേയ്ക്ക് ഊർന്നിറങ്ങാനുള്ള സൗഭാഗ്യ സമയങ്ങൾ ആയിരുന്നു.

# 14

# മറവിയിലെ ഓർമ്മകൾ

ഡൺസ്റ്റനച്ചന്റെ ശിഷ്യനായിരുന്ന ഒരു ശമ്മാശന്റെ തിരുപ്പട്ടം നീട്ടി വെക്കപ്പെടുകയുണ്ടായി. ബാച്ചിൽ ഉള്ളവരൊക്കെ പൗരോഹിത്യം സ്വീകരിച്ച സാഹചര്യത്തിൽ, തന്റെ തിരുപ്പട്ടത്തെക്കുറിച്ച് തീരുമാനം ഒന്നും ആകാത്തതുകൊണ്ട് വളരെ മാനസിക പിരിമുറുക്കത്തിൽ ഈ ശെമ്മാശൻ തന്റെ ഗുരുവായിരുന്ന ഡൺസ്റ്റനച്ചനെ കണ്ട് ദുഃഖ ങ്ങൾ പങ്കുവെച്ച് ഉപദേശം തേടുവാൻ ചെന്നു. ശെമ്മാശ്ശന്റെ സത്യ സന്ധമായ, പങ്കുവെക്കൽ കേട്ടപ്പോൾ ഡൺസ്റ്റനച്ചനും വലിയ ദുഃഖം ഉണ്ടായി. അദ്ദേഹം പറഞ്ഞു: "ശെമ്മാശ്ശനെക്കുറിച്ച് മേലധികാരി കൾ എടുത്ത തീരുമാനം ശരിയാണോ, തെറ്റാണോ എന്ന് ഇപ്പോൾ പരിശോധിക്കേണ്ടതില്ല. അങ്ങനെ ഒരു പരിശോധനക്ക് ഒരുമ്പെട്ടാൽ വിദ്വേഷവും, വൈരാഗ്യവും മനസ്സിൽ നിറയും. കൂടുതൽ സങ്കടവും നിരാശയും ആയിരിക്കും ഫലം. വൈദികനാകണം എന്നുള്ള ശെമ്മാ ശ്ശന്റെ ഉറച്ച തീരുമാനത്തിൽ തുടരണം. മേലധികാരികൾ തിരുത്തൽ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ആത്മാർത്ഥമായ ശ്രദ്ധ വേണം. ധ്യാ നിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്തോറും ശെമ്മാശ്ശന്റെ തീരു മാനം കൂടുതൽ ശക്തമാകും. ഇത്ര കൊല്ലം കൊണ്ട് പുരോഹിതൻ ആക്കിയേക്കാം എന്ന് പറഞ്ഞല്ല ഈശോ ദൈവവിളി നൽകിയത്. കഴിഞ്ഞ കാര്യങ്ങളേക്കാൾ, വൈദികൻ ആയിട്ട് ചെയ്യാനുള്ള ശുശ്രൂ ഷകളെ കുറിച്ചാകണം ഇനിമുതൽ പ്രധാനമായി ചിന്തിക്കേണ്ടത്. ശെമ്മാശ്ശനെ എനിക്ക് അറിയാം. ഇതൊക്കെ മാറും. ശെമ്മാശ്ശൻ തീർ ച്ചയായും വൈദികനാകും. ഞാൻ പ്രത്യേകം പ്രാർത്ഥിക്കാം. മുള്ളു കൾ ഉള്ള ഒരു നല്ല റോസ കൊമ്പ് കിട്ടിയെന്ന് കരുതിയാൽ മതി. അതിനെ കുഴിച്ചിട്ട് വളർത്തി അതിൽ നല്ല പൂക്കൾ ഉണ്ടാക്കണം."

ദിവ്യനായ ഡൺസ്റ്റനച്ചന്റെ ഉപദേശം ആ ശെമ്മാശ്ശനിൽ ഒരു പ്രത്യേക പ്രതീക്ഷ ജനിപ്പിച്ചു. തടസ്സങ്ങളെ സമചിത്തതയോടെ മറികടക്കുവാനുള്ള വലിയ ആത്മീയ ഊർജ്ജം ശെമ്മാശ്ശനിൽ നിറഞ്ഞു. ശെമ്മാശ്ശനുമായുള്ള സമ്പർക്കം ഡൺസ്റ്റനച്ചൻ മറക്കാതെ തുടർന്നു. എല്ലാ പ്രതിബന്ധങ്ങളേയും മറികടന്നുകൊണ്ട് ശെമ്മാശ്ശൻ വൈദികപട്ടം സ്വീകരിച്ചു. ശെമ്മാശ്ശന്റെ പുത്തൻ കുർബ്ബാന കഴിഞ്ഞുള്ള സ്വീകരണ സമയം ആയപ്പോഴേക്കും ഡൺസ്റ്റനച്ചൻ ദീർഘയാത്ര ചെയ്ത് എത്തിച്ചേർന്ന് ശെമ്മാശ്ശന്റെ സന്തോഷത്തിൽ പങ്കുചേർന്നു.

ഡൺസ്റ്റനച്ചൻ ചെറിയ മറവിക്കാരൻ ആയിരുന്നു എന്നുള്ള ത് അദ്ദേഹത്തെ അടുത്തറിയുന്ന എല്ലാവർക്കും അറിയാം. ഡൺസ്റ്റനച്ചനും നല്ലവണ്ണം അറിയാമായിരുന്നു താൻ കുറച്ചൊക്കെ മറവിക്കാരൻ ആണെന്ന്. പക്ഷെ, പ്രധാനപ്പെട്ടതൊന്നും ഡൺസ്റ്റനച്ചൻ ഒരിക്കലും മറക്കാറില്ല. അതിന് ഒരു ഉദാഹരണമാണ് തിരുപ്പട്ടം നീട്ടിവെക്കപ്പെട്ട ശെമ്മാശ്ശന്റെ കാര്യത്തിൽ ഡൺസ്റ്റനച്ചൻ മറക്കാതെ കാത്തു സൂക്ഷിച്ചുവെച്ച കരുതലും, പ്രാർത്ഥനാപൂർവ്വം നൽകിയ പിന്തുണയും. ആ ശെമ്മാശ്ശന്റെ പുത്തൻ കുർബ്ബാനയുടെ ദിവസവും, സമയവും ഓർത്തുവെച്ച് ഡൺസ്റ്റനച്ചൻ എത്തിച്ചേർന്നത് അദ്ദേഹത്തിന്റെ മറവിയിലെ ഓർമ്മയായി മാറി.

റാഞ്ചിയിൽ നിന്ന് ഞങ്ങളുടെ ഇന്റർ മീഡിയറ്റ് പരീക്ഷകൾ കഴിഞ്ഞ് ഞങ്ങൾ ഡൺസ്റ്റനച്ചന്റെ കൂടെ നാട്ടിലെത്തി. തൃശൂർ പ്രൊവിൻഷ്യാൾ ഹൗസിൽ ചെന്ന് ചെറുതായൊന്ന് വിശ്രമിച്ച്, പ്രൊവിൻഷ്യാളച്ചനെ കണ്ട ശേഷം ഞങ്ങൾ എല്ലാവരും അവധിയ്ക്കായി വീടുകളിലേക്ക് പോയി. ഞങ്ങൾ പതിനൊന്നു പേരായിരുന്നു ഉണ്ടായിരുന്നത്. ഞങ്ങളിൽ നാലു പേർ വൈദിക പരിശീലനത്തിൽ തുടരുവാൻ താൽപര്യം ഇല്ലാത്തവർ ആയിരുന്നു. റാഞ്ചിയിൽ നിന്ന് പോരുന്നതിന് മുമ്പ് സ്വമനസ്സാലെ അവർ ഈ തീരുമാനം എടുത്തു കഴിഞ്ഞിരുന്നു. പക്ഷെ, അവരോടൊന്നും ഒരു പക്ഷപാതവും, പരിഭവവും ഇല്ലാതെ ആയിരുന്നു ഡൺസ്റ്റനച്ചന്റെ പെരുമാറ്റങ്ങൾ.

ഞങ്ങൾ നാട്ടിൽ എത്തിയപ്പോഴേക്കും തൃശൂർ ദേവമാതാ

പ്രൊവിൻഷ്യൽ ആയിട്ട് അലക്സ് ഊക്കനച്ചൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടായിരുന്നു. റാഞ്ചിയിൽ നിന്ന് തൃശൂർ പ്രൊവിൻഷ്യാൾ ഹൗസിൽ എത്തി ഭക്ഷണമൊക്കെ കഴിച്ചതിന് ശേഷം വീട്ടിൽ പോകുന്നതിന് മുമ്പ് ഞങ്ങൾക്ക് പ്രൊവിൻഷ്യാളച്ചനെ കാണുവാനുള്ള സമയം നിശ്ചയിക്കപ്പെട്ടു. ആ സമയം ഏകദേശം ആകാറായപ്പോൾ ഡൺസ്റ്റനച്ചൻ ഞങ്ങളുടെ പക്കൽ വന്നിട്ട് പറഞ്ഞു: "എനിയ്ക്കൊരു അബദ്ധം പറ്റി. നിങ്ങളെക്കുറിച്ച് പ്രൊവിൻഷ്യാളച്ചന് നൽകേണ്ട ഔദ്യോഗിക റിപ്പോർട്ട് ഞാൻ തയ്യാറാക്കി എങ്കിലും, അത് റാഞ്ചിയിലെ എന്റെ മേശപ്പുറത്ത് മറന്നുവെച്ചു. ഞാൻ പ്രൊവിൻഷ്യാളച്ചനെ കണ്ട് നിങ്ങളെ കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞ് വരട്ടെ. എന്നിട്ടാകാം നിങ്ങൾ പ്രൊവിൻഷ്യാളച്ചനെ കാണുന്നത്." വളരെ ഗൗരവമുള്ള ഒരു സംഗതി മറന്ന് വെച്ചതിനെ കുറിച്ച് ഒരു ജാള്യതയും ഇല്ലാതെ ഞങ്ങളോട് പങ്കുവെച്ച ഡൺസ്റ്റനച്ചൻ... പ്രൊവിൻഷ്യാളച്ചന് സമർപ്പിക്കേണ്ട ഔദ്യോഗിക റിപ്പോർട്ട് മറന്നു വെച്ചു എന്ന പറഞ്ഞ് പ്രൊവിൻഷ്യാളച്ചനെ കാണുവാൻ തയ്യാറായ ഡൺസ്റ്റനച്ചൻ... ഇതിലൊക്കെ ഡൺസ്റ്റനച്ചന്റെ മറവി ശീലത്തേക്കാൾ ഉപരി, നമ്മെ സ്പർശിക്കുന്നത് അദ്ദേഹത്തിന്റെ നിഷ്കളങ്ക സ്വഭാവത്തിന്റെ ആഴങ്ങൾ ആകുമല്ലൊ.

പ്രൊവിൻഷ്യാളച്ചനെ ഡൺസ്റ്റനച്ചൻ കാണുവാൻ പോയ സമയത്ത് ഞങ്ങളിൽ ചെറിയ ഉൽകണ്ഠകൾ ഉണ്ടായെങ്കിലും, അതിനെ കുറിച്ചുള്ള ആകുലതകൾ അകറ്റത്തക്ക വിധത്തിൽ ഞങ്ങളിൽ ചിലർ തമാശകൾ പൊട്ടിച്ചു. അതിൽ പ്രധാനപ്പെട്ട തമാശ ഇതായിരുന്നു: "ഡൺസ്റ്റനച്ചൻ പ്രൊവിൻഷ്യാളച്ചനെ കാണുമ്പോൾ നമ്മുടെ പേരുകൾ തെറ്റി പറയും എന്ന് തീർച്ച. വൈദിക പഠനം ഉപേക്ഷിച്ചവർ നോവിഷ്യേറ്റിലേക്ക് പോകും. നോവിഷ്യേറ്റിലേക്ക് പോകുവാൻ ഉള്ളവർ പലരും വീട്ടിലേക്ക് പോകുവാൻ പെട്ടിയും സാമാനങ്ങളും എടുക്കേണ്ടി വരും."

കുറച്ചു കഴിഞ്ഞപ്പോൾ ഡൺസ്റ്റനച്ചൻ പ്രൊവിൻഷ്യാളച്ചനെ കണ്ട് കഴിഞ്ഞ് ഞങ്ങളുടെ അടുത്തേക്ക് വന്നു. ഞങ്ങളെ പ്രൊവിൻഷ്യാളച്ചൻ കാണുവാൻ കാത്തിരിക്കുന്നു എന്ന് പറഞ്ഞു. ഞങ്ങൾ ചെറിയ ആശങ്കയോടെ അലക്സ് ഊക്കൻ പ്രൊവിൻഷ്യാളച്ചനെ

കാണുവാൻ പോയി. വിശേഷങ്ങളൊക്കെ ചോദിച്ചറിഞ്ഞ ശേഷം വൈദിക പഠനം അവസാനിപ്പിക്കുവാൻ തീരുമാനിച്ചിരുന്നവരുടെ പേരുകൾ പറഞ്ഞ്, അദ്ദേഹത്തിന് അവരോട് സംസാരിക്കുവാൻ ഉണ്ടെന്ന് പറഞ്ഞ് ബാക്കി ഉള്ളവരോട് അവധിക്ക് പൊയ്ക്കൊള്ളുവാൻ പറഞ്ഞു. ഡൺസ്റ്റനച്ചൻ പ്രൊവിൻഷ്യാളച്ചന് നൽകിയ റിപ്പോർട്ടിൽ മറവിയുമായി ബന്ധപ്പെട്ട് പിഴവുകൾ ഉണ്ടായിരുന്നില്ല എന്ന് സ്പഷ്ടം.

ഞാനുൾപ്പെടുന്ന നോവിഷ്യേറ്റ് ബാച്ചിന്റെ പരിശീലനം തീരുവാനുള്ള സമയം ആകാറായപ്പോൾ, ആദ്യവ്രതവാഗ്ദാനത്തിനും, സഭാവസ്ത്ര സ്വീകരണത്തിനും ഒരുക്കമായുള്ള ധ്യാന ദിവസങ്ങൾ വന്നു. ജെനേസിയൂസ് കോനിക്കര അച്ചനായിരുന്നു ധ്യാനഗുരു. വളരെ സരസമായ രീതിയിലുള്ള അദ്ദേഹത്തിന്റെ ധ്യാനശൈലി എല്ലാവർക്കും ഇഷ്ടപ്പെടുന്നതായിരുന്നു. ധ്യാന ദിവസങ്ങളിൽ ഒരു ദിവസം ദാരിദ്ര്യ വ്രതത്തെ കുറിച്ച് ജെനേസിയൂസ് അച്ചൻ ധ്യാനിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ, അദ്ദേഹത്തിന്റെ പിൻവശത്തുള്ള ജനലയുടെ പുറത്തേക്ക് കൈ ചൂണ്ടി കാണിച്ചു തന്നുകൊണ്ട് പറഞ്ഞു: “ഇതാണ് ദാരിദ്ര്യവ്രതത്തിന്റെ ഒരു വശം. അലസത ഇല്ലാതെ ഇതുപോലെ അദ്ധ്വാനിക്കണം.” ജെനേസിയൂസച്ചൻ കാണിച്ചുതന്നത് ഡൺസ്റ്റനച്ചനെ ആയിരുന്നു. അമ്പഴക്കാട് നോവിഷ്യേറ്റ് ഭവനത്തോട് അനുബന്ധിച്ചുള്ള വനവാസ കപ്പേളയിൽ ഡൺസ്റ്റനച്ചൻ സഹായികൾ ഒന്നും ഇല്ലാതെ തേക്കുവാനുള്ള സിമന്റ് മിശ്രിതം ശരിപ്പെടുത്തി കോലരു കൊണ്ട് അറ്റകുറ്റ പണികൾ നടത്തി അദ്ധ്വാനിച്ചു കൊണ്ടിരിക്കുകയായിരുന്നു.

ഞങ്ങൾ എഴുന്നേറ്റ് നിന്ന് പുറത്തേക്ക് നോക്കി ദാരിദ്ര്യവ്രതത്തിന്റെ പ്രായോഗിക വശം ഡൺസ്റ്റനച്ചനിലൂടെ കണ്ടതിന് ശേഷം ഇരുന്നു കഴിഞ്ഞപ്പോൾ, ധ്യാനഗുരു ജെനേസിയൂസ് അച്ചൻ സരസതയിൽ കൂട്ടി ചേർത്തു: “വെയിലുകൊണ്ട് ഡൺസ്റ്റനച്ചൻ കഷ്ടപ്പെടുന്നത് വെറുതെ. സിമന്റ് തേച്ചു പിടിപ്പിച്ചത് നനയ്ക്കാനും മറ്റും മറന്നു പോകും. അതുകൊണ്ട് ആ പാവത്തിനെ നിങ്ങൾ സഹായിച്ചേക്ക്.” എന്നാൽ, ധ്യാനത്തിലായിരുന്ന ഞങ്ങൾ അത്തരം ജോലികൾ

ചെയ്ത് ധ്യാനത്തിന് ശ്രദ്ധ കുറവ് ഉണ്ടാകരുത് എന്നായിരുന്നു ഡൺസ്റ്റനച്ചന്റെ ആശയഗതി. നനക്കുവാൻ ഡൺസ്റ്റനച്ചൻ ഒരിക്കലും മറന്നില്ല. ഡൺസ്റ്റനച്ചന്റെ സിമന്റ് പണി നിപുണതയ്ക്ക് ഞങ്ങൾ സാക്ഷികളാകുകയും ചെയ്തു.

ഡൺസ്റ്റനച്ചന്റെ മറവി സ്വഭാവവുമായി ബന്ധപ്പെട്ട ഒരു സംഭവം പറഞ്ഞു കേട്ടിട്ടുണ്ട്. യാഥാർത്ഥ്യമാണോ എന്നറിയില്ല. ഡൺസ്റ്റനച്ചൻ വരന്തരപ്പിള്ളി ആശ്രമാംഗം ആയിരുന്ന സമയത്ത്, ഒരു ഞായറാഴ്ച കുർബ്ബാനയ്ക്ക് പ്രസംഗം തുടങ്ങിയിട്ട് നിറുത്തുവാൻ മറന്നുപോയത്രെ! സാധാരണയിൽ കവിഞ്ഞ് പ്രസംഗം നീണ്ടു പോയപ്പോൾ, പ്രസംഗം നിറുത്തുവാനുള്ള ആവശ്യമായ കാര്യങ്ങൾ ബന്ധപ്പെട്ടവർ ചെയ്തപ്പോൾ മാത്രമാണത്രെ ഡൺസ്റ്റനച്ചൻ പ്രസംഗം നിറുത്തിയത്.

റാഞ്ചിയിൽ ഡൺസ്റ്റനച്ചൻ റെക്ടർ ആയിരുന്ന സമയത്ത് ഞായറാഴ്ചകളിൽ അദ്ദേഹത്തിന് പൊതുകുർബ്ബാന മലയാളത്തിൽ അർപ്പിക്കേണ്ടതുണ്ടായിരുന്നു. ധാരാളം മലയാളി കത്തോലിക്കർ ജ്യോതിനിവാസിൽ മലയാള കുർബ്ബാനയ്ക്കായി ഞായറാഴ്ചകളിൽ എത്തുമായിരുന്നു. ഒപ്പം, സെന്റ് ആൽബർട്ട്സ് സെമിനാരിയിൽ നിന്ന് മലയാളി വൈദിക വിദ്യാർത്ഥികളും വരാറുണ്ടായിരുന്നു. ചുറ്റുപാടുമുള്ള, മഠങ്ങളിലെ ചില മലയാളി കന്യാസ്ത്രികളും കുർബ്ബാനയ്ക്ക് ഉണ്ടാകാറുണ്ട്. സമയം കൈ പിടിച്ച് വരുന്നവരായിരുന്നു എല്ലാവരും. ജോലിക്ക് പോകേണ്ടവരും മറ്റും ഉണ്ടായിരുന്നത് കൊണ്ട് കുർബ്ബാന ദീർഘമാകുവാൻ ഒരിയ്ക്കലും പാടില്ലായിരുന്നു. ഈ കാര്യങ്ങൾ ഡൺസ്റ്റനച്ചൻ നല്ലവണ്ണം ഗ്രഹിച്ചിരുന്നു. പരിമിതമായ സമയപരിധിയിൽ പ്രസംഗത്തോടുകൂടി ഡൺസ്റ്റനച്ചൻ ഞായറാഴ്ച കുർബ്ബാന റാഞ്ചിയിൽ അർപ്പിക്കുമായിരുന്നു. കുർബ്ബാന കഴിഞ്ഞാലുടനെ ജനങ്ങളുടെ അടുത്തേക്ക് വന്ന് കുശലാന്വേഷണവും ഡൺസ്റ്റനച്ചൻ നടത്താറുണ്ടായിരുന്നു. അതുകഴിഞ്ഞ് കുമ്പസാരിക്കുവാനുള്ള താല്പര്യത്തോടെ ജ്യോതിനിവാസിൽ കുർബ്ബാനയ്ക്ക് വന്നിട്ടുള്ള സെമിനാരിക്കാരെയും, സിസ്റ്റേഴ്സിനെയും ഡൺസ്റ്റനച്ചൻ കുമ്പസാരിപ്പിക്കുമായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഡൺസ്റ്റ

നച്ചൻ പാലിച്ചിരുന്ന സമയ കൃത്യത മറവി സ്വഭാവത്തെ പാടെ നിഷേധിക്കുന്നതായിരുന്നു.

മറവി ഒരു മരുന്നാണ്. കുറെ കാര്യങ്ങൾ നാം മറക്കണം. മറക്കുവാൻ എളുപ്പമില്ലാത്ത കാര്യങ്ങളിൽ ചിലത് നാം പൊറുക്കുവാൻ തയ്യാറാകണം. ചിലത് മറക്കുവാൻ സന്നദ്ധരായില്ലെങ്കിൽ ബൈബിളിലെ ആദ്യഗ്രന്ഥമായ 'ഉൽപത്തി'യുടെ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ലോത്തിന്റെ ഭാര്യയെ പോലെ ജീവിതയാത്രയിൽ നാം നിശ്ചലരായി പോകും. ക്രിയാത്മകതയും, കർമ്മകുശലതയും നിലച്ചുപോകും. ഭൂതകാലങ്ങളിലെ സ്മരണ മാളങ്ങളിൽ ചുരുണ്ടു കൂടി കിടക്കുന്നതിനേക്കാൾ കർമ്മോത്സുകതയിലേക്ക് സ്വയമായും, മറ്റുള്ളവരായും സന്തോഷത്തിൽ നീങ്ങുവാൻ നാം വർത്തമാനകാലത്തിൽ ജീവിക്കേണ്ടതുണ്ട്.

എം. ടി. വാസുദേവൻ നായരുടെ 'രണ്ടാമൂഴം' നോവലിൽ പാണ്ഡവന്മാരുടെ മഹാപ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഇങ്ങനെ എഴുതിയിരിക്കുന്നു: "മഹാ പ്രസ്ഥാനത്തിന് ഇറങ്ങുമ്പോൾ പിന്നിട്ട ജീവിത പഥങ്ങളിൽ എവിടേക്കും തിരിഞ്ഞു നോക്കരുത്... നമുക്കിനി ഭൂതകാലമില്ല... ഓർമ്മകളും പ്രതീക്ഷകളും മായ്ച്ചു കളഞ്ഞാൽ മനസ്സ് അചഞ്ചലമാകുന്നു... സ്ഫടികശുദ്ധമാകുന്നു."

സമർപ്പിത ജീവിതവും, പൗരോഹിത്യവും ഒരു മഹാപ്രസ്ഥാനമാണ്. മാനുഷികതയിൽനിന്ന് വിശുദ്ധിയിലേക്കുള്ള ഒരു മഹാ പ്രയാണമാണ് അത്. ഈ പവിത്ര യാത്രയിൽ യേശു എപ്പോഴും നമ്മുടെ കൂടെ ഉണ്ടാകണം. കിട്ടാവുന്നവരെയൊക്കെ കൂടെ കൊണ്ടുപോകുന്ന ഒരു പരോന്മുഖ പ്രവണത ഈ പ്രക്രിയയുടെ ഊടും പാവും ആയിരിക്കണം. ഒരുപക്ഷേ നമ്മുടേത് യേശുവിന്റെ കൂടെ കുരിശ് ചുമന്നുകൊണ്ട് നീങ്ങുന്ന കഠിനമായ കാൽവരി യാത്ര ആയിരിക്കാം. നമ്മുടെ ലക്ഷ്യം ആഴമേറിയ ആദ്ധ്യാത്മികത പ്രാപിച്ചെടുക്കുക എന്നത് ആയതുകൊണ്ട് ആ കഠിനയാത്രയിൽ നമ്മൾ പരാതികളും പരിഭവങ്ങളും ഇല്ലാത്തവർ ആയിരിക്കും. അഹം ഭാവങ്ങൾക്ക് ഒട്ടും തന്നെ പ്രസക്തി ഇല്ലാത്ത ഈ സ്വർഗ്ഗോന്മുഖ സഞ്ചാരം ആത്മനിർവൃതിയുടേത് ആയിരിക്കും എന്നുള്ളത് യാഥാർത്ഥ്യമാണ്.

റാഞ്ചിയിൽ പഠിച്ചിരുന്ന ഞങ്ങൾക്ക് അപ്രിയനായ ഒരു അദ്ധ്യാപകൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചില സ്വഭാവ പ്രത്യേകതകൾ കൊണ്ട് വളരെ മുറിവേറ്റവർ ആയിരുന്നു ഞങ്ങളിൽ ചിലർ. ഡൺസ്റ്റനച്ചന് ഈ കാര്യങ്ങൾ കൃത്യമായി അറിയാമായിരുന്നു. ഞങ്ങളിൽ പലരും ഈ അദ്ധ്യാപകനിൽ നിന്ന് ഉണ്ടായിട്ടുള്ള ദുരനുഭവങ്ങളെ പരാമർശിച്ചുകൊണ്ട് പലപ്പോഴും സംസാരിക്കാറുണ്ടായിരുന്നു. ഡൺസ്റ്റനച്ചൻ ഇത് ശ്രദ്ധിച്ചിരുന്നു. ഒരു ദിവസം ഉപദേശത്തിൽ ഞങ്ങളുടെ ഈ വിഷമ അവസ്ഥകളെ പരാമർശിച്ചുകൊണ്ട് ഡൺസ്റ്റനച്ചൻ പറഞ്ഞു: "ഈശോയുടെ കുരിശ് യാത്രയിൽ കൂടെ ഉണ്ടായിരുന്നവരിൽ ഏറ്റവും ഭാഗ്യവാനായി തീർന്ന ഒരാളാണ് ശെമയോൻ. കാരണം, ശെമയോനാണ് ഈശോയുടെ കുരിശു വഹിച്ച് സഹായിക്കുവാനുള്ള സൗഭാഗ്യം ഉണ്ടായത്. ആ അദ്ധ്യാപകനിൽ നിന്ന് നിങ്ങൾക്കുണ്ടായ കയ്പ്പേറിയ അനുഭവങ്ങൾ ശെമയോന് ഈശോ കൈമാറിയ കുരിശ് ആണെന്ന് കരുതി ഈശോയുടെ കൂടെ അതിനെ നിങ്ങൾ ചുമക്കുക ആയിരുന്നുവെങ്കിൽ, പകപോക്കുന്ന തരത്തിലുള്ള നിങ്ങളുടെ പരാതിപറച്ചിലുകൾ ഒരിക്കലും ഉണ്ടാകില്ല. മാത്രവുമല്ല, ആ അദ്ധ്യാപകനോട് നിങ്ങൾ നിരുപാധികം ക്ഷമിച്ച് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ അദ്ദേഹത്തേയും നിങ്ങൾ ഈശോയിലേയ്ക്ക് അടുപ്പിക്കുക ആയിരിക്കും ചെയ്യുന്നത്." ഭൂതകാല ദുഃഖസ്മരണകളിലും, ആത്മസംഘർഷം ഉളവാക്കുന്ന തിരിഞ്ഞു നോക്കലുകളിലും ഉഴലാതെയുള്ള സുകൃത സഞ്ചാരത്തിന് പ്രാമുഖ്യം കൊടുക്കുമ്പോൾ പൊറുക്കലും മറക്കലും, അപരന്റെ ബലഹീനതകൾക്കപ്പുറത്ത് അവരെ യേശുവിലേക്ക് അടുപ്പിക്കുക എന്നതും അനായാസമായി തീരും. ഡൺസ്റ്റനച്ചൻ അചഞ്ചലമായ ഭക്തിഭാവം നിറഞ്ഞ ഒരു മനസ്സിന്റെ ഉടമ ആയികൊണ്ട് യേശുലയനത്തിൽ മാത്രം ലക്ഷ്യം വെച്ച് സ്ഫടികസമാന ഉള്ളോടെ ഏകാഗ്രതയിൽ നിതാന്തം നീങ്ങിയിരുന്ന സ്വർഗ്ഗീയ യാത്രക്കാരൻ ആയിരുന്നു. ചിലതൊക്കെ ആ യാത്രയിൽ ഡൺസ്റ്റനച്ചൻ മറക്കാറുണ്ടെങ്കിലും, ഡൺസ്റ്റനച്ചൻ ഒരിക്കലും തന്റെ മഹാപ്രസ്ഥാന മാർഗ്ഗത്തെ മറക്കാറില്ല.

# 15

# വ്യത്യസ്തനായ ഒരു ഗുരു

അനാവശ്യമായി ഒന്നിലും തലയിടരുത് എന്നുള്ള ജീവിത സിദ്ധാന്തത്തിൽ ഡൺസ്റ്റനച്ചൻ എന്നും ശ്രദ്ധയുള്ളവൻ ആയിരുന്നു. ഒപ്പം തന്റെ ആദ്ധ്യാത്മിക ആദർശങ്ങളെ ഒരു നീക്കുപോക്കും ഇല്ലാതെ പാലിക്കുന്നവനും ആയിരുന്നു അദ്ദേഹം.

ഡൺസ്റ്റനച്ചന്റെ ജന്മനാടായ പാവറട്ടിയിലെ ആശ്രമത്തിൽ ഞാൻ കുറച്ചു വർഷങ്ങൾ ജീവിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ ഡൺസ്റ്റനച്ചന്റെ കുടുംബാംഗങ്ങളിൽ പലരുമായും എനിക്ക് നല്ല പരിചയം ഉണ്ടാകുവാനുള്ള സാഹചര്യം ഉണ്ടായി. അവർ എല്ലാവരും ഡൺസ്റ്റനച്ചനെ കുറിച്ച് പറഞ്ഞിരുന്ന ഒരു അഭിപ്രായം ഡൺസ്റ്റനച്ചൻ ഒരിക്കലും കുടുംബകാര്യങ്ങളിൽ അനാവശ്യമായി ഇടപ്പെടുന്ന സ്വഭാവക്കാരൻ ആയിരുന്നില്ല എന്നുള്ളതാണ്. സന്യാസോചിതമായ ബന്ധങ്ങൾക്ക് അപ്പുറത്ത് ഡൺസ്റ്റനച്ചന് കുടുംബാംഗങ്ങളുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല.

ഡൺസ്റ്റനച്ചന്റെ കുടുംബാംഗങ്ങളിൽ എനിക്ക് ഏറ്റവും കൂടുതൽ പരിചയം ഉണ്ടായിരുന്നത് അദ്ദേഹത്തിന്റെ അവിവാഹിതയായ ഒരു സഹോദരിയുമായിട്ടായിരുന്നു. കൊച്ചുത്രേസ്യ എന്നായിരുന്നു അവരുടെ പേര്. ഞാൻ കൊച്ചുത്രേസ്യ ചേച്ചിയെ പരിചയപ്പെടുമ്പോൾ അവർക്ക് ഏകദേശം അറുപത്തിയഞ്ച് വയസ്സുണ്ടായിരുന്നു. കൊച്ചുത്രേസ്യ ചേച്ചിയുടെ കാലിൽ ചെറിയ ഒരു വൈകല്യം ഉണ്ടായിരുന്നു. എങ്കിലും, നടക്കുവാനുള്ള പ്രയാസത്തെ മറികടന്ന് കൊണ്ട് പരിശുദ്ധ കുർബ്ബാനയും, ദിവ്യകാരുണ്യസ്വീകരണവും മുടങ്ങാതെ വളരെ നല്ല ഭക്തജീവിതം അവർ നയിച്ചിരുന്നു. ഒരു ദിവസം കൊച്ചുത്രേസ്യ ചേച്ചിയുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവർ പറഞ്ഞു: "അച്ചാ, എന്റെ കയ്യിൽ കുറച്ച് പണം ഉണ്ട്. അർഹിക്കുന്ന

ആരെങ്കിലും അച്ചൻ അറിയുന്നവരിൽ ഉണ്ടെങ്കിൽ, എന്നെകൊണ്ട് പറ്റുന്ന സഹായം ചെയ്യാം. എന്നാലും, കൊച്ചാങ്ങളയോട് ചോദിച്ച തിന് ശേഷമെ ഞാൻ തീരുമാനം പറയുകയുള്ളൂ."

കൊച്ചുത്രേസ്യ ചേച്ചിക്ക് സഹോദരൻ ഡൺസ്റ്റനച്ചൻ കൊച്ചാങ്ങള ആയിരുന്നു. കൊച്ചുത്രേസ്യ ചേച്ചിയുടെ സഹായ താല്പര്യം എനിക്ക് വളരെ അത്ഭുതകരമായ ഒരു അനുഭവമായി മാറി. നേഴ്സിംഗ് പഠനത്തിൽ ആയിരുന്ന പാവപ്പെട്ട ഒരു വീട്ടിലെ പെൺകുട്ടി പഠനം തുടരുവാൻ സാമ്പത്തിക ശേഷി ഇല്ലാതെ, നേഴ്സിംഗ് പഠനം ഇടയ്ക്കുവെച്ച് നിറുത്തേണ്ട ഗതികേടിൽ ആയി രിക്കുന്ന അവസ്ഥ എനിക്ക് അറിയാമായിരുന്നു. കൊച്ചുത്രേസ്യ ചേച്ചിയോട് ഞാൻ ഈ കാര്യം പറഞ്ഞപ്പോൾ, സാമ്പത്തിക സഹായം നൽകുവാൻ അവർ തയ്യാറായി. ഞാൻ ഡൺസ്റ്റനച്ചനെ ഫോൺ വിളിച്ച് ഈ കാര്യങ്ങൾ പറഞ്ഞു. ഡൺസ്റ്റനച്ചനുമായി ചർച്ച ചെയ്തതിനു ശേഷം മാത്രമെ, കൊച്ചുത്രേസ്യ ചേച്ചി തീരു മാനം എടുക്കുകയുള്ളൂ എന്ന് ഡൺസ്റ്റനച്ചനോട് ഞാൻ പ്രത്യേകം പറയുകയും ചെയ്തു.

ഫോണിലൂടെ ഡൺസ്റ്റനച്ചൻ ഞാൻ പറഞ്ഞതെല്ലാം കേട്ടതിന് ശേഷം വളരെ ശാന്തമായി എന്നോട് പറഞ്ഞു: "ജോർജ്ജ് പറയുന്ന കാര്യം ഗൗരവത്തിൽ എനിക്ക് മനസ്സിലായി. അതൊരു ജെനുവിൽ കേസ് ആണെന്നും എനിക്ക് ഉറപ്പായി. ഞാൻ കൊച്ചുത്രേസ്യയ്ക്ക് ഇന്ന് തന്നെ ഫോൺ ചെയ്ത് സാധിക്കുന്ന സഹായം നൽകി കൊള്ളാൻ പറഞ്ഞേക്കാം. പിന്നെ ഒരു കാര്യം. ഇത്തരം കാര്യങ്ങ ളിൽ ഇടപെടുമ്പോൾ സൂക്ഷിക്കണം. കൊച്ചുത്രേസ്യക്കും ഈ സൂക്ഷം വേണം എന്ന് ഞാൻ പറഞ്ഞേക്കാം. നന്ദിയോ, തിരിച്ചുതരും എന്നുള്ള പ്രതീക്ഷയോ ഒന്നും വേണ്ട. കൂടാതെ നിങ്ങൾക്ക് ഇത് ഒരു പ്രശ്നത്തിന് ഒരിക്കലും കാരണം ആകരുത്. ആ കുട്ടിയുടെ കാര്യങ്ങളിൽ നിങ്ങൾ രണ്ടുപേരും അനാവശ്യമായി ഇടപെടുകയും വേണ്ട. അതൊക്കെ നമുക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. കാശ് നൽകു ന്നതിനോടൊപ്പം ആ കുട്ടിക്കു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഞാനും പ്രാർത്ഥിക്കാം."

കൊച്ചുത്രേസ്യ ചേച്ചിക്ക് കൊച്ചാങ്ങള മാത്രമായിരുന്നില്ല ഡൺസ്റ്റ

നച്ചൻ; ആത്മനിയന്താവ് കൂടിയായിരുന്നു. എനിക്ക് ഡൺസ്റ്റനച്ചൻ എന്നും ഒരു ആത്മഗുരു ആയിരുന്നു. ഡൺസ്റ്റനച്ചൻ ചെറിയ മറവിക്കാരൻ ആയിരുന്നു എങ്കിലും, എന്റെ പേര് അദ്ദേഹം ഒരിക്കലും മറക്കില്ലായിരുന്നു. ഞാനും ഡൺസ്റ്റനച്ചനും തമ്മിലുള്ള ആത്മബന്ധം വളരെ ആഴത്തിൽ ഉള്ളതായിരുന്നു. അതുകൊണ്ട് മാത്രമാണ് ആ നേഴ്സിംഗ് വിദ്യാർത്ഥിനിയുടെ കാര്യങ്ങൾ ഡൺസ്റ്റനച്ചനോട് പറയുവാൻ ഞാൻ സ്വാതന്ത്ര്യം എടുത്തത്.

ഡൺസ്റ്റനച്ചന്റെ ആശീർവ്വാദ അനുവാദത്തോടെ, കൊച്ചുത്രേസ്യ ചേച്ചിയുടെ ഔദാര്യ സഹായത്തോടെ ആ നേഴ്സിംഗ് വിദ്യാർത്ഥിനിക്ക് എല്ലാ മാസവും ഒരു നിശ്ചിത തുക ലഭിച്ചു തുടങ്ങി. അവൾ നേഴ്സിംഗ് പഠനം വിജയകരമായി പൂർത്തിയാക്കി. ഇപ്പോൾ അവൾ ഭർത്താവും രണ്ടു മക്കളുമൊത്ത് ഗൾഫിൽ സന്തോഷത്തോടെ ജീവിക്കുന്നു. ഒരു ഉത്തമ കത്തോലിക്ക കുടുംബമാണ് അവരുടേത്. അവളുടെ ജീവിതം മാത്രമല്ല; അവളുടെ കുടുംബവും സാമ്പത്തിക ഭദ്രതയിലേക്ക് നീങ്ങുവാൻ ഡൺസ്റ്റനച്ചന്റെ സന്മനസ്സ് പരോക്ഷമായി കാരണമായി.

"ഒരു താരകയെ കാണും രാവു മറക്കും പാവം മാനവ ഹൃദയം" എന്ന് മലയാളത്തിന്റെ പ്രിയങ്കരിയായ കവയിത്രി സുഗതകുമാരി എഴുതിയിട്ടുണ്ട്. യേശു പറഞ്ഞു: "മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16). സംഘർഷങ്ങളുടേയും, സങ്കടങ്ങളുടേയും സംശയങ്ങളുടേയും, അസന്നിഗ്ദാവസ്ഥയുടേയും, ആത്മനാശ ഭീതിയുടേയും രാവുകളിലൂടെ കടന്നു പോകുന്ന എത്രയോ പേർക്ക് താരകയായി തീർന്ന് കൊണ്ട് ഡൺസ്റ്റനച്ചൻ ആശാപ്രകാശം നൽകിയിരിക്കുന്നു! സന്യാസ പൗരോഹിത്യത്തിലൂടെ ഡൺസ്റ്റനച്ചൻ സ്വീകരിച്ചെടുത്ത ആത്മീയ വെളിച്ചം തന്റെ താപസ ജീവിതത്തിലൂടെ എന്നും കത്തിജ്വലിപ്പിച്ചു കൊണ്ട്, ആ പ്രകാശ പുഞ്ജത്തിലൂടെ എത്രയോ പേരെ ഡൺസ്റ്റനച്ചൻ പൂരിതരാക്കിയിരിക്കുന്നു!

യേശു പറഞ്ഞു: "നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുക" (ലൂക്ക 11:35). പ്രകാശ പന്ഥാവിലൂടെ എന്നും സഞ്ചരിച്ചിരുന്ന ഡൺസ്റ്റനച്ചൻ, താൻ സ്വരുകൂട്ടി എടുത്ത പ്രകാശ

ചൈതന്യത്തെ എന്നും കാത്തുസൂക്ഷിക്കുവാൻ ജാഗ്രത ഉള്ളവൻ ആയിരുന്നു. ഈ ജാഗ്രതയിൽ നിന്ന് ലവലേശം ചഞ്ചലിക്കുവാൻ ഡൺസ്റ്റനച്ചൻ ഒരിക്കലും ഒരുമ്പെടാറില്ല. ഞാൻ മുൻപ് സൂചിപ്പിച്ചിരുന്നു ഞങ്ങൾ റാഞ്ചിയിൽ വാടകയ്ക്ക് താമസിച്ചിരുന്ന ജ്യോതി നിവാസിനോട് ചേർന്ന് രണ്ടര ഏക്കറോളം ഉള്ള കാമ്പസ്സിൽ നിറയെ ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു എന്ന്. ഞങ്ങളുടെ കൗമാര കുസൃതികളിൽ ഞങ്ങൾ കാമ്പസിലെ പേരമരങ്ങൾ, മാവുകൾ, ലീച്ചിമരങ്ങൾ എന്നിവയിൽ നിന്ന് പഴങ്ങൾ പറിച്ച് എടുക്കാറുണ്ടായിരുന്നു. ഡൺസ്റ്റനച്ചന് ഇത് ഇഷ്ടമായില്ല. കാരണം, ഫലവൃക്ഷങ്ങളിന്മേലൊന്നും ഞങ്ങൾക്ക് അവകാശം ഉണ്ടായിരുന്നില്ല; വീട് മാത്രമാണ് ഞങ്ങൾ വാടകയ്ക്ക് എടുത്തിരുന്നത്. ഫലവൃക്ഷങ്ങളിന്മേൽ ഉടമസ്ഥന് തന്നെയായിരുന്നു അവകാശവും, അധികാരവും. എന്നാൽ, ഞങ്ങളെ കർശനമായി ശാസിക്കുന്നതിന് പകരം, ഡൺസ്റ്റനച്ചൻ പ്രത്യേകം താൽപര്യം എടുത്ത് വളപ്പ് നടത്തിപ്പുകാരൻ ബാനർജിയെ കണ്ട് ഞങ്ങൾക്കായി കുറച്ച് ഫലവൃക്ഷങ്ങൾ താല്കാലികമായി വാങ്ങിച്ചെടുത്തു. അവയിന്മേലുള്ള കായ്കനികൾ പറിച്ച് ഉപയോഗിക്കുവാൻ അങ്ങനെ ഞങ്ങൾക്ക് ആ സീസൺ കഴിയുന്നതു വരെ അവകാശം ലഭിച്ചു. ഇവയിൽ രണ്ട് പ്ലാവുകളും ഉണ്ടായിരുന്നു.

ഹിന്ദി പ്രദേശങ്ങളിൽ കേരളത്തിലെ പോലെ മൂത്ത ചക്ക കറി വെയ്ക്കാറില്ല. ചക്ക പഴുത്തിട്ട് ഉപയോഗിക്കുന്നതും വിരളമാണ്. കേരളത്തിൽ പറയുന്ന 'ഇടിയൻ ചക്ക' (കുരു പോലും ഉറയ്ക്കാത്ത പാകത്തിലുള്ള ചക്ക) ആയിരിക്കും അവർ കറിയ്ക്ക് ഉപയോഗിക്കുക. ചെറു ചക്കകളുടെ മുൾവശം ചെത്തികളഞ്ഞ് അവർ കറിയുണ്ടാക്കുന്നു. ഞങ്ങൾ മൂത്ത ചക്ക കറി വെക്കുന്നത് ഞങ്ങളുടെ കാമ്പസ്സിൽ താമസിച്ചിരുന്ന ഗൂർഖാ കാവൽകാർക്കും, തോട്ടപണികാരന്റെ കുടുംബത്തിനും വലിയ കൗതുകമായി. ഒരു ദിവസം കേരളത്തിലെ പോലെ മൂത്ത ചക്ക കറിയാക്കി വെട്ടി ശരിപ്പെടുത്തിയതിന് ശേഷം, ചക്കയുടെ പുറം വശം (മുള്ളുള്ള മടൽ) ഞങ്ങൾ കളയുവാൻ ഒരുങ്ങി. ഇതുകണ്ട തോട്ടകാരന്റെ ഭാര്യ, അത് ഞങ്ങളിൽ നിന്ന് വാങ്ങിക്കുകയും, മുള്ള് കളഞ്ഞുള്ള ഭാഗം അവരുടെ കുടുംബത്തിനായി കറി വെക്കുകയും ചെയ്തു. ഈ കാര്യങ്ങൾ

അറിഞ്ഞ ഡൺസ്റ്റനച്ചൻ ആ സാധു കുടുംബത്തിന് അവർ കറി വെക്കുന്ന പ്രായത്തിലുള്ള ചെറുചക്ക ഇട്ടുകൊടുത്തു.

സാമ്പത്തിക പരാധീനതകൾകൊണ്ട് വളരെ ലളിതമാക്കേണ്ടിവന്ന തോട്ടക്കാരന്റെ കുടുംബജീവിതത്തെ ഞങ്ങളെ സന്യാസ ദാരിദ്ര്യ ചൈതന്യത്തിന്റെ ഗുണപാഠങ്ങൾ മനസ്സിലാക്കിപ്പിക്കുവാനുള്ള ഒരു ഉത്തമ ഉദാഹരണമായി ഡൺസ്റ്റനച്ചൻ ചൂണ്ടിക്കാണിക്കാറുണ്ടായിരുന്നു. ഞങ്ങൾ അക്കാലത്ത് പല്ലുതേക്കുവാൻ പായ്ക്കറ്റിൽ വരുന്ന ഒരു പ്രത്യേക പൽപ്പൊടിയാണ് ഉപയോഗിക്കാറുള്ളത്. അത്ര സുഖകരമല്ലാത്ത ഒരു ഗന്ധം ഉള്ള ഈ പൽപ്പൊടി ഞങ്ങൾക്ക് ഇഷ്ടമായിരുന്നില്ല. ഉപകാരപ്രദമായ പൽപ്പൊടി ആയിരുന്നു എങ്കിലും, ഞങ്ങൾ അതിനെ പല്ലുതേക്കുവാനുള്ള 'ചാഴിപ്പൊടി' എന്ന് തമാശക്കായി പറയാറുണ്ടായിരുന്നു. തോട്ടക്കാരനും, കുടുംബാംഗങ്ങളും അന്നാട്ടിലെ പാവപ്പെട്ട ഗ്രാമീണരുടെ ശീലമനുസരിച്ച് ഔഷധഗുണമുള്ള ചെടികളുടെ ചെറുതണ്ടുകൾ കൊണ്ടാണ് പല്ലുതേച്ചിരുന്നത്. ആരിവേപ്പ്, ഉങ്ങ് എന്നിവയുടെ കൊച്ചു കമ്പുകൾക്കായിരുന്നു ഇക്കാര്യത്തിൽ പ്രാധാന്യം. കമ്പിന്റെ ഒരറ്റം കയ്യിൽ പിടിച്ചുകൊണ്ട് മറ്റേ അറ്റം വായിൽവെച്ച് ചവച്ച് ബ്രഷ് രൂപത്തിലാക്കിയാണ് സാധാരണ ജനങ്ങളുടെ പല്ലുതേക്കൽ. പല്ലു തേച്ചുകഴിഞ്ഞാൽ ആ കമ്പിനെ രണ്ടായി പൊളിച്ച് അതുകൊണ്ട് നാവു വടിക്കും. തോട്ടക്കാരന്റെ കുടുംബാംഗങ്ങളുടെ ദന്തശുദ്ധീകരണ പ്രക്രിയ ഞങ്ങളെല്ലാവരും കണ്ടിട്ടുണ്ടായിരുന്നു. ഒരു ദിവസം ഉപദേശ സമയത്ത് ഡൺസ്റ്റനച്ചൻ പറഞ്ഞു: "സെമിനാരി പഠന കാലത്ത് സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന വീടുകളിൽ നിന്ന് വരുന്നവർ ലളിത ജീവിത ശൈലി സ്വായത്തമാക്കുന്നത് വളരെ വേഗത്തിലായിരിക്കും എന്നുള്ളതാണ് എന്റെ അനുഭവം. എന്നാൽ, സാമ്പത്തികശേഷി കുറഞ്ഞ സാഹചര്യങ്ങളിൽ നിന്ന് വരുന്നവരാണ് കൂടുതൽ സുഖസൗകര്യങ്ങൾക്കായി ആഗ്രഹിക്കാറുള്ളത്. സന്യാസത്തിൽ കുടുംബപരമായ സാമ്പത്തിക വേർതിരിവുകൾക്കൊന്നും പ്രസക്തിയില്ല. കാലിതൊഴുത്തിൽ ജനിച്ച്, കാൽവരിയിൽ കുരിശിൽ മരിച്ച നിത്യപുരോഹിതനായ യേശുവാകണം നമ്മുടെ ദാരിദ്ര്യാരൂപിക്ക് എന്നും മാതൃക. സുഖസൗകര്യങ്ങൾക്കായുള്ള പരക്കം പാച്ചിൽ സന്യാസജീവിതത്തിന്റെ മൂല്യങ്ങൾക്ക് ഒരിക്കലും ചേർന്നതല്ല. നിങ്ങൾ ഉപയോഗി

ക്കുന്ന പൽപ്പൊടിയുടെ ഗുണം മാത്രം നിങ്ങൾ ശ്രദ്ധിച്ചാൽ മതി. എല്ലാവർക്കും ഈ പൽപ്പൊടിയേക്കാൾ വളരെ വിലയുള്ള ടൂത്ത്പേസ്റ്റ് വേണം എന്നുള്ള ആഗ്രഹം നിങ്ങളൊന്ന് പരിശോധിച്ച് നോക്കുന്നത് നല്ലതാണ്." പണം ചിലവാക്കുവാൻ പിശുക്ക് ഒരിക്കലും ഡൺസ്റ്റനച്ചന് ഉണ്ടായിരുന്നില്ല. എന്നാൽ, പണകൈകാര്യത്തിലെ സന്യാസമൂല്യം ഡൺസ്റ്റനച്ചന് വളരെ പ്രാധാന്യം ഉള്ളതായിരുന്നു. ഡൺസ്റ്റനച്ചന്റെ ഈ മൂല്യ ബോധം ഞങ്ങളെ തീർച്ചയായും വളരെ സ്വാധീനിച്ചിട്ടുണ്ട്.

വലിയ സാമ്പത്തിക ഞെരുക്കത്തിൽ ജീവിച്ചിരുന്ന ഈ തോട്ടപ്പണിക്കാരന്റെ ആഹാര കാര്യങ്ങളെല്ലാം വളരെ പരിതാപകരമായ അവസ്ഥയിൽ ആയിരുന്നു എന്ന് ഞങ്ങളുടെ ചക്കക്കറിയെക്കുറിച്ചുള്ള പരാമർശത്തിൽ സൂചിപ്പിച്ച് കഴിഞ്ഞുവല്ലോ. ഇറച്ചിയും, മീനുമൊന്നും വാങ്ങിക്കുവാനുള്ള സാമ്പത്തികശേഷി ആ കൂലിപ്പണിക്കാരന് ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഞങ്ങൾ കറിയ്ക്കായി കോഴിയും, മീനും, വാങ്ങിയാൽ അവയെ വൃത്തിയാക്കുമ്പോൾ, അവയുടെ ഉപയോഗമില്ലാത്ത ഭാഗങ്ങൾ (കോഴിയുടെ കുടൽ, തല, കാലുകൾ; മീനിന്റെ ചെകിള തുടങ്ങിയവ) തോട്ടകാരൻ ഞങ്ങളുടെ പാചകകാരനിൽ നിന്ന് കൊണ്ടുപോയി കറി വെക്കുന്ന കാര്യം വൈകിയാണെങ്കിലും ഞങ്ങൾ അറിഞ്ഞു. ഞങ്ങളിൽ നിന്ന് ഡൺസ്റ്റനച്ചൻ ഇത് അറിഞ്ഞപ്പോൾ അദ്ദേഹം വലിയ സങ്കടത്തിലായി. ഇതിന് ശേഷം കുറെ കൂടി സഹായ മനോഭാവത്തോടെ തോട്ടക്കാരനോടും കുടുംബത്തോടും പെരുമാറുവാൻ ഡൺസ്റ്റനച്ചൻ ഞങ്ങൾക്ക് നിർദ്ദേശം നൽകി. പിന്നീട് പലപ്പോഴും വസ്ത്രവും, ഭക്ഷണവും, ഭക്ഷണസാധനങ്ങളുമൊക്കെ ഞങ്ങളെ കൊണ്ട് സാധിക്കുന്ന രീതിയിൽ ഞങ്ങൾ ആ കുടുംബത്തിന് കൊടുത്തിരുന്നു.

ഞങ്ങൾ അവിടെ ചെറുതായിട്ടാണെങ്കിലും പച്ചകറിക്കൾ കൃഷി ചെയ്തിരുന്നു. കോഴി വളർത്തലിൽ വളരെ തല്പരനായിരുന്ന ഞങ്ങളിൽ ഒരാൾ കുറച്ച് കോഴികളെയും വളർത്തിയിരുന്നു. പച്ചക്കറി കൃഷിയിൽ ചീര, കാബേജ്, കോളിഫ്ളവർ, റാഡിഷ് മുതലായവ നല്ലവണ്ണം ഉണ്ടാകുകയുണ്ടായി. ഹിന്ദി പ്രദേശങ്ങളിലെ സാധാരണ ജനങ്ങൾ കോളിഫ്ളവർ, റാഡിഷ് എന്നിവ അവയുടെ ഇലകളോടു

കൂടി കറിവെക്കും. ഞങ്ങളുടെ പച്ചകറി കൃഷി വിഭവങ്ങളും തോട്ടക്കാരന് ഞങ്ങൾ ദാനമായി നൽകാറുണ്ടായിരുന്നു. തോട്ടക്കാരൻ താഴ്ന്ന ജാതിക്കാരൻ ആയിരുന്നു എങ്കിലും, വല്ലപ്പോഴുമൊക്കെ അയാളുടെ ഭാര്യ ഉണ്ടാക്കിയിരുന്ന ഇലകളോടു കൂടിയ കോളിഫ്ളവർ, റാഡിഷ് മുതലായവയുടെ കറികൾ ഞങ്ങളും രുചിച്ചു നോക്കാറുണ്ടായിരുന്നു.

തോട്ടക്കാരനും ഞങ്ങളും തമ്മിലുള്ള സൗഹൃദം കൂടുതൽ അടുപ്പങ്ങളിലേക്ക് നീങ്ങി. ഒരു ദിവസം തോട്ടക്കാരൻ കുറെ പഴുത്ത പേരയ്ക്ക പറിച്ച് ഞങ്ങൾക്ക് നൽകി. മാനേജർ അറിയാതെയാണ് തോട്ടകാരൻ ഇത് പറിച്ച് നൽകിയത് എന്ന് ഞങ്ങൾക്ക് സ്പഷ്ടമായി അറിയാമായിരുന്നു. എന്നിരുന്നാലും, ഒരു മനശ്ശല്യവും ഇല്ലാതെ ഞങ്ങൾ അത് വാങ്ങി ഭക്ഷണ മുറിയിലെ മേശമേൽ വെച്ചു. ഇത് കാണുവാൻ ഇടയായപ്പോൾ തുടങ്ങി ഡൺസ്റ്റനച്ചന്റെ മുഖത്ത് ഒരു പ്രത്യേക ഗൗരവഭാവം നിഴലിച്ചത് ഞങ്ങൾ എല്ലാവരും ശ്രദ്ധിക്കുകയുണ്ടായി. രാത്രി ഭക്ഷണസമയത്ത് ഞങ്ങളിലൊരാൾ പറഞ്ഞു: “ഇത് എല്ലാം കൂടി എങ്ങനെ തിന്നു തീർക്കും? പേരയ്ക്ക നല്ലവണ്ണം പഴുത്ത് കഴിഞ്ഞിരിക്കുന്നു. ചീഞ്ഞ് നാശമാകുന്നതിന് മുമ്പ് നമുക്കിത് T.O.R. ഹൗസിലേക്ക് കുറച്ച് കൊടുക്കാം.” ഞങ്ങളുടെ അടുത്ത് തന്നെ ഉണ്ടായിരുന്ന ഒരു ഫ്രാൻസിസ്കൻ ആശ്രമം ആയിരുന്നു അത്. ഞങ്ങളും, അവിടെയുള്ളവരും തമ്മിൽ വലിയ അടുപ്പത്തിലായിരുന്നു. പലപ്പോഴും ഇത്തരം പദാർത്ഥങ്ങളൊക്കെ അങ്ങോട്ടും ഇങ്ങോട്ടും ഞങ്ങൾ സ്നേഹത്തിൽ കൈമാറാറുണ്ടായിരുന്നു. ഈ നിർദ്ദേശം കേട്ടമാത്രയിൽ ഗൗരവത്തോടെ ആണെങ്കിലും, ശാന്തനായി ഡൺസ്റ്റനച്ചൻ പറഞ്ഞു: “ഇതാണ് ഞാനും നിങ്ങളും തമ്മിലുള്ള വ്യത്യാസം. മാനേജർ അറിയാതെ തോട്ടക്കാരൻ പറിച്ചു തന്നെ പേരയ്ക്ക വാങ്ങിച്ചു വെച്ചത് തെറ്റ്. ആ പേരയ്ക്ക T.O.R. കാർക്ക് കൊടുത്ത് അവരെ കൂടി ഇതിൽ പങ്കാളികൾ ആക്കുന്നത് വേറെ ഒരു വലിയ തെറ്റ്.” ഡൺസ്റ്റനച്ചനെ ചുരുങ്ങിയ കാലം കൊണ്ട് ഞങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. ഞങ്ങളുടെ ഗുരുവച്ചനായിരുന്ന അദ്ദേഹത്തിന്റെ ആത്മനൈർമ്മല്യം ഞങ്ങൾക്ക് വലിയ മാതൃകയായി കഴിഞ്ഞിരുന്നു. ഡൺസ്റ്റനച്ചന്റെ അത്യപൂർവ്വ

മായ ഈ തിരുത്തൽ അഭിപ്രായം ഞങ്ങളുടെ സന്യാസ പൗരോഹിത്യ പരിശീലനത്തെ കുറെ കൂടി ആഴപ്പെടുത്തി.

ശങ്കരാചാര്യർ പറയുന്നു: "അജ്ഞാനമാകുന്ന തിമിരം കൊണ്ട് അന്ധത ബാധിച്ച ശിഷ്യനയനങ്ങളെ ജ്ഞാനമാകുന്ന അഞ്ജനശലാക (മഷികോൽ) കൊണ്ട് തുറക്കുന്നത് ഏതൊരു ഗുരുവാണോ, ആ ഗുരുവാണ് യഥാർത്ഥ ഗുരു. ആ ഗുരുവര്യനാണ് നമസ്കാര യോഗ്യൻ." ഡൺസ്റ്റനച്ചന്റെ തിരുത്തലുകൾ എന്നും ഞങ്ങളിലുള്ള അടിസ്ഥാന മനോഭാവങ്ങളിൽ ദൈവികത നിറയ്ക്കുന്നതായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഓരോ തിരുത്തലും ഞങ്ങൾക്ക് ആത്മീയ ആഴങ്ങളിലേക്ക് നീങ്ങുവാൻ സഹായകമാകാറുണ്ട്. ഡൺസ്റ്റനച്ചൻ തിരുത്തിയിരുന്നത് അദ്ദേഹത്തിന് ശരിയെന്ന് ബോധ്യമുണ്ടായിരുന്ന ആദ്ധ്യാത്മിക ജ്ഞാനം കൊണ്ടായിരുന്നു. ഡൺസ്റ്റനച്ചന്റെ തിരുത്തലുകൾ സ്വീകരിക്കുന്തോറും ഞങ്ങൾ അദ്ദേഹത്തോട് കൂടുതൽ അടുത്തിരുന്നു; അദ്ദേഹത്തോടുള്ള ഞങ്ങളുടെ സ്നേഹാദരവുകൾ വർദ്ധിക്കുകയും ചെയ്തിരുന്നു. കാരണം, അദ്ദേഹത്തിലുണ്ടായിരുന്ന ആത്മീയ അന്തസത്ത സമ്പൂർണ്ണമായി ദൈവികമായിരുന്നു എന്ന് ഞങ്ങൾക്ക് ഉറച്ച ബോധ്യം ഉണ്ടായിരുന്നു.

"ചെറിയ കാര്യത്തിൽ വിശ്വസ്തനായിരിക്കുന്നവൻ വലിയ കാര്യത്തിലും വിശ്വസ്തൻ ആയിരിക്കും. ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയ കാര്യത്തിലും അവിശ്വസ്തനായിരിക്കും" (ലൂക്ക 16:10). സന്യാസവും, പൗരോഹിത്യവും ആത്മാർത്ഥത കൊണ്ടും, വിശ്വസ്തതകൊണ്ടും മുദ്രിതമായതാണ്. അവയിലെ മൂല്യങ്ങൾ താല്ക്കാലികതത്തിൽ അല്ല, സനാതനത്വത്തിലാണ് ലക്ഷ്യം വെക്കുന്നത്. മൂല്യങ്ങളിൽ മുറുകെ പിടിച്ചു ജീവിച്ചതുകൊണ്ടാണ് ഡൺസ്റ്റനച്ചൻ നമ്മിൽ നിന്നും വ്യത്യസ്തനായത്. ഒരു പക്ഷെ, എന്നെയും, നിങ്ങളെയും സ്വർഗ്ഗത്തിൽ നിന്ന് നോക്കി, സ്വതസിദ്ധമായ ചെറുചിരിയിൽ, ശാന്തസ്വരത്തിൽ ഡൺസ്റ്റനച്ചൻ സ്നേഹമസൃണം യേശുവചനം ഓർമ്മപ്പെടുത്തുന്നുണ്ടാകും: "ഇനിയും നിനക്ക് ഒരു കുറവുണ്ട്" (ലൂക്ക 18:22). വിശ്വസ്തതയിൽ തെല്ലും പിന്നോക്കമല്ലാത്ത ജീവിതശൈലിയിൽ നമ്മെ തന്നെ നമുക്ക് നങ്കൂരമിടാം.

# 16

# കൊള്ളി കൃഷി വേണോ?

ഡൺസ്റ്റനച്ചനിൽ ഉണ്ടായിരുന്ന അതിശക്തമായ മിഷൻ ചൈതന്യത്തെ നാം കുറച്ചൊക്കെ പരിചയപ്പെട്ടതാണ്. അദ്ദേഹത്തിൽ ഉണ്ടായിരുന്ന അചഞ്ചലമായ മൂല്യബോധത്തോട് കൂട്ടിയിണക്കപ്പെട്ടതായിരുന്നു അദ്ദേഹത്തിലെ മിഷൻ ചൈതന്യവും.

ഞങ്ങളുടെ പച്ചകറി തോട്ടത്തിന്റെ ഒരു ഭാഗം കൊള്ളി (കപ്പ) കൃഷി ആയിരുന്നു. നാട്ടിൽ നിന്ന് കൊണ്ടുവന്ന കപ്പതണ്ട് റാഞ്ചിയിൽ ഒരു വിധം നന്നായി വളർന്നിരുന്നു. ഞങ്ങളുടെ അടുത്തുള്ള മലയാളികൾ ഉള്ള ചില സ്ഥാപനങ്ങളിൽ കപ്പ നന്നായി വിളഞ്ഞിരുന്നു. ജ്യോതിനിവാസിൽ കൽക്കരി ചാരം ഇട്ടത് കൊണ്ട് കപ്പ കൃഷി അത്ര ഉഷാർ ആയില്ല. ഡൺസ്റ്റനച്ചന് ഞങ്ങളുടെ എല്ലാ കൃഷികളും ഇഷ്ടമായി. പക്ഷെ, കപ്പ കൃഷി ചെയ്തത് അത്ര ഇഷ്ടമായില്ല. ജ്യോതിനിവാസിലെ കപ്പ കൃഷിയോടുള്ള അതൃപ്തി ഡൺസ്റ്റനച്ചൻ പ്രകടമാക്കിയത് ഏകദേശം ഇങ്ങനെയാണ്: "ഞങ്ങൾ മിഷൻ സ്ഥലം സന്ദർശനവുമായി ആദ്യമായി റാഞ്ചിയിൽ വന്നപ്പോൾ, ഞങ്ങളോട് ഒരു ബെൽജിയം ഈശോ സഭക്കാരൻ മിഷനറി വെല്യച്ചൻ പറഞ്ഞു കേരളീയർക്ക് ഒരിക്കലും നല്ല മിഷനറിമാരാകുവാൻ സാധിക്കുക ഇല്ലെന്ന്. അദ്ദേഹം പറഞ്ഞു മലയാളികൾ എവിടെ ചെന്നാലും മലയാളി ഭക്ഷണവും, മലയാളി സംസ്കാരവും തുടരും. ഞാനൊക്കെ ബെൽജിയത്ത് നിന്ന് ഇന്ത്യയിൽ വന്നിട്ട് കാലങ്ങൾ ഏറെയായി. ഇവിടത്തെ ഭക്ഷണം, ഇവിടത്തെ ജീവിത ആചാരങ്ങൾ ഇതൊക്കെയായി ഇണങ്ങിചേർന്നു. ബെൽജിയം രീതികൾ പാടെ മറന്നു." ഇത്രയും പറഞ്ഞുനിറുത്തികൊണ്ട് ഡൺസറ്റനച്ചൻ പറഞ്ഞു: "കൊള്ളി പറച്ചു കളയുകയൊന്നും വേണ്ട. ആ വെല്യച്ചൻ പറഞ്ഞ കാര്യങ്ങളിലെ നല്ല വശങ്ങൾ ശ്രദ്ധിച്ചാൽ മതി."

റാഞ്ചിയിലെ മലയാളികൾക്കിടയിൽ ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹം കേരള വിഭവങ്ങൾ നാട്ടിൽ നിന്ന് വരുത്തി

സൈക്കിളിൽ ഈ വിഭവങ്ങൾ മലയാളികളുടെ ഇടയിൽ വിറ്റ് ജീവിച്ചിരുന്ന വ്യക്തിയായിരുന്നു. ജ്യോതിനിവാസിലും അദ്ദേഹം ഇത്തരം വില്പനയ്ക്കായി വരാറുണ്ടായിരുന്നു. കേരള പപ്പടം, ഉള്ളി, കടുമാങ്ങ അച്ചാർ, സാമ്പാർ പൊടി, ഉണക്കമീൻ തുടങ്ങിയ ധാരാളം കേരള വിഭവങ്ങൾ അദ്ദേഹം കൊണ്ടുവരുമായിരുന്നു. ഒരു ദിവസം അദ്ദേഹം വന്നപ്പോൾ ഡൺസ്റ്റനച്ചൻ പറഞ്ഞു: "ചാക്കോ, വിഷമം കരുതരുത്. ഇവിടെ കഷ്ടപ്പെട്ട് വരുന്ന നേരം കൊണ്ട് ചാക്കോക്ക് അടുത്തടുത്ത് താമസ സ്ഥലങ്ങൾ ഉള്ള എത്രയോ മലയാളികളുടെ വീടുകളിൽ പോയി കച്ചവടം നടത്താം. അഥവാ, എന്തെങ്കിലും സാധനങ്ങൾ ഞങ്ങൾക്ക് ആവശ്യം ഉണ്ടെങ്കിൽ ചാക്കോ ഇവിടെ ഞായറാഴ്ച കുർബ്ബാനയ്ക്ക് വരുമ്പോൾ പറയാം. എന്നിട്ട് കൊണ്ട് വന്ന് തന്നാൽ മതി." ഡൺസ്റ്റനച്ചന് ഞങ്ങളെ കൂടുതൽ കേരളിയർ ആക്കുന്നതിനേക്കാൾ. കൂടുതൽ മിഷനറി ചൈതന്യം ഉള്ളവരാക്കി മാറ്റുന്നതാണ് അഭികാമ്യമായി തോന്നിയത്.

ഈ ചാക്കോ എന്ന് ജ്യോതിനിവാസിൽ വന്നാലും, ചാക്കോയ്ക്ക് ഡൺസ്റ്റനച്ചൻ ഭക്ഷണം നൽകാറുണ്ട്. വളരെ നേരം സൈക്കിൾ ചവുട്ടി ക്ഷീണിതനായി എത്തുന്ന ചാക്കോയ്ക്ക് ഡൺസ്റ്റനച്ചൻ നൽകിയിരുന്ന സ്നേഹവും, ഭക്ഷണവും ഡൺസ്റ്റനച്ചന്റെ ഔദാര്യ മനസ്ഥിതിയുടെ സാക്ഷ്യങ്ങളായിരുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11:28). ഞായറാഴ്ചകളിൽ കുർബ്ബാനയ്ക്ക് വരാറുള്ള ചാക്കോയെ കാണുമ്പോഴൊക്കെ ഡൺസ്റ്റനച്ചൻ പറയും: "ഇവിടെ കേരള സാധനങ്ങൾ വിൽക്കുവാൻ നീ വരുന്നില്ലെങ്കിലും, ഈ വഴിക്ക് പോകുമ്പോൾ ഇവിടെ വന്ന് ഭക്ഷണം കഴിച്ച് പോകണം. അതിന് ഒരു മടിയും ഉണ്ടാകേണ്ട." ഡൺസ്റ്റനച്ചന്റെ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കിയ ചാക്കോ വളരെ നല്ല കത്തോലിക്കനായിരുന്നു. ഡൺസ്റ്റനച്ചനിൽ നിന്ന് അദ്ദേഹം സ്വീകരിച്ചിരുന്ന ആശ്വാസം, മറ്റെവിടെയും അദ്ദേഹത്തിന് ലഭിക്കാത്ത ആത്മീയ ആശ്വാസമായിരുന്നു. അത് സ്വീകരിക്കുവാൻ അദ്ദേഹം ഇടയ്ക്കിടയ്ക്ക് ജ്യോതിനിവാസിൽ വരാറുണ്ടായിരുന്നു. അത് ഭക്ഷണം കഴിക്കുവാനോ, വിൽപ്പനയ്ക്കോ ആയിരുന്നില്ല. മറിച്ച്, ഡൺസ്റ്റനച്ചൻ നൽകിയിരുന്ന ആശ്വാസത്തിന്റെ മേന്മ ഒന്നുകൊണ്ടുമാത്രമായിരുന്നു.

# 17

# അദ്ധ്യാപക നിപുണത

അധികം ആരും വിശ്വസിക്കുവാൻ സാധ്യത ഇല്ലാത്ത ഒരു സംഗതി യാണ് ഡൺസ്റ്റനച്ചൻ നല്ലൊരു അദ്ധ്യാപകൻ ആയിരുന്നു എന്ന കാര്യം. റാഞ്ചിയിൽ ഇന്റർമീഡിയറ്റിന് ഞങ്ങൾക്ക് പഠിക്കുവാനുള്ള ഒരു വിഷയം ആയിരുന്നു ലോജിക്. ഫിലോസഫിയുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്ന ഈ വിഷയത്തിന് കോളേജിൽ ക്ലാസ്സ് ഉണ്ടായിരുന്നില്ല. കാരണം, ഇത് തനിച്ചു പഠിക്കുവാനുള്ള ഓപ്ഷനൽ വിഷയങ്ങളിൽ ഒന്നായിരുന്നു. എന്നാൽ, അദ്ധ്യാപക സഹായം ഇല്ലാതെ ലോജിക് പഠിക്കുക പ്രയാസകരമായിരുന്നു.

സെന്റ് ആൽബർട്ട്സ് സെമിനാരിയിൽ പ്രൈവറ്റ് ആയിട്ട് ഇന്റർമീ ഡിയറ്റിന് എഴുതുന്നവർക്ക് ലോജിക് ക്ലാസ്സ് ഉണ്ടായിരുന്നു. റാഞ്ചി യിൽ നിന്ന് അധികം ദൂരത്തല്ലാത്ത ഒരു ഇടവകയിൽ വികാരിയായി സേവനം ചെയ്തിരുന്ന ഒരു ബെൽജിയം ഈശോ സഭക്കാരൻ മിഷ നറി വൈദികനായിരുന്നു ലോജിക് അദ്ധ്യാപകൻ. ഏകദേശം അറു പത് വയസ്സുള്ള അദ്ദേഹം സൈക്കിളിൽ യാത്ര ചെയ്ത് വന്ന് സെന്റ് ആൽബർട്ട്സിൽ ലോജിക് ക്ലാസ്സ് എടുത്ത് തിരിച്ചു പോകുമായിരു ന്നു. ഡൺസ്റ്റനച്ചൻ പ്രത്യേക താല്പര്യം എടുത്ത്, ഈ ബെൽജിയം മിഷനറി വൈദിക അദ്ധ്യാപകനെ ഞങ്ങൾക്കായി ലോജിക് ട്യൂഷന് ഏർപ്പാട് ചെയ്തു. അദ്ദേഹം ആദ്യമായി ജ്യോതിനിവാസിൽ പഠിപ്പി ക്കുവാൻ വന്ന ദിവസം തന്നെ ഡൺസ്റ്റനച്ചനെ വളരെ ഇഷ്ടപ്പെട്ടു കയും 'old monk' (വൃദ്ധ സന്യാസി) എന്ന് ആദരവോടെ വിളിക്കു കയും ചെയ്തു. ആദ്യദിവസത്തെ ക്ലാസ്സ് കഴിഞ്ഞ് ഈ ലോജിക് അദ്ധ്യാപക വൈദികൻ ഡൺസ്റ്റനച്ചന്റെ അടുത്ത് കുമ്പസാരിച്ചി ട്ടാണ് തിരികെ പോയത്. പക്ഷെ, തിരക്കുകൾ കാരണം ലോജിക്

ക്ലാസ്സ് നൽകുവാൻ അദ്ദേഹം പിന്നീട് അധികം വന്നില്ല. എന്നിരുന്നാലും, ഇടവക കാര്യങ്ങൾക്കായി റാഞ്ചി ബിഷപ്പ്സ് ഹൗസിലേക്ക് വരുമ്പോഴൊക്കെ, ജ്യോതിനിവാസിൽ വന്ന് ഡൺസ്റ്റനച്ചന്റെ പക്കൽ അദ്ദേഹം കുമ്പസാരിക്കുമായിരുന്നു. വളരെ സരസപ്രിയനായിരുന്ന ആ വിശുദ്ധ മിഷനറി ജ്യോതിനിവാസിൽ എത്തിയാൽ ഉടനെ ഞങ്ങളെ കണ്ട് ബെൽജിയം ഉച്ചാരണ ശൈലിയിൽ ഇംഗ്ലീഷിൽ പറയും: "ശോറി... ശോറി... നൊ തൈം ഫോർ മി തു തെയ്ക്ക് ക്ലാസ്സ്... ബിശി... ബിശി... വെയർ ഈസ് ദാത്ത് ഓൾഡ് മോങ്ക്... ഐ വാൻത് തു കോൺഫെശ്" (Sorry... sorry... No time for me to take class... Busy... Busy... Where is that old monk... I want to confess). ബെൽജിയം ഭാഷയിൽ ഇംഗ്ലീഷിലെ 'T' യെ അദ്ദേഹം 'തി' എന്നാണ് ഉച്ചരിക്കാറുള്ളത്. ഇത്തരത്തിലുള്ള ഉച്ചാരണ പ്രത്യേകതകൾ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് സംസാരത്തിൽ ഉണ്ടായിരുന്നു. എന്നിരുന്നാലും അദ്ദേഹം ഭംഗിയായി ഹിന്ദി കൈകാര്യം ചെയ്യുമായിരുന്നു.

ലോജിക് ക്ലാസ്സ് മുടങ്ങി പോകുന്നത് മനസ്സിലാക്കിയ ഡൺസ്റ്റനച്ചൻ ഞങ്ങളുടെ കയ്യിൽ നിന്ന് ലോജിക് ടെക്സ്റ്റ് പുസ്തകം വാങ്ങി ഞങ്ങളെ ലോജിക് പഠിപ്പിക്കുവാൻ ഒരുങ്ങി തുടങ്ങി. കോളേജിലെ ഞങ്ങളുടെ ക്ലാസ്സ് സമയം അനുസരിച്ച് ജ്യോതിനിവാസിൽ ഉണ്ടാകുന്നവർക്ക് ഡൺസ്റ്റനച്ചൻ ലോജിക് ക്ലാസ്സ് എടുക്കുവാനും തുടങ്ങി. ഞങ്ങളിൽ ചിലർക്ക് ചില ദിവസങ്ങളിൽ കോളേജ് ടൈംടേബിൾ പ്രകാരം കോളേജിലേക്ക് പോകേണ്ടത് ഉണ്ടായിരുന്നില്ല. ഈ സമയങ്ങളിൽ ആയിരുന്നു ഡൺസ്റ്റനച്ചന്റെ ലോജിക് ക്ലാസ്സ്. ഇപ്രകാരം ഡൺസ്റ്റനച്ചന്റെ ലോജിക് ക്ലാസ്സ് അധികം ലഭിച്ചത് വിൽസൻ എടാട്ടുകാരൻ ബ്രദറിന് ആയിരുന്നു. പഠിപ്പിൽ വളരെ പ്രഗൽഭനായിരുന്ന വിൽസൻ, ഡൺസ്റ്റനച്ചന്റെ ക്ലാസ്സ് എളുപ്പത്തിൽ മനസ്സിലായിരുന്നു. പിന്നീട്, ഞങ്ങളെ ലോജിക് പഠിപ്പിച്ചത് വിദ്യാർത്ഥി ആയിരുന്ന വിൽസൻ ആയിരുന്നു. ഡൺസ്റ്റനച്ചനിൽ നിന്ന് വിൽസൻ മനസ്സിലാക്കിയ ലോജിക് പാഠങ്ങൾ മെച്ചപ്പെട്ട രീതിയിൽ മറ്റുള്ളവരെ മനസ്സിലാക്കിപ്പിക്കുന്നതിൽ വിൽസൻ വിഗദ്നായിരുന്നു. ക്ലാസ്സ് കഴിഞ്ഞ് ഞങ്ങൾ എല്ലാവരും ഒരുമിച്ച് ഉണ്ടാകുന്നത് സാധാരണയായി വൈകുന്നേരങ്ങളിൽ ആയിരുന്നു. ഈ സമ

യത്ത് ഡൺസ്റ്റനച്ചൻ ഞങ്ങളുടെ ഭക്ഷണ കാര്യങ്ങളുമായി ബന്ധപ്പെട്ട തിരക്കുകളിൽ ആയിരിക്കും. ആ സമയത്ത് ഞങ്ങളുടെ കൂടെ വിദ്യാർത്ഥിയായിരുന്ന വിൽസൻ എടാട്ടുകാരൻ ഞങ്ങളുടെ ലോജിക് അദ്ധ്യാപകനാകും. ഫിലോസഫിയുടെ അടിസ്ഥാന വിഷയമായിരുന്ന ലോജിക്, വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്റെ ബാച്ചുകാർക്ക് പറഞ്ഞുകൊടുത്ത് പഠിപ്പിച്ചിരുന്ന വിൽസൻ എടാട്ടുകാരൻ, ഇപ്പോൾ അറിയപ്പെടുന്ന ഫിലോസഫി പ്രൊഫസർ ആയി സേവനം ചെയ്യുന്നു! ഡൺസ്റ്റനച്ചന്റെ കീഴിൽ റാഞ്ചിയിൽ മിഷൻ പരിശീലനത്തിൽ ആയിരുന്ന വിൽസൻ എടാട്ടുകാരൻ ഇന്ന് ഭോപ്പാൽ സെന്റ് പോൾ മിഷൻ പ്രവിശ്യയിലെ സുപ്രസിദ്ധനായ മിഷനറി വൈദികൻ ആയിരിക്കുന്നു!! ഗുരുവരനായ ഡൺസ്റ്റനച്ചന്റെ കൈപുണ്യവും, പരിശീലനമികവും!!! പരീക്ഷകളിൽ വളരെ ഉയർന്ന മാർക്ക് കരസ്ഥമാക്കുവാൻ സാധ്യതയുള്ള വിഷയമായിരുന്നു ലോജിക്. അതുകൊണ്ടാണ് ഞങ്ങൾ ലോജിക് തിരഞ്ഞെടുത്തത്. എല്ലാവരും തന്നെ ഫൈനൽ പരീക്ഷകളിൽ ഉയർന്ന മാർക്കോടെ ലോജിക് പാസ്സായി എന്നുള്ളത് വലിയ സന്തോഷത്തിന് കാരണമായി. സഹായത്തിന് ചിലപ്പോൾ ചെറുവിരൽ അനക്കിയാൽ മതിയാകും. അത് ധാരാള മനസ്സോടെ ചെയ്താൽ വലിയ അനന്തരഫലങ്ങൾ ഉളവാക്കും. ഡൺസ്റ്റനച്ചനിലൂടെ ഈ പ്രക്രിയകളാണ് പ്രാവർത്തികമായത്.

അമ്പഴക്കാട്, ഞങ്ങളുടെ നോവിഷ്യേറ്റ് കാലത്ത് ഡൺസ്റ്റനച്ചൻ സി.എം.ഐ. സഭാചരിത്രം പഠിപ്പിക്കുന്ന അദ്ധ്യാപകൻ ആയിരുന്നു. ഡൺസ്റ്റനച്ചനെ ക്ലാസ്സ് സമയം അറിയിക്കുവാനും, ക്ലാസ്സിലേക്ക് കൂട്ടികൊണ്ട് വരുവാനും സംവിധാനങ്ങൾ ഉണ്ടായിരുന്നു. സഭാചരിത്രത്തിന്റെ ഒരു ടെക്സ്റ്റ് പുസ്തകം ഉണ്ടായിരുന്നു. അത് നോക്കി നല്ലവണ്ണം ഒരുങ്ങി തന്നെയാണ് ഡൺസ്റ്റനച്ചൻ പഠിപ്പിച്ചിരുന്നത്. ഡൺസ്റ്റനച്ചന്റെ ക്ലാസ്സിനെ കൂടുതൽ ആകർഷകമാക്കിയിരുന്നത് സഭാ പിതാക്കന്മാരായ ചില വന്ദ്യ വൈദികരുമായി ബന്ധപ്പെട്ട പരാമർശങ്ങളിൽ ഡൺസ്റ്റനച്ചന് അവരെ കുറിച്ചുള്ള അറിവും, അനുഭവ പരിചയങ്ങളും വളരെ അനൗപചാരികമായി ഉൾപ്പെടുത്തിയിരുന്നത് ആയിരുന്നു.

തന്റെ വിദ്യാഭ്യാസ കാലത്ത് ഡൺസ്റ്റനച്ചന് ഏറ്റവും ഇഷ്ടപ്പെട്ട വിഷയങ്ങൾ ബോട്ടണിയും സാമൂഹ്യപാഠവും ആയിരുന്നു എന്ന്

ഡൺസ്റ്റനച്ചൻ പറയുമായിരുന്നു. ലോകമഹായുദ്ധങ്ങളുടെ കാരണങ്ങൾ, പടനീക്കങ്ങൾ എന്നിവയെ കുറിച്ചൊക്കെ വളരെ രസകരമായ രീതിയിൽ ആവേശത്തോടെ ഡൺസ്റ്റനച്ചൻ വിവരിച്ച് തരുമായിരുന്നു. എന്നിരുന്നാലും, ഡൺസ്റ്റനച്ചന്റെ ബോട്ടണി താൽപര്യമായിരുന്നു അദ്ദേഹത്തിൽ അധികമായി ഉണ്ടായിരുന്ന ഒരു സുപ്രധാന സംഗതി.

ഡൺസ്റ്റനച്ചൻ ചെടികളെയും, പൂക്കളേയും വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. പ്രകൃതിയോട് വലിയ പ്രശംസയും സ്നേഹവുമായിരുന്നു ഡൺസ്റ്റനച്ചന്. അട്ടപ്പാടിയിലെ പ്രകൃതി ഭംഗിയെ കുറിച്ച് വളരെ സന്തോഷത്തോടെ അദ്ദേഹം പങ്കുവെക്കുമായിരുന്നു. ഒരു പരിചരണവും ഇല്ലാതെ അട്ടപ്പാടിയിൽ വളരുന്ന പൂക്കളെ കുറിച്ച്, പ്രത്യേകിച്ച് ഡാലിയ പൂക്കളെ കുറിച്ച് ഡൺസ്റ്റനച്ചൻ അത്ഭുതത്തോടെ വിവരിക്കുമായിരുന്നു. എവിടെ ചെന്നാലും ഡൺസ്റ്റനച്ചന്റെ ദൃഷ്ടി പ്രത്യേകമായ രീതിയിൽ വൃക്ഷങ്ങളിലും, ചെടികളിലും, പൂക്കളിലും പതിയുമായിരുന്നു.

റാഞ്ചിയിൽ നിന്ന് ഞങ്ങൾ പലാമു നാഷണൽ പാർക്കിൽ വിനോദയാത്രയ്ക്കായി എത്തിയപ്പോൾ, ഡൺസ്റ്റനച്ചന്റെ ശ്രദ്ധ മുഴുവൻ ആ വനത്തിലുള്ള അപൂർവ്വ മരങ്ങളിലും, സസ്യങ്ങളിലും ആയിരുന്നു. അന്ന് ഞങ്ങളുടെ കുക്ക് ആയിരുന്ന ഒരു ജോർജ്ജിനെ കുറിച്ച് ഞാൻ മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ ജോർജ്ജ് ഭംഗിയായി മസ്ജിദിൽ വാങ്ക് വിളിക്കുന്നത് അനുകരിച്ച് കാണിക്കുമായിരുന്നു. ഒപ്പം, ഞാൻ സൂചിപ്പിച്ച പൈഡ് പൈപ്പർ പോസ്റ്റുമേൻ, തോട്ടക്കാരൻ തുടങ്ങിയവരുടെ നടപ്പും സംസാരവുമെല്ലാം ജോർജ്ജ് മിമിക്രിയായി അഭിനയിച്ച് കാണിച്ച് തമാശ ഉണ്ടാക്കുമായിരുന്നു.

ജ്യോതിനിവാസിന്റെ പിൻവശത്തുള്ള ലേഡീസ് ഹോസ്റ്റലിലേക്ക് വെള്ളം കൊണ്ടുപോകുന്ന ഒരു വൃദ്ധനായ കൂലിക്കാരൻ ഉണ്ടായിരുന്നു. ജ്യോതിനിവാസിന്റെ തൊട്ടടുത്തായിരുന്നു കാമ്പസ്സിലെ കിണർ. വെള്ളം ലഭിക്കുവാൻ മോട്ടോർ സൗകര്യങ്ങൾ ഒന്നും അന്ന് ഉണ്ടായിരുന്നില്ല. മുനിസിപ്പാലിറ്റി പൈപ്പ് വെള്ളം ടാങ്കിൽ ശേഖരിച്ച് ഉപയോഗിച്ചിരുന്നു. എന്നാൽ, പാചകത്തിനായി കിണറ്റിൽ നിന്ന് കോരിയെടുത്ത വെള്ളമാണ് ഉപയോഗിച്ചിരുന്നത്. ലേഡീസ് ഹോസ്റ്റ

ലിലേക്ക് വെള്ളം കോരിയെടുത്ത് കാവിൽ പിടിപ്പിച്ച പാട്ടകളിൽ വെള്ളം കൊണ്ടു പോയിരുന്ന വൃദ്ധനായ ജോലിക്കാരൻ ഹൈഡ്രോസിൽ രോഗി ആയിരുന്നു. ഈ സാധു മനുഷ്യന് ഡൺസ്റ്റനച്ചൻ ഇടയ്ക്കിടക്ക് വെള്ളം കോരി കൊടുത്ത് ഞങ്ങൾക്ക് അദ്ദേഹം പരസ്നേഹത്തിന്റെ അത്യപൂർവ്വമായ ഒരു മുഖം പരിചയപ്പെടുത്തുന്ന അദ്ധ്യാപകനാകാറുണ്ട്. ഹൈഡ്രോസിൽ രോഗിയായ ആ ജോലിക്കാരൻ വെള്ളം കൊണ്ടു പോകുന്നത് ജോർജ്ജ് അഭിനയിച്ച് കാണിക്കുന്നതായിരുന്നു ഏറ്റവും വലിയ തമാശ ആയിരുന്നത്.

പലാമു വിനോദയാത്രയിലെ ഉച്ചഭക്ഷണത്തിന്ശേഷം, ജോർജ്ജിനെ കൊണ്ട് ഞങ്ങൾ ഈ തമാശകളൊക്കെ അഭിനയിപ്പിച്ച് കാണിച്ച് രസിക്കുകയായിരുന്നു. ഡൺസ്റ്റനച്ചന് മറ്റുള്ളവരെ കളിയാക്കികൊണ്ടുള്ള, പ്രത്യേകിച്ച് വൃദ്ധനായ ആ കൂലിക്കാരനെ അനുകരിച്ചു കൊണ്ടുള്ള തമാശകൾ ഒട്ടും ഇഷ്ടപ്പെട്ടില്ല. എന്നിരുന്നാലും, പിക്നിക് രസം കളയാത്ത രീതിയിൽ അദ്ദേഹം ഞങ്ങളോട് പറഞ്ഞു: "ആ ചെറുക്കനെ കൊണ്ട് പോക്കിരിതരങ്ങൾ കാണിപ്പിച്ച് ചിരിക്കുന്നതിനേക്കാൾ നല്ലത് ഈ നിൽക്കുന്ന മരങ്ങളെയൊക്കെ ശ്രദ്ധിക്കുന്നതാണ്. ഈ മരങ്ങൾ ഇനി നിങ്ങൾ ജീവിതത്തിൽ കണ്ടു എന്നു വരികയില്ല."

പലാമു വനത്തിൽ പൂത്തുനിൽക്കുന്ന മവ്വാ, പലാശ് തുടങ്ങിയ മരങ്ങളിലും, നിറയെ നെല്ലിക്കയുമായി നിൽക്കുന്ന മരങ്ങളിലുമൊക്കെയായിരുന്നു ഡൺസ്റ്റനച്ചന്റെ നിരീക്ഷണവും, ശ്രദ്ധയും. ആദിവാസികൾ മദ്യം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന മവ്വാ പൂക്കളിൽ കുറച്ച് പെറുക്കി എടുത്ത് ഞങ്ങളെ കാണിച്ചുകൊണ്ട് ഡൺസ്റ്റനച്ചൻ പറഞ്ഞു: "വാഴകുടപ്പന്റെ ഉള്ളിൽ തേൻ നിറഞ്ഞിരിക്കുന്ന പൂക്കൾ പോലെ... ഞെക്കിയാൽ ഒരു തരം ദ്രാവകം ഇതിന്റെ ഉള്ളിൽ നിന്ന് വരുന്നു. ശരിക്കും കള്ളിന്റെ മണം." അതു കഴിഞ്ഞ് ചുവന്ന പരവതാനി വിരിച്ച പോലെ നിലത്ത് കൊഴിഞ്ഞു കിടക്കുന്ന പലാശ് പൂക്കൾ പെറുക്കി എടുത്തുകൊണ്ട് ഡൺസ്റ്റനച്ചൻ പറഞ്ഞു: "ഇത്തരം ഒരു തരം പൂവ് അട്ടപ്പാടി കാടുകളിലും ഉണ്ട്." ഇതിനിടയിൽ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന കുര്യാക്കോസ് ചീരൻ ശമ്മാശ്ശൻ പറഞ്ഞു: "കുറച്ച് നെല്ലിക്ക പറിച്ച് കൊണ്ടു പോകാം. ഈ

നാട്ടിൽ നെല്ലിക്ക ആരും നമ്മെ പോലെ അധികം ഉപയോഗിക്കാറി ല്ല. കുരങ്ങന്മാർക്കുള്ളതാണ് നെല്ലിക്ക. അതുകൊണ്ട് നിങ്ങൾ പറി ച്ചെടുത്തോ." എല്ലാവരും ചിരിച്ചു. ഡൺസ്റ്റനച്ചനും ഞങ്ങളിൽ ഒരു വനായി വിനോദയാത്രയുടെ ആനന്ദം വർദ്ധിപ്പിച്ചു. പക്ഷെ, പ്രകൃതി നിരീക്ഷണത്തിലും, വൃക്ഷ സ്നേഹത്തിലും ഞങ്ങൾക്ക് ഡൺസ്റ്റ നച്ചൻ അദ്ധ്യാപകൻ ആയിതീർന്നുകൊണ്ട് വലിയ ഗുണപാഠങ്ങൾ നൽകി എന്നുള്ളതായിരുന്നു ഏറ്റവും സുപ്രധാനം.

ഡൺസ്റ്റനച്ചൻ എവിടെ പോയി വന്നാലും, എന്തെങ്കിലും ചെടി വിത്തുകളും, ചെടി കമ്പുകളും കൊണ്ടുവരുമായിരുന്നു. അവയിൽ സാധാരണയായി ഉണ്ടാകുക നമ്മുടെ വീടുകളിൽ നിന്ന് അകന്നു പോയി കൊണ്ടിരിക്കുന്ന കുലചെത്തി, നന്ത്യാർവട്ടം, പ്രത്യേക തരം ചെമ്പരത്തി എന്നിവയുടെയൊക്കെ കമ്പുകൾ ആയിരുന്നു. ഡൺസ്റ്റ നച്ചൻ കൊണ്ടുവരുന്ന കമ്പുകൾ പൊടിപ്പിക്കുവാനായി അദ്ദേഹം തന്നെ മണ്ണ് നിറച്ച ചട്ടികളിൽ കുഴിച്ചിട്ട് ശ്രദ്ധയോടെ നനച്ച് അവയെ കിളിർപ്പിക്കുമായിരുന്നു. സന്യാസ ഭവനങ്ങളെ ആകർഷകമാക്കു ന്നതിൽ ചെടിതോട്ടങ്ങൾക്കും, പൂക്കൾക്കും വലിയ പങ്കുണ്ട്. സന്യാസ ജീവിതത്തെ സന്തോഷമാക്കുന്ന ഏറ്റവും പ്രധാനമായ ഒരു വിനോദമാണ് ചെടിതോട്ട പരിപാലനം. ഡൺസ്റ്റനച്ചൻ ഇത്തരം കാര്യങ്ങളിൽ എന്നും പ്രായോഗിക പരിശീലനം നൽകുന്ന ദീർഘ ദൃഷ്ടിയുള്ള ഒരു അദ്ധ്യാപക സത്തമൻ ആയിരുന്നു.

അമ്പഴക്കാട് ആയിരിക്കുമ്പോൾ ഞങ്ങൾ നോവിസുകളെ നോക്കി ഡൺസ്റ്റനച്ചൻ പറയും: "തോട്ടപണിയുടെ അടിസ്ഥാനങ്ങൾ പോലും നിങ്ങൾക്ക് അറിഞ്ഞുകൂടാ. പുല്ലുപിടിച്ച് കിടക്കുന്ന തോട്ട ങ്ങൾ ആയാലും, അവയെ ഭംഗി ആയി വെട്ടി ഒതുക്കിയൊരുക്കി നിറുത്തിയാൽ അതൊരു ഭംഗിയാണ്. എന്ത് രസമാണ് തൊട്ടാവാടി പൂക്കൾ നിറഞ്ഞു നിൽക്കുന്നത് കാണാൻ. റോസ പൂക്കൾക്ക് പ്രസി ദ്ധമായിരുന്നു അമ്പഴക്കാട് നോവിഷ്യേറ്റ്." ചെടിവിത്തുകൾ പാകി മുളപ്പിക്കുന്നതും, ചെടികൾക്ക് വളം നൽകുന്നതുമൊക്കെ ഡൺസ്റ്റ നച്ചൻ സ്വയമായി ചെയ്ത് കാണിച്ചുതന്നുകൊണ്ട് ഞങ്ങൾക്ക് പരി ശീലനം നൽകുമായിരുന്നു. എന്നിട്ട് പറയും: "ഇതൊക്കെ സന്യാസ ത്തിന്റെ സന്തോഷം ഇരട്ടിപ്പിക്കും."

ഒരു ദിവസം നോവിഷ്യേറ്റു ഭവനത്തിന്റെ താഴെ തോട്ടപ്പണി ചെയ്തുകൊണ്ടിരിക്കുകയായിരുന്ന ഞങ്ങളുടെ അടുത്തു വന്ന് ഡൺസ്റ്റനച്ചൻ പറഞ്ഞു: “ഇവിടെ ധാരാളം ജെരബ്ര ഉണ്ടായിരുന്നു. അതൊന്നും ഇപ്പോൾ കാണാനില്ല. പക്ഷേ, ആ ജെരബ്രകൾ ഇവിടെ എവിടെയെങ്കിലും ഉണ്ടാകും. അതിന്റെ കട പെട്ടെന്ന് കെട്ടു പോകുകയില്ല. മഴ പെയ്താൽ അതിന്റെ കിഴങ്ങിൽ നിന്ന് തൈകൾ മുളയ്ക്കും. അവയെ കണ്ടുപിടിക്കണം.” ജെരബ്രയെ ഡൺസ്റ്റനച്ചൻ അന്വേഷിച്ചു നടന്നു. നോവിഷ്യേറ്റ് കെട്ടിടത്തിന്റെ ഒരു സൈഡിൽ ലാങ്കി മരത്തിന്റെ അടുത്ത് ചെന്നെത്തുന്ന ഒരു തോട്ടത്തിന്റെ അതിർത്തിയായി ജെരബ്ര വച്ചിരുന്നത് ഡൺസ്റ്റനച്ചൻ കണ്ടുപിടിച്ചു. വലിയ സന്തോഷത്തോടെ ഡൺസ്റ്റനച്ചൻ പറഞ്ഞു: “ഇവനെയൊന്നും ഇനി ഇവിടെ നിറുത്തേണ്ടതല്ല. മുൻവശത്തുള്ള പ്രധാന തോട്ടത്തിലേക്ക് ഇവനെ മാറ്റണം.” വളരെ ശ്രദ്ധയോടുകൂടെ ജെരബ്ര കടകളെ ഞങ്ങളെ കൊണ്ട് പറപ്പിച്ച് ഡൺസ്റ്റനച്ചൻ അമ്പഴക്കാട് ആശ്രമത്തിന്റെ മുൻവശത്തുള്ള പ്രധാന തോട്ടത്തിലേക്ക് അവയെ മാറ്റി നട്ടു. ജെരബ്രയുടെ പൂക്കൾ എങ്ങനെ ആയിരിക്കും എന്നറിയുവാൻ ഞങ്ങളിൽ പലർക്കും ജിജ്ഞാസ ഉണ്ടായി. കാരണം, അതുവരെ ജെരബ്ര പൂക്കൾ ഞങ്ങളാരും കണ്ടിട്ടുണ്ടായിരുന്നില്ല. വെള്ളവും, വളവും, നല്ല പരിചരണവും ലഭിച്ചപ്പോൾ മാറ്റിനടപ്പെട്ട ജെരബ്രകളിൽ വേഗം പൂക്കൾ ഉണ്ടായി. നീളത്തിൽ പച്ചതണ്ടിന്റെ അറ്റത്ത് ഇളം റോസ് വർണ്ണത്തിലുള്ള ജെരബ്ര പൂക്കൾ ഞങ്ങളിൽ വലിയ കൗതുകം ഉണർത്തി.

ഡൺസ്റ്റനച്ചനെ ഒരിക്കലും ദുഃഖിക്കുന്നവനായോ, വിഷാദമൂകനായോ ആരും കണ്ടിട്ടുണ്ടാകില്ല. വയലിലെ ലില്ലിപൂക്കളിൽ ദൈവത്തിന്റെ കരവിരുതിന്റെ സൗന്ദര്യം ദർശിച്ച് സന്തോഷിച്ചിരുന്ന കർത്താവിന്റെ പുരോഹിതനായിരുന്ന ഡൺസ്റ്റനച്ചന്റെ സന്തോഷ സന്യാസജീവിതത്തിന് പകുതി സ്നേഹവും, ചെടിപരിപാലനയും എന്നും പ്രധാന ഘടകങ്ങൾ ആയിരുന്നു. കസൻദ് സക്കീസിന്റെ ‘സെയിന്റ് ഫ്രാൻസിസ്’ എന്ന പുസ്തകത്തിൽ ഫ്രാൻസിസ് അസീസ്സി പറയുന്നു: “ദൈവത്തിന്റെ ഓമനപുത്രിയാണ് സൗന്ദര്യം. സുന്ദരവസ്തുക്കളെ ആസ്വദിച്ചാൽ മാത്രമാണ് ദൈവത്തിന്റെ

സൗന്ദര്യം നമുക്ക് ഭാവന ചെയ്യുവാൻ സാധിക്കുക. ദൈവത്തിന്റെ സൗന്ദര്യം കണ്ടെത്തുന്നവർ ദൈവത്തോട് ചേർന്നവരായിരിക്കും. അതുകൊണ്ട് സൗന്ദര്യം സൃഷ്ടിക്കുക, സൗന്ദര്യം ദർശിക്കുവാൻ കണ്ണുകളിൽ ദൈവികത നിറയ്ക്കുക. അത് ആത്മാവിൽ ആനന്ദം പൊഴിക്കും." എപ്പോഴും ദൈവത്തിന്റെ കൂടെ ആയിരുന്നുകൊണ്ട് തന്റെ നയനങ്ങളിൽ ദൈവികത നിറച്ച ജീവിതശൈലിയിൽ തന്നെ ത്തന്നെ മുന്നോട്ടു കൊണ്ടുപോകുവാൻ ഡൺസ്റ്റനച്ചൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് എല്ലായിടത്തും അദ്ദേഹത്തിന് ദൈവിക സൗന്ദര്യത്തിന്റെ മാഹാത്മ്യം ദർശിക്കുവാൻ സാധിച്ചു. തന്നെകൊണ്ട് സാധിക്കുന്ന വിധത്തിൽ പ്രകൃതിയേയും, പുക്കളേയും പരിപാലി ച്ചുകൊണ്ട് ദൈവിക സൗന്ദര്യത്തിന്റെ മാറ്റ് മറ്റുള്ളവർക്ക് മനസ്സിലാ ക്കിപ്പിക്കുന്ന അനുഭവപാഠങ്ങൾ അദ്ദേഹം പകർന്നു നൽകി. ഇതെല്ലാം അദ്ദേഹത്തെ എന്നും സന്തോഷവാനായി ജീവിക്കുവാൻ സഹായകമാവുകയും ചെയ്തു.

കർമ്മലീത്ത ആദ്ധ്യാത്മികതയുമായി പ്രകൃതിസ്നേഹത്തിന് വലിയ പ്രാധാന്യമുണ്ട്. ഏശയ്യാ പ്രവാചകൻ പറയുന്നു: "മനുഷ്യനെ കുറിച്ച് യാതൊരു പരിഗണനയും ഇല്ലാതായിരിക്കുന്നു. ദേശം ദുഃഖിച്ച് കരയുന്നു... ബാഷാനും കാർമ്മലും തങ്ങളുടെ ഇല പൊഴിക്കുന്നു" (ഏശയ്യ 33:9-10). മനുഷ്യനെ കുറിച്ചുള്ള പരിഗണനയാണ് കർമ്മ ലീത്ത ആദ്ധ്യാത്മികതയുടെ അന്തസത്ത. മലമുകളിലെ ഏകാന്തത യിൽ പ്രാർത്ഥിക്കുന്ന യേശുവാണ് കർമ്മലീത്ത ആദ്ധ്യാത്മികതയിൽ മാതൃകയും ശക്തിസ്രോതസ്സും. പ്രകൃതിയോട് ചേർന്നുനിന്ന് പ്രപ ഞ്ചനാഥനോട് പ്രാർത്ഥിച്ചുകൊണ്ട് പരസ്നേഹത്തിന്റെ ഉദാത്തഭാവ ങ്ങൾ ആവഹിച്ചെടുക്കലാണ് കർമ്മലീത്ത ആദ്ധ്യാത്മികതയുടെ കാതലായ കർമ്മപരിപാടി. കർമ്മലീത്ത സന്യാസത്തിന്റെ ഉള്ളറക ളിൽ ഡൺസ്റ്റനച്ചൻ എപ്പോഴും വ്യാപരിച്ചിരുന്നു. അതുകൊണ്ട് പ്രകൃ തിസ്നേഹവും പരസ്നേഹവും കോർത്തിണക്കിയ കർമ്മലീത്ത ആദ്ധ്യാത്മികതയുടെ വക്താവായി ഡൺസ്റ്റനച്ചൻ മറ്റുള്ളവർക്ക് ഗുരു ശ്രേഷ്ഠത പകർന്നുനൽകി.

അമ്പഴക്കാട് ആശ്രമ വളപ്പിൽ വളരെ വിശേഷപ്പെട്ട ബംബ്ലൂസ് നാരകങ്ങൾ ഉണ്ടായിരുന്നു. അവയിൽ പലതും പ്രായമേറിയവ ആയി

രുന്നു. ഡൺസ്റ്റനച്ചൻ പറഞ്ഞു: "ബംബ്ലൂസ് നാരകത്തിന്റെ വിത്തുകൾ മുളക്കാൻ പ്രയാസമാണ്. മുളച്ച് കിട്ടിയ തൈ വളർന്ന് നാരകം ഉണ്ടായാൽ ഇപ്പോൾ ഉള്ളവയുടെ ഗുണമേന്മ ഉണ്ടാകണമെന്നില്ല. അതുകൊണ്ട് കമ്പുകളിൽ വേരു പിടിപ്പിച്ച് നടുന്നതാണ് നല്ലത്." ബംബ്ലൂസ് നാരകത്തിന്റെ ശിഖരങ്ങളിൽ കത്തി കൊണ്ട് വരഞ്ഞ് തൊലി മാറ്റി അവയിന്മേൽ ചകിരിയും ഉണക്ക പൂഴിമണ്ണും പിടിപ്പിച്ച് തുണികൊണ്ട് ചുറ്റി വെച്ച് വേര് പിടിപ്പിക്കുന്ന വിദ്യ ഡൺസ്റ്റനച്ചൻ ഞങ്ങളെ അഭ്യസിപ്പിച്ചു.

റാഞ്ചിയിൽ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന ഒരാൾക്ക് വൈദിക പരിശീലനം തുടരുവാൻ താൽപര്യം ഉണ്ടായിരുന്നില്ല. എന്നാൽ ആ വ്യക്തിക്ക് ചെടികളോട് വളരെ താല്പര്യം ഉണ്ടായിരുന്നു. പഠന സമയങ്ങളിൽ ജ്യോതിനിവാസിന്റെ മുൻവശത്തുള്ള തോട്ടങ്ങളിൽ പോയി ആ ബ്രദർ പഠിക്കാതെ സമയം കളഞ്ഞുകൊണ്ടിരുന്നു. ഡൺസ്റ്റനച്ചൻ ആളെ ഉപദേശിച്ച് കൊണ്ട് പറഞ്ഞു: "വീട്ടിൽ ചെന്ന് ചെടി വളർത്തലും, നേഴ്സറിയുമൊക്കെ തുടങ്ങിക്കോ. മണ്ണൂത്തി കാർഷിക കോളേജിൽ ചേർന്ന് പഠിച്ച് ജോലി വാങ്ങിക്കോ. പക്ഷെ, ഈ തോട്ടത്തിലുള്ള ഉലാത്തൽ നിറുത്തി വല്ലതും പഠിക്ക്. ഇന്റർമീഡിയറ്റ് ഇവിടെ നിന്ന് പാസ്സായില്ലെങ്കിൽ, പിന്നീട് നാട്ടിൽ നിന്ന് വന്ന് പഠിക്കുവാനുള്ള പ്രയാസങ്ങളൊക്കെ മനസ്സിലാക്കിയിട്ടുണ്ടോ? ചെടിതാൽപര്യങ്ങളെ ഞാനും സഹായിക്കാം." ഈ വ്യക്തിയെ കുറിച്ച് ഞങ്ങൾ കുറച്ച് പേർ മാത്രമുള്ള ഒരു സമയത്ത് ഡൺസ്റ്റനച്ചൻ പറഞ്ഞു: "എങ്ങനെയെങ്കിലും ഒന്ന് പരീക്ഷ പാസ്സാക്കിപ്പിച്ച് എടുക്കണം. നിങ്ങളും ആളെ ശ്രദ്ധിക്കണം ഈ കാര്യത്തിൽ."

ജ്യോതിനിവാസിന്റെ മുമ്പിലെ തോട്ടങ്ങളിലെ ധാരാളം ഇതളുകളോടുകൂടിയ കട്ടമുല്ല, കുടമുല്ല എന്നിവയുടെ പൂക്കൾ വളരെ ആകർഷകമായിരുന്നു. മേൽപറഞ്ഞ വ്യക്തി പഠനസമയങ്ങളിൽ ഈ മുല്ലകളുടെ കമ്പുകൾ നാട്ടിലേക്ക് കൊണ്ടുപോകുവാനായി ശേഖരിച്ച് മുളപ്പിക്കുന്നതിലായിരുന്നു ശ്രദ്ധ നൽകിയിരുന്നത്. ഒപ്പം, ചെറിയ സാഹിത്യ വാസന ഉണ്ടായിരുന്ന അദ്ദേഹം, പഠനസമയത്ത് മറ്റുള്ളവർക്ക് കേട്ടാൽ തമാശ തോന്നുന്ന സാഹിത്യ രചനകളിൽ മുഴുകി സമയം പാഴാക്കുകയായിരുന്നു. അദ്ദേഹത്തിന്റെ തമാശ

കൃതികളുടെ പേരുകൾ 'വെടിയുപ്പും വെളിച്ചെണ്ണയും', 'വിളി... വിളി... ദൈവവിളി' എന്നിങ്ങനെയൊക്കെയായിരുന്നു.

ഇതൊക്കെ മനസ്സിലാക്കിയ ഡൺസ്റ്റനച്ചൻ അദ്ദേഹത്തോട് പറഞ്ഞു: "സഹോദരന് വീട്ടിലേക്ക് കൊണ്ടുപോകുവാൻ പൊടിച്ച മുല്ലകമ്പുകൾ അല്ലെ വേണ്ടത്. അത് ഞാൻ റെഡിയാക്കി തരാം. പഠന സമയം പഠനത്തിന് ഉപയോഗിക്കു. പരീക്ഷ പാസ്സാകേണ്ടതിന്റെ ഗൗരവം നല്ലവണ്ണം മനസ്സിലാക്കാണം. പിന്നെ, ഇത്തരം കാര്യങ്ങളൊക്കെ എഴുതി മറ്റുള്ളവരുടെ മുമ്പിൽ കോമാളി ആകേണ്ട. പഠിച്ച് മിടുക്കനായി നല്ല നിലയിൽ വന്നാൽ മറ്റുള്ളവർ സഹോദരന്റെ സാഹിത്യ കഴിവുകൾ ശ്രദ്ധിക്കും... അല്ലെങ്കിൽ, എഴുതി സമയം കളയാം. ചവറ്റ്കൊട്ട നിറയ്ക്കുകയും ചെയ്യാം."

ആ വ്യക്തി വളരെ ഇഷ്ടപ്പെടുന്ന മുല്ലകളുടെ തൈകൾ മാനേജരിനോട് ഡൺസ്റ്റനച്ചൻ ചോദിച്ച് എടുക്കുകയും, ഒരു നല്ല കാർഡ്ബോർഡ് പെട്ടിയിൽ അവയെ വാടാത്ത വിധത്തിൽ പായ്ക്ക് ചെയ്ത് ശരിപ്പെടുത്തി കൊടുക്കുകയും ചെയ്തു. ആ സഹോദരൻ അത് നാട്ടിലേക്ക് കൊണ്ടുപോന്നു. ചെടികളുമായി ഞങ്ങളുടെ കൂടെ റാഞ്ചിയിൽ നിന്ന് പരീക്ഷ കഴിഞ്ഞ് നാട്ടിലേക്ക് ഉണ്ടായിരുന്ന അദ്ദേഹത്തോട് ഡൺസ്റ്റനച്ചൻ ട്രെയിനിൽ വെച്ച് പറഞ്ഞു: "നമ്മുടെ നാട്ടിൽ ഈ മുല്ലകളിൽ റാഞ്ചിയിലെ പോലെ പൂക്കൾ ഉണ്ടാകില്ല. പക്ഷെ, തമിഴ്നാട്ടിൽ ഉണ്ടാകും. നല്ല ചൂട് വേണം. തമിഴ്നാട്ടിൽ മുല്ലകൃഷി ചെയ്യുന്ന വാരങ്ങളുടെ ഇടയിൽ ഇടയ്ക്കിടക്ക് തീ ഇടും. മുല്ലകടകളെ ഇങ്ങനെ വെട്ടിനിറുത്തിയിട്ട് ചെറുതായൊന്ന് ചുടും. പിന്നെ കുറച്ചു ദിവസങ്ങളിൽ നല്ലവണ്ണം നനയ്ക്കും. അപ്പോൾ മുല്ല നല്ലവണ്ണം കിളിർത്തുവരും, അവയിൽ സമൃദ്ധിയായി പൂക്കൾ ഉണ്ടാകുകയും ചെയ്യും."

ഡൺസ്റ്റനച്ചന്റെ മുല്ലകൃഷി പാഠങ്ങൾ തോട്ടപണിയിൽ താല്പര്യം ഉള്ളവർക്കു കൂടി ഉപകാരപ്രദമായി. റാഞ്ചിയിലെ ഇന്റർമീഡിയറ്റ് നല്ല മാർക്കോടെ പാസ്സായ ഈ ചെടി-സാഹിത്യ താല്പര്യക്കാരൻ തുടർന്നുള്ള കോളേജ് പഠനം കേരളത്തിൽ നടത്തി ഒരു നല്ല സർക്കാർ ഉദ്യോഗസ്ഥൻ ആയിതീർന്നു. അങ്ങനെ ഡൺസ്റ്റന

ച്ചൻ ആ വ്യക്തിയുടെ ചെടി താല്പര്യങ്ങളിലും, ഇന്റർമീഡിയറ്റ് പാസ്സാകുന്നതിലും പരോക്ഷമായി ആത്മാർത്ഥ സ്നേഹത്തിന്റെ അദ്ധ്യാപകനായി.

ഡൺസ്റ്റനച്ചൻ ഒരിക്കലും ഒരു പാട്ടുകാരൻ ആയിരുന്നില്ല. എങ്കിലും, ഡൺസ്റ്റനച്ചന് പാട്ടുകൾ വളരെ ഇഷ്ടമായിരുന്നു. പാട്ടു പാടുവാനും അദ്ദേഹത്തിന് ഇഷ്ടമായിരുന്നു. ആബേലച്ചന്റെ കുർബ്ബാന പാട്ടുകളെ കുറിച്ച് തമാശരൂപേണ ഡൺസ്റ്റനച്ചൻ പറഞ്ഞു: “പാട്ടുകളൊക്കെ നല്ലതു തന്നെ. പക്ഷെ, എനിക്കു ഏറ്റവും ഇഷ്ടം മരിച്ചവരുടെ കുർബ്ബാനയ്ക്ക് ആബേലച്ചൻ തയ്യാറാക്കിയ പാട്ടുകളാണ്. കാരണം, എനിക്ക് അതാണ് പാടുവാൻ സാധിക്കുന്നത്.”

മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും, പരിശുദ്ധ കുർബ്ബാന അർപ്പിക്കുവാനും ഡൺസ്റ്റനച്ചൻ പ്രത്യേക താല്പര്യം എടുത്തിരുന്നു. ഫിലിപ്പ്നേരി പുണ്യവാളൻ പറഞ്ഞിരിക്കുന്നു: “മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ, നാം നമുക്ക് വേണ്ടി തന്നെയാണ് പ്രാർത്ഥിക്കുന്നത്. നമ്മുടെ പ്രാർത്ഥനകളിലൂടെ ശുദ്ധീകരണ സ്ഥലത്തുനിന്ന് സ്വർഗ്ഗത്തിൽ എത്തിച്ചേരുന്ന ആത്മാവുകൾ, അവർക്ക് സ്വർഗ്ഗഭാഗ്യം പുൽകുവാൻ പ്രാർത്ഥനയിലൂടെ സഹായം നൽകിയവർക്കു വേണ്ടി നന്ദി സൂചകമായി ഈശോയുടെ പക്കൽ പ്രാർത്ഥിക്കും.” വി. ഫിലിപ്പ്നേരിയുടെ ഈ വാചകങ്ങൾ ഡൺസ്റ്റനച്ചൻ തന്നെയാണ് എന്നോട് പറഞ്ഞിട്ടുള്ളത്. അമ്പഴക്കാട് നോവിഷ്യേറ്റ് ഹൗസിലെ പ്രൈവറ്റ് ചാപ്പലിൽ ഡൺസ്റ്റനച്ചൻ പരിശുദ്ധ കുർബ്ബാന അർപ്പിക്കുമ്പോൾ മരിച്ചവർക്കു വേണ്ടിയുള്ള പാട്ടു കുർബ്ബാനയ്ക്കായിരുന്നു പ്രാധാന്യം.

സി.എം.ഐ. സഭയിൽ നിന്ന് മിഷൻ സ്ഥലസന്ദർശനത്തിന് അംബികാപൂരിലേക്ക് ആദ്യം പോയ മൂവർ സംഘത്തിൽ ഡൺസ്റ്റനച്ചനും ഉണ്ടായിരുന്നതായി നാം കണ്ടതാണല്ലോ. മിഷൻ സ്ഥലത്തെ യാത്രയ്ക്കിടയിൽ, ഇവരെ കൊണ്ടു പോയിരുന്ന മലയാളികൾ അല്ലാത്ത അച്ചന്മാർ മലയാളത്തിലെ ഒരു ഭക്തിഗാനം കേൾക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഡൺസ്റ്റനച്ചൻ പ്രത്യേക താല്പര്യം

എടുത്ത് "വാ... വാ... യേശുനാഥാ..." എന്നുള്ള മലയാളത്തിലെ അന ശ്വരഗാനം അവരെ പാടി കേൾപ്പിച്ചു. ഡൺസ്റ്റനച്ചന് ഏറ്റവും ഇഷ്ട പ്പെട്ട ഭക്തിഗാനം ആയിരുന്നു ഇത്. ഈ സംഭവത്തെ കുറിച്ച് ഡൺസ്റ്റ നച്ചൻ പറഞ്ഞു: "ലത്തീൻ കുർബ്ബാനയിലെ പാട്ടുകളുമായി കൂടി ചേർന്ന് പോകുന്ന ഗാനമാണ് 'വാ... വാ... യേശുനാഥാ...' എന്നുള്ള ഗാനം. അതുകൊണ്ടും കൂടിയാണ് ഞാൻ ആ പാട്ട് പാടിയത്." ഡൺസ്റ്റനച്ചന് പാട്ടുകളെ കുറിച്ചുള്ള ചെറിയ അറിവ് മാത്രമേ ഉണ്ടാ യിരുന്നുള്ളു എങ്കിലും, ആ അറിവ് വലിയ അറിവായിരുന്നു.

റാഞ്ചിയിൽ ഞങ്ങൾ കുർബ്ബാനയ്ക്കും, പ്രാർത്ഥനകൾക്കും മല യാളത്തിനു പുറമെ ഇംഗ്ലീഷ്, ഹിന്ദി ഗാനങ്ങളും പാടാറുണ്ടായിരു ന്നു. ഒരു ദിവസം ഞങ്ങളുടെ വൈകുന്നേരങ്ങളിലെ സ്നേഹ സംഗമ സമയത്ത് ഡൺസ്റ്റനച്ചൻ പറഞ്ഞു: "നിങ്ങളിൽ രണ്ടുപേരുടെ സ്വരം പള്ളിയിൽ പാട്ടു പാടുമ്പോൾ കൂടെ യോജിച്ച് പോകുന്നതല്ല. അതു കൊണ്ട് അവർ കുറച്ചു നാളത്തേക്ക് കൂട്ടത്തിന്റെ കൂടെ പാടുമ്പോൾ സ്വരം താഴ്ത്തി പാടിയാൽ മതി. പാടിയില്ലെങ്കിലും കുഴപ്പമില്ല. പാടു ന്നതിന്റെ കൂടെ ആയിരുന്നാൽ മതി." ഡൺസ്റ്റനച്ചൻ പറഞ്ഞത് വളരെ വാസ്തവമായിരുന്നു. അങ്ങനെ, ഉപരി നന്മയ്ക്കുവേണ്ടി ഡൺസ്റ്റ നച്ചൻ സംഗീത സെൻസിലൂടെ സ്നേഹതിരുത്തൽ നൽകിയ അദ്ധ്യാപകനായി.

യശ:ശ്ശരീരനായ സുപ്രസിദ്ധ മലയാള കവി വിഷ്ണുനാരായണൻ നമ്പൂതിരി തന്റെ അദ്ധ്യാപന ജീവിതത്തിൽ നിന്ന് സ്വരൂപിച്ചെടുത്ത അനുഭവങ്ങൾ പങ്കുവെച്ചപ്പോൾ പറഞ്ഞു: "അദ്ധ്യാപനം തൊഴിലാ യല്ല, ആരാധനയായിട്ടാണ് ഞാൻ കണ്ടത്." തന്റെ മൂത്തമകൾ അദിതി ഭാഷാഅദ്ധ്യാപികയായി ജോലിക്ക് ചേരുന്ന ദിവസം, അച്ഛൻ ഉപ ദേശിച്ചത്: "ഇംഗ്ലീഷോ, മലയാളമോ അല്ല, സ്നേഹമായിരിക്കട്ടെ നിന്റെ പഠന മാധ്യമം." ഡൺസ്റ്റനച്ചൻ വൈദിക ജീവിതത്തിൽ അദ്ധ്യാപക തസ്തികയിൽ ആയിരുന്നില്ലെങ്കിലും, അദ്ദേഹത്തിൽ നിന്ന് പഠിക്കുവാൻ എല്ലാവർക്കും ഒത്തിരി കാര്യങ്ങൾ ഉണ്ടായിരു ന്നു. ദിവ്യബലിയും, തിരുമണിക്കൂർ ആരാധനയും, ജപമാലയും ജീവി തത്തിന്റെ ശക്തിസ്രോതസ്സുകൾ ആക്കിയിരുന്ന ഡൺസ്റ്റനച്ചന്റെ

അദ്ധ്യാപകൻ ആയിട്ടല്ലാത്ത അദ്ധ്യാപനം സ്നേഹമാധ്യമത്തിൽ അടിസ്ഥാനമുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തന്നെ ഒരു അദ്ധ്യാപനം ആയിരുന്നു.

ഫുൾട്ടൻ ജെ. ഷീൻ പറയുന്നു: "മാതൃകയാണ് ഏറ്റവും മികവുള്ള പരിശീലന രീതി. മുറിയിൽ നിന്ന് ക്ലാസ്സിലേക്ക് കടക്കുന്ന അദ്ധ്യാപകരേക്കാൾ, പ്രാർത്ഥനാമുറിയിൽ നിന്ന് പ്രാർത്ഥനയും ധ്യാനവും കഴിഞ്ഞ് ക്ലാസ്സിലേക്ക് നീങ്ങുന്ന മാതൃകാപുരുഷന്മാരായ സെമിനാരി പരിശീലകരാണ് എന്നും തിരുസഭയുടെ ആദർശ അധ്യാപകർ." നോവിഷ്യേറ്റിൽ വെച്ച് ഡൺസ്റ്റനച്ചന്റെ ശിഷ്യനായിരുന്ന ഫാ. ബേബി ഷെപ്പേർഡ് എടക്കളത്തൂർ എന്നോട് ഒരിക്കൽ പറയുകയുണ്ടായി: "ഭക്തി എന്താണെന്ന് പഠിപ്പിക്കാതെ, ഭക്തജീവിതം കൊണ്ട് മറ്റുള്ളവർക്ക് ഭക്തിമാർഗ്ഗം കാണിച്ചുകൊടുത്ത ഒരു മിസ്റ്റിക് അദ്ധ്യാപകൻ ആയിരുന്നു ഡൺസ്റ്റനച്ചൻ." തികച്ചും വാസ്തവമാണ് ഡൺസ്റ്റനച്ചനെ കുറിച്ചുള്ള ഈ വിലയിരുത്തൽ. ഔദ്യോഗിക അദ്ധ്യാപക പദവിയിൽ ഡൺസ്റ്റനച്ചൻ ആയിരുന്നില്ലെങ്കിലും, തന്റെ ജീവിതത്തിലൂടെ കണ്ടുമുട്ടുന്നവർക്കൊക്കെ ആത്മീയ ജ്ഞാനത്തിന്റെ പ്രകാശപൂർണ്ണിമയെ സ്വായത്തമാക്കുവാൻ ഡൺസ്റ്റനച്ചൻ എന്നും ഒരു വഴികാട്ടിയായിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ സന്യാസ പൗരോഹിത്യ വ്യക്തിത്വത്തിന്റെ വൈശിഷ്ട്യം.

# 18

# ലാങ്കി മരങ്ങൾ ഉണ്ടായത്

ഡൺസ്റ്റനച്ചന് ഉണ്ടായ ദൈവവിളി അനുഭവത്തെ കുറിച്ച് അദ്ദേഹം പങ്കുവെയ്ക്കാറുണ്ടായിരുന്നു. ജന്മനാടായ പാവറട്ടി സി.എം.ഐ. ആശ്രമത്തിൽ കുട്ടികാലത്ത് പരിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ഉള്ളിൽ ദൈവവിളി അനുഭവം ഉണ്ടായതെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. പക്ഷെ, വൈദികനാകണം എന്നുള്ള ആഗ്രഹം വീട്ടിൽ പിതാവിന്റെ പക്കൽ അവതരിപ്പിക്കുവാൻ ചെറിയ ഭയം ഉണ്ടായിരുന്നു. എന്നിരുന്നാലും, തനിക്ക് വൈദികനാകണം എന്നുള്ള ആഗ്രഹം പാവറട്ടി ആശ്രമ ദേവാലയത്തിൽ കുമ്പസാരിക്കുന്ന സമയത്ത് കുമ്പസാരക്കാരനോട് പറഞ്ഞു. ആ വൈദികന് ഡൺസ്റ്റനച്ചന്റെ പിതാവിനെ നല്ലവണ്ണം അറിയാമായിരുന്നു. ഡൺസ്റ്റനച്ചന്റെ പിതാവ് ആ കാലഘട്ടത്തിൽ വലിയ ഒരു സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോയികൊണ്ടിരിക്കുന്ന സമയമായിരുന്നു. കുമ്പസാരക്കാരനോട് കുമ്പസാരിക്കുന്ന സമയത്ത് ഇട്ടൂപ്പുണ്ണി (ഇതായിരുന്നു ഡൺസ്റ്റനച്ചന്റെ വീട്ടിലെ പേര്) പറഞ്ഞു: "വൈദികനാകണം എന്നുള്ള എന്റെ ആഗ്രഹത്തെ അപ്പനോട് അച്ചൻ പറയണം. എനിക്ക് അപ്പനോട് നേരിട്ട് പറയുവാൻ പേടിയാണ്." "നീ പോയി വല്ല ചക്ക വെട്ടി തിന്ന്. സ്വന്തം അപ്പനോട് ഒരു കാര്യം തുറന്നു പറയുവാൻ പേടിയുള്ള നീ എങ്ങനെ അധികാരികളുടെ മുമ്പിൽ സന്തോഷമായി ജീവിക്കും? നീ സഭയിൽ ചേരുവാൻ തീരുമാനിച്ച കാര്യം നീ തന്നെ അപ്പനോട് ആദ്യം പറയ്. അപ്പൻ എന്താണ് പറയുന്നത് എന്ന് നോക്ക്. അത് എന്നോട് വന്ന് പറയ്. പിന്നീട് ഞാൻ അപ്പനുമായി സംസാരിക്കാം."

കുമ്പസാരം കഴിഞ്ഞ് ഇട്ടൂപ്പുണ്ണിക്ക് എന്തോ കാര്യത്തിന് പാവറട്ടിയുടെ അടുത്തുള്ള പാലയൂർക്ക് പോകേണ്ടത് ഉണ്ടായിരുന്നു. പാലയൂർ ചെന്ന് കാര്യങ്ങൾ നടത്തിയ ശേഷം ഒരു ഉൾപ്രേരണയാൽ ഇട്ടൂപ്പുണ്ണി പാലയൂർ പള്ളിയിൽ ചെന്ന് മുട്ടുകുത്തി നിന്ന് കുറെ നേരം പ്രാർത്ഥിച്ചു. കൊവേന്തയിൽ കൂടി വൈദികനാകണം എന്നുള്ള തീരുമാനം കൂടുതൽ ദൃഢമായതായി പാലയൂർ പള്ളിയിൽ വെച്ച് ഇട്ടൂപ്പുണ്ണിക്ക് അനുഭവപ്പെട്ടു. പാലയൂർ നിന്ന് തിരിച്ച് പാവറട്ടിയിൽ എത്തിയപ്പോൾ, ഇടവക പള്ളിയിൽ പരിശുദ്ധ കുർബ്ബാന സമയമായിരുന്നു. അവിടെ കുർബ്ബാനയിൽ പങ്കെടുത്ത ശേഷമാണ് വീട്ടിലേക്ക് ഇട്ടൂപ്പുണ്ണി പോയത്. ഇടവക പള്ളിയിൽ കുർബ്ബാനയ്ക്ക് പോകുവാനുള്ള പ്രധാന കാരണം കുമ്പസാര ശേഷം ഇട്ടൂപ്പുണ്ണി പരിശുദ്ധ കുർബ്ബാന സ്വീകരിച്ചിട്ടുണ്ടായിരുന്നില്ല. പാവറട്ടി കൊവേന്തയിൽ അന്ന് ഇട്ടൂപ്പുണ്ണി കുമ്പസാരിച്ചത് പരിശുദ്ധ കുർബ്ബാനയ്ക്ക് ശേഷമായിരുന്നു. അതുകൊണ്ട്, ദിവ്യകാരുണ്യ സ്വീകരണം നടന്നില്ല. ഇതെല്ലാം ഉണ്ടായത് ഒരു ശനിയാഴ്ച ആണെന്ന് ഡണസ്റ്റനച്ചൻ പറഞ്ഞു. ദൈവവിളി ആഗ്രഹം ശക്തമായ ദിവസം മൂന്ന് ദേവാലയങ്ങളിൽ പോയി പ്രാർത്ഥിച്ച ഇട്ടൂപ്പുണ്ണി, വൈകിട്ട് വീട്ടിൽ ചെന്നപ്പോൾ വീട്ടുകാർ കുറച്ച് അങ്കലാപ്പിലായി കഴിഞ്ഞിരുന്നു. രാവിലെ കൊവേന്തയിൽ കുർബ്ബാനയ്ക്ക് പോയ ഇട്ടൂപ്പുണ്ണി വളരെ വൈകിട്ടും വീട്ടിൽ തിരിച്ച് എത്താത്തതായിരുന്നു വീട്ടുകാരുടെ ആശങ്കയ്ക്ക് കാരണം. എന്തൊക്കെയായാലും, അന്ന് സന്ധ്യാ പ്രാർത്ഥനയ്ക്കുശേഷം അപ്പനോട് ഇട്ടൂപ്പുണ്ണി താൻ വൈദികനാകുവാൻ പോകും എന്നുള്ള കാര്യം ഒരു സങ്കോചവും ഇല്ലാതെ പറഞ്ഞു. അടുത്ത ദിവസം കൊവേന്തയിൽ പ്രിയോരച്ചനെ കണ്ട് ഇട്ടൂപ്പുണ്ണിയുടെ തീരുമാനത്തെ കുറിച്ച് അപ്പൻ പറഞ്ഞു. അധികം വൈകാതെ പ്രിയോരച്ചൻ ഇട്ടൂപ്പുണ്ണിയുടെ വീട്ടിൽ വന്ന് കാര്യങ്ങൾ കൃത്യമായ രീതിയിൽ സംസാരിച്ച് തീരുമാനത്തിലേക്ക് നീങ്ങുന്ന വിധത്തിൽ ആക്കിതീർത്തു.

ചില കാര്യങ്ങളിൽ ഡൺസ്റ്റനച്ചൻ നിർബന്ധബുദ്ധിക്കാരൻ ആയിരുന്നു. ഈ നിർബന്ധബുദ്ധി ആദ്ധ്യാത്മിക സംഗതികളുമായിട്ട്

ആയിരുന്നു എന്നുമാത്രം. ഡൺസ്റ്റനച്ചന്റെ ഇത്തരം ആത്മീയ നിർബ ന്ധബുദ്ധി കുട്ടികാലത്തും ഉണ്ടായിരുന്നു. ഇട്ടൂപ്പുണ്ണിയുടെ വീട്ടിൽ എല്ലാവരും കൂടി മലയാറ്റൂർക്ക് തീർത്ഥയാത്ര പോകണം എന്നുള്ള ആഗ്രഹം പലപ്പോഴും സംസാരവിഷയം ആകാറുണ്ടായിരുന്നു. സെമി നാരിയിൽ ചേരുന്നതിന് മുമ്പ് ഈ തീർത്ഥാടനം നടക്കണമെന്ന കാര്യ ത്തിൽ അപ്പന്റെ മുമ്പിൽ ഇട്ടൂപ്പുണ്ണി നിർബന്ധം പിടിച്ചു. സെമിനാ രിയിൽ ചേർന്നുകഴിഞ്ഞാൽ വീട്ടുകാർ എല്ലാവരും ഒരുമിച്ച് ഈ യാത്ര നടക്കില്ലെന്ന് ഇട്ടൂപ്പുണ്ണിക്ക് ഉറപ്പുണ്ടായിരുന്നു. ഇട്ടൂപ്പുണ്ണി യുടെ നിർബന്ധ ആഗ്രഹം നടപ്പിലാക്കുവാൻ അപ്പന തീരുമാനിച്ചു. അക്കാലഘട്ടത്തിൽ പാവറട്ടിയിൽ നിന്ന് വഞ്ചിമാർഗ്ഗമാണ് മലയാ റ്റൂർക്ക് തീർത്ഥാടകർ പോയിരുന്നത്. അങ്ങനെ കൊണ്ടുപോകുന്ന വഞ്ചിക്കാർ ഉണ്ടായിരുന്നു. അപ്പൻ ആവശ്യപ്പെട്ടതു പ്രകാരം ഇട്ടൂ പ്പുണ്ണി തന്നെയാണ് യാത്രയ്ക്കുള്ള വഞ്ചി ഏർപ്പാട് ചെയ്തത്. ഇട്ടൂ പ്പുണ്ണിയുടെ സെമിനാരി പ്രവേശനം ഒരു പുണ്യതീർത്ഥാടനത്തിന്റെ പ്രാരംഭഘട്ടമായിരുന്നു. അതിന്റെ മുന്നാസ്വാദനമായി മലയാറ്റൂർ തീർത്ഥാടനം വീട്ടുകാരുമായി നല്ല ആത്മീയ ഒരുക്കത്തോടെ ഇട്ടൂ പ്പുണ്ണി നടത്തി. ഭാരത അപ്പസ്തോലനായ തോമാശ്ലീഹായുടെ യേശു വിന്റെ കൂടെ പോകുവാനുള്ള ധൈര്യവും, പ്രേഷിത ചൈതന്യവും ഈ തീർത്ഥാടനത്തിലൂടെ ഇട്ടൂപ്പുണ്ണി ആവഹിച്ചെടുത്തു. യേശുവിൽ നിന്ന് ഒരിക്കലും വേർപിരിയാത്ത ഇരട്ടസഹോദരന്മാരെ പോലെ യുള്ള അഭിന്ന ദീദിമോസ് ബന്ധത്തിലേക്കുള്ള ഇട്ടൂപ്പുണ്ണിയുടെ പ്രയാണം മലയാറ്റൂർ തീർത്ഥാടനം കൂടുതൽ ശക്തമാക്കി എന്ന് ന്യായമായും നമുക്ക് ഊഹിക്കാം.

അടുത്ത വർഷം തന്നെ ഇട്ടൂപ്പുണ്ണി യോഗാർത്ഥിയായി പാവറട്ടി കൊവേന്തയിൽ ചേർന്നു. ഡൺസറ്റനച്ചന്റെ വൈദിക പരിശീലന കാലഘട്ടത്തെ കുറിച്ച് ഞാൻ അദ്ദേഹത്തിൽ നിന്ന് കേട്ടിട്ടുള്ളത് പ്രധാ നമായും അദ്ദേഹത്തിന്റെ നവസന്യാസ കാലഘട്ടത്തിൽ ഉണ്ടായ ഒരു സംഭവമാണ്. സി.എം.ഐ. സഭ അന്നൊന്നും പ്രോവിൻസുക ളായി തിരിഞ്ഞിട്ടില്ലായിരുന്നു. വിശുദ്ധ ചാവറയച്ചന്റെ സാന്നിധ്യ ത്താൽ അനുഗ്രഹിതമായിട്ടുള്ള അമ്പഴക്കാട് ആശ്രമത്തിൽ ആയി രുന്നു അക്കാലഘട്ടത്തിൽ നവസന്യാസം. ഡൺസ്റ്റനച്ചന്റെ

നോവിസ് മാസ്റ്റർ വളരെ വിശുദ്ധനായിരുന്നു. എങ്കിലും, കണിശക്കാരനും കുറച്ച് ക്ഷിപ്രകോപിയും ആയിരുന്നു എന്ന് ഡൺസ്റ്റനച്ചൻ പങ്കവെക്കുക ഉണ്ടായിട്ടുണ്ട്.

നവസന്യാസത്തിലേക്ക് ബ്രദർ. ഇട്ടൂപ്പുണ്ണി പ്രവേശിക്കുവാൻ തയ്യാറായി വീട്ടിൽ പോയി വന്നപ്പോൾ, കൊണ്ടുവരേണ്ടതായ നിശ്ചയിക്കപ്പെട്ട പത്രമേനി പണം വീട്ടിലെ സാമ്പത്തിക ഞെരുക്കങ്ങൾ കാരണം കൊണ്ടു വന്നിട്ടുണ്ടായിരുന്നില്ല. സ്വതവേ ഉൾവലിയുന്ന സ്വഭാവക്കാരനായിരുന്ന ഇട്ടൂപ്പുണ്ണി ഈ കാരണം കൊണ്ട് വളരെ മ്ലാനവദനനായിട്ടാണ് നവസന്യാസ ഭവനത്തിൽ എത്തിച്ചേർന്നത്. ഓരോരുത്തരായി ഗുരുവച്ചനെ കണ്ട് പണം ഏല്പിക്കേണ്ട സമയമായി. ഗുരുവച്ചന്റെ പക്കൽ ഇട്ടൂപ്പുണ്ണി എത്തിയത് പണമില്ലാതെ ആയിരുന്നു. ഇതിൽ ഗുരുവച്ചൻ കുറച്ച് നീരസം പ്രകടിപ്പിച്ചെങ്കിലും, വീട്ടിലെ സാമ്പത്തിക അവസ്ഥ തുറന്ന് പറഞ്ഞപ്പോൾ ഗുരുവച്ചന് കാര്യങ്ങൾ മനസ്സിലായി. പണം നല്കാത്ത കാര്യം ഗുരുവച്ചൻ കാര്യമായി ഗൗനിച്ചില്ല. പക്ഷെ, എന്തോ ഒരു സുഗന്ധം ഗുരുവച്ചന്റെ മുറിയിൽ ചെന്ന ഇട്ടൂപ്പുണ്ണിയുടെ കൂടെ ഉണ്ടെന്ന് ഗുരുവച്ചൻ മനസ്സിലാക്കി. ഗുരുവച്ചൻ സ്വല്പം ദേഷ്യത്തോടെ ഇട്ടൂപ്പുണ്ണിയോട് ചോദിച്ചു: “തനിക്ക് കൊണ്ടുവരാൻ പണമില്ല. മേലാകെ പൂശുവാനുള്ള അത്തറ് വാങ്ങാൻ പണം ഉണ്ടല്ലോ? നവസന്യാസത്തിലേക്ക് അത്തറു പൂശിയാണോ വരുക?” പത്രമേനി പണം കൊണ്ടുവരാത്തതിന്റെ പേരിൽ ഗുരുവച്ചന്റെ മുമ്പിൽ ഇളിഭ്യനായി നിൽക്കുന്ന ഇട്ടൂപ്പുണ്ണി വർദ്ധിച്ച പരിഭ്രാന്തിയിലായി. വലിയ വിനയത്തോടെ ഗുരുവച്ചനോട് ഇട്ടൂപ്പുണ്ണി പറഞ്ഞു: “ഒരു നല്ല മണം എനിക്കും തോന്നുന്നുണ്ട്. പക്ഷെ, ഞാൻ അത്തറൊന്നും ഇതുവരെ ഉപയോഗിച്ചിട്ടില്ല.” ഗുരുവച്ചൻ ശാന്തമായി പറഞ്ഞു: “വേഗം പോയി കുളിച്ച് വസ്ത്രം മാറിയിട്ട് കൂട്ടക്രമത്തിനും, പ്രാർത്ഥനയ്ക്കും വന്നാൽ മതി.” ഗുരുവച്ചനെ അക്ഷരംപ്രതി അനുസരിക്കുവാൻ ഇട്ടൂപ്പുണ്ണി അമാന്തം കാട്ടിയില്ല. തുണി മാറുന്നതിനിടയിൽ വസ്ത്രത്തിന്റെ പോക്കറ്റിൽ ഇട്ടിരുന്ന കൊന്ത പുറത്തേക്ക് എടുക്കുവാൻ തുനിഞ്ഞപ്പോളാണ് ഇട്ടൂപ്പുണ്ണിക്ക് അത്തർ മണത്തിന്റെ ഉറവിടം പിടികിട്ടിയത്. ഇട്ടൂപ്പുണ്ണിയുടെ വീട്ടിൽ ഉണ്ടായിരുന്ന വളരെ വിശേഷപ്പെട്ട പരിമളം ഉള്ള പൂക്കൾ ഒന്നു രണ്ടെണ്ണം കുട്ടികൾ പറിച്ച് തന്നത് ഇട്ടൂപ്പുണ്ണി പോക്ക

റ്റിൽ ഇട്ടിരുന്നു. ആ പൂവിനെ ഇട്ടൂപ്പുണ്ണിയുടെ, വീട്ടുകാർ 'ആഫ്രിക്കൻ ഫ്ളവർ' എന്നാണ് വിളിച്ചിരുന്നത്. പോക്കറ്റിൽ പൂക്കൾ കിടന്നിരുന്ന കാര്യം ഇട്ടൂപ്പുണ്ണി മറന്നുപോയി. ഇട്ടൂപ്പുണ്ണി ഉടനെ ഗുരുവച്ചന്റെ മുറിയിൽ ചെന്ന് സംഗതികൾ പറഞ്ഞ് പൂക്കൾ കാണിച്ചു കൊടുത്തു. ഗുരുവച്ചന് പൂക്കൾ വളരെ ഇഷ്ടമായി. പത്രമേനി പണം കൊണ്ടുവരുവാൻ വീട്ടുകാർ വരുമ്പോൾ ഈ പൂവ് ഉണ്ടാകുന്ന മരത്തിന്റെ വിത്തുകൾ കൊണ്ടുവരുവാൻ പറയണമെന്ന് ഇട്ടൂപ്പുണ്ണിയോട് ഗുരുവച്ചൻ പറഞ്ഞു. ഈ സംഭവ പരമ്പരകളുടെ അനന്തര ഫലമാണ് അമ്പഴക്കാട് നോവിഷ്യേറ്റ് ഭവനത്തിന്റെ രണ്ട് വശങ്ങളിലും നിന്നിരുന്ന കൂറ്റൻ ലാങ്കി മരങ്ങൾ.

ഡൺസ്റ്റനച്ചന്റെ അപ്പൻ കുറച്ചുനാൾ അക്കാലത്തെ സിലോണിലെ കൊളംബോയിൽ ജോലിക്ക് ഉണ്ടായിട്ടുണ്ട്. അവിടെ നിന്ന് വിത്ത് കൊണ്ടു വന്ന് മുളപ്പിച്ച് വളർത്തിയതാകാം ആഫ്രിക്കൻ ഫ്ളവർ ഉണ്ടാകുന്ന മരം എന്നാണ് ഡൺസ്റ്റനച്ചന്റെ സഹോദര പുത്രനായ സാനിമാഷ് ഈ പൂവിനെ കുറിച്ച് എന്നോട് പറഞ്ഞത്. കൊളംബോയിൽ നിന്ന് വന്ന ഡൺസ്റ്റനച്ചന്റെ പിതാവ് ഈ പൂമരത്തിന് എന്തോ ആഫ്രിക്കൻ ബന്ധം ഉണ്ടെന്ന് പറഞ്ഞുവത്രെ. അങ്ങനെ ആ മരത്തിൽ ഉണ്ടായ പൂവിന് വീട്ടുകാർ ആഫ്രിക്കൻ ഫ്ളവർ എന്ന് പേരിട്ടു.

ഇന്ന് കേരളത്തിൽ വളരെ പ്രചാരത്തിലുള്ള ലാങ്കി മരത്തിനെയാണ് ഡൺസ്റ്റനച്ചന്റെ വീട്ടുകാർ ആഫ്രിക്കൻ മരം എന്ന് പേരിട്ടത്. ഡൺസ്റ്റനച്ചന്റെ വീട്ടിൽ നിന്ന് കൊണ്ടു വന്ന് നൽകിയ വിത്തുകൾ മുളപ്പിച്ചതാണ് അമ്പഴക്കാട് നവസന്യാസ ഭവനത്തിന്റെ വശങ്ങളിൽ നിറയെ സുഗന്ധ പൂക്കളുമായി നിന്നിരുന്ന രണ്ട് ലാങ്കി മരങ്ങൾ. അമ്പഴക്കാട് നിന്ന് ഈ മരങ്ങളുടെ തൈകൾ മറ്റ് കൊവേന്തകളിലേക്കും, സ്ഥലങ്ങളിലേക്കും കൊണ്ടു പോകപ്പെടുകയും, അങ്ങനെ ഈ മരങ്ങളും, അവയുടെ പൂക്കളും പ്രചാരത്തിലാകുകയും ചെയ്തു.

പൗലോസ് ശ്ലീഹാ പറയുന്നു: "ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ പരിമളമാണ്" (2 കൊറി 2:15). കസ്തൂരിമാനിനെ കുറിച്ച് കബീർദാസിന്റെ അർത്ഥവത്തായ ഒരു ഹിന്ദി ശ്ലോകം ഉണ്ട്. അതിന്റെ

മലയാള പരിഭാഷ ഇങ്ങനെയാണ്: “പുഷ്പത്തിൽ പരിമളം എന്ന പോലെ നിന്റെ ഉള്ളിൽ ദൈവം അദൃശ്യനായി വാഴുന്നു. നിന്റെ ഉള്ളിൽ തന്നെ ദൈവം ഉണ്ടെന്ന് മനസ്സിലാക്കാതെ കസ്തൂരിമാനിനെ പോലെ സുഗന്ധ ഉറവിടം തേടി നീ അലഞ്ഞുനടക്കുന്നു.” കസ്തൂരിമാനിന്റെ നാഭിയിൽ നിന്നാണ് ലോകത്തിലെ വളരെ വിശിഷ്ടമായ സുഗന്ധങ്ങളിൽ ഒന്നായ് കസ്തൂരി പുറപ്പെടുന്നത്. കസ്തൂരിമാൻ ഈ മണം എവിടെ നിന്ന് വരുന്നു എന്നറിയാതെ കാണുന്ന പുല്ലിലും പുഷ്പത്തിലും പരിമള ഉറവിടം തിരഞ്ഞ് നടക്കുന്നു. ആഫ്രിക്കൻ ഫ്ളവർ എന്ന് വീട്ടുകാർ പേര് നൽകിയ ലാങ്കി പൂവിന്റെ പരിമളം വരുന്നത് തന്റെ പോക്കറ്റിൽ നിന്നാണെന്ന് ഡൺസ്റ്റനച്ചൻ കണ്ടെത്തുകയും, തിരിച്ചറിയുകയും ചെയ്തു. ഈ പരിമള പുഷ്പം പ്രചാരത്തിലാകുവാൻ ഡൺസ്റ്റനച്ചൻ കാരണക്കാരനായി. കസ്തൂരിമാൻ തന്റെ ഉള്ളിൽ തന്നെയുള്ള കസ്തൂരിയെ തിരിച്ചറിയാതെ വൃഥാ അന്വേഷണ ത്വരയുമായി അലയുന്നു. ഡൺസ്റ്റനച്ചനും എന്നും ഒരു അന്വേഷകൻ ആയിരുന്നു. പക്ഷെ, ഡൺസ്റ്റനച്ചന്റെ അന്വേഷണം കസ്തൂരിമാനിന്റേതിൽ നിന്ന് തീർത്തും വ്യത്യസ്തമായിരുന്നു. തന്റെ ഉള്ളിലുള്ള യേശുസാന്നിധ്യമാകുന്ന പരിമളത്തെ നല്ലവണ്ണം കണ്ടെത്തിയതിന് ശേഷമായിരുന്നു ഡൺസ്റ്റനച്ചൻ തന്റെ അന്വേഷണത്തെ കൂടുതൽ ശക്തമാക്കിയത്. താൻ കണ്ടെത്തിയ യേശുവാകുന്ന പരിമളത്തെ എങ്ങനെയൊക്കെ പകർന്നു നൽകാം, മറ്റുള്ളവരെ കൂടി എങ്ങനെ യേശുപരിമളത്താൽ സുഗന്ധ പൂരിതരാക്കാം എന്നൊക്കെയുള്ള അന്വേഷണത്തിലായിരുന്നു എപ്പോഴും ഡൺസ്റ്റനച്ചൻ എന്നുള്ളതാണ് ഡൺസ്റ്റനച്ചന്റെ അന്വേഷണത്തിന്റെ വ്യതിരേകത. ഡൺസ്റ്റനച്ചന്റെ അന്വേഷണങ്ങൾ അസ്ഥാനത്താകാറില്ല. അനവധി പേരെ ആ അന്വേഷണവലയത്തിലേക്ക് ആകർഷിച്ചുകൊണ്ട് ഡൺസ്റ്റനച്ചൻ അവരെയൊക്കെ യേശു സ്നേഹമാകുന്ന നാർദീൻ പരിമളത്താൽ അഭിഷേകം ചെയ്തു കൊണ്ടിരുന്നു. സ്വയം സുഗന്ധ സമ്പന്നമായ ഒരു ഹോമബലി ആയിതീർന്നുകൊണ്ട് അനേകർക്ക് ഡൺസ്റ്റനച്ചൻ ആ പരിമള ബലിയിൽ ഭാഗഭാഗിത്വം നൽകി. ഡൺസ്റ്റനച്ചൻ പറയുന്നു: “കർത്താവിന് വേണ്ടി സേവനം ചെയ്യുക എന്നതിനേക്കാൾ വലിയ സന്തോഷം ഇല്ല; അതുകൊണ്ട് എന്റെ കുടുംബത്തിൽ നിന്ന് ദൈവവിളികൾ ഉണ്ടാകുവാൻ ഞാൻ എപ്പോഴും പ്രാർത്ഥിക്കാറുണ്ട്.”

ഡൺസ്റ്റനച്ചന്റെ മനം പോലെ മംഗളകരമായ കാര്യങ്ങൾ നിറവേറി. കർത്താവ് ഡൺസ്റ്റനച്ചന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകികൊണ്ട് ഡൺസ്റ്റനച്ചനെ കർത്താവ് സ്നേഹിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തി. ഡൺസ്റ്റനച്ചന്റെ ഒരു പെങ്ങൾ സേക്രട്ട് ഹാർട്ട് സഭയിൽ സിസ്റ്റർ മേരി മാഴ്സിൻ എന്ന് പേരിൽ മാതൃകാപരമായ സേവനം ചെയ്ത് സ്വർഗ്ഗപ്രാപ്തയായി. സഹോദര സന്താനങ്ങളിൽ നിന്ന് പാലക്കാട് രൂപതാംഗമായ ജോൺ മരിയ വിയാനി അച്ചനുണ്ട്, മലബാർ മിഷനറി ബ്രദേഴ്സിൽ ബ്രദർ സാവിയോ ഉണ്ട്, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിൽ സിസ്റ്റർ ലിസ്സി മരിയ ഉണ്ട്. ഇവർക്ക് പുറമെ, ഡൺസ്റ്റനച്ചന്റെ തറവാട്ടിൽ നിന്ന് വേറെയും വൈദികരും സന്യസ്തരും ഉണ്ട്.

നവസന്യാസകാല അനുഭവങ്ങളിൽ ഡൺസ്റ്റനച്ചന് വളരെ പ്രിയമായി മനസ്സിൽ സൂക്ഷിച്ചിരുന്നത് നോവിഷ്യേറ്റിന്റെ അവസാനത്തോട് അടുത്തുള്ള ദിവസങ്ങളിൽ ആദ്യവ്രത വാഗ്ദാനത്തിന് മുമ്പുള്ള ഗുരുവച്ചനുമായുള്ള ആത്മസംഭാഷണത്തിൽ ഗുരുവച്ചൻ പറഞ്ഞ താഴെയുള്ള വാചകങ്ങളാണ്! “ഞാൻ ബ്രദർ ഡൺസ്റ്റനോട് കുറച്ചധികം ദേഷ്യപ്പെട്ടിട്ടുണ്ട്. അതൊക്കെ ക്ഷമിക്കണം, മറക്കണം. ബ്രദർ ഡൺസ്റ്റൻ ദേഷ്യം എന്നൊരു പ്രകൃതം ഇല്ല.”

വിശുദ്ധ ക്രിസോസ്റ്റം പറയുന്നു: “കരിമ്പ് ആട്ടുമ്പോൾ അതിൽ നിന്ന് രസജനകമായ പാനീയം ഉണ്ടാകുന്നു. സൽബുദ്ധിയും നേർചിന്തയും ആത്മാവിൽ ജ്ഞാനസുകൃതരസം നൽകുന്നു. ഇത് പരിശുദ്ധാത്മാവിന്റെ ദാനമാണ്. അതിലൂടെ നമുക്ക് പുതുജീവിത അനുഭവം ഉണ്ടാകുന്നു.” ഡൺസ്റ്റനച്ചന്റെ നോവിസ് മാസ്റ്ററിൽ പരിശുദ്ധാത്മാവിന്റെ കൃപാദാനങ്ങളായ സൽബുദ്ധിയും നേർചിന്തയും ബ്രദർ. ഡൺസ്റ്റൻ കണ്ടെത്തി. അതുകൊണ്ടാണ് അദ്ദേഹം തന്നിലുള്ള ദേഷ്യപ്രകൃതിയെ ഏറ്റുപറഞ്ഞുകൊണ്ട് ബ്രദർ ഡൺസ്റ്റനോട് ക്ഷമാപണം ചെയ്തതെന്ന് ബ്രദർ ഡൺസ്റ്റന് ഉറപ്പുണ്ടായിരുന്നു. ഡൺസ്റ്റനച്ചൻ ഈ സംഭവവുമായി ബന്ധപ്പെട്ട് പിന്നീട് പറഞ്ഞു: “എനിക്ക് ഗുരുവച്ചനോട് മനസ്സിൽ നീരസം തോന്നിയിരുന്നു എന്നുള്ളത് സത്യമാണ്. അദ്ദേഹം പലപ്പോഴും എന്നെ കോപത്തോടെ തിരുത്തിയിരുന്നത് മറ്റുള്ളവർ കൂടി കേട്ടിട്ടുണ്ട്. അതിൽ എനിക്ക് ചെറിയ

വെറുപ്പും ഉണ്ടായിരുന്നു. പക്ഷെ, ഗുരുവച്ചന്റെ എന്നോടുള്ള ക്ഷമാപണം കേട്ടപ്പോൾ, എന്നിൽ നിന്ന് വെറുപ്പൊക്കെ പോയി. എന്റെ ദേഷ്യത്തെ നിയന്ത്രിക്കുവാൻ എനിക്ക് അത് വലിയ ഗുണപാഠം ആകുകയും ചെയ്തു.”

ദേഷ്യസ്വഭാവത്തിന്റെ അടിസ്ഥാനം അഹങ്കാര ചിന്തയാണ്. ബൃഹദാരണ്യകോപനിഷത്തിലെ ആചാര്യന്മാരിൽ ഒരുവനായ യാജ്ഞവൽക്യൻ അതിബുദ്ധിമാൻ ആയിരുന്നു എങ്കിലും, അദ്ദേഹം വലിയ ദേഷ്യക്കാരൻ ആയിരുന്നു. തന്റെ ശിഷ്യന്മാരെ അദ്ദേഹം വലിയ കോപത്താൽ ദുഃഖിപ്പിച്ചിരുന്നു. തന്റെ കോപം കാരണം കരയുന്ന ശിഷ്യനെ ഒരിക്കൽ അദ്ദേഹം കണ്ടു. ആ ശിഷ്യന്റെ ദയനീയഭാവം യാജ്ഞവൽക്യനിൽ ദുഃഖം ഉളവാക്കി. തന്നിലുള്ള ആഹങ്കാരമാണ് ദേഷ്യമായി മാറുന്നതെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. തന്റെ ബുദ്ധിസാമർത്ഥ്യത്തിൽ നിന്നാണ് അഹങ്കാരം വളരുന്നതെന്ന് യാജ്ഞവൽക്യൻ മനസ്സിലാക്കി. ദേഷ്യസ്വഭാവത്തെ മറികടക്കുവാൻ അഹങ്കാരം കൈവെടിയണമെന്ന് അദ്ദേഹം മനസ്സിൽ തീരുമാനിച്ചു. എന്റെ കൈയിലുണ്ടായിരുന്ന അറിവ് സംബന്ധമായ എല്ലാ സംഗതികളും ആശ്രമ അങ്കണത്തിൽ വാരികൂട്ടിയിട്ട് യാജ്ഞവൽക്യൻ കത്തിച്ചു കളഞ്ഞു. എന്നിട്ട് അദ്ദേഹം ആശ്രമത്തിലെ വിദ്യ അഭ്യസിക്കുന്ന ശിഷ്യന്മാരുടെ ദാസനായി ജീവിച്ചുവത്രെ! നോവിസ് മാസ്റ്ററിൽ ബ്രദർ ഡൺസ്റ്റൻ കണ്ടെത്തിയ സൽബുദ്ധിയും നേർചിന്തയും യാജ്ഞവൽക്യനെ പോലെ ദേഷ്യം ഉപേക്ഷിക്കുവാൻ ബ്രദർ ഡൺസ്റ്റന് കാരണം തീർത്തു.

ഡൺസ്റ്റനച്ചൻ പറയുന്നു: “ഞാൻ മുൻകോപിയും ശുണ്ഠിക്കാരനും ആയിരുന്നു. കർത്താവിലേക്ക് അടുത്തപ്പോൾ മറ്റുള്ളവരെ കുറിച്ച് ആഴത്തിൽ മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചു തുടങ്ങി. അതുകൊണ്ട് മറ്റുള്ളവരോട് ദേഷ്യപ്പെടുന്നത് സ്വന്തം ആത്മീയ പിന്നോക്ക അവസ്ഥയുടെ ലക്ഷണം ആണെന്ന് എനിക്ക് ബോധ്യപ്പെട്ടു. അത് എന്റെ ദേഷ്യസ്വഭാവത്തിന് കടിഞ്ഞാൺ ഇട്ടു.”

# 19

# ഒട്ടം കെട്ടൽ

ഡൺസ്റ്റനച്ചൻ വളരെ ശാന്തസ്വഭാവക്കാരൻ ആയിരുന്നു എങ്കിലും, ഡൺസ്റ്റനച്ചൻ ദേഷ്യപ്പെട്ട് കണ്ടിട്ടുള്ള ചുരുക്കം ചില അവസരങ്ങൾ ഉണ്ട്. റാഞ്ചിയിൽ വെച്ച് ഞങ്ങളിൽ ഒരാളോട് കോപിച്ച ഒരു അവസരം കൂടി കുറിക്കുന്നു. ഞങ്ങളുടെ നിശ്ചിത സ്പിരിചൽ റീഡിംഗ് സമയത്ത് ഒരാൾ വടക്കൻ അച്ചന്റെ 'എന്റെ കുതിപ്പും, കിതപ്പും' ആത്മകഥാ പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു! ഡൺസ്റ്റനച്ചൻ ഇത് എങ്ങനെയോ അറിഞ്ഞു. "ലൈബ്രറിയിൽ ചെന്ന് കഴിഞ്ഞാൽ ഏത് പുസ്തകമാണ് വായിക്കുവാൻ തിരഞ്ഞെടുക്കേണ്ടത് എന്നറിയാൻ പരിശുദ്ധാത്മാവിന്റെ പ്രേരണയ്ക്കായി പ്രാർത്ഥിക്കണം" എന്ന് ഉപദേശിക്കാറുള്ള ഡൺസ്റ്റനച്ചൻ പ്രതീക്ഷിക്കാത്ത ഒരു പുസ്തകത്തിന്റെ വായനയാണ് സ്പിരിച്ചൽ റീഡിംഗ് സമയത്ത് കണ്ടത്. ഡൺസ്റ്റനച്ചൻ പറഞ്ഞു: "ദുശ്ശീലങ്ങൾ മാറ്റി എടുക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ വീണ്ടും പൊറ്റ പൊളിയ്ക്കരുത്." അല്പം കോപത്തോടുകൂടി തന്നെയാണ് ആ വ്യക്തിയോട് ഡൺസ്റ്റനച്ചൻ ഇത് പറഞ്ഞത്. ശാന്തത കൈവിടാത്ത കോപത്തിൽ ഡൺസ്റ്റനച്ചൻ തുടർന്നു: "ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ വായിക്കുവാനുള്ള സമയമാണിത്. അതൊക്കെ വായിച്ചതിന് ശേഷം, ഈ പുസ്തകം വായിച്ചാൽ കാര്യങ്ങൾ ശരിക്ക് മനസ്സിലാക്കുവാൻ സാധിക്കും."

ഡൺസ്റ്റനച്ചൻ ആ സഹോദരനോട് ദേഷ്യപ്പെട്ടപ്പോൾ, ഉപയോഗിച്ച 'പൊറ്റ പൊളി' പദപ്രയോഗം ഞങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നത് ആയിരുന്നു. ഒരു ദിവസം ഈ വ്യക്തിയും, ഞങ്ങളിലെ മറ്റൊരാളും കൂടി പേരയ്ക്ക പൊട്ടിക്കുമ്പോൾ ഒരു വാത്വെയ്പ് നടത്തി. പേരമരത്തിന്റെ ഏകദേശം കാൽഭാഗം ഉയരത്തിൽ നിന്ന്

താഴോട്ട് ചാടുവാൻ സാധിക്കുമോ എന്നതിലായിരുന്നു വാത്വെയ്പ്. ബെറ്റ് വെച്ച പ്രകാരം വാശി കയറി പേരമരത്തിൽ നിന്ന് ഇറങ്ങി കൊണ്ടിരുന്ന ബ്രദർ താഴോട്ട് ചാടി. താഴെ എത്തിയപ്പോൾ ചാടിയ വ്യക്തി പരിക്കുകൾ കൂടാതെ കഷ്ടിച്ച് രക്ഷപ്പെട്ടു. കുറച്ച് ദൂരത്തായി പച്ചക്കറി തോട്ടത്തിൽ പണി ചെയ്ത് കൊണ്ടിരുന്ന ഞാനുൾപ്പെടെ ഉള്ളവർ സ്വരം കേട്ട് നോക്കിയപ്പോൾ, അതാ പേരമരത്തിന്റെ താഴെ ഒരാൾ വയ്യാതെ ഇരിക്കുന്നു. ഞങ്ങൾ താങ്ങിപിടിച്ച് എഴുന്നേൽപ്പിച്ച് നിറുത്തിയപ്പോഴേക്കും ഗുരുവച്ചനും എത്തി. ഒരാൾ ഓടിപോയി സാഹസക്കാരന് കുടിക്കുവാൻ വെള്ളം കൊണ്ടു വന്ന് കൊടുത്തു. ഡൺസ്റ്റനച്ചൻ ചോദിച്ചു: “വല്ലതും പറ്റിയോ?” വാതുവെയ്പ് ചാട്ട ക്കാരൻ ആകെ പരിഭ്രമിച്ച അവസ്ഥയിൽ പറഞ്ഞു: “ചെവിയിൽ നല്ല മൂളിച്ച.” “പോയി നിവർന്ന് കെടുക്ക്... എന്തെങ്കിലും ഒടിവോ, ചതവോ പറ്റിയിട്ടുണ്ടെങ്കിൽ ഡോക്ടറെ കാണാൻ പോകാം.” ഗുരു വച്ചൻ പറഞ്ഞു. ഞങ്ങൾ ആ ബ്രദറിനെ താങ്ങിപിടിച്ച് കൊണ്ടു പോയി കട്ടിലിൽ കിടത്തി. ദൈവാനുഗ്രഹം കൊണ്ട് കാര്യമായി ഒന്നും പറ്റിയില്ല.

പിന്നീടാണ് സംഭവിച്ച കാര്യങ്ങളെ കുറിച്ച് ഗുരുവച്ചനും, ബാക്കി ഉള്ളവരും സ്പഷ്ടമായി അറിഞ്ഞത്. വാതുവയ്പുകാരെ ഡൺസ്റ്റ നച്ചൻ മുറിയിൽ വിളിച്ച് നല്ലവണ്ണം ശാസിച്ചു. അന്ന് വൈകുന്നേരം ഞങ്ങളുടെ പതിവുള്ള മീറ്റിംഗിൽ ഡൺസ്റ്റനച്ചൻ ഗൗരവം വിടാതെ പറഞ്ഞു: “ഞങ്ങളുടെയൊക്കെ നോവിഷ്യേറ്റ് കാലത്ത് ഒട്ടം കെട്ടുക എന്നൊരു ഏർപ്പാട് ഉണ്ടായിരുന്നു. എന്നാൽ, പേരമരത്തിൽ നിന്ന് ചാടിയത് പോലെയുള്ള ഒട്ടം കെട്ടലൊന്നും ഇനി വേണ്ട.”

ഒട്ടം കെട്ടൽ എന്താണ് എന്ന് പിന്നീട് ഡൺസ്റ്റനച്ചൻ ഞങ്ങൾക്ക് വിശദീകരിച്ചു തന്നു. നവസന്യാസ കാലത്തുണ്ടായിരുന്ന ഒരു വിശുദ്ധ വാത്വെയ്പ് ആയിരുന്നു ഒട്ടം കെട്ടൽ. സന്യാസവ്രതങ്ങ ളെ, പ്രത്യേകിച്ച് ദാരിദ്ര്യവ്രതത്തെ ആഴത്തിൽ അഭ്യസിക്കുവാൻ ഉപ കരിക്കുന്നതായിരുന്നു ഒട്ടം കെട്ടൽ. ഇതിൽ ഉപയോഗവസ്തുക്കളെ ഏറ്റവും പരിമിതപ്പെടുത്തുകയും, കയ്യിലുള്ള ബാക്കി വസ്തുക്കളെ ഒരു നിശ്ചിത കാലത്തേക്ക് മാറ്റിവെക്കുകയും ചെയ്യുമായിരുന്നു. ഉദാ

ഹരണത്തിന് അഞ്ച് ജോഡി വസ്ത്രം ഉള്ള ഒരു സന്യാസി ക്രിസ്തുമസ്സ് നൊയമ്പ് ആരംഭിക്കുന്ന ദിവസം ആ വസ്ത്രങ്ങളിൽ രണ്ട് ജോഡി മാത്രം ഉപയോഗിക്കാമെന്ന് വാത്വെക്കുകയും, ബാക്കി മൂന്ന് ജോഡികളെ ക്രിസ്മസ്സ് ദിവസം വരെ മാറ്റിവെക്കുകയും ചെയ്യുന്നു. ഒരാൾ മറ്റൊരാളുമായി നോവിഷ്യേറ്റ് കാലത്ത് ഉണ്ടാക്കുന്ന ഈ പ്രത്യേക വാതുവെപ്പ് രീതി ചിലപ്പോൾ മാത്സര്യ പ്രക്രിയയിലേക്ക് നീങ്ങാറുണ്ട്.

'എന്റെ കുതിപ്പും, കിതപ്പും' വായിച്ചിരുന്നയാൾ പേരമരത്തിൽ നിന്നുള്ള ചാട്ടമത്സരത്തിലെ ഒരു കക്ഷിയായിരുന്നു. ഇത്തരം അച്ചടക്കമില്ലാത്ത സംഗതികൾ ഉപേക്ഷിക്കണമെന്ന് ഗുരുവച്ചൻ അദ്ദേഹത്തെ കർശനമായി ഉപദേശിച്ചിരുന്നതാണ്. സ്വപിരിച്ചൽ റീഡിംഗ് സമയത്ത് വീണ്ടും അച്ചടക്കമില്ലാത്ത കാര്യം അദ്ദേഹത്തിൽ കണ്ടപ്പോൾ ഡൺസ്റ്റനച്ചന് കോപം വന്നു. ഇദ്ദേഹത്തിന്റെ സംസാരത്തിൽ ഇടയ്ക്കിടക്ക് അനുചിതമായ വാക്കുകൾ ഉണ്ടാകാറുള്ളത് മുമ്പൊരിക്കൽ ഡൺസ്റ്റനച്ചൻ തിരുത്തിയിട്ടുണ്ടായിരുന്നു. ഈ തിരുത്തൽ സമയത്ത് ഡൺസ്റ്റനച്ചൻ പറഞ്ഞു: "അട്ടപ്പാടിയിൽ ആയിരുന്നപ്പോൾ പണിക്കാരായ ആദിവാസികൾ സംസാരത്തിൽ നമ്മൾ തെറികൾ എന്നു പറയുന്ന വാക്കുകൾ സ്ഥിരമായി ഉപയോഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ആദ്യമൊക്കെ എനിക്കത് വലിയ വിഷമമായിരുന്നു. പിന്നീട് ഞാനത് അത്ര ഗൗരവമാക്കാറില്ല. കാരണം, അത് അവരുടെ സംസ്കാരത്തിന്റെ ഭാഗമാണ്. പക്ഷെ, നിങ്ങളുടെ സംസ്കാരം വളരെ വ്യത്യസ്തമാകണം. അതുകൊണ്ട് സംസാരത്തിൽ സൂക്ഷിക്കണം." ഇത്തരം തിരുത്തലുകൾ നൽകിയിട്ടും സ്ഥായിയായ മാറ്റം ഉണ്ടാകാത്തതുകൊണ്ടും, മറ്റുള്ളവർക്കു കൂടി ദുർമാതൃക ആകും എന്നുള്ളതുകൊണ്ടും കൂടിയായിരുന്നു ഡൺസ്റ്റനച്ചന്റെ കോപം. ദുശ്ശീലങ്ങളും, ദുഷ്തഴക്കങ്ങളും സ്വഭാവത്തിൽ നിന്ന് മാറ്റി കഴിഞ്ഞാൽ, വീണ്ടും അവയിലേക്ക് തിരിയുന്നത് ഉണങ്ങിയ മുറിവിന്റെ മുകളിലുള്ള പൊറ്റ പൊളിച്ച് കളഞ്ഞ് മുറിവ് ഉണങ്ങാതിരിക്കുവാൻ വീണ്ടും കാരണം ഉണ്ടാക്കുന്നത് പോലയാണെന്നാണ് ഡൺസ്റ്റനച്ചൻ ശാസനാരൂപത്തിൽ പറഞ്ഞത്.

വീണ്ടും കബീർ ദാസിന്റെ ഒരു ശ്ലോകം കൂടി ചേർക്കുന്നു. കബീർ ദാസ് പറയുന്നു: "പ്രാർത്ഥനാ മാലയിലെ രുദ്രാക്ഷ മണി ഉരുട്ടി ഉരുട്ടി നീ പ്രാർത്ഥിക്കുവാൻ തുടങ്ങിയിട്ട് കാലം ഏറെ ആയല്ലോ. പക്ഷെ, നിന്റെ മനസ്സാകുന്ന രുദ്രാക്ഷ മണിയെ നീ ഇതുവരെ ദൈവത്തിലേക്ക് ഉരുട്ടിയിടാത്തത് എന്ത് കൊണ്ടാണ്?"

ഞങ്ങൾ നോവിഷ്യേറ്റിൽ ആയിരിക്കുമ്പോഴും ഡൺസ്റ്റനച്ചൻ ദേഷ്യം പ്രകടിപ്പിച്ച ഒരു സംഭവം ഓർക്കുന്നു. ഞങ്ങളുടെ കൂടെ കുറച്ചധികം വാശിക്കാരനും, പിണക്കകാരനുമായിരുന്ന ഒരു വ്യക്തി ഉണ്ടായിരുന്നു. ഇതെക്കുറിച്ച് അറിഞ്ഞ ഡൺസ്റ്റനച്ചൻ അയാളെ ആദ്യം സ്നേഹത്തിലും, പിന്നീട് കാർക്കശ്യത്തിലും തിരുത്തുവാൻ ശ്രമിച്ചു. അയാൾ കാര്യങ്ങളുടെ ഗൗരവും മനസ്സിലാക്കുന്നില്ല എന്ന് കണ്ടപ്പോൾ, അയാൾക്ക് ഗൗരമായ തിരുത്തൽ നൽകുവാൻ ബന്ധപ്പെട്ടവരെ ഡൺസ്റ്റനച്ചൻ പ്രേരിപ്പിക്കുകയും ചെയ്തു. ആ ശെമ്മാശന് "രക്ഷാകരമായ പശ്ചാത്താപം" (2 കൊറി 7:6) കൈവരുവാനുള്ള കോപമായിരുന്നു ഡൺസ്റ്റനച്ചന്റേത്. അതുകൊണ്ട് ഡൺസ്റ്റനച്ചന്റെ കോപം ആത്മീയ കോപം ആയിരുന്നു എന്നു വേണം നാം മനസ്സിലാക്കാൻ.

സമർപ്പണ ജീവിതത്തിലേക്കും, പൗരോഹിത്യത്തിലേക്കുമുള്ള പരിശീലന കാലഘട്ടം യേശുവിലേക്ക് സമ്പൂർണ്ണമായി രൂപാന്തരപെടുത്തി എടുക്കുവാനുള്ള സമയമാണ്. ഈ രൂപാന്തരപ്പെടുത്തി എടുക്കൽ വിജയപ്രദമായാൽ സമർപ്പണ ജീവിതവും പൗരോഹിത്യ ജീവിതവും വളരെ സന്തോഷപ്രദമാകും. ഒരു പ്രത്യേക സാഹചര്യത്തിൽ സന്യാസ പൗരോഹിത്യം ഉപേക്ഷിച്ച ഡൺസ്റ്റനച്ചന്റെ ഒരു ശിഷ്യനെ കുറിച്ചുള്ള സംസാരത്തിനിടയിൽ ഡൺസ്റ്റനച്ചൻ പറഞ്ഞു: "ചിലർ വളർന്ന് വളർന്ന് സഭയ്ക്ക് അവരെ ഉൾകൊള്ളുവാൻ പറ്റാത്ത രീതിയിൽ ആയിപോകുന്നു. അവർക്ക് സഭയെ ഉൾകൊള്ളുവാനും പ്രയാസമായി വരുന്നു. ദൈവം നൽകിയ വിളിയുടെ മാഹാത്മ്യം മനസ്സിലാക്കാതെ അവർ തന്നെ ദൈവവിളി നഷ്ടപ്പെടുത്തി കളയുന്നു." തീർച്ചയായും ഒരു കാര്യം ഇവിടെ പരാമർശ വിധേയമാക്കേണ്ടതുണ്ട്. യേശുവിലേക്ക് തങ്ങളെ തന്നെ രൂപാന്തരപ്പെ

ടുത്തി എടുക്കുന്നതിൽ എവിടെയോ സംഭവിച്ച പാളിച്ചകളാണ് ഇത്തരം വ്യക്തികളുടെ ജീവിതങ്ങളെ സ്വാധീനിക്കുന്നത്. അനുഭവങ്ങളുടെ പശ്ചാത്തലത്തിലുള്ള ഇത്തരം ബോധ്യങ്ങളായിരിക്കാം, ഒരു പക്ഷെ പരിശീലനത്തിൽ ആയിരുന്ന ചിലരോട് കുറച്ച് കോപം പ്രകടിപ്പിക്കുവാൻ ഡൺസ്റ്റനച്ചനെ നിർബന്ധിച്ചത്.

യേശുവിലേക്ക് തന്നെ തന്നെ സമ്പൂർണ്ണമായും അനുരൂപപ്പെടുത്തിയെടുക്കുവാൻ എപ്പോഴും ബദ്ധശ്രദ്ധനായിരുന്ന ഡൺസ്റ്റനച്ചന് ഈ തീവ്ര ശ്രമത്തിൽ ഏറ്റവും വലിയ വിലങ്ങുതടിയായി മാറിയത് ചെറുപ്പകാലം തുടങ്ങി ഉണ്ടായിരുന്ന ദേഷ്യസ്വഭാവം ആയിരുന്നു എന്ന് ഡൺസ്റ്റനച്ചൻ തുറന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ നവസന്യാസം കഴിഞ്ഞ് ആദ്യവ്രതവാഗ്ദാന സമയത്തിനോട് അടുത്ത നാളുകളിൽ ഒരു ദിവസം ഗുരുവച്ചനുമായിട്ടുള്ള ആത്മീയ സംഭാഷണത്തിനിടയിൽ ബ്രദർ ഡൺസ്റ്റനോട് ഗുരുവച്ചൻ പറഞ്ഞു: "ഡൺസ്റ്റന്റെ ദേഷ്യസ്വഭാവമൊക്കെ പൂർണ്ണമായി മാറിയതായി ഞാൻ മനസ്സിലാക്കുന്നു. നല്ല കാര്യം." എന്നാണ് തന്റെ ദേഷ്യസ്വഭാവം മാറികിട്ടിയതിനെ കുറിച്ച് ഡൺസ്റ്റനച്ചൻ പറയുന്നു: "മറ്റുള്ളവരെ കൂടുതൽ മനസ്സിലാക്കുവാൻ ഞാൻ ശ്രമിച്ചപ്പോൾ എന്റെ ദേഷ്യസ്വഭാവം കുറഞ്ഞുവന്നു. മറ്റുള്ളവരോട് ദേഷ്യപ്പെടുന്നത് ആത്മീയ പിന്നോക്ക അവസ്ഥയുടെ തെളിവാണ്." ഡൺസ്റ്റനച്ചന്റെ പ്രാർത്ഥനാ ജീവിതം യേശുവിലേക്ക് രൂപാന്തരപ്പെടുന്ന ആ പാവന പ്രക്രിയ ആയിരുന്നു. ആ രൂപാന്തരപ്പെടലിൽ ഡൺസ്റ്റനച്ചന്റെ പരസ്പര ബന്ധങ്ങൾ കൂടുതൽ യേശുമയമായി. പരിശീലകൻ ആയിരുന്ന സമയങ്ങളിൽ ഡൺസ്റ്റനച്ചൻ അപൂർവ്വമായി കോപിച്ചിട്ടുണ്ടെങ്കിൽ അത് മറ്റുള്ളവരെ യേശുവിലേക്ക് രൂപാന്തരപ്പെടുത്തിയെടുക്കുവാനുള്ള ആദ്ധ്യാത്മിക സാധനയുടെ സോപാനം ആയിരുന്നു എന്നുള്ളതിൽ സ്പഷ്ടമാണ്.

കൊച്ചുത്രേസ്യ പുണ്യവതി പറയുന്നു: "മറ്റുള്ളവരുടെ തെറ്റുകളും കുറ്റങ്ങളും കാണുമ്പോൾ അത്ഭുതപ്പെടാതിരിക്കുന്നതും, മറ്റുള്ളവരുടെ നന്മകളും നേട്ടങ്ങളും കാണുമ്പോൾ ആത്മാർത്ഥമായി സന്തോഷിക്കുന്നതുമാണ് യഥാർത്ഥ പരസ്നേഹം." മറ്റുള്ളവരിലെ പോരായ്മകൾ ഡൺസ്റ്റനച്ചനെ അത്ഭുതപ്പെടുത്താറില്ല. മറ്റുള്ളവരിൽ യേശു

പ്രതീക്ഷിക്കുന്ന നന്മകൾ ഉണ്ടായി കാണുവാൻ ആത്മാർത്ഥമായ പരസ്നേഹത്തോടെ തിരുത്തുകയാണ് അദ്ദേഹം ചെയ്യാറുള്ളത്. പ്രാർത്ഥനാപൂർവ്വം മറ്റുള്ളവരെ മനസ്സിലാക്കുന്തോറും അവരിലെ പോരായ്മകളുടെ കാരണങ്ങളും, പശ്ചാത്തലങ്ങളും മനസ്സിലാക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ഈ മനസ്സിലാക്കൽ പ്രക്രിയ മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ സംയമനം പാലിക്കുവാൻ അദ്ദേഹത്തിന് സഹായകമായി തീർന്നു. അപരനിലെ നന്മകൾ കാണുവാൻ അദ്ദേഹം എപ്പോഴും ഉത്സുകനായിരുന്നു. നന്മകളെ പ്രോത്സാഹിപ്പിച്ചാൽ തിന്മകൾ കുറയും എന്ന് ഡൺസ്റ്റനച്ചന് ബോധ്യം ഉണ്ടായിരുന്നു. ഇത്തരം ഒരു പരസ്നേഹ വീക്ഷണത്തിൽ റാഞ്ചിയിൽ വെച്ച് അദ്ദേഹം ഇടയ്ക്കിടയ്ക്ക് ഞങ്ങളെ വിളിച്ചുകൂട്ടി മറ്റുള്ളവരിലെ നന്മകൾ എഴുതുവാൻ ഞങ്ങളോട് പറയുമായിരുന്നു. മറ്റുള്ളവരെ കുറിച്ചുള്ള നന്മകൾ എഴുതി കഴിഞ്ഞാൽ, അത് എല്ലാവരെ കൊണ്ടും വായിപ്പിക്കുമായിരുന്നു. ഇത് ഞങ്ങളുടെ സമൂഹജീവിതത്തിലെ കൂട്ടായ്മയ്ക്കും, കെട്ടുറപ്പിനും വളരെ ഊർജ്ജം പകരുന്നതായിരുന്നു. യേശുവിലേക്ക് ഞങ്ങളെ തന്നെ അനുരൂപപ്പെടുത്തി എടുക്കുവാൻ സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്ന് സ്വരൂപിച്ചെടുത്ത ഡൺസ്റ്റനച്ചന്റെ ഇത്തരം കർമ്മപരിപാടികൾ ഞങ്ങളുടെ പരസ്പര ബന്ധങ്ങളെ തീർച്ചയായും ഊട്ടിവളർത്തുന്നത് ആയിരുന്നു.

# 20

# സുകൃത ശല്യം

ഡൺസ്റ്റനച്ചനെ കുറിച്ചുള്ള എന്റെ ഓർമ്മ കുറിപ്പുകളുടെ അവസാന ഭാഗമാണിത്. ഞങ്ങളുടെ നോവിഷ്യേറ്റിന്റെ അവസാന നാളുകളോട് അടുത്ത് ഡൺസ്റ്റനച്ചന് ഹെർണിയ ഓപ്പറേഷൻ ഉണ്ടായി. തൃശൂർ അമല ആശുപത്രിയിൽ വെച്ചായിരുന്നു ഓപ്പറേഷൻ. അമലയിൽ നിന്ന് അമ്പഴക്കാട്ടേക്ക് ഡൺസ്റ്റനച്ചനെ തിരിച്ചു കൊണ്ടുവരുവാൻ നിയോഗിക്കപ്പെട്ടവരിൽ ഞാനും ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ അമ്പഴക്കാട് പ്രിയോരച്ചനായിരുന്ന കായൂസ് എടാട്ടുകാരൻ അച്ചന് ചില കാര്യങ്ങൾക്കായി തൃശൂർ പ്രൊവിൻഷ്യൽ ഹൗസിൽ പോകേണ്ട ദിവസങ്ങളിൽ ഒന്നായിരുന്നു അത്. ആ സാഹചര്യവും കൂടി കണക്കിലെടുത്ത് ഞങ്ങൾ കാറിൽ കായൂസ് അച്ചന്റെ കൂടെ അമ്പഴക്കാട് നിന്ന് തൃശൂർക്ക് പോയി. ഡൺസറ്റനച്ചനുമായി തിരിച്ചു വരുന്ന സമയത്ത്, കാറിൽ വച്ച്, കായൂസ് അച്ചൻ ഡൺസ്റ്റനച്ചനോട് തമാശ രൂപത്തിൽ പറഞ്ഞു: "നേരാനേരത്തിന് ആവശ്യമുള്ള ഭക്ഷണം കഴിച്ച് അടങ്ങി ഒതുങ്ങി ജീവിച്ചാൽ ഇതുപോലെ മനുഷ്യന് ശല്യം ചെയ്ത് കൊണ്ട് കുറച്ചു നാൾ കൂടി ജീവിക്കാം. കാര്യങ്ങൾ നോക്കാൻ കുറച്ചുനാളത്തേക്ക് ഒരു ശെമ്മാശ്ശനെ ഏൽപ്പിക്കാം. ശെമ്മാശ്ശൻ പറയുന്നത് അനുസരിച്ചേക്കണം." ഞങ്ങൾ എല്ലാവരും കൂടി ചിരിച്ചു. ഡൺസ്റ്റനച്ചനും കായൂസച്ചന്റെ തമാശയിൽ പങ്കുകൊണ്ടു ചിരിച്ചു. ചിരിക്കിടയിൽ ഡൺസ്റ്റനച്ചൻ പറഞ്ഞു: "കുറച്ച് ശല്യങ്ങളൊക്കെ എന്നിൽ നിന്ന് ഉണ്ടാകും." ഡൺസ്റ്റനച്ചന്റെ ലളിത ജീവിതത്തേയും, അദ്ധ്വാനങ്ങളെയും കുറിച്ച് കായൂസച്ചന് നല്ല വണ്ണം അറിയാമായിരുന്നു. അതുകൊണ്ട് ഡൺസ്റ്റനച്ചനോടുള്ള സ്നേഹാദരവുകൾ കൊണ്ടും, സ്വാതന്ത്ര്യം കൊണ്ടുമാണ് കായൂസച്ചൻ ഇത്തരത്തിൽ തമാശ പറഞ്ഞത്.

വളരെയേറെ വർഷങ്ങൾക്ക് ശേഷം, ഞാൻ പാവറട്ടിയിൽ പഠിപ്പിക്കുന്ന സമയത്താണ് ഡൺസ്റ്റനച്ചന്റെ പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി വരുന്നത്. ഞാൻ അപ്പോൾ പാവറട്ടി ആശ്രമ ദേവാലയ ചുമതലക്കാരൻ കൂടി ആയിരുന്നു. ഡൺസ്റ്റനച്ചന്റെ വീട്ടുകാരുമായി, പ്രത്യേകിച്ച് കൊച്ചുത്രേസ്യ പെങ്ങൾ, ജ്യേഷ്ഠപുത്രൻ സാനിമാഷ് എന്നിവരുമായി എനിക്ക് വളരെ നല്ല സൗഹൃദം ഉണ്ടായതിരുന്നതു കൊണ്ട്, ജൂബിലി ആഘോഷ കാര്യങ്ങളുടെ ചർച്ചകളിൽ ഞാനും ഉൾപ്പെട്ടു. പാവറട്ടി ആശ്രമ ദേവാലയത്തിൽ ഉച്ചക്ക് ശേഷമായിരുന്നു ജൂബിലി ദിവ്യബലി. തുടർന്ന് പാവറട്ടി ബോയ്സ് ഹോമിലെ ഹാളിൽ വെച്ച് സ്വീകരണവും, സ്നേഹവിരുന്നും.

ഡൺസ്റ്റനച്ചന്റെ പൗരോഹിത്യ ജൂബിലി ഞാൻ പാവറട്ടിയിൽ ഉള്ളപ്പോൾ, വന്നുചേർന്നത് മഹാ സൗഭാഗ്യമായി ഞാൻ കരുതി. എന്റെ വൈദിക പരിശീലന കാലഘട്ടത്തിൽ, എന്നെ ഏറ്റവും സ്വാധീനിച്ചിട്ടുള്ള എന്റെ സ്വന്തം ഗുരുവച്ചനായ ഡൺസ്റ്റനച്ചന്റെ ജൂബിലി ഏറ്റവും മനോഹരമാക്കുവാൻ എന്നെ കൊണ്ട് സാധിക്കുന്നതിന്റെ പരമാവധി ഞാൻ ചെയ്തു. ഗായക സംഘത്തിന് ഞാൻ പരിശീനം നൽകി. സുവർണ്ണജൂബിലി ദിവ്യബലിയിൽ പങ്കെടുക്കുന്ന എല്ലാ വൈദികർക്കും സ്വർണ്ണ നിറമുള്ള തിരുവസ്ത്രങ്ങൾ സജ്ജീകരിച്ചു. അൾത്താര സ്വർണ്ണവർണ്ണ പൂക്കളെ കൊണ്ട് അലങ്കരിക്കുവാൻ പാവറട്ടി കോൺവെന്റിലെ സഹോദരിമാരുടെ സഹായം ഉണ്ടായി.

ഡൺസ്റ്റനച്ചൻ ജൂബിലി ആഘോഷ ദിവസത്തിന്റെ തലേ ദിവസം ഉച്ചയോടെ പാവറട്ടി ആശ്രമത്തിൽ എത്തിച്ചേർന്നു. എനിയ്ക്ക് ഡൺസ്റ്റനച്ചനെ വളരെ പരിചയം ഉള്ളതുകൊണ്ടും, അദ്ദേഹത്തിന്റെ അടുക്കൽ നല്ല സ്വാതന്ത്ര്യം ഉള്ളതുകൊണ്ടും ഞാൻ അദ്ദേഹത്തെ തനിയെ കണ്ട് പറഞ്ഞു: "ജൂബിലി സമ്മേളനത്തിൽ ഗുരുവച്ചന് ഒരു പ്രസംഗം പറയേണ്ടി വരും. ഞാൻ എഴുതിതരട്ടെ. പ്രസംഗം ഞാൻ എഴുതി തന്നത് വേറെ ആരും അറിയണ്ട." ഡൺസ്റ്റനച്ചൻ എന്നോട് പറഞ്ഞു: "പ്രസംഗം എഴുതി തന്നേക്ക്. എനിക്കത് വളരെ ഉപകാരം ആയിരിക്കും. കുറച്ച് മതി. പിന്നെ, എന്റെ പ്രസംഗം കേട്ടാൽ മറ്റുള്ളവർക്ക് ഉറപ്പാകും പ്രസംഗം എന്റേതല്ല, വേറെ ആരോ എഴുതി തന്നതാണെന്ന്. എന്നെ എല്ലാവർക്കും അറിയാമല്ലൊ." ഞങ്ങൾ രണ്ടു

പേരും ചിരിച്ചു. ഡൺസ്റ്റനച്ചൻ പറഞ്ഞു: "എനിക്കൊന്ന് കുമ്പസാരിക്കണം. ഞാൻ പള്ളിയിലേക്ക് വരാം. ജോർജ്ജ് ഉടുപ്പിട്ട് പള്ളിയിലേക്ക് വാ." ദൈവമെ! ഞാനാകെ അന്ധാളിച്ചു പോയി. എന്റെ ഗുരുവച്ചനായിരുന്ന ഡൺസ്റ്റനച്ചൻ എന്റെ പക്കൽ കുമ്പസാരിക്കുകയോ? എനിക്കത് ഒരിക്കലും ചിന്തിക്കുവാൻ പോലും സാധിക്കുന്നത് ആയിരുന്നില്ല. ഞാൻ പറഞ്ഞു: "താഴെ അലാനൂസ് അച്ചൻ ഉണ്ട്. അദ്ദേഹത്തോട് പറഞ്ഞ് ഞാൻ കുമ്പസാരിക്കുവാനുള്ള കാര്യങ്ങൾ ശരിയാക്കാം. ഗുരുവച്ചനെ ഞാൻ ഒരിക്കലും കുമ്പസാരിപ്പിക്കില്ല." ഡൺസ്റ്റനച്ചൻ പറഞ്ഞു: "ഇനി അദ്ദേഹത്തെ തേടി പോകേണ്ട? വീട്ടുകാർ എന്നെ കാണുവാൻ വരും. ജോർജ്ജ് പള്ളിയിലേക്ക് ഉടുപ്പിട്ട് വാ." എന്നെ അനുസരണം പഠിപ്പിച്ച എന്റെ ഗുരുവച്ചനെ ഞാൻ അനുസരിച്ചു. അദ്ദേഹം എന്റെ പക്കൽ കുമ്പസാരിച്ചു. ഡൺസ്റ്റനച്ചന്റെ നിഷ്കളങ്കത... പുരോഹിത സത്തമനായ ഡൺസ്റ്റനച്ചന്റെ പുരോഹിത ബഹുമാനം... കുമ്പസാരത്തെ കുറിച്ചു ഡൺസ്റ്റനച്ചന്റെ മഹനീയ മനസ്സിലാക്കൽ... ഇതൊക്കെ ഡൺസ്റ്റനച്ചന്റെ വിശുദ്ധിയാകുന്ന സ്വർഗ്ഗീയ പുഷ്പത്തിന്റെ സുഗന്ധ ചാരുതയുള്ള ഇതളുകളാണ്.

അക്കാലത്തെ തൃശൂർ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ സാന്നിധ്യം ജൂബിലിക്ക് ഉണ്ടായിരുന്നു. തിരുകർമ്മങ്ങൾക്ക് മുമ്പ് ആശ്രമ ഊട്ടുമുറിയിലേക്ക് വന്ന പിതാവ് സരസമായി ചോദിച്ചു: "കക്ഷി എത്തിയോ? എന്തായാലും ഡൺസ്റ്റനച്ചൻ ജൂബിലി ആഘോഷത്തിന് നിന്നുതരുവാൻ തയ്യാറായല്ലെ?" ഡൺസ്റ്റനച്ചനെ വളരെ അടുത്ത് അറിയുന്ന കുണ്ടുകുളം പിതാവിന്റെ ഈ വാചകങ്ങളിലെ ഉള്ളർത്ഥങ്ങൾ നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്നത് ആണല്ലൊ.

ദിവ്യബലിക്ക് ശേഷമുള്ള അനുമോദന സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നത് അഭിവന്ദ്യ കുണ്ടുകുളം പിതാവ് തന്നെ ആയിരുന്നു. പ്രസംഗത്തിനിടയിൽ പിതാവ് പറഞ്ഞു: "ഒരു മനുഷ്യന് ഇത്രയും നിഷ്കളങ്കനാകാൻ പറ്റുമോ? ആർക്കും ഒരു ശല്യവുമാകാതെ, ആരുടെയും ശല്യത്തിന് ഇരയാകാതെ ജീവിക്കുന്ന ഒരു സാധു മനുഷ്യൻ. ഡൺസ്റ്റനച്ചൻ കോയമ്പത്തൂർ പ്രവിശ്യയിൽ ചേർന്നതിൽ എനിക്ക്

ഇഷ്ടകുറവ് ഉണ്ടെന്ന് അദ്ദേഹത്തോട് ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ട്. കാരണം, നമ്മുടെ തൃശൂർ രൂപതയ്ക്ക് ഒരു വിശുദ്ധ വൈദികനെ നഷ്ടപ്പെട്ടു.'' കുണ്ടുകുളം പിതാവിന്റെ വാചകങ്ങളിൽ അതി ശയോക്തിയോ, മുഖസ്തുതിയോ ഇല്ലെന്ന് നമുക്കെല്ലാവർക്കും കൃത്യമായി അറിയാവുന്നതാണ്.

ഡൺസ്റ്റനച്ചന്റെ മറുപടി പ്രസംഗ സമയമായി. ഡൺസ്റ്റനച്ചൻ എഴുന്നേറ്റ് ളോഹയുടെ പോക്കറ്റിൽ കയ്യിട്ടു. ഞാൻ എഴുതി കൊടുത്ത പ്രസംഗ കടലാസ് വല്ലയിടത്തും വെച്ച് മറന്നു പോയിട്ടുണ്ടാകുമോ എന്നൊരു ആശങ്ക സദസ്സിലിരുന്ന എന്റെ മനസ്സിലേക്ക് പെട്ടെന്ന് കടന്നുവന്നു. പക്ഷെ, അതുണ്ടായില്ല. ഡൺസ്റ്റനച്ചൻ കടലാസ്സ് കഷ്ണം എടുത്ത് നിവർത്തി പ്രസംഗ പീഠത്തിൽ വെച്ചു. പ്രസംഗം ആരംഭിച്ചു: "എനിക്ക് ഇവിടെ പറയുവാനുള്ള പ്രസംഗം ജോർജ്ജ് നെരേപറമ്പിൽ എഴുതി തന്നതാണ് ഇത്." എല്ലാവരും ചിരിച്ചു. കുണ്ടു കുളം പിതാവ് ഉറക്കെ പൊട്ടിചിരിച്ചു. "ഛെ, ആകെ കുളമാക്കിയല്ലൊ ഗുരുവച്ചൻ... കള്ളി എന്തായാലും പുറത്തായല്ലൊ..." ഞാൻ ജാള്യ തപ്പെട്ടു. ഞാൻ എഴുതികൊടുത്ത വാചകങ്ങളുടെ കൂടെ ഡൺസ്റ്റന ച്ചൻ കൂട്ടിചേർത്തു പറഞ്ഞു: "ആരെയും ശല്യം ചെയ്യാതെ ജീവി ക്കണം എന്നുള്ളതാണ് എന്റെ എപ്പോഴും ഉള്ള ആഗ്രഹം... പിതാ വും, ഞങ്ങളുടെ കോയമ്പത്തൂർ പ്രൊവിൻഷ്യാളച്ചനും, മറ്റുള്ളവരും എന്നെ കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി... നിങ്ങൾ കരുതു ന്നതുപോലെ ഞാൻ അത്ര വിശുദ്ധി ഉള്ള ആളൊന്നും അല്ല. ഇനിയും എന്നിൽ ശരിയാകേണ്ട പലതും ഉണ്ട്. എന്നിരുന്നാലും, വിശുദ്ധനാ കണം എന്നുള്ള വലിയ താല്പര്യം മനസ്സിൽ എപ്പോഴും ഉണ്ട്. നിങ്ങൾ എനിക്കായി പ്രാർത്ഥിക്കണം."

ഫുൾട്ടൻ ജെ. ഷീൻ പറഞ്ഞിരിക്കുന്നു: "Jesus disturbed the undisturbed. That is the uniquences of Jesus' life.'' (ഒരു പ്രശ്നവും ജീവി തത്തിൽ ഇല്ലെന്ന് കരുതി ജീവിച്ചവരെയൊക്കെ യേശു ശല്ല്യപ്പെ ടുത്തി കൊണ്ട് അവരുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടെന്ന് യേശു അവരെ ബോധ്യപ്പെടുത്തി. ഇതാണ് യേശുവിന്റെ ജീവിത ത്തിന്റെ അനന്യത).

യേശു പെസഹാ തിരുന്നാളിന് അടുത്തുള്ള ദിവസം എത്തുന്നത്

വരെ, ജെറുസലേം ദേവാലയത്തിലെ അശുദ്ധിയെ കുറിച്ച് ആർക്കും അവബോധം ഉണ്ടായിരുന്നില്ല. യേശുവിനെ കണ്ടുമുട്ടുന്നത് വരെ നിക്കോദേമൂസിന് ആത്മാവിൽ വീണ്ടും ജനിക്കേണ്ടതുണ്ട് എന്ന് അറിവുണ്ടായിരുന്നില്ല. യാക്കോബിന്റെ കിണറിന്റെ അരികിൽ വെള്ളം കോരുവാൻ സ്ഥിരം വന്നിരുന്ന സമറിയാക്കാരി തന്റെ ഉള്ളിന്റെ ഉള്ളിലെ ഇല്ലായ്മയെ കുറിച്ച് യേശുവിനെ കണ്ടുമുട്ടുന്നത് വരെ അറിവില്ലാത്തവൾ ആയിരുന്നു. ജീവിതത്തിലെ ഏറ്റവും നല്ല ഭാഗം ഏതെന്ന് മർത്ത തിരിച്ചറിഞ്ഞത് യേശുവിന്റെ തിരുവചനം കേട്ടപ്പോൾ മാത്രമാണ്. സ്വരൂപിച്ചുണ്ടാക്കിയ സമ്പത്തിനേക്കാൾ അപ്പുറത്താണ് ആർക്കും നശിപ്പിക്കുവാൻ സാധിക്കാത്ത സ്വർഗ്ഗീയ നിക്ഷേപം എന്നുള്ള തിരിച്ചറിവിലേക്ക് മത്തായി, സക്കേവൂസ് എന്നിവർ നീങ്ങിയത് യേശുവിനെ കണ്ടപ്പോൾ മാത്രമാണ്. ഇവരൊക്കെ തങ്ങളുടെ ജീവിതങ്ങളിൽ ഒരു ശല്യവും കൂടാതെ ജീവിച്ചിരുന്നവരാണ്. പക്ഷെ, യേശു അവരെ ശല്യപ്പെടുത്തി. തങ്ങൾ സ്വന്തമാക്കി സംരക്ഷിക്കുന്നതൊക്കെ ശല്യഘടകങ്ങൾ ആണെന്നും, മണലിൽ ഭവനം നിർമ്മിച്ചെടുത്തവന്റെ താൽകാലിക സന്തോഷമാണ് തങ്ങളിൽ ഉള്ളതെന്നും അവർ കണ്ടറിഞ്ഞു. ശാശ്വതമായ സന്തോഷം നൽകുന്ന ജീവന്റെ അപ്പത്തേയും, ജീവജലത്തേയും സ്വായത്തമാക്കുവാൻ ഇവരെല്ലാവരും തീരുമാനിച്ചു. ഇവരൊക്കെ യേശുവിനെ വെളിച്ചവും, വഴിയും, സത്യവും, ജീവനും ആയി സ്വീകരിക്കുവാനുള്ള ആത്മീയ ഉണർവ്വിലേക്ക് വന്നു.

സമാന സരണിയിലൂടെ ഡൺസ്റ്റനച്ചനും തന്റെ ജീവിതത്തെ മുന്നോട്ട് കൊണ്ടു പോയ സന്യാസ പുരോഹിതനാണ്. മറ്റുള്ളവർക്ക് യേശു അനുഗമനം അനായാസമാക്കുവാൻ ഡൺസ്റ്റനച്ചൻ മാതൃകയും, മാർഗ്ഗദീപവും ആയിരുന്നു. അദ്ദേഹത്തെ കണ്ടവരെല്ലാം യേശുവിലേക്ക് സമ്പൂർണ്ണമായി സമർപ്പണം ചെയ്ത ഒരു ജീവിതത്തിന്റെ പ്രശോഭയുടെ സൗന്ദര്യം ദർശിച്ചവർ ആയിരുന്നു. ആരെയും ശല്യം ചെയ്യാതെ ജീവിക്കുവാൻ എപ്പോഴും ജാഗ്രത ഉള്ളവനായിരുന്ന ഡൺസ്റ്റനച്ചൻ, കായൂസ് അച്ചൻ തമാശയിൽ പറഞ്ഞതുപോലെ മറ്റുള്ളവരെ ശല്യം ചെയ്തുകൊണ്ട് ജീവിച്ച വ്യക്തിയായിരുന്നു. ഡൺസ്റ്റനച്ചന്റെ ഈ ശല്യം മാനുഷികമായ, ജഡികമായ,

പ്രകോപനപരമായ ഒരു അധമ ശല്യമായിരുന്നില്ല; മറിച്ച് മറ്റുള്ളവർക്ക് സ്വയമായി വിലയിരുത്തി കൊണ്ട് ആത്മീയ അന്ധതയുടേയും, അല സതയുടേയും പുറംതോടുകൾ പൊട്ടിച്ചെറിഞ്ഞ് യേശുവിൽ ഒന്നായി തീരുവാനുള്ള തീക്ഷണത നിറക്കുന്ന സ്വർഗ്ഗീയ അഭിരുചി നിറഞ്ഞ ഉൾപ്രേരണയും, ഉൾവിളിയും കൂടി കലർന്നതായിരുന്നു.

ചുരുങ്ങിയ കാലം മാത്രമാണ് ഡൺസ്റ്റനച്ചന്റെ കൂടെ ജീവിക്കു വാൻ എനിക്ക് അവസരം ലഭിച്ചത്. ആ അവസര സാഹചര്യങ്ങളെ എന്റെ എളിയ ജീവിതത്തിലെ മഹാ സൗഭാഗ്യ സന്ദർഭങ്ങളായി ഞാൻ പരിഗണിക്കുന്നു. ചുരുങ്ങിയ കാലത്തെ ഡൺസ്റ്റനച്ചനുമാ യുള്ള സഹവാസത്തിൽ, അദ്ദേഹത്തിന്റെ ജീവിതത്തെ ഇത്രമാത്രം ഞാൻ ശ്രദ്ധിച്ചു എങ്കിൽ, അത് ആ ജീവിതത്തിൽ ഞാൻ കണ്ടെ ത്തിയ അത്യാകർഷകമായ അപൂർവ്വതകൾ കൊണ്ടുമാത്രമാണ്. ആത്മീയ അഭിഷേകത്തിന്റെ ആ അപൂർവ്വതകൾ അദ്ദേഹത്തിന്റെ വിശുദ്ധ ജീവിതത്തിന്റെ സാക്ഷ്യപത്രങ്ങളാണ്.



ഡൺസ്റ്റൻ ഒലക്കേങ്കലച്ചനെക്കുറിച്ച്
**കൂടുതൽ വിവരങ്ങൾ അറിയാൻ:**

പ്രേഷിത പ്രൊവിൻഷ്യൽ ഹൗസ്
ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ
ഭാരതിയാർ യൂണിവേഴ്സിറ്റി P.O.
കോയമ്പത്തൂർ 641 046 തമിഴ്നാട്
ഫോൺ: +91 63809 90713
www.dunston.in